www.malankaralibrary.com

IRENE BOOKS

# അത്താണി

കുറിയാക്കോസ് മാവേലിക്കര



www.malankaralibrary.com

# അത്താണി

1

**കുറിയാക്കോസ് മാവേലിക്കര**

www.malankaralibrary.com

# ഉള്ളടക്കം


1. ഉത്പത്തി (ജനനം) 21
2. ബാല്യം 25
3. ദൈവവിളി പരിശീലനം 30
4. എന്റെ പിതാവിന്റെ മരണം 35
5. ദൈവം ഒരുക്കിയ പ്രൊമോഷൻ 39
6. വിവാഹം ഒരു ദൈവ വിളി 45
7. പ്രാർത്ഥിക്കുന്ന കുടുംബം 49
8. ഭവനം ഒരു ദേവാലയം 55
9. ദൈവത്തിന്റെ തെരഞ്ഞെടുപ്പ് 59
10. അത്ഭുതകരമായ തിരിച്ചുവരവ് 66
11. ജപമാല പ്രാർത്ഥനയിലൂടെ നേടിയ വിജയം 69
12. പരാജയം വിജയത്തിന്റെ മുന്നോടി 73
13. നൂലിൽ കെട്ടി ഇറക്കിയ ദൈവം 77


**Part 2**

**ശുശ്രൂഷ മേഖലകൾ**


14. വിൻസെൻഷ്യൻ ശുശ്രൂഷ 83
15. ജെയിൽ മിനിസ്ട്രി ശുശ്രൂഷ 89
16. സുവിശേഷ സംഘശുശ്രൂഷ 96
17. K.C.B.C. മദ്യലഹരിവിരുദ്ധ സമിതി ശുശ്രൂഷ 106
18. പുസ്തക, മാസിക, പത്രവിതരണ ശുശ്രൂഷ 112
19. മതബോധന അദ്ധ്യാപക ശുശ്രൂഷ 121
20. പ്രോലൈഫ് ശുശ്രൂഷ 129
21. മറ്റു ശുശ്രൂഷകൾ 139
22. നല്ല കുമ്പസാരം 143
23. ഉപസംഹാരം 148

www.malankaralibrary.com

## പ്രാർത്ഥന

**''ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടു കൂടെയായിരുന്നു, വചനം ദൈവമായിരുന്നു. അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു. സമസ്തവും അവനിലൂടെയു ണ്ടായി, ഒന്നും അവനെക്കൂടാതെ ഉണ്ടായിട്ടില്ല, അവനിൽ ജീവൻ ഉണ്ടായിരുന്നു, ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു. ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല.'' (യോഹ 1:1–5)**

''ഒന്നുമില്ലായ്കയിൽ നിന്നെന്നെ നിന്നുടെ ഛായയിൽ സൃഷ്ടിച്ചു
നിത്യമായി സ്നേഹിച്ചെന്നെ നിന്റെ പുത്രനെ തന്നു രക്ഷിച്ചു നീ,
നിൻ മഹാകൃപയ്ക്കായി, നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും
നിൻ മഹാനന്മയ്ക്കായി, നിന്നെ ഞാൻ സ്തുതിച്ചീടുമെന്നും.''

സർവ്വാധിപതിയും മനുഷ്യരുടെ അപരാധങ്ങളെ ക്ഷമിക്കുന്നവനും പാപികളുടെ മരണം ആഗ്രഹിക്കാത്തവനുമായ ദൈവമായ കർത്താവേ എന്റെ കരങ്ങൾ നിന്റെ സന്നിധിയിലേക്ക് നീട്ടി എന്റെ എല്ലാ പ്രമാണലംഘനങ്ങൾക്കും ഞാൻ മാപ്പപേക്ഷിക്കുന്നു. വൈരിയുടെ സകല വ്യാപാരത്തിൽനിന്ന് എന്റെ ബോധത്തേയും, അവിഹിത വീക്ഷണത്തിൽ നിന്ന് എന്റെ നയനങ്ങളെയും, വ്യർത്ഥശ്രവണത്തിൽ നിന്ന് എന്റെ  കാതുകളെയും, വ്യർത്ഥസംഭാഷണത്തിൽ നിന്ന് എന്റെ അധരങ്ങളെയും,  നിന്ദ്യ പ്രവൃത്തികളിൽ നിന്ന് എന്റെ കരങ്ങളെയും, തിന്മപ്പെട്ട വഴികളിൽനിന്ന് എന്റെ കാലുകളേയും നീ കാത്തുകൊള്ളേണമേ. അങ്ങനെ ഞാൻ പൂർണ്ണമായും നിന്റേതാകാനും നിന്റെ ദൈവിക രഹസ്യങ്ങളുടെ നൽവരം നിന്നിൽ നിന്ന് പ്രാപിക്കുവാനും എന്റെ ആത്മീയവും ഭൗതികവുമായ ഇന്ദ്രിയങ്ങളെ നീ കർമ്മനിരതമാക്കേണമേ. **''അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്.''** (സങ്കീ 119:105)

www.malankaralibrary.com

## സമർപ്പണം

5 എനിക്കുവേണ്ടി ജീവൻ ത്യജിച്ച എന്റെ പിതാവിനും, എന്നെ പാലൂട്ടി വളർത്തിയ, എന്റെ മാതാവിനും എനിക്ക് വേണ്ടുന്ന എല്ലാ പ്രചോദനവും നൽകുന്ന ജീവിതപങ്കാളിക്കും, മക്കൾക്കും, എന്റെ ജീവിതത്തിന് പ്രാർത്ഥന ചൈതന്യം പകർന്നുതന്ന ബഥനി സന്യാസസമൂഹത്തിനും ഈ ഗ്രന്ഥം സമർപ്പിക്കുന്നു. **''ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്''**(1 കോറി 15:10)ആരെങ്കിലും ഈ ഗ്രന്ഥം വായിച്ച്, മക്കളെ, വൈദീകനേ സന്യാസിനിയോ, സുവിശേഷകനോ ആക്കി ദൈവ വേലയ്ക്ക് സമർപ്പിക്കാൻ പരിശ്രമിക്കുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

www.malankaralibrary.com



## ആമുഖം

**''ഇത് കർത്താവിന്റെ പ്രവൃത്തിയാണ്, ഇതു നമ്മുടെ ദൃഷ്ടിയിൽ വിസ്മയാവഹമായിരിക്കുന്നു.'' (സങ്കീ 118:23)**

ആത്മകഥ എഴുതണമെന്ന് ഞാൻ ഒട്ടും ആലോചിച്ചിരുന്നില്ല. എന്നാൽ അതങ്ങനെ സംഭവിക്കുകയായിരുന്നു. പണ്ടു മുതലേ പുസ്തകം വാങ്ങുകയും വായിക്കുകയും ചെയ്തിരുന്ന എന്റെ പ്രധാനപ്പെട്ട ഒരു ഹോബി ആയിരുന്നു ആശയങ്ങൾ എഴുതി സൂക്ഷിക്കുകയും പേപ്പർ കട്ടിംഗ് ശേഖരിക്കുകയും ചെയ്യുക എന്നത്. ഔദ്യോഗിക ജോലിയോടൊപ്പംതന്നെ മറ്റ് പല കർമ്മരംഗങ്ങളിലും പ്രവർത്തിക്കാൻ ലഭിച്ച അവസരം ഒന്നുംതന്നെ ഞാൻ ഒഴിവാക്കിയിട്ടില്ല. തൻമൂലം ഞാൻ മുഴുവൻ സമയവും തിരക്കിലായ ഒരു വ്യക്തിയായിരുന്നു. ഒരേസമയം രണ്ട് സംഘടനകളിലെ മീറ്റിംഗ് വന്നാൽ മാത്രമേ ഏതെങ്കിലും ഒന്ന് ഒഴിവാക്കേണ്ടിവന്നിട്ടുള്ളു. ആയതിനാൽ റിട്ടയർമെന്റ് കാലം എന്നെ സംബന്ധിച്ച് ഒരു പൂർണ്ണമായ വിടുതൽ അല്ലായിരുന്നു. ഔദ്യോഗിക ജോലിക്കുവേണ്ടി ഉപയോഗിച്ചിരുന്ന സമയംകൂടി സുവിശേഷവേലയ്ക്ക് വേണ്ടി ഉപയോഗിക്കുവാൻ സാധിച്ചതിനാൽ കൂടുതൽ സംതൃപ്തി ഉണ്ടായി.

എന്നാൽ കോവിഡ്19 എന്ന കൊറോണ മഹാവ്യാധി വ്യാപകമായപ്പോൾ എന്റെ എല്ലാ ജോലിത്തിരക്കും നിന്നുപോയി. കൺവെൻഷനില്ല. മീറ്റിംഗില്ല, എന്തിന് ദേവാലയത്തിലെ ദിവ്യബലി ആരാധന, പ്രാർത്ഥന മുതലായവ പോലും നിന്നുപോയി. തൻമൂലം വീടിന്റെ പരിധിയിൽ ഒതുങ്ങിക്കൂടുവാൻ മാത്രമേ സാധിച്ചുള്ളു. പുസ്തക വായനയും ശാലോം, ഗുഡ്നെസ്സ്, ഷെയ്ക്കാന എന്നീ ടെലിവിഷൻ ചാനലുകൾ കാണലുമായി എന്റെ ദിനചര്യ ചുരുങ്ങി. ഈ സമയത്താണ് ദൈവം എനിക്ക് ചെയ്ത അത്ഭുതകരമായ വൻകാര്യങ്ങളെക്കുറിച്ച് ഓർക്കുവാനും നന്ദി പറയുവാനും തുടങ്ങിയത്. അത് ഒരു പുസ്തകത്തിൽകൂടി ആയാൽ എനിക്ക് മാത്രമല്ല, വായിക്കുന്ന ഏവർക്കും

www.malankaralibrary.com

പ്രയോജനകരമാകും എന്ന് തോന്നി. മറ്റ് ശുശ്രൂഷകൾ എല്ലാംതന്നെ മുടങ്ങിയതിനാൽ എഴുതാൻ ധാരാളം സമയംകിട്ടി. അങ്ങനെ ചിന്തിക്കുമ്പോൾ ഈ ആത്മകഥ ദൈവത്തിന്റെ ഒരു പദ്ധതിയുടെ ഭാഗം തന്നെയാണെന്നാണ് എന്റെ വിശ്വാസം.

**''എന്നാൽ ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവമെന്നെ പ്രത്യേകം തിരഞ്ഞെടുത്തു; തന്റെ കൃപയാൽ അവിടുന്നെന്നെ വിളിച്ചു.'' (ഗലാ 1:15)** ആത്മകഥ എഴുതാനുള്ള വൈഭവം ഒന്നും തന്നെ എനിക്കില്ല. സമൂഹത്തിൽ പേരും പ്രശസ്തിയുമുള്ള മാതൃകായോഗ്യമായ ജീവിതം നയിച്ച പ്രസിദ്ധരായ വ്യക്തികളാണ് ആത്മകഥ എഴുതുന്നത്. എന്നാൽ ഞാൻ വെറുമൊരു സാധാരണക്കാരൻ. എന്നിലൂടെ ദൈവം ചെയ്ത പ്രവൃത്തികൾ എന്നെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായ ഒരു ദൈവനടത്തിപ്പാണ് എന്ന് എനിക്ക് അനുഭവപ്പെടുന്നു. എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം എന്നിൽ നിറവേറട്ടെ, എന്ന പരിശുദ്ധ അമ്മയുടെ വചനം ജീവിതത്തിൽ നിറവേറുമ്പോൾ, കൂടുതൽ സന്തോഷം അനുഭവിക്കുന്നു.

പരാജയങ്ങളെ ജീവിത വിജയങ്ങളായി പരിണമിപ്പിക്കുന്ന ദൈവത്തിന്, എത്ര നന്ദി പറഞ്ഞാലും മതിയാവുകയില്ല. ഈ ജീവിതത്തിന്റെ ഒരു പ്രധാന കാലഘട്ടം കഴിഞ്ഞു, ഇനി റിട്ടയർമെന്റ് കാലമാണ്. അത് എന്നെ സംബന്ധിച്ചിടത്തോളം ദൈവം അധികമായി നൽകിയ ദാനമാണ്. ഓട്ടം ഓടി തീർക്കുവാനുള്ള കൃപ ദൈവം തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എന്റെ ജീവിതത്തിലെ എല്ലാ ഉയർച്ചയുടെയും നന്മയുടേയും കടപ്പാട് ദൈവത്തോടും എന്റെ മാതാപിതാക്കളോടും ബഥനി ആശ്രമത്തോടും പിന്നീട് ദൈവം കൂട്ടി യോജിപ്പിച്ചു തന്ന എന്റെ ഇണയും തുണയുമായ ഭാര്യയോടും, സ്നേഹം നിറഞ്ഞ മക്കളോടും ചേർന്നു നിൽക്കുന്നു. ഓർമ്മകളാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യം; അവൻ വായിച്ചിരിക്കേണ്ട ഏറ്റവും നല്ല പുസ്തകവും. **''തന്നെ സ്വീകരിച്ചവർക്കെല്ലാം തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവ് നൽകി'' (യോഹ 1:12)**

**''ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്.'' (1 കോറി 15:10)** എന്ന് പറഞ്ഞ പൗലോസ് അപ്പോസ്തോലനെപ്പോലെതന്നെ നമുക്കും പറയാൻ സാധിക്കും. കസ്റ്റംസ്&സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ 1970 ഡിസംബർ 10 മുതൽ ഒരു എൽഡിസി ആയി ജോയിൻ ചെയ്യുകയും 42 വർഷത്തെ സേവനത്തിന് ശേഷം 2013 ജൂൺ 30 ന് സൂപ്രണ്ടായി റിട്ടേയർ ചെയ്യുകയും തുടർന്ന് റിട്ടയർമെന്റ് ജീവിതം ആരംഭിക്കുക എന്നതും എന്റെ ജീവിതത്തിലെ ദൈവ നിയോഗമായിരുന്നു. കാരണം ഞാൻ ആഗ്രഹിച്ചത് ഇതൊന്നുമല്ലായിരുന്നു.

www.malankaralibrary.com

ഒരു വൈദികനാകണമെന്നാണ് ആദ്യം ആഗ്രഹിച്ചത്. അത് സാധ്യമാകാതെ വന്നപ്പോൾ ഒരു അധ്യാപകനാകാൻ ആഗ്രഹിച്ചു. എന്നാൽ ദൈവഹിതം മറ്റൊന്നായിരുന്നു. വൈദികനാകാൻ ആഗ്രഹിച്ച എന്റെ ആഗ്രഹം എന്റെ രണ്ട് മക്കൾ വൈദികരായതിലൂടെ പൂർത്തീകരിച്ചപ്പോൾ അധ്യാപകനാകാനുള്ള ആഗ്രഹം എന്റെ ജീവിതപങ്കാളിയിലൂടെ പൂർത്തീകരിക്കാൻ ദൈവം ഇടവരുത്തി.

ഇരുവശങ്ങളിലും തണൽമരങ്ങൾ നിൽക്കുന്ന ഹൈവേ യാത്രയല്ല നമ്മുടെ ജീവിതം. കുന്നുകളും താഴ്വരകളും ഉണ്ടാകും. കയറിയിറങ്ങിയേ മതിയാകൂ. മഴക്കാലം, മഞ്ഞുകാലം, വേനൽകാലം, തണുപ്പുകാലം എന്നതുപോലെ നല്ലകാലം ചീത്തകാലം എന്നൊരു കാലമില്ല. ഓരോകാലത്തിനും അതിന്റേതായ പോരായ്മകളുണ്ട്. ഓരോ കാലത്തോടുമുള്ള നമ്മുടെ സമീപനമാണ് അത് നല്ല കാലമാണോ ചീത്ത കാലമാണോ എന്ന് തെളിയിക്കുന്നത്.

ജീവിതവിജയത്തിന് കാലം ഒരു പ്രതിസന്ധിയല്ല. എല്ലാ കാര്യങ്ങളും ആരുടെയും ഇഷ്ടങ്ങൾക്കും പദ്ധതികൾക്കും അനുസരിച്ചല്ല സംഭവിക്കുന്നത്. എന്തുതന്നെ സംഭവിച്ചാലും അത് നമ്മുടെ നന്മയ്ക്കായി ദൈവം നൽകിയതാണെന്നു കരുതി ക്രിയാത്മകമായി പ്രവർത്തിക്കണം. **"ഉണർന്ന് പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു." (ഏശ 60:1)**

ഈ ആത്മകഥ എഴുതി പൂർത്തിയാക്കുവാൻ വേണ്ട ദൈവകൃപ നൽകിയ തമ്പുരാൻ കർത്താവിന് കൃതജ്ഞത അർപ്പിക്കുന്നു. ഈ ആത്മകഥ എഴുതാൻ എന്നെ പ്രേരിപ്പിച്ച, സഹായിച്ച എന്റെ എല്ലാ കുടുംബാംഗങ്ങളേയും സഹപ്രവർത്തകരേയും നന്ദിയോടെ ഓർക്കുന്നു. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതിയ മാവേലിക്കര രൂപതാ അദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിനും ആശംസ നൽകി അനുഗ്രഹിച്ച മോൺസിഞ്ഞോർ ആന്റണി കാക്കനാട്ട് പിതാവിനും, വചനോത്സവത്തിന്റെ മാനേജിംഗ് എഡിറ്റർ ആയ റവ. ഡോ. ഷിന്റോ മംഗലത്ത് വി.സി. അച്ചനും, ബഥനി സന്യാസസമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആയ റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. അച്ചനും, കെ.സി.ബി.സി. മദ്യവർജ്ജന സമിതിയുടെ സെക്രട്ടറിയായ ജോൺ അരീക്കൽ അച്ചനും, ഷെവലിയാർ ബെന്നി പുന്നത്തറ സാറിനും ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു. ഇതിന്റെ ഡി.റ്റി.പി. ചെയ്തുതന്ന രജിത സനീഷിനും പ്രസാധകരായ ഐറിൻ ബുക്സിനും പ്രത്യേകം കൃതജ്ഞത പ്രകാശിപ്പിക്കുന്നു.

ഞാനൊരു സാഹിത്യകാരനോ, ഭാഷാപണ്ഡിതനോ അല്ല. ഒരു സാധാരണക്കാരൻ. ദൈവം എനിക്ക് ചെയ്തുതന്ന നന്മകളെ ഓർത്ത് അവ പല

www.malankaralibrary.com

അദ്ധ്യായങ്ങളിലായി പകർത്തിയെഴുതിയപ്പോൾ എന്തെങ്കിലും കുറവുകൾ ഉണ്ടായെങ്കിൽ ദയവായി ക്ഷമിക്കുക.. ഈ ആത്മകഥ വായിക്കുന്ന ഓരോരുത്തരുടേയും ശുശ്രൂഷാമേഖലകൾ അനുഗ്രഹകരമായി തീരാൻ ദൈവം കൃപ ചൊരിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഏവർക്കും നന്ദി...

**കുറിയാക്കോസ് മാവേലിക്കര**
**ഫോൺ: 9446066079**

www.malankaralibrary.com

## അവതാരിക

ഞാൻ അടുത്തറിയുന്ന പ്രിയപ്പെട്ട കുറിയാക്കോസ് സാർ രചിച്ച 'അത്താണി' എന്ന ആത്മകഥാംശം ഉൾക്കൊള്ളുന്ന ഗ്രന്ഥം ഞാൻ വായിച്ചു. പേരുപോലെ അന്വർത്ഥമാണ് ഇതിലെ പ്രതിപാദ്യങ്ങളും. സകല ജനത്തിന്റെയും സങ്കടഭാരങ്ങൾ ഇറക്കിവയ്ക്കുന്ന അത്താണിയായ കർത്താവിനോട് ചേർന്ന് പലർക്കും ഒരത്താണിയാണ് കുറിയാക്കോസ് സാർ. **''അങ്ങയുടെ വചനം എന്റെ പാദങ്ങൾക്കു വിളക്കും പാതയിൽ പ്രകാശവുമാണ്''** എന്ന സങ്കീർത്തനം സ്വന്തജീവിതത്തിന്റെ മാർഗനിർദേശവാക്യമായി സ്വീകരിച്ച് മുന്നോട്ടുപോകുന്ന സാറിന്റെ ജീവിതം യേശുവിന്റെ വഴികളിൽ നടക്കാൻ പരിശ്രമിക്കുന്നവർക്ക് മാതൃകയാണ്.

അനുഗൃഹീതമായ ഒരു കുടുംബത്തിലെ തന്റെ ജനനവും കുട്ടിക്കാലവും മികവോടെ അദ്ദേഹം ചിത്രീകരിക്കുന്നു. ബാല്യവും വിദ്യാഭ്യാസവും ഗൃഹാതുരത്വത്തോടെ വിവരിക്കുന്നുണ്ട്. അതിനുശേഷം വൈദികനാകാനുള്ള താൽപ്പര്യത്തോടെ അപ്പസ്തോലിക് സ്റ്റുഡന്റായി ആശ്രമത്തിൽ ചേരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം കേഴ്വിക്കുറവുമൂലം തിരിച്ചയക്കപ്പെട്ട സാഹചര്യത്തിൽ കോളജ് വിദ്യാഭ്യാസം തുടരുകയും സർവീസിൽ ഇരിക്കെ മരിച്ചുപോയ പിതാവിന്റെ സ്ഥാനത്ത് പതിനേഴര വയസ്സുള്ളപ്പോൾ Customs and central excise ഡിപ്പാർട്ട്മെന്റിൽ ലോവർ ഡിവിഷൻ ക്ലർക്കായി നിയമിതനാവുകയും ചെയ്തു. ജീവിതത്തിലെ പ്രതിസന്ധികളെ ദൈവപരിപാലനയുടെ ഭാഗമായിക്കണ്ട് വിശ്വാസത്തോടെ മുന്നോട്ടുപോകുന്ന, അർപ്പണബുദ്ധിയുള്ള ആ യുവ ഉദ്യോഗസ്ഥൻ അർഹമായ പ്രമോഷനോടെ കസ്റ്റംസ് ഇൻസ്പെക്ടർ ആയി സൂര്യനെല്ലിയിൽ എത്തിച്ചേരുന്നു. ഇടവേളകളിൽ വി.ഗ്രന്ഥപാരായണം ഗൗരവമായി ഏറ്റെടുക്കുകയും അത് ആദ്യന്തം പൂർണമായി വായിക്കുകയും പഠിക്കുകയും ചെയ്യുന്നു.

തുടർന്നുള്ള അധ്യായങ്ങളിൽ വിവാഹവും കുടുംബജീവിതവും മക്കളുടെ ജനനവും പ്രതിപാദിക്കുന്നു. ഭവനം ഒരു ദേവാലയമെന്ന

www.malankaralibrary.com



കാഴ്ചപ്പാട്, സ്വജീവിതത്തിൽ പ്രാവർത്തികമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഔദ്യോഗികജീവിതത്തിൽ കർത്താവ് കൂടെനിന്ന് കൈപിടിച്ചു നടത്തുന്ന അവസരങ്ങൾ തന്മയത്വത്തോടെ വിവരിക്കപ്പെടുന്നു. രണ്ടു മക്കൾക്ക് ലഭ്യമായ ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിലൂടെ, തന്റെ പിതാവിന്റെ ആഗ്രഹം തനിക്ക് സാധിക്കാനായില്ലെങ്കിലും തന്റെ മക്കളിലൂടെ സാധിച്ച കൃതാർത്ഥതയിൽ ദൈവത്തിന് നന്ദി പറയുന്ന സ്നേഹസമ്പന്നനായ പിതാവ് ക്രമേണ വചനപ്രഘോഷണത്തിലും മിഷൻ പ്രവർത്തനങ്ങളിലും തല്പരനായി മുന്നോട്ടുപോകുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ സജീവാംഗമായിക്കൊണ്ട് ദുർബലരോടും ദുരിതമനുഭവിക്കുന്നവരോടും യേശുനാഥൻ പ്രകടിപ്പിച്ച കരുണയും സ്നേഹവും പരിഗണനയും സ്വജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്നു. ജയിൽ മിനിസ്ട്രി, സുവിശേഷസംഘ ശുശ്രൂഷ, നല്ല പുസ്തകങ്ങളുടെ വിതരണങ്ങൾ, കെസിബിസിയുടെ മദ്യവിരുദ്ധസമിതി ശുശ്രൂഷ എന്നിവ പ്രിയപ്പെട്ട കുറിയാക്കോസ് സാറിന്റെ ഇഷ്ടപ്പെട്ട പ്രേഷിതപ്രവർത്തനമേഖലകളാണ്. ഈ പ്രവർത്തനങ്ങളുടെ പേരിൽ ചിലരെങ്കിലും അദ്ദേഹത്തെ പരിഹസിക്കുകയും അവഹേളിക്കുകയും ചെയ്തിട്ടുണ്ട്. കുരിശിൽ തറച്ചുകൊന്നിട്ടും കല്ലറയിൽ അടക്കപ്പെട്ടിട്ടും ഉയിർത്തെഴുന്നേറ്റ് ഇന്നും ജീവിക്കുന്നവൻ ആണ് തന്റെ പ്രത്യാശയെന്നും തന്മൂലം മരണംവരെ ഈ നന്മപ്രവൃത്തികൾ തുടരുമെന്നും ഈ ഗ്രന്ഥത്തിൽ അദ്ദേഹം പ്രഖ്യാപിക്കുന്നു.

'അത്താണി' ഒരു ആത്മകഥാഗ്രന്ഥമാണെങ്കിലും ആധ്യാത്മികചിന്തകളും ധ്യാനങ്ങളും ധാരാളമായി നമുക്കിതിൽ ലഭ്യമാണ്. ദൈവത്തെ സ്നേഹിക്കുന്ന, അനുഗമിക്കുന്ന ഒരു വ്യക്തി എങ്ങനെ തന്റെ ജീവിതത്തെ രൂപീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യണമെന്ന് ഈ ഉത്തമഗ്രന്ഥം കാണിച്ചുതരുന്നു. സശ്രദ്ധം വായിക്കുന്ന ഏതൊരാൾക്കും നന്മയിലേക്ക് പ്രചോദനം നൽകുന്ന കുറിയാക്കോസ് സാറിന്റെ 'അത്താണി' എന്ന ആത്മകഥയ്ക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു. സന്തോഷത്തോടുകൂടി ഈ അത്താണി ഞാൻ സഹൃദയർക്ക് മുമ്പിൽ അവതരിപ്പിക്കുന്നു.

അനുഗ്രഹാശംസകളോടെ

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**

മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

www.malankaralibrary.com

## ആശംസ

സായാഹ്നം സാധാരണയായി എല്ലാവർക്കും ആനന്ദം നൽകുന്ന സമയമാണ്. ഒരു ദിവസത്തിന്റെ സന്തോഷവും ക്ലേശവും ലാഭനഷ്ടവും വിലയിരുത്തുന്ന സായാഹ്നം. അത് ഒരു ദിവസത്തിന്റെയോ ഒരായുസിന്റെയോ സായാഹ്നമായാലും. സ്വന്തം ജീവിതമാകുന്ന വീടിന്റെ പൂമുഖത്ത് സ്വച്ഛമായി ഇരുന്ന് പിന്നോട്ട് യാത്രചെയ്യുന്ന സമയം ഒരനുഗ്രഹമാണ്. അപ്രകാരം തന്റെ കഴിഞ്ഞകാലങ്ങളിലേയ്ക്ക് ഒരിക്കൽക്കൂടി ദൈവത്തിന്റെ കരം പിടിച്ചു നടക്കാനാവുന്നത് നിസാര കാര്യമല്ല. ദൈവം നടത്തിയ വഴികളെ പുനർവായന നടത്തി പുതിയ തലമുറയ്ക്ക് സമർപ്പിക്കാനുള്ള കുറിയാക്കോസ് സാറിന്റെ 'അത്താണി' എന്ന ആത്മകഥ ഏറെ പ്രശംസയർഹിക്കുന്നു.

ഓർമ്മകളാണ് ഒരു മനുഷ്യന്റെ ഏറ്റവും വലിയ സമ്പാദ്യം; അവൻ വായിച്ചിരിക്കേണ്ട എറ്റവും നല്ല പുസ്തകം അതുതന്നെ എന്ന വരികൾ ചിന്തോദീപകമാണ്. സുവിശേഷത്തിൽ പരാമർശിക്കുന്നതു പോലെ തന്റെ ജീവിതാനുഭവമാകുന്ന ഭണ്ഡാരത്തിൽ നിന്നും പുതിയതും പഴയതുമായ രത്നങ്ങൾ പുറത്തെടുക്കുന്ന വിട്ടുടമസ്ഥനെ പോലെ (മത്താ 13:52) പുതിയ തലമുറയോട് സംവദിക്കാനുള്ള പരിശ്രമം പുസ്തകത്തിലൂടനീളം വിജയിച്ചിരിക്കുന്നു. ദൈവികമായ തന്റെ കുടുംബപശ്ചാത്തലം ദൈവോന്മുഖമായി വളരുന്നതിനു തന്നെ എത്രമാത്രം സഹായിച്ചു എന്നു സവിസ്തരം പ്രതിപാദിക്കുന്നതിലൂടെ ജീവിതപോരാട്ടങ്ങളുടെ പരിശീലനക്കളരിയും മൂല്യപഠനത്തിന്റെ പ്രഥമവിദ്യാലയവും ദൈവാരാധനയുടെ ഗാർഹിക ദൈവാലയവും ദൈവവിളി പ്രോത്സാഹനത്തിന്റെ പിള്ളത്തൊട്ടിലും സ്വന്തം ഭവനമാണ് എന്ന് സംശയം കൂടാതെ വായനക്കാരന് മനസ്സിലാക്കാൻ സാധിക്കുന്നു.

ദൈവഹിതത്തിന് തന്നെ വിട്ടുകൊടുത്ത് അനുദിനം കുരിശുമെടുത്തു കൊണ്ട് തന്നെ അനുഗമിക്കുന്നവർക്ക് ഈ ലോകത്തുതന്നെ ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ ലഭിക്കും എന്ന ഉറപ്പും ആത്മധൈര്യവും സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ കുറി

www.malankaralibrary.com

ച്ചു വയ്ക്കുവാൻ സാധിക്കുന്ന ചുരുക്കം ചിലരിൽ ഒരാളാണ് കുറിയാക്കോസ്. താൻ ആഗ്രഹിച്ച വൈദികശുശ്രൂഷപട്ടം ലഭിക്കാതെ പോയതിന്റെ വേദനയുടെ കണ്ണുനീർ ദൈവസന്നിധിൽ പ്രാർത്ഥനകളാക്കിയ പഴയകാലത്തിൻ നിന്നും മക്കളിൽ രണ്ടു പേർ വൈദികശുശ്രൂഷ ചെയ്യുന്നതു കണ്ട് ആനന്ദക്കണ്ണീർ പൊഴിക്കുന്ന സ്വന്തം അനുഭവത്തിന്റെ സഹയാത്രികരാകാൻ നമ്മെ ക്ഷണിക്കുന്നുണ്ട്. ഔദ്യോഗിക ജീവിതം എങ്ങനെ അനുഗ്രഹപ്രദമാക്കാം എന്ന പാഠം കൂടി നല്കുന്ന 'അത്താണി' ചുരുക്കത്തിൽ 'ദൈവം എത്രയോ നല്ലവനെന്ന് രുചിച്ചറിയുവിൻ' (സങ്കീ 34:8) എന്ന സങ്കീർത്തനം ഉരുവിടുന്നതു പോലെ അനുഭവപരമാണ്.

ക്രിസ്തീയജീവിതത്തിന്റെ വിവിധ പന്ഥാവുകളിലൂടെ ചരിക്കുന്ന എല്ലാവർക്കും പ്രായഭേദമന്യേ ഈ ആത്മകഥ പ്രയോജനപ്രദമാകട്ടെ, പ്രചോദനമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എല്ലാ വിധമായ അനുമോദനങ്ങളും ആശംസകളും നേരുന്നു. ദൈവം അനുഗ്രഹിക്കട്ടെ.



സ്നേഹപൂർവ്വം

**മോൺ. ആന്റണി കാക്കനാട്ട് റമ്പാൻ**

നിയുക്ത കൂരിയാ മെത്രാൻ

www.malankaralibrary.com



## ആശംസ

'അത്താണി'ക്ക് 'ചുമട് താങ്ങി' എന്നർത്ഥമാണ് ശബ്ദതാരാവലി നല്കിയിരിക്കുന്നത്. ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് തലച്ചുമടായി സാധനസാമഗ്രികൾ കൊണ്ടുപോയിരുന്ന കാലഘട്ടത്തിൽ ഭാരം ഇറക്കിവച്ച് വിശ്രമിക്കാൻ ചെയ്ത സംവിധാനത്തെ 'അത്താണി'യെന്നാണ് വിളിക്കുന്നത്. അത്താണികൾ സ്ഥാപിക്കപ്പെട്ട സ്ഥലങ്ങളെ 'അത്താണിമുക്ക്' എന്നും വിശേഷിപ്പിച്ചിരുന്നു. ഒരു കുടുംബത്തിന്റെ ഭാരം ഏറ്റെടുത്ത് കുടുംബത്തെ നയിക്കുന്ന വ്യക്തികളെ കുടുംബത്തിന്റെ അത്താണിയെന്ന് വിശേഷിപ്പിക്കുന്ന രീതി ഇതിന്റെ തുടർച്ചയാണ്. കുറിയാക്കോസ് മാവേലിക്കര തന്റെ ജീവിതദർശനവും അനുഭവങ്ങളും പങ്കുവയ്ക്കുന്ന കൃതിയെ 'അത്താണി'യെന്നാണ് വിശേഷിപ്പിക്കുന്നത്. തന്റെ ജീവിതയാത്രയിൽ താങ്ങും തണലുമായി കൂടെയുള്ള ദൈവത്തെ 'അത്താണി'യായി അദ്ദേഹം കാണുന്നു.

രണ്ടു ഭാഗങ്ങളിലായി 23 അദ്ധ്യായങ്ങളുള്ള ഈ കൃതി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ നേർസാക്ഷ്യമാണ്. ഒന്നാം ഭാഗത്തിലെ 13 അദ്ധ്യായങ്ങൾ ജനനംമുതൽ ഇന്നു വരെയുള്ള തന്റെ ജീവിത യാത്രയുടെ റൂട്ട് മാപ്പാണ്. രണ്ടാം ഭാഗത്തിലെ പത്ത് അദ്ധ്യായങ്ങൾ അദ്ദേഹം ഏറ്റെടുത്ത് നടത്തിയ സഭാശുശ്രൂഷകളെക്കുറിച്ചുള്ള അനുഭവസാക്ഷ്യവും.

ഈ കൃതിയിലെ മൂന്ന് സവിശേഷതകൾ എന്നെ പ്രത്യേകം ആകർഷിച്ചു. ഒന്നാമതായി, ജീവിതയാത്രയിൽ തന്നെ പ്രതിസന്ധിയിലാക്കിയ അപ്രതീക്ഷിത സംഭവങ്ങളെ സാദ്ധ്യതകളായി അദ്ദേഹം കാണുന്നു. മലയോര മേഖലയിലെ ബാല്യവും പിതാവിന്റെ മരണവും തൊഴിലിടങ്ങളിൽനിന്നുള്ള അപ്രതീക്ഷിത സ്ഥലംമാറ്റവും വാഹനാപകടവുമെല്ലാം തന്റെ നിയോഗം വിശ്വസ്തതയോടെ നിർവഹിക്കുന്നതിന് ഒരുക്കപ്പെട്ട ദൈവിക പദ്ധതിയായി അദ്ദേഹം സ്വീകരിച്ചു. സമർപ്പിത ജീവിതത്തിലേക്കുള്ള ദൈവവിളി, കേൾവിക്കുറവ് നിമിത്തം തടസ്സ

www.malankaralibrary.com

പ്പെട്ടതിനെ അൽമായനായി സഭയിൽ ശുശ്രൂഷചെയ്യുന്നതിനും രണ്ടു മക്കളെ വൈദികവൃത്തിയിൽ എത്തിക്കുന്നതിനുമുള്ള അവസരമായി അദ്ദേഹം കണ്ടു.

രണ്ടാമതായി, ഈ കൃതിയുടെ ആദ്യാവസാനം വേദപുസ്തകത്തിൽ നിന്നുമുള്ള ഉദ്ധരണികൾ പ്രത്യക്ഷപ്പെടുന്നുണ്ട്. അദ്ദേഹം പങ്കുവയ്ക്കുന്ന ചിന്തകളെ കൂടുതൽ പ്രകാശിപ്പിക്കുവാൻ സഹായകമായ വചനമാണ് അദ്ദേഹം ഉദ്ധരിക്കുന്നത്. വായനയുടെ ഒഴുക്കിന് തടസ്സമാകാതെ വചനഭാഗങ്ങൾ ഉദ്ധരിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അദ്ദേഹത്തിന് വേദപുസ്തകവുമായുള്ള ഇഴയടുപ്പത്തെ സൂചിപ്പിക്കുന്നു. **''അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവുമാണ്''** (സങ്കീ 119:105) എന്ന വചനം ജീവിതത്തിൽ അന്വർത്ഥമാക്കാനുള്ള ഒരു തപസ്യയായി ഞാനിതിനെ കാണുന്നു.

മൂന്നാമതായി, പുസ്തകത്തിലെ 23 അദ്ധ്യായങ്ങളും സമാപിക്കുന്നത് ഒരു ചെറിയ പ്രാർത്ഥനയോടെയാണ്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥയായ 'ഗിരിദീപ'ത്തിൽ ഇത് നമുക്ക് കാണുവാൻ കഴിയും. പ്രാർത്ഥനയുടെ അനുഭവത്തിൽ ജീവിതദർശനം പങ്കുവയ്ക്കുകയും തന്റെ ജീവിതാനുഭവങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി കരേറ്റുകയും ചെയ്യുന്നു. ഒരു ഭക്തന്റെ ഉദീരണമായി ഞാനിതിനെ കാണുന്നു.

ബഥനിയിലെ അപ്പസ്തോലിക് വിദ്യാർത്ഥിയായും സന്യാസാർത്ഥിയുമായി കൗമാരവും യവനവും ചിലവഴിച്ച കുര്യാക്കോസ് സാർ മാവേലിക്കര പ്രദേശത്തെ ബഥനി ആശ്രമസ്ഥരുടെ അജപാലന ശുശ്രൂഷകളിൽ ഞങ്ങളുടെ കൈത്താങ്ങായിരുന്നുവെന്നത് നന്ദിപൂർവ്വം അനുസ്മരിക്കുന്നു. അല്മായ സഹോദരങ്ങളുടെ പ്രേഷിത ശുശ്രൂഷകളെ ഏറെ വിലമതിക്കുന്ന ഇക്കാലയളവിൽ 'അത്താണി'യിലൂടെ കുര്യാക്കോസ് സാർ പങ്കുവയ്ക്കുന്ന അനുഭവ സാക്ഷ്യം അനേകർക്ക് പ്രചോദനമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**
സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം, കോട്ടയം

www.malankaralibrary.com

## ആശംസ

**'ഞാൻ മാതാവിന്റെ ഉദരത്തിൽ ആയിരിക്കുമ്പോൾ തന്നെ ദൈവം എന്നെ പ്രത്യേകം തിരഞ്ഞെടുത്തു. തന്റെ കൃപയാൽ അവിടുന്നെന്നെ വിളിച്ചു.'** (ഗലാ1:15)

കുറിയാക്കോസ് മാവേലിക്കര ദൈവം തനിക്ക് ദാനമായി നൽകിയ ജീവിതം കടഞ്ഞെടുത്ത് തയ്യാറാക്കിയ മനോഹരശില്പമാണ് 'അത്താണി'. 23 അധ്യായങ്ങളായി കണ്ണി തെറ്റാതെയുള്ള രചന തന്റെ ജീവിത ആരംഭം മുതൽ ഇന്നേവരെയുള്ള ശുശ്രൂഷകളെ സമഗ്രമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രൊലൈഫ്, ജയിൽമിനിസ്ട്രി, വിൻസെന്റ് ഡി പോൾ, സുവിശേഷസംഘം, കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മതബോധന അദ്ധ്യാപക ശുശ്രൂഷ എന്നിവകളിലൂടെ അനേകം ആത്മാക്കളിൽ ആത്മീയ വെളിച്ചം വീശുവാൻ ദൈവം അനുഗ്രഹിച്ചു. അതിലുപരി സുവിശേഷ പ്രഘോഷണത്തിന്റെ നേർസാക്ഷ്യമായ ഭവനസന്ദർശനം, ഉപദേശം ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും കുറിയാക്കോസ് തന്റെ കൈയ്യൊപ്പ് ചാർത്തിയിട്ടുണ്ട്. ആഴമായ ആദ്ധ്യാത്മിക ജീവിത ശൈലി രൂപപ്പെടുത്താൻ ഉതകുന്ന 25 പ്രായോഗിക നിർദ്ദേശങ്ങൾ ഓരോന്നും വളരെ വിലപ്പെട്ടതാണ്. പരാജയത്തിന്റെ പടുകുഴിയിൽ ആയാലും ദൈവം കൈവിടുകയില്ലെന്ന ഉറച്ച ബോദ്ധ്യം ഹബക്കുക്ക് (3:15) പ്രവാചകന്റെ അരുളപ്പാടിലൂടെ അന്വർത്ഥമാക്കിയ ഭാഗ്യപ്പെട്ട വിനീത ശുശ്രൂഷിയാണ് ലേഖകൻ.

തനിക്ക് നേടാൻ കഴിയാത്ത വിശുദ്ധ പടവുകളിലേക്ക് തന്റെ മക്കളെ നൽകുക വഴി ആത്മീയതയുടെ ഉത്തുംഗശൃംഗത്തിലേറിയിരിക്കുകയാണ് കുറിയാക്കോസ്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അഭിഷിക്തരായി ശുശ്രൂഷ നിർവ്വഹിക്കുന്ന മക്കൾ അതിന്റെ എല്ലാ പുകഴ്ച്ചയ്ക്കും കാരണം മാതാപിതാക്കളാണ്. അങ്ങനെ ഏതുവിധത്തിൽ ചിന്തിച്ചാലും കുറിയാക്കോസ് ഈശോയുടെ കൈയ്യിലെ ശ്രേഷ്ഠ ഉപകരണമാണ്. തന്റെ പതിനേഴര വയസ്സിൽ കസ്റ്റംസ് & സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ പ്രത്യേക

www.malankaralibrary.com

ഇളവ് നേടി ജോലിയിൽ പ്രവേശിച്ച ലേഖകൻ എല്ലാം ദൈവത്തിന്റെ ദാനമാണെന്ന് ഉറച്ച് വിശ്വസിക്കുന്നു.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് എന്ന നിലയിൽ കുറിയാക്കോസിനെ പരിചയപ്പെടാനും അടുത്തിടപഴകാനുമുള്ള സന്ദർഭങ്ങളുണ്ടായി. സഭയോടൊപ്പം ചിന്തിക്കുന്ന ഉത്തമ ക്രിസ്തുസാക്ഷിയായ ഈ അത്മായശ്രേഷ്ഠൻ ഒരു അത്ഭുതം തന്നെയാണ്. 'അത്താണി'ക്ക് എല്ലാ ആശംസകളും നേരുന്നു.

**ഫാദർ ജോൺ അരീക്കൽ**
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി
സംസ്ഥാന ജനറൽ സെക്രട്ടറി

www.malankaralibrary.com



### ആശംസ

## ഇടയനെ അറിയുന്നൊരാൾ

വലിയൊരു സംഗീതജ്ഞൻ ജന്മനാട് സന്ദർശിക്കുന്നു. സായാഹ്നത്തിൽ നടന്ന ചടങ്ങിൽ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിക്കാൻ ഗ്രാമം മുഴുവൻ എത്തിയിരുന്നു. തങ്ങളിലൊരാളുടെ വിജയത്തിന്റെ തിളക്കം ഗ്രാമത്തിലോരോരുത്തരുടേയും കണ്ണുകളിൽ പ്രതിഫലിച്ച ആ രാത്രിക്കൊടുവിൽ അയാൾ ഒരു ഗീതമാലപിച്ചു. കർത്താവ് എന്റെ ഇടയനാകുന്നുവെന്ന 23-ാം സങ്കീർത്തനം. മധുരസ്വരം, താളബദ്ധം. സദസ്സ് അതിൽ മുഴുകി. പിരിയുന്നതിന് മുമ്പ് പ്രാർത്ഥന നടത്തിയത് ഗ്രാമത്തിലെ വൃദ്ധ പുരോഹിതനായിരുന്നു. അദ്ദേഹവും പ്രാർത്ഥിച്ചത് 23-ാം സങ്കീർത്തനം പാടിത്തന്നെയായിരുന്നു. വാർദ്ധക്യം ബാധിച്ച സ്വരത്തിലും താളം മുറിഞ്ഞുമൊക്കെ. പക്ഷേ കേൾവിക്കാരുടെ കണ്ണു നനയുകയും ഇടയൻ അരികിലുണ്ടെന്ന പ്രത്യാശ അവരിൽ പടരുകയും ചെയ്തു. വലിയൊരു ഗായകന്റെ പാട്ടിനേക്കാൾ ആ വൃദ്ധ പുരോഹിതന്റെ സങ്കീർത്തനാലാപം കേൾവി മധുരമായതെങ്ങനെ? പാട്ടുകാരന് സങ്കീർത്തനവും സംഗീതവും അറിയാം. പുരോഹിതന് ഇടയനെ അറിയാം.

ഇടയനെ അറിയുന്നൊരാളുടെ ജീവിതക്കുറിപ്പുകളാണ് നമ്മുടെ മുമ്പിലുള്ളത്. പോയ കാലത്തിന്റെ ചുവടുകളോരോന്നും പതിയെ ഓർത്തെടുക്കുമ്പോൾ ഓരോ വരിയിലും പറയാൻ ശ്രമിക്കുന്നത് കർത്താവ് എന്റെ ഇടയനാണെന്നാണ്. ആത്മകഥയുടെ ഈ കുറിപ്പുകളിൽ നിരന്തരം തെളിയുന്നത് ദൈവം കൈപിടിച്ചു നടത്തിയ വഴികളെയും, നാളുകളെയും കുറിച്ചുള്ള കൃതജ്ഞതയുടെ തിളക്കമാണ്. സ്വന്തം ജീവിതകഥ പറയുമ്പോഴും നാം കേൾക്കുന്നത് ഹൃദയത്തെ ഉണർത്തുന്ന ആത്മീയചിന്തകളാണ്. ജീവിത നിരീക്ഷണങ്ങളും തിരുവചന വ്യാഖ്യാനവും പ്രായോഗിക ജീവിതപാഠങ്ങളുമെല്ലാം ഈ കുറിപ്പുകളെ ആഴമുള്ള വായനാവിഭവമാക്കുന്നു.

**'ജറുസലമേ, ധൈര്യമായിരിക്കുക, നിനക്ക് പേരിട്ടവൻ തന്നെ**

www.malankaralibrary.com

**നിനക്ക് ആശ്വാസമരുളും.'** (ബാറുക്ക് 4:30) കൃതജ്ഞതയോടെ മിഴിനനഞ്ഞ് സകലതും അവിടുത്തെ കൃപയെന്ന് പാടുന്ന തീർത്ഥാടകന്റെ സ്വരമാണ് എഴുത്തുകാരന്. അഭിനന്ദനാർഹമായ നേട്ടങ്ങളെ ഓർത്തെടുക്കുമ്പോഴും ഞാനെന്നല്ല, അവിടുത്തെ കാരുണ്യമെന്നാണ് വരികൾക്കിടയിൽ നിറയുന്നത്. ജീവിതാനുഭവങ്ങൾ പങ്കുവെച്ചു തുടങ്ങുന്ന ഓരോ അദ്ധ്യായവും ആത്മീയപ്രകാശം പരത്തുന്ന വചന വ്യാഖ്യാനങ്ങളായി വികസിക്കുന്നു. ദാമ്പത്യം, കുടുംബജീവിതം, ദൈവവിളി, ദൈവ പദ്ധതികൾ, തിരുവചനം, സാക്ഷ്യജീവിതം, സഹനം, പ്രാർത്ഥന നമ്മുടെ ആത്മീയവായനയെ സമ്പന്നമാക്കുന്ന വിഷയങ്ങളെല്ലാം ഈ കുറിപ്പുകളിലുണ്ട്.

ബ്രൂണസ് അയേഴ്സിലെ കോടതിയിൽ ജോലി ചെയ്തിരുന്ന ഒരാളെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ ഒരു പ്രസംഗത്തിൽ (5 ഏപ്രിൽ 2013) പരാമർശിക്കുന്നുണ്ട്. നീതിമാൻ, വിനീതൻ, ജോലി ചെയ്യാൻ ഇറങ്ങുമ്പോൾ യേശുവെന്ന് ഉരുവിട്ടിരുന്നു അയാൾ. അങ്ങനെ ആവർത്തിക്കുമ്പോൾ ഈശോ അരികിലുണ്ടെന്ന ബോധ്യം തനിക്കു ലഭിക്കുന്നുവെന്നാണ് അയാൾ മാർപ്പാപ്പായോട് പറയുന്നത്. ക്രിസ്തു കൂടെയുണ്ടെന്ന ഉറപ്പിൽ ഓരോ ചുവടും മുന്നോട്ടു വെയ്ക്കുന്ന ഒരാളെ ഈ പുസ്തകത്തിൽ കാണാം. ഔദ്യോഗിക തിരക്കുകൾക്കിടയിലും ആത്മീയ ശുശ്രൂഷകൾക്ക് ഹൃദയം കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞത് കൂടെയുള്ള കർത്താവിനെ കേൾക്കാനും, അനുഭവിക്കാനും കഴിഞ്ഞതു കൊണ്ടാണ്.

വചനോത്സവത്തിൽ ശുശ്രൂഷ ചെയ്യുന്ന കാലത്താണ് പ്രേക്ഷിത കൂട്ടായ്മയുടെ സംസ്ഥാനാ കോ-ഓഡിനേറ്ററായിരുന്ന കുറിയാക്കോസ് സാറിനെ പരിചയപ്പെടുന്നത്. പതുക്കെ പതുക്കെ അദ്ദേഹവും ആ കുടുംബവും വളരെ പ്രിയപ്പെട്ടതായിമാറി. 'ഞാനല്ല, അവിടുന്നെന്നെ നടത്തി' എന്ന് ഓരോ വഴിയിലും മുഴങ്ങുന്ന ഈ പുസ്തകം അനേകരുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കുന്ന അക്ഷര വിളക്കാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അത്താണി: എത്ര അർത്ഥവത്തായ തലക്കെട്ട്. ചുമടുകളുമായി തളർന്ന് നടന്നെത്തുന്ന ഒരാൾക്ക് ആശ്വാസത്തിന്റെ തണുപ്പ് നൽകുന്നൊരിടം. ഒരിക്കലും ഇളകാത്ത അത്താണി കണ്ടെത്തിയ ഒരാളുടെ അനുഭവക്കുറിപ്പുകളാണ് ഈ താളുകളിൽ. ക്രിസ്തുവിന്റെ തണലിലേക്ക് നടക്കാൻ ഈ പുസ്തകം വായനക്കാരെ സഹായിക്കട്ടെ.

സസ്നേഹം,

**ഫാ. ഷിന്റോ മംഗലത്ത് വി.സി.**

മാനേജിംഗ് എഡിറ്റർ

വചനോത്സവം

www.malankaralibrary.com

20

www.malankaralibrary.com

01

## ഉത്പത്തി (ജനനം)

**''ആകാശത്തിലെ പക്ഷികളെ നോക്കുവിൻ. അവ വിതയ്ക്കുന്നില്ല കൊയ്യുന്നില്ല കളപ്പുരയിൽ ശേഖരിക്കുന്നുമില്ല. എങ്കിലും നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് അവയെ തീറ്റിപ്പോറ്റുന്നു. അവയെക്കാൾ എത്രയോ വിലപ്പെട്ടവരാണ് നിങ്ങൾ.'' (മത്തായി 6:26)**

ആകാശം വെള്ളയും നീലയും കൂടിക്കലർന്ന് വെള്ളിവിരിച്ച പട്ടുപോലെ പ്രഭാതസൂര്യന്റെ രശ്മികൾ ഏറ്റുകിടന്നു. ഇളം തെന്നൽ കയ്യിലെ മെഴുകുതിരിയുടെ ജ്വാലയെ കെടുത്തുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. കുസൃതിക്കാറ്റിന്റെ പരീക്ഷണത്തിൽ നിന്നും, ഇരുകൈകളും കൊണ്ട് ദീപം അണയാതെ, അച്ചാച്ചന്റെയും അമ്മച്ചിയുടെയും (മാതാപിതാക്കളുടെ) കല്ലറയുടെ മുകളിലെ കുരിശിൻചുവട്ടിൽ ഉറപ്പിച്ചു. ഞങ്ങൾ അഞ്ചുപേരും ഒരുമിച്ച് ഭവനത്തിൽ സമ്മേളിക്കുന്ന അപൂർവ ദിവസങ്ങളിൽ ഒന്നിന്റെ പ്രഭാതം സെമിത്തേരി സന്ദർശനത്തോടെ ആരംഭിച്ചു. രണ്ടു കണ്ണുകളും തുളുമ്പി. അവ എന്റെ ചിന്തകളുടെ ഇതളുകൾ മറിച്ചു.

എന്റെ ഓർമ്മയിൽ എന്റെ അച്ചാച്ചൻ (പിതാവ്) വണ്ടിപ്പെരിയാറിലെ കസ്റ്റംസ് ആന്റ് സെൻട്രൽ എക്സൈസ് റേഞ്ച് ഓഫീസിൽ ആയിരുന്നു ജോലി ചെയ്തിരുന്നത്. അവിടെയുള്ള തേയില എസ്റ്റേറ്റിന്റെ ക്വാർട്ടേഴ്സിലായിരുന്നു കുടുംബമായി താമസിച്ചിരുന്നത്. 1953 ജൂലൈ നാലിന് പ്രഭാതത്തിൽ വണ്ടിപ്പെരിയാറ്റിലെ മഞ്ഞുമല തേയില തോട്ടത്തിൽ ഫാന്റം മേട് എസ്റ്റേറ്റ് ആശുപത്രിയിലാണ് ഞാൻ ജനിച്ചത്.

www.malankaralibrary.com

1950 ൽ വിവാഹം കഴിഞ്ഞ എന്റെ മാതാപിതാക്കൾക്ക് മൂന്നു വർഷം കാത്തിരുന്നതിനുശേഷം ഉണ്ടായ ആദ്യത്തെ കൺമണി ആണാണെന്ന് അറിഞ്ഞപ്പോൾ അവർ അവനെ ദൈവത്തിനായി നേർന്നു. സാമുവേലിന്റെ അമ്മയായ ഹന്നായുടെയും അപ്പനായ എൽക്കാനായുടെയും പ്രാർത്ഥന ദൈവം കേട്ടതുപോലെ എന്റെ പിതാവ് സാമുവേലിന്റെയും മാതാവ് സാറാമ്മയുടെയും പ്രാർത്ഥന ദൈവം കേട്ടു. എല്ലാ വർഷവും എന്റെ പിറന്നാളിന് വീട്ടിൽ പായസം വയ്ക്കുമായിരുന്നു. എന്നാൽ മറ്റാരുടേയും കാര്യത്തിൽ അത്രമാത്രം താൽപര്യം കാണിച്ചിരുന്നില്ല. വെച്ചെങ്കിലായി വെച്ചില്ലെങ്കിലായി എന്ന മട്ട്. ഞാൻ കുമ്പഴ താമസിച്ച് പഠിച്ചിരുന്നപ്പോൾ പോലും അവിടെയും പായസം വയ്ക്കുമായിരുന്നു. എന്റെ പിതാവിന്റെ പ്രത്യേക നിർദ്ദേശമായിരുന്നു അതിന് കാരണം. അവരുടെ മക്കൾ ആരുടേയും പിറന്നാൾ പായസം വച്ച് ആഘോഷിക്കാറില്ലായിരുന്നു. മറ്റു കുട്ടികളുടെ പിറന്നാളിന് കാണിക്കാത്ത ഈ താൽപര്യം എന്താണെന്ന് ഞാൻ ചോദിച്ചതിന് കുമ്പഴ അമ്മച്ചി പറഞ്ഞ മറുപടി, **''ഞങ്ങളുടെ കുട്ടികൾ ആരുംതന്നെ നേർച്ചനേർന്ന് ഉണ്ടായതല്ല; സ്വാഭാവികമായും ഉണ്ടായതാണ്.'' എന്നാണ്. ''കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും''** (സങ്കീ 127:3)

വണ്ടിപ്പെരിയാർ, വാളാടി, കോഴിക്കാനം എന്നീ സ്ഥലങ്ങളിൽ ഞങ്ങൾ മാറിമാറി താമസിച്ചിരുന്നു. വണ്ടിപ്പെരിയാറിലെ അസംപ്ഷൻ ലാറ്റിൻ കാത്തലിക് പള്ളിയിൽ മാമോദീസ മുക്കിയപ്പോൾ വികാരിയച്ചൻ എനിക്കൊരു പേരിട്ടു. കുടുംബത്തിൽ ആർക്കും ഇല്ലാത്ത പേര്, കുറിയാക്കോസ്, 'കർത്താവിന്റേത്' എന്ന് അർത്ഥം. ജൂലൈ 15 സെന്റ് കുറിയാക്കോസ് ഡേ ആയതുകൊണ്ടായിരിക്കാം എനിക്ക് അച്ചൻ അന്ന് ആ പേരിട്ടത്. കത്തോലിക്കരോ പാത്രിയർക്കീസുകാരോ അധികമില്ലാത്ത ഞങ്ങളുടെ നാട്ടിൽ ഈ പേര് അത്ര സുഖകരമായി പലർക്കും തോന്നിയില്ല. എന്റെ കൂട്ടുകാർക്ക് ആർക്കും ഇല്ലാത്തപേര്. ഈ പേരിനോട് എനിക്ക് വലിയ താൽപര്യം ഇല്ലായിരുന്നു. ആയതിനാൽ ആരെങ്കിലും എന്റെ പേര് ചോദിച്ചാൽ പറയാൻ മടിയായിരുന്നു. കുറിയാക്കോസ് എന്ന് പറന്നാൽ അവർ ഒന്നുകൂടി കളിയാക്കി ചോദിക്കും എന്തോ കോസ് ആണെന്ന്. എന്നാൽ പിന്നീട് കുറിയാക്കോസ് എന്ന കൊച്ചു വിശുദ്ധന്റെ ജീവചരിത്രം വായിച്ചപ്പോഴും, ചാവറ കുറിയാക്കോസ് ഏലിയാസ് അച്ചനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയപ്പോഴും, ആ പേരിന്റെ മഹത്വം ഞാൻ അനുഭവിച്ചു. പിന്നീട് റവ. ഡോ. ഫിലിപ്പ് ചെമ്പകശേരിൽ അച്ചൻ ക്ലാസെടുത്തപ്പോഴാണ് കുറിയാക്കോസ് എന്ന പേരിന്റെ അർത്ഥം 'കർത്താവിന്റേത്' എന്നാണ്, എന്ന് എനിക്ക് മനസി

www.malankaralibrary.com

ലായത്. **''മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനു മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു.''** (ജറെമിയാ 1:5)

എന്റെ വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയും എനിക്കിട്ട വിളിപ്പേര് തങ്കച്ചൻ എന്നായിരുന്നു. എന്നാൽ ഞങ്ങൾ താമസിച്ചിരുന്ന വണ്ടിപ്പെരിയാറ്റിലെ ക്വാർട്ടേഴ്സിൽ അടുത്ത് താമസിച്ചിരുന്ന ഇൻസ്പെക്ടറുടെ പെൺമക്കൾ എന്നെ ഷാജി എന്നാണ് വിളിച്ചിരുന്നത്. ആ പേര് എന്റെ അച്ചാച്ചനും അമ്മച്ചിക്കും ഇഷ്ടമായി. അങ്ങനെ തങ്കച്ചൻ അസ്തമിച്ചു ഷാജി ഉദിച്ചു. ഇപ്പോഴും എന്റെ നാട്ടിലുള്ളവരും ബന്ധുമിത്രാദികളും എന്നെ സ്നേഹത്തോടും ബഹുമാനത്തോടും വിളിക്കുന്നത് ഷാജി സാർ, ഷാജി മോൻ, ഷാജിച്ചായൻ എന്നിങ്ങനെയാണ്. **''എന്റെ രക്ഷ ലോകാതിർത്തിവരെ എത്തുന്നതിന് ഞാൻ നിന്നെ ലോകത്തിന്റെ പ്രകാശമായി നൽകും''** (ഏശ 49:6)

നല്ലപേരിട്ടതുകൊണ്ടുമാത്രം എല്ലാവരും നന്നാവണമെന്നില്ല, കുറ്റകൃത്യങ്ങളിലകപ്പെട്ട് ജയിലുകളിലും പോലീസ് സ്റ്റേഷനുകളിലും കയറുന്ന എത്രയോ 'സുഗുണൻ'മാരും 'സുശീല'കളും 'സത്യവാൻ'മാരും ഉണ്ടാകുമല്ലോ. വൈദികരും സിസ്റ്റേഴ്സും വിശുദ്ധരുടെ പേരുകളിലാണല്ലോ അറിയപ്പെടുന്നത്. അവരുടെ പിറന്നാളിനെക്കാളും പ്രാധാന്യം പേരുകാരായ വിശുദ്ധരുടെ തിരുനാളുകൾക്കാണ് അവർ കൊടുക്കുന്നത്. അതാണ് അവർ ഫീസ്റ്റായി ആഘോഷിക്കുന്നത്. ദൈവവുമായി മല്ലയുദ്ധത്തിൽ ഏർപ്പെട്ട യാക്കോബിന് 'ഇസ്രായേൽ' എന്നും ശിമയോനെ സഭയുടെ തലവനായി തിരഞ്ഞെടുത്തപ്പോൾ 'പത്രോസ്' എന്നും പുതിയ പേര് നൽകിയതായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതിനാൽ പേരിൽ അൽപം കാര്യമുണ്ട്. അനന്തര തലമുറകൾക്ക് അഭിമാനിക്കാൻ പറ്റിയ പേരായിരിക്കണം നാം മക്കൾക്കിടേണ്ടത്. മാമോദീസ പേര് പലരും മറന്നുപോകുന്ന കാലമാണല്ലോ ഇന്ന്. കാരണം അതിന് ഫാഷനില്ല. എന്റെ മാമോദീസ പേരുതന്നെ സ്കൂളിൽ ചേർത്തപ്പോൾ കൊടുത്തതിനാൽ ഔദ്യോഗികമായി ആ പേരിൽ തന്നെ ഇന്നും ഞാൻ അറിയപ്പെടുന്നു. എനിക്ക് കുറിയാക്കോസ് എന്ന മാമോദീസാ പേരിട്ട ഇപ്പോൾ ദൈവസന്നിധിയിലായിരിക്കുന്ന ആ വന്ദ്യവൈദികനെ ഞാൻ നന്ദിയോടെ ഓർക്കുന്നു. **''മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാകുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കില്ല.** (ഏശ 49:15)

www.malankaralibrary.com

## പ്രാർത്ഥന

**''ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കയ്യിൽ രേഖപ്പെടുത്തിയിരിക്കുന്നു.''(ഏശ 49:16)** എന്നരുളി ചെയ്തിരിക്കുന്ന ദൈവമേ നിന്റെ ഉള്ളം കൈയ്യിൽ എന്നെ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. നല്ല കുടുംബത്തിൽ, പ്രാർത്ഥിക്കുന്ന മാതാപിതാക്കളുടെ മകനായി പിറക്കുവാനുള്ള ഭാഗ്യം നീ എനിക്ക് തന്നുവല്ലോ. ഒന്നും എന്റെ പ്രയത്നം മൂലം ലഭിച്ചതല്ലെന്നും, എല്ലാം നിന്റെ ദാനം ആണെന്നും ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. ജീവിതാന്ത്യംവരെ നിന്റെ സ്നേഹത്തിൽ ആശ്രയം വച്ചുകൊണ്ടു മുന്നോട്ട് പോകുവാനുള്ള കൃപ തരുമാറാകണമേ ആമേൻ.

www.malankaralibrary.com

02

# ബാല്യം

**''ശിശു വളർന്നു, ആത്മാവിൽ ശക്തിപ്പെട്ടു, ഇസ്രായേലിന് വെളിപ്പെടുന്നതുവരെ അവൻ മരുഭൂമിയിൽ ആയിരുന്നു''** (ലൂക്കാ 1:80)

വണ്ടിപ്പെരിയാർ റെയിഞ്ച് ഓഫീസിന്റെ കീഴിലുള്ള കോഴിക്കാനം സെക്ടർ ഓഫീസിലെ കോഴിക്കാനം തേയില ഫാക്ടറിയുടെ ക്വാർട്ടേഴ്സിലെ താമസംമുതലാണ് എന്റെ ബാല്യകാല ഓർമ്മകൾ തുടങ്ങുന്നത്. ഞാൻ കോഴിക്കാനം എന്ന സ്ഥലത്തുള്ള ഒരു പ്രൈമറി സ്കൂളിൽ ആയിരുന്നു ഒന്നാം ക്ലാസ്സിൽ പഠിച്ചത്. ഒന്നാം ക്ലാസ്സൽ എന്റെ അച്ചാച്ചൻ (പിതാവ്) എന്നെ ചേർക്കാൻ കൊണ്ടുപോയി. പിന്നീട് ഞാൻ സ്കൂളിൽ പോയിട്ടേയില്ല. ഒരു മലയുടെ മുകളിലെ പാറയുടെ കീഴിലൂടെ എന്നെ എടുത്തുകൊണ്ടുപോയതായി ഞാൻ ഓർക്കുന്നു. അന്ന് സർക്കാർ ജോലിയുള്ള പോലീസ് യൂണിഫോമുള്ള ആളായിരുന്നു എന്റെ അച്ചാച്ചൻ. അതുകൊണ്ട് ആ ഗ്രാമത്തിൽ ഒരു നിലയും വിലയും ഉണ്ടായിരുന്നു. ആയതിനാൽ സ്കൂളിൽ പോയിട്ടില്ലായെങ്കിലും എനിക്ക് ഒന്നാം ക്ലാസ്സ് പാസ്സായതായിട്ടുള്ള സർട്ടിഫിക്കറ്റ് തന്നു. സത്യത്തിൽ എന്നെ പഠിപ്പിച്ചത് അച്ചാച്ചനും അമ്മച്ചിയുമാണ്. തുടർന്ന് എന്റെ പിതാവിന് കായംകുളം റെയിഞ്ച് ഓഫീസിലേക്ക് ട്രാൻസ്ഫർ കിട്ടിയതിനാൽ ഞങ്ങൾ നാട്ടിലേക്ക് താമസംമാറ്റി. അന്ന് എനിക്ക് ഒരു അനിയൻ തോമസ് കെ. എസും സഹോദരി സാലി കെ.എസും ആണ് ഉണ്ടായിരുന്നത്. പിന്നീട് നാട്ടിൽ വന്നതിനുശേഷം ഒരു സഹോദരി ലിസി. കെ. എസ് കൂടി ഉണ്ടായി. ഞങ്ങൾ നാലു പേരും രണ്ടു മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ ഇരട്ടപ്പള്ളിക്കൂടം എന്ന് അറിയപ്പെടുന്ന വെട്ടി

www.malankaralibrary.com

യാർ ഗവ. പ്രൈമറി സ്കൂളിൽ പഠിച്ചു. ഇന്നും 5–ാം ക്ലാസ്സ് മാത്രമായി ഈ ഗവൺമെന്റ് സ്കൂൾ തുടരുന്നു. ചുറ്റും മതിൽകെട്ടി, ഓലമാറി ഷീറ്റിട്ടു എന്നതുമാത്രമാണ് ആകെയുള്ള പുരോഗമനം. റോഡിന്റെ രണ്ട് സൈഡിലുമായി രണ്ട് ബിൽഡിംഗ് ഉള്ളതിനാലാണ് ഇരട്ടപ്പള്ളിക്കൂടം എന്ന പേര് വീണത്. തുടർന്നുള്ള പഠനത്തിന് അടുത്ത് സ്കൂൾ ഇല്ലാതിരുന്നതിനാൽ എന്നെ അമ്മയുടെ മൂത്ത സഹോദരി താമസിക്കുന്ന കുമ്പഴ ഗ്രാമത്തിലുള്ള മാർപീലക്സിനോസ് യു.പി. സ്കൂളിൽ ചേർത്തു. 6 ഉം 7 ഉം ക്ലാസ്സുകൾ അവരുടെ വീട്ടിൽ നിന്ന് പഠിച്ചു. 6–ാം ക്ലാസ്സിൽ അന്ന് മലയാളം പുസ്തകത്തിൽ വി. പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 13–ാം അദ്ധ്യായം സ്നേഹത്തെക്കുറിച്ചുള്ള 1 മുതൽ 13 വരെയുള്ള വാക്യങ്ങളും ഒരു പാഠമായി പഠിക്കാനുണ്ടായിരുന്നു.

**''ഞാൻ മനുഷ്യരുടേയും ദൈവദൂതന്മാരുടേയും ഭാഷകളിൽ സംസാരിച്ചാലും എനിക്ക് സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചേങ്ങലയോ ചിലമ്പുന്ന കൈത്താളമോ ആണ്. എനിക്ക് പ്രവചനവരം ഉണ്ടായിരിക്കുകയും സകലരഹസ്യങ്ങളും ഞാൻ ഗ്രഹിക്കുകയും ചെയ്താലും, സകല വിജ്ഞാനവും മലകളെ മാറ്റാൻ തക്കവിശ്വാസവും എനിക്ക് ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ഞാൻ എന്റെ സർവ്വ സമ്പത്തും ദാനം ചെയ്താലും എന്റെ ശരീരം ദഹിപ്പിക്കാൻ വിട്ടുകൊടുത്താലും സ്നേഹമില്ലെങ്കിൽ എനിക്ക് ഒരു പ്രയോജനവുമില്ല. സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്. സ്നേഹം അസൂയപ്പെടുന്നില്ല. ആത്മപ്രശംസ ചെയ്യുന്നില്ല. അഹങ്കരിക്കുന്നില്ല. സ്നേഹം അനുചിതമായി പെരുമാറുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, വിദ്വേഷം പുലർത്തുന്നില്ല. അത് അനീതിയിൽ സന്തോഷിക്കുന്നില്ല, സത്യത്തിൽ ആഹ്ലാദം കൊള്ളുന്നു. സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തേയും അതിജീവിക്കുന്നു. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. പ്രവചനങ്ങൾ കടന്നുപോകും; ഭാഷകൾ ഇല്ലാതാകും; വിജ്ഞാനം തിരോഭവിക്കും. നമ്മുടെ അറിവും പ്രവചനവും അപൂർണ്ണമാണ്. പൂർണ്ണമായവ ഉദിക്കുമ്പോൾ അപൂർണ്ണമായവ അസ്തമിക്കുന്നു. ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു; ശിശുവിനെപ്പോലെ ചിന്തിച്ചു; ശിശുവിനെപ്പോലെ യുക്തവിചാരം നടത്തി. എന്നാൽ പ്രായപൂർത്തി വന്നപ്പോൾ ശിശു സഹജമായവ ഞാൻ കൈവെടിഞ്ഞു. ഇപ്പോൾ നമ്മൾ കണ്ണാടിയിലൂടെ അവ്യക്തമായി കാണുന്നു; അപ്പോഴാകട്ടെ മുഖാഭിമുഖം ദർശിക്കും. ഇപ്പോൾ ഞാൻ ഭാഗികമായി**

www.malankaralibrary.com

**അറിയുന്നു; അപ്പോഴാകട്ടെ ദൈവം എന്നെ പൂർണ്ണമായി അറിയുന്നതുപോലെ ഞാനും പൂർണ്ണമായി അറിയും. വിശ്വാസം, പ്രത്യാശ, സ്നേഹം, ഇവ മൂന്നും നിലനിൽക്കുന്നു. എന്നാൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം'** ഈ അദ്ധ്യായം പഠിപ്പിക്കാൻ വന്ന അദ്ധ്യാപിക (പങ്കിടീച്ചർയെന്നാണ് എന്റെ ഓർമ്മ) മുഴുവൻ കാണാതെ ചൊല്ലി പഠിപ്പിച്ചത് ഇന്നും ഓർക്കുന്നു.

മതനിരപേക്ഷതയുടെ പേരിൽ ഈശ്വരസങ്കൽപ്പവും സനാതന മൂല്യങ്ങളും നമ്മുടെ കുട്ടികളുടെ പാഠ്യപദ്ധതിയിൽ നിന്ന് നീക്കം ചെയ്യേണ്ടിയിരുന്നില്ല. വിദ്യാഭ്യാസപദ്ധതിയിലെ പരിഷ്ക്കാരങ്ങളിലൂടെ നിലവാരം താണുപോയി എന്നതല്ലേ സത്യം. ഈ രാജ്യത്തിന്റെ ഭാവി പുരോഗതിക്ക് മിന്നൽ വേഗത്തിൽ ഓടുന്ന ട്രെയിനും ഇന്റർനാഷണൽ എയർപോർട്ടും, മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും, സൂപ്പർമാളുകളും എക്സ്പ്രസ്സ് ഹൈവേകളും മാത്രംപോരാ. മനുഷ്യരെ ധാർമ്മികതയിൽ ഉറപ്പിച്ച് നിർത്തുവാൻ പര്യാപ്തമായ പരിശീലന പദ്ധതികളും അത്യന്താപേക്ഷിതമാണ്. **''ശൈശവത്തിൽ തന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക; വാർദ്ധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല.''**(സുഭാ 22:6)

അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം വളരെ മെച്ചപ്പെട്ട രീതിയിലായിരുന്നു. ശിക്ഷയും ശിക്ഷണവും പ്രധാന്യത്തോടെ രക്ഷകർത്താക്കളും അദ്ധ്യാപകരും കണ്ടിരുന്നതിനാൽ ഭയഭക്തി ബഹുമാനത്തോടെയാണ് അധ്യാപകരെ കണ്ടിരുന്നത്. ജാതിമതഭേദമന്യേ കളിച്ചും ചിരിച്ചും ഉള്ളത് പങ്കിട്ടും സ്കൂളിലേക്കുള്ള യാത്ര ഇന്നും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുന്നു. മാതാപിതാ ഗുരു ദൈവം, ചൊട്ടയിലെ ശീലം ചുടലവരെ, മിന്നുന്നതെല്ലാം പൊന്നല്ല ഇങ്ങനെയുള്ള പഴഞ്ചൊല്ലുകളും ആപ്തവാക്യങ്ങളുമൊക്കെ മാതാപിതാക്കളും അദ്ധ്യാപകരും ഇടയ്ക്കിടയ്ക്ക് ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. കർത്താവേ രക്ഷിക്കണേ, പഠിക്കാൻ ബുദ്ധിതരണേ, ആപത്തിൽ നിന്നും അപകടങ്ങളിൽ നിന്നും രക്ഷിക്കണേ തുടങ്ങിയുള്ള ചെറു പ്രാർത്ഥനകൾ ഇരുപ്പിലും നടപ്പിലും യാത്രയിലും ഒക്കെ ചൊല്ലണമെന്ന് നിഷ്കർഷിച്ചിരുന്നു. ഒരു വൈദികനാകണം എന്ന ആഗ്രഹം ഉണ്ടായിരുന്നതുകൊണ്ട് എന്നെ ഒരു അച്ചനാക്കണമെ എന്നാണ് കൂടുതൽ സമയം ഞാൻ പ്രാർത്ഥിച്ചിരുന്നത്.

കുമ്പഴയിലെ എന്റെ ബന്ധുക്കൾ ഓർത്തഡോക്സ് സഭാവിശ്വാസികളായിരുന്നതിനാൽ എല്ലാ ഞായറാഴ്ചയും ഓർത്തഡോക്സ് പള്ളിയിൽ പോകുമ്പോൾ എന്നെ തൊട്ടടുത്തുള്ള കത്തോലിക്കാപള്ളിയിൽ വിടുമായിരുന്നു. ഞങ്ങൾ കത്തോലിക്കാ സഭ വിശ്വാസികളായതിനാൽ എന്റെ പിതാവിന്റെ പ്രത്യേക നിർദ്ദേശപ്രകാരമാണ് അപ്രകാരം ചെ

www.malankaralibrary.com

യ്തിരുന്നത്. അവിടെ ഞാൻ സൺഡേസ്കൂൾ (മതബോധനക്ലാസ്) പഠിച്ചിരുന്നു. അവധി ദിവസങ്ങളായ ഓണം, ക്രിസ്തുമസ്, ഈസ്റ്റർ തുടങ്ങിയ സമയത്ത് മാത്രമേ ഞാൻ വെട്ടിയാറ്റുള്ള എന്റെ കുടുംബവീട്ടിൽ വരുമായിരുന്നുള്ളു. എന്നാൽ എന്റെ പിതാവ് എല്ലാമാസവും എന്നെക്കാണാൻ കുമ്പഴയ്ക്ക് വരുമായിരുന്നു. **''ഞാൻ എന്റെ ദൈവമായ കർത്താവിനെ ആരാധിക്കും. കാരണം അവിടുന്നാണ് ജീവിക്കുന്ന ദൈവം.''**(ദാനി 14:25)

വേനൽക്കാലത്ത് അവിടെ ജലക്ഷാമം രൂക്ഷമായിരുന്നു. പൊതുവേ മലപ്രദേശമായതിനാൽ കിണറുകൾ വറ്റുന്നത് പതിവായിരുന്നു. ആയതിനാൽ രാത്രി 12 മണിക്ക് ഉണർന്ന് ഞങ്ങൾ വെള്ളംകോരി പാത്രങ്ങളിൽ നിറയ്ക്കുമായിരുന്നു. എല്ലാ വീടുകളിലും കിണർ ഇല്ലായിരുന്നതിനാൽ മറ്റ് ആളുകൾ രാവിലെ വന്ന് വെള്ളം കോരിക്കൊണ്ട് പോകുമ്പോൾ കിണർ വറ്റുമായിരുന്നു. ഇത് ഒഴിവാക്കാനായി മറ്റുള്ളവരെ വെള്ളം കോരുന്നതിന് വിലക്കിയാൽ മതിയല്ലോ, കിണർ നമ്മുടെ സ്വന്തമല്ലേ എന്ന് ഞാൻ ചോദിച്ചു. അതിന് എനിക്ക് കിട്ടിയ മറുപടി: കിണർ നമ്മുടേതാണ്, പക്ഷേ വെള്ളം ദൈവം തരുന്നതാണ്, ആയതിനാൽ വെള്ളം വിലക്കുവാൻ പാടില്ല എന്നായിരുന്നു. ഇത് എന്നെ അത്ഭുതപ്പെടുത്തി. കാരണം മറ്റ് പല സ്ഥലങ്ങളിലും വെള്ളത്തിനുവേണ്ടി മനുഷ്യർ തമ്മിൽ അടിയും വഴക്കും നടത്തിയിരുന്നല്ലോ, പ്രത്യേകിച്ച് കുടിവെള്ളത്തിന് ക്ഷാമമുള്ളകാലത്ത്. സമ്പത്ത് വർദ്ധിച്ചപ്പോഴാണല്ലോ എല്ലാവരും സ്വന്തമായി കിണർ കുഴിക്കാനും, മതിലുകെട്ടുവാനും, ഗേറ്റ് ഇടുവാനും മറ്റും തുടങ്ങിയത്. **''ആവശ്യക്കാരനിൽ നിന്നും കണ്ണ് തിരിക്കരുത്; നിന്നെ ശപിക്കാൻ ആർക്കും ഇടനൽകുകയുമരുത്.''** (പ്രഭാ 4:5)

ഞാൻ 7-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ നാട്ടിൽ ടി.എം. വർഗ്ഗീസ് മെമ്മോറിയൽ ഹൈസ്കൂൾ അനുവദിക്കുകയും എട്ടാംക്ലാസ്സ് ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഞാൻ വീട്ടിലേക്ക് വന്ന് 8-ാം ക്ലാസ്സിൽ ചേർന്നു. അങ്ങനെ വീണ്ടും ഒരു വർഷംകൂടി നാട്ടിൽ താമസിച്ച് പഠനം തുടങ്ങി. അന്ന് ഞങ്ങൾക്ക് നെൽകൃഷി ഉണ്ടായിരുന്നു. വിത്ത് വിതയ്ക്കുവാനും ഞാറ് നടാനും ഇടകിളയ്ക്കാനും കൊയ്യാനും മെതിക്കാനും പോകുന്നവരോടൊപ്പം ഞാനും പോയിരുന്നു. നെൽകൃഷി നടത്തിയിരുന്ന പാടത്തിന്റെ വരമ്പിലൂടെ നടന്നാണ് ഞങ്ങൾ അന്ന് സ്കൂളിൽ പോയിരുന്നത്. ഇന്ന് നെല്ലുമില്ല, പാടവുമില്ല. എല്ലായിടത്തും വീടുകൾ. **''വിത്ത് ചുമന്നുകൊണ്ട് വിലാപത്തോടെ വിതയ്ക്കാൻ പോകുന്നവൻ കറ്റ ചുമന്നുകൊണ്ട് ആഹ്ലാദത്തോടെ വീട്ടിലേക്ക് മടങ്ങും.''** (സങ്കീ126:6)

www.malankaralibrary.com

വീടിന്റെ കിഴക്കുഭാഗത്ത് ഒരു തൊഴുത്ത് ഉണ്ടായിരുന്നു. അതിൽ മൂന്ന്നാല് പശുക്കളെ വളർത്തിയിരുന്നു. പാല് ഇഷ്ടംപോലെ ലഭിക്കുമായിരുന്നു. അടുത്ത വീടുകളിൽ നിന്ന് ആളുകൾ വന്ന് പതിവായി പാല് വാങ്ങുമായിരുന്നു. അന്ന് ഇന്നത്തെപ്പോലെ പാൽ സൊസൈറ്റി ഒന്നും ഇല്ലായിരുന്നു. പശുവിന്റെ കാര്യം നോക്കുന്നത് അമ്മച്ചിയായിരുന്നു. പാടത്തുനിന്നും പറമ്പിൽ നിന്നും കിട്ടുന്ന പുല്ലുകൂടാതെ കൊയ്തതിനു ശേഷം കിട്ടുന്ന കച്ചിയും ശേഖരിച്ച് വലിയ ഒരു തുറു വീട്ടിൽ ഉണ്ടായിരുന്നു. ഞങ്ങൾ കുട്ടികൾ കളിക്കുന്നത് ഇതിന് ചുറ്റും ഓടി നടന്നായിരുന്നു. അവധി കിട്ടുന്ന ദിവസങ്ങളിൾ അച്ചാച്ചന്റെ കൂടെ പശുവിനെയുംകൊണ്ട് ഞങ്ങൾ ആറ്റിൽ പോയിരുന്നു. ആറിന്റെ തീരത്തുള്ള മണൽ പരപ്പിൽ ചാടിമറിഞ്ഞ് കളിക്കുകയും വെള്ളത്തിൽ നീന്തിത്തുടിക്കുകയും ചെയ്യുന്നത് ഞങ്ങൾ കുട്ടികൾക്ക് വളരെ ഉത്സാഹമായിരുന്നു. വേനൽക്കാലത്ത് വെള്ളം വളരെ കുറവായതിനാൽ ഞങ്ങൾ നടന്ന് അക്കരയ്ക്ക് പോകുമായിരുന്നു. അവിടെ ധാരാളം മണൽത്തീരം ഉണ്ടായിരുന്നു. ഞങ്ങളെ സംബന്ധിച്ച് ഒരു ബീച്ച് തന്നെയായിരുന്നു ഈ ആറ്റുതീരം. മണൽവാരൽമൂലം ഇന്ന് അവിടെ മുഴുവൻ ചെളി നിറഞ്ഞു കിടക്കുന്നു. **''യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റേയും മനുഷ്യരുടേയും പ്രീതിയിലും വളർന്നുവന്നു.''** (ലൂക്കാ 2:52)

## പ്രാർത്ഥന

**''ശിശു വളർന്നു ജ്ഞാനം നിറഞ്ഞു ശക്തനായി. ദൈവകൃപ അവന്റെ മേൽ ഉണ്ടായിരുന്നു''** (ലൂക്കാ 2:40). കാരുണ്യവാനായ കർത്താവേ, നല്ലൊരു ബാല്യം എനിക്ക് തന്നതിനെ ഓർത്ത് ഞാൻ നിനക്ക് നന്ദി പറയുന്നു. ആമേൻ.

www.malankaralibrary.com

03

# ദൈവവിളി പരിശീലനം

**''ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ.''** (റോമാ 8:28)

ഒരു കത്തോലിക്കാ വൈദികൻ ആകണമെന്നായിരുന്നു എന്റെ ചിരകാല അഭിലാഷം. ബാല്യകാലത്ത്, സ്കൂളിൽ പഠിക്കുന്ന കാലത്ത്, ചെവിയിൽ ഉണ്ടായ ഇൻഫെക്ഷൻ മൂലം എനിക്ക് ചെവിപഴുപ്പിന്റെ രോഗം ഉണ്ടായി. ഇന്നത്തെപ്പോലെ ചികിത്സാ സൗകര്യം, അന്ന് ഇല്ലാതിരുന്നതിനാൽ ഇയർഡ്രമിനുണ്ടായ ദ്വാരം മൂലം കേൾവി അല്പം കുറഞ്ഞു. എന്നാൽ ഭാവിയിൽ ശരീരം വളരുമ്പോൾ ഈ ദ്വാരം താനെ അടയുമെന്ന് വിദഗ്ദ ഡോക്ടർമാർ പറഞ്ഞു. എന്നാൽ പിന്നീട് അറിഞ്ഞു, ചെവി പഴുത്ത് ദ്വാരം വലുതായതിനാൽ ഓപ്പറേഷൻ ചെയ്തെങ്കിൽ മാത്രമേ അത് ശരിയാവുകയുള്ളു എന്ന്. അന്ന് കേരളത്തിൽ മൈക്രോ സർജറി ഉണ്ടായിരുന്നില്ല.

എട്ടാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന എനിക്ക് അന്നത്തെ ഞങ്ങളുടെ വികാരിയച്ചൻ റവ. ഫാ. കോശി കാക്കനാട്ട് ഒഐസി കതിരുകൾ എന്ന ബഥനി ആശ്രമത്തിന്റെ (ഇപ്പോഴത്തെ ബഥനി ശബ്ദം) മാസിക വായിക്കാൻ തന്നു. അത് വായിച്ച എന്നിൽ ഉടൻതന്നെ ആശ്രമത്തിൽ ചേർന്ന് പഠിക്കണമെന്ന് ആഗ്രഹമുണ്ടായി. എന്റെ ആഗ്രഹം വീട്ടിൽ അറിയിച്ചപ്പോൾ മാതാപിതാക്കൾ എന്നെ സന്തോഷത്തോടെ കറ്റാനം ബഥനി ആശ്രമത്തിൽ ചേർത്തു. കറ്റാനം പോപ് പയസ് ഹൈസ്കൂളിൽ ഞാൻ ഒൻപതും പത്തും ക്ലാസ് പഠിച്ചത്, കറ്റാനം ബഥനി

www.malankaralibrary.com

ആശ്രമത്തിലെ അപ്പസ്തോലിക് സ്റ്റുഡന്റായിട്ടാണ്. **''നമ്മുടെ കർത്താവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ കൃപയിലും അവനെക്കുറിച്ചുള്ള അറിവിലും നിങ്ങൾ വളരുവിൻ. അവന് ഇപ്പോഴും എന്നേക്കും മഹത്വമുണ്ടായിരിക്കട്ടെ ആമേൻ.''** (2 പത്രോസ് 3:18)

രണ്ടു വർഷത്തെ കറ്റാനം ആശ്രമത്തിലെ ജീവിതം എനിക്ക് വളരെ സന്തോഷകരമായിരുന്നു. എന്നാൽ എന്റെ കൂടെയുള്ള പല കുട്ടികൾക്കും വീട്ടിൽ നിന്ന് മാറിനിന്നതിലുള്ള മാനസിക ബുദ്ധിമുട്ട് ഉണ്ടായിരുന്നു. ചിലർ വാവിട്ട് കരയാൻ തുടങ്ങി. രണ്ടു മൂന്നു ദിവസം കഴിഞ്ഞിട്ടും കരച്ചിൽ നിർത്താതെ വന്ന ചില കുട്ടികളെ വീട്ടിൽ നിന്നും മാതാപിതാക്കളെ വരുത്തി തിരികെ അയച്ചു. എന്നാൽ അങ്ങനെയുള്ള മാനസികമായ ബുദ്ധുമുട്ടുകൾ ഒന്നുംതന്നെ എനിക്ക് തോന്നിയില്ല. എന്നാൽ എന്റെ മാതാവിനും പിതാവിനും എന്നെ ഓർക്കുമ്പോൾ അല്പം വിഷമമുള്ളതായി അറിയാൻ കഴിഞ്ഞു. മാസത്തിൽ ഒരിക്കലെങ്കിലും എന്റെ പിതാവ് എന്നെ കാണാനായി ആശ്രമത്തിൽ എത്തുമായിരുന്നു. കറ്റാനം ബഥനി ആശ്രമത്തിലെ എന്റെ റെക്ടർ അച്ചൻ റവ. ഫാ. ലാസർ ഒഐസി തന്നെയായിരുന്നു ഞങ്ങളുടെ ഇടവക വികാരിയും. അതിനാൽ ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക് പോകുമ്പോൾ അച്ചനോട് എന്നെക്കുറിച്ചുള്ള വിവരം അമ്മ തിരക്കുമായിരുന്നു. ഓണം, ക്രിസ്തുമസ്, ഈസ്റ്റർ, എന്നീ അവധി ദിവസങ്ങളിൽ വീട്ടിൽ വരുമ്പോൾ എന്റെ അനുജനും സഹോദരിമാർക്കും കുടുംബത്തിൽ ഒരു ഉത്സവം തന്നെയായിരുന്നു. നല്ല ഭക്ഷണം, കൃത്യസമയത്തുള്ള പ്രാർത്ഥന, കളികൾ, പഠനം എന്നിവ എനിക്കേറെ ഇഷ്ടപ്പെട്ടതിനാൽ വീട്ടിൽ നിന്ന് മാറിനിൽക്കുന്നതിന്റെ യാതൊരു ബുദ്ധിമുട്ടും തോന്നിയില്ല. സ്കൂളിൽ ഞങ്ങൾമാത്രം വെള്ള ഫുൾകൈ ഷർട്ടും വെള്ള മുണ്ടും ധരിച്ചായിരുന്നു പോയിരുന്നത്. ഞങ്ങൾക്കു മാത്രം ഒരു ബഞ്ച് തന്നിരുന്നു. അച്ചൻ കുഞ്ഞുങ്ങൾ എന്നായിരുന്നു സഹപാഠികൾ ഞങ്ങളെ വിളിച്ചിരുന്നത്. കുട്ടികളുടെ ഇടയിൽ ഞങ്ങൾക്കൊരു പ്രത്യേക പരിഗണനയുണ്ടായിരുന്നു. അനാവശ്യമായ കാര്യങ്ങൾ ഒന്നും തന്നെ മറ്റു കുട്ടികൾ ഞങ്ങളുമായി പങ്കുവയ്ക്കുമായിരുന്നില്ല. അധ്യാപകരും ഞങ്ങളെ പ്രത്യേകം പരിഗണിച്ചിരുന്നു. ഫാ. അംബ്രോസ് ഒഐസി ഞങ്ങൾക്ക് ഇംഗ്ലീഷിൽ സ്പെഷൽ ക്ലാസ് എടുക്കുമായിരുന്നു. അച്ചന്റെ നേതൃത്വത്തിൽ ഞങ്ങളെ പാട്ടു പഠിപ്പിക്കുകയും സ്കൂൾ ആനിവേഴ്സറിക്ക് അവതരിപ്പിക്കുകയും ചെയ്യുമായിരുന്നു. **''വിശുദ്ധികൂടാതെ ആർക്കും കർത്താവിനെ ദർശിക്കുവാൻ സാധിക്കുകയില്ല.''** (ഹെബ്രാ 12:14)

എന്റെ ഇടതു ചെവിയുടെ കേൾവിക്കുറവ്, ഞാൻ ഒരു വൈദികൻ ആകുന്നതിന് തടസ്സാമാകുമെന്ന് എനിക്ക് തോന്നിയില്ല. പ്രായമായ

www.malankaralibrary.com

വൈദികരിലും അല്പം കേൾവിക്കുറവ് ഉള്ളവർ ഉണ്ടായിരുന്നു. പോപ് പയസ് സ്കൂളിൽ നിന്നും പത്താംക്ലാസ് പാസായ എന്നെ തിരുവല്ല ബഥനി ആശ്രമത്തിൽ ആസ്പിരന്റ്, പോസ്റ്റുലന്റ് എന്നീ കോഴ്സുള്ള ഒരു വർഷത്തെ പരിശീലനത്തിന് വിട്ടു. ഇതിനിടയിൽ എന്റെ കേൾവിക്കുറവ് അധികാരികൾ ശ്രദ്ധിക്കുകയും ചർച്ച ചെയ്യുകയും ചെയ്തപ്പോൾ വൈദിക പഠനത്തിന് ഞാൻ അയോഗ്യനാകുമോ എന്ന ചിന്ത എന്നിൽ ദുഃഖമുണ്ടാക്കി. തിരുവല്ല പുഷ്പഗിരി ഹോസ്പിറ്റൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളിൽ കൊണ്ടുപോയി എന്നെ ചെക്കപ്പ് ചെയ്തിരുന്നു. എല്ലാ ദിവസവും ഉച്ചയ്ക്ക് മൂന്നു മണിക്കുള്ള ജപമാല പ്രാർത്ഥനയിലും എന്റെ ചെവിയുടെ കേൾവിക്കുറവ് മാറിക്കിട്ടുവാൻ വേണ്ടി ഞാൻ പരിശുദ്ധ ദൈവ മാതാവിനോട് പ്രത്യേകം പ്രാർത്ഥിച്ചിരുന്നു. **''അവന്റെ അമ്മ പരിചാരികയോട് പറഞ്ഞു, അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ''**(യോഹ 2:5)

1969 മധ്യവേനൽ അവധിക്കാലത്ത്, എല്ലാ വൈദിക വിദ്യാർത്ഥികളെയും ഒരുമാസത്തെ അവധി നൽകി, തിരികെ വരാനുള്ള ഡേറ്റ് കൊടുത്ത് വീട്ടിലേക്ക് വിട്ടു. ഞങ്ങൾ 12 വൈദിക വിദ്യാർത്ഥികൾ ആണ് ആ ബാച്ചിൽ ഉണ്ടായിരുന്നത്. എല്ലാവരോടും അവരവരുടെ വീട്ടിലെ പോസ്റ്റൽ അഡ്രസ്സ് വാങ്ങിയിരുന്നു. ഞാനും കൃത്യമായ അഡ്രസ്സ് കൊടുത്തിരുന്നു. അങ്ങനെ ഞാൻ വീട്ടിലെത്തി. എല്ലാ ദിവസവും വൈകിട്ട് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ഒരു ചർച്ച വീട്ടിൽ പതിവായിരുന്നു. അന്ന് വൈകിട്ടുള്ള ചർച്ചയിൽ നോവിഷ്യേറ്റിലേക്കുള്ള പ്രവേശനത്തെക്കുറിച്ച് ഞാൻ വാചാലനായി. അവധിയ്ക്ക് വിടുന്നതിന് മുൻപ് നോവിഷ്യേറ്റിലേക്കുള്ള അഡ്മിഷനുവേണ്ടി കുപ്പായത്തിന്റെ അളവ് എടുത്തിരുന്നു. തിരുവല്ല ആശ്രമത്തിൽ വച്ചുള്ള ആറുമാസം വീതമുള്ള അസ്പിരന്റ്, പോസ്റ്റുലന്റ് കോഴ്സുകൾക്ക് ശേഷം തുടർ പഠനത്തിനായി ഞങ്ങൾക്ക് പോകേണ്ടിയിരുന്നത് തിരുവനന്തപുരം നാലാഞ്ചിറയിലെ നോവിഷ്യേറ്റ് ആശ്രമത്തിലായിരുന്നു. അവിടം മുതലാണ് സന്യാസാർത്ഥികൾ കാഷായവസ്ത്രം ധരിച്ചു തുടങ്ങുന്നത്. ഈ വിവരങ്ങളെല്ലാം ഞാൻ എന്റെ കുടുംബവുമായി പങ്കിട്ടു. അപ്പോഴാണ് അച്ചാച്ചനും അമ്മച്ചിയും ആശ്രമാധികാരികളുടെ തീരുമാനമായ കേഴ്വിക്കുറവ് മൂലം ആശ്രമത്തിലെ ഉപരിപഠനത്തിന് ഞാൻ അയോഗ്യനാണെന്നും, ആയതിനാൽ മുൻപ് പറഞ്ഞ ദിവസം ഇനി തിരികെ വരേണ്ടതില്ല എന്നും അറിയിച്ച് കത്ത്വന്ന കാര്യം എന്നോട് പറഞ്ഞത്. ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു കാര്യമായിരുന്നു എന്നെ സംബന്ധിച്ച് ഈ തിരസ്ക്കരണം. ഞാൻ ജീവിതത്തിൽ ഏറ്റവും കൂടുതൽ കരഞ്ഞു തീർത്ത ഒരു രാത്രിയായിരുന്നു അത്. എന്തെല്ലാം

www.malankaralibrary.com

സ്വപ്നങ്ങൾ. എല്ലാം പൊലിഞ്ഞു. ഈ കത്ത് അവർ നേരത്തെ തന്നെ പൊട്ടിച്ചുവായിച്ചിരുന്നു. എന്നാൽ എനിക്ക് വിഷമം ഉണ്ടാകുമെന്ന് തോന്നിയതുകൊണ്ടാണ് അവർ അറിയിക്കാൻ മടിച്ചത്. **''ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ നിങ്ങൾ താഴ്മയോട് നിൽക്കുവിൻ. അവിടുന്ന് തക്ക സമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്''** (1 പത്രോസ് 5:6)

ആകസ്മികവും അപ്രതീക്ഷിതവുമായ ആഘാതങ്ങൾ നമുക്കുണ്ടാകുമ്പോൾ അവയുടെ നടുക്കത്തിൽ സകലതും തകർന്നടിഞ്ഞെന്ന് നാം ചിന്തിക്കും. എന്നാൽ ആ സാഹചര്യങ്ങളിലും ദൈവം അനുഗ്രഹത്തിന്റെ നീർച്ചാൽ ഒഴുക്കി സഹായിക്കുമെന്നത് ഒരു സത്യമാണ്. പക്ഷെ അതു സാധിക്കണമെങ്കിൽ സകലത്തെയും നന്മയിലേക്ക് പരിവർത്തിപ്പിക്കുന്ന കരുണാസമ്പന്നനായ ദൈവത്തിന്റ കരുതലിലും ദയയിലും അചഞ്ചലമായ വിശ്വാസം നമുക്കുണ്ടായിരിക്കണം. എന്റെ പിതാവിന് ആ വിശ്വാസമുണ്ടായിരുന്നു. കരഞ്ഞു കലങ്ങിയ കണ്ണുമായ കിടന്ന എനിക്ക് ആ രാത്രി ഉറങ്ങാൻ കഴിഞ്ഞില്ല. പക്ഷെ ഉറങ്ങിയതു പോലെ നടിച്ചു ഞാൻ കിടന്നു. തളർന്നു കിടന്ന ഞാൻ ഉറങ്ങിപ്പോയി എന്നു കരുതി എന്റെ അച്ചാച്ചനും അമ്മച്ചിയും എന്റെ ദുഃഖത്തിൽ പങ്കുചേർന്നു. എന്റെ കണ്ണുനീർ തുടച്ചുമാറ്റിയപ്പോൾ അമ്മച്ചിയുടെ കണ്ണുനീർ അവിടെ വീണു. എന്നെ ഉണർത്താതെ കവിളുകളിൽ മാറി മാറി ഉമ്മ വച്ചു. നമുക്ക് സഭയുടെ വക ധാരാളം സ്കൂളുകൾ ഉണ്ടെല്ലോ ഇവനെ ബി.എഡ് പഠിപ്പിച്ചു അധ്യാപകനാക്കാം എന്ന് അവർ തമ്മിൽ പറയുന്നത് ഞാൻ കേട്ടു. ഒരു വർഷം എനിക്ക് നഷ്ടപ്പെട്ടുവെങ്കിലും പിറ്റേ വർഷം പ്രീഡിഗ്രിക്ക് മാവേലിക്കര ബിഷപ്പ് മൂർ കോളേജിൽ അന്നത്തെ വികാരി റവ. ഫാ. ലാസർ ഒഐസി എനിക്ക് അഡ്മിഷൻ വാങ്ങിത്തന്നു. അച്ചൻ തന്നെയായിരുന്നു കറ്റാനം ബഥനി ആശ്രമത്തിലെ എന്റെ റെക്ടർ. **''മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. അന്തിമമായ തീരുമാനം കർത്താവിന്റേതത്രെ''** (സുഭാഷിതം 16:1) മനുഷ്യന്റെ പദ്ധതികൾ പൊളിഞ്ഞാലെ ദൈവത്തിന്റെ പദ്ധതികൾ നടക്കുകയുള്ളു. അത് ആദ്യം ദുഃഖകരമായി തോന്നുമെങ്കിലും ഭാവിയിൽ വിചാരിച്ചതിനെക്കാൾ ഗുണകരമായി കലാശിക്കും എന്നാണ് അനുഭവം.

എന്റെ ബലഹീനത മാറുക എന്നതല്ലായിരുന്നു ദൈവഹിതം എന്ന്, അന്ന് മനസ്സിലാക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്ന് ദൈവഹിതത്തിന് പൂർണമായി സമർപ്പണം ചെയ്ത് ജീവിക്കുവാൻ ഒരു ബുദ്ധിമുട്ടും തോന്നുന്നില്ല. വിശുദ്ധ പൗലോസ് അപ്പസ്തോലൻ

www.malankaralibrary.com

പറഞ്ഞതുപോലെ ശരീരത്തിൽ എനിക്ക് നൽകപ്പെട്ടിരുന്ന ഒരു മുള്ള് എന്നെ വിട്ടകലാൻ വേണ്ടി മൂന്നു പ്രാവശ്യം ഞാൻ കർത്താവിനോട് അപേക്ഷിച്ചു. എന്നാൽ അവിടുന്ന് എന്നോടു അരുളിചെയ്തു. **''നിനക്ക് എന്റെ കൃപമതി, എന്തെന്നാൽ ബലഹീനതയിലാണ് എന്റെ ശക്തി പൂർണ്ണമായി പ്രകടമാകുന്നത്.''** (2 കോറി 12:9) ചെവികേൾക്കാതെയും കണ്ണുകാണാതെയും കാലും കൈയും ഇല്ലാതെയും എത്രയോ പേർ ഈ ലോകത്തിൽ ജീവിക്കുന്നു. മാരകമായ ക്യാൻസർ, ഹൃദ്രോഗം, കിഡ്നി രോഗം, ഷുഗർ, പ്രഷർ, കൊളസ്ട്രോൾ, ഗ്യാസ്ട്രബിൾ മുതലായ അസുഖം മൂലം എത്രയോ പേർ സഹിച്ച് ജീവിക്കുന്നു. അങ്ങനെ നോക്കുമ്പോൾ ഞാൻ എത്ര അനുഗൃഹീതൻ. എന്റെ ബലഹീനത എത്രയോ ചെറുത്. അതിന് ദൈവത്തിനു നന്ദി പറയുന്നു. ദൈവനാമം മഹത്വപ്പെടട്ടെ.

## പ്രാർത്ഥന

**''സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാരോ, അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും''** (മത്തായി 12:50) കാരുണ്യവാനായ കർത്താവേ, ഏത് പ്രതിസന്ധിഘട്ടത്തിലും ദൈവ ഇഷ്ടം എന്താണന്ന് മനസ്സിലാക്കുവാനുള്ള കൃപ തരണമേ. എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ. എന്ന് അങ്ങ് പ്രാർത്ഥിച്ചതുപോലെ പ്രാർത്ഥിക്കുവാനും, ദൈവഹിതം ആരായാനും, തക്കസമയത്ത് ദൈവം കൃപചെയ്യും എന്ന് മനസ്സിലാക്കി പ്രവർത്തിക്കുവാനും എന്നെ യോഗ്യനാക്കണമേ. അവസാനതുള്ളി രക്തം വരെ ഞങ്ങൾക്ക് വേണ്ടി ചിന്തി ഞങ്ങൾക്ക് രക്ഷ നൽകിയവനായ കർത്താവേ, നിന്റെ ഹിതത്തിനനുസരിച്ച് എന്റെ ജീവിതം ക്രമപ്പെടുത്തുവാനുള്ള കൃപ എനിക്ക് നൽകണമേ. നിത്യം പിതാവിനും, പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ആമേൻ.

www.malankaralibrary.com

04

# എന്റെ പിതാവിന്റെ മരണം

**''കർത്താവ് അരുളിച്ചെയ്യുന്നു. നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി''** (ജറെമിയ 29:11)

ആലപ്പുഴ റെയിഞ്ച് ഓഫീസിൽ ജോലി ചെയ്തിരുന്ന എന്റെ അച്ചാച്ചൻ ആഴ്ചയിൽ ഒരിക്കൽ ശനിയാഴ്ച വീട്ടിൽ വരികയും തിങ്കളാഴ്ച രാവിലെ പോവുകയുമാണ് പതിവ്. സൈക്കിളിലായിരുന്നു യാത്ര മുഴുവൻ. നാല് മക്കളെ പഠിപ്പിക്കുവാനും വീട്ടുകാര്യങ്ങൾ നോക്കുവാനും മാത്രമല്ല തന്റെയും ഭാര്യയുടെയും, സഹോദരീ സഹോദരൻമാരുടെയും അവരുടെ കുടുംബാംഗങ്ങളെയും നോക്കുവാനുള്ള ഉത്തരവാദിത്വം അദ്ദേഹം ഏറ്റെടുത്തിരുന്നു. കാരണം മറ്റാർക്കുംതന്നെ സ്ഥിരമായി ഒരു വരുമാനമാർഗ്ഗം ഇല്ലായിരുന്നു. ഏതാണ്ട് ഒരു കൂട്ടുകുടുംബമായിരുന്നു ഞങ്ങളുടെ ഭവനം. സാമ്പത്തികമായ ബുദ്ധിമുട്ട് ഉണ്ടായിരുന്നെങ്കിലും ഞങ്ങളെ നല്ല നിലയിൽതന്നെ പഠിപ്പിച്ചു. ആകെ കിട്ടുന്ന ഒരു അവധി ദിവസമായ ഞായറാഴ്ച പള്ളിയിൽ ആരാധനയും, സൺഡേസ്കൂളും മറ്റുമായി ചിലവഴിച്ചു. പല വീടുകളിലും പട്ടിണിയും രോഗവും ദുരിതവുമായി കഴിയുന്നവരെ സഹായിക്കുക അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു. നിങ്ങൾ ഇങ്ങനെ നാട്ടുകാരെയും സ്വന്തക്കാരെയും നോക്കി, കിട്ടുന്ന കാശ് മുഴുവൻ ചിലവഴിച്ചാൽ നമ്മുടെ മക്കളെ ആരു നോക്കും എന്ന അമ്മച്ചിയുടെ ചോദ്യത്തിന്, 'ദൈവം നോക്കും' എന്ന മറുപടിയും അച്ചാച്ചനിൽ നിന്നും ഞാൻ കേ

www.malankaralibrary.com

ട്ടു. കൂടെ ജോലി ചെയ്യുന്ന മേലുദ്യോഗസ്ഥർക്ക് സാമുവേൽ വളരെ പ്രിയപ്പെട്ടവനായിരുന്നു. കാരണം. വിശ്വസ്തൻ, സൽസ്വഭാവി, വിധേയൻ, സേവകൻ. **''നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലതുകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത് ഭയപ്പെടേണ്ട ഞാൻ നിന്നെ സഹായിക്കും.''** (ഏശയ്യ 41:13)

ജീവിതത്തിലെ പല സംഭവങ്ങൾക്കും അർത്ഥമോ ലക്ഷ്യമോ നാം കണ്ടെത്തുവരികയില്ല. അവയിൽ പലതും യാദൃശ്ചികമെന്ന് നമുക്ക് തോന്നാം. എന്നാൽ ജീവിതത്തിന്റെ മുഴുവൻ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ അവയ്ക്ക് പ്രത്യേക ഉദ്ദേശ്യവും അർത്ഥവും ഉണ്ടെന്ന് ബോധ്യമാകും. ദൈവവിശ്വാസം ജീവിതത്തിന് അർത്ഥവും ശക്തിയുംപകരുന്നുവെന്ന് ആ വിശ്വാസമുള്ള ഓരോ വ്യക്തിക്കും പറയുവാൻ കഴിയും. ദൈവത്തെ സ്നേഹിക്കുന്നവർക്ക്, ദൈവത്താൽ നയിക്കപ്പെടുന്നവർക്ക് സകല അനുഭവങ്ങളും നന്മയിലേക്ക് ദൈവം രൂപാന്തരപ്പെടുത്തും. നമ്മുടെ വിശ്വാസവും വീക്ഷണവുമാണ് അതിന് പ്രധാനമായി വേണ്ടത്. **''സിംഹക്കുട്ടികൾ ഇരകിട്ടാതെ വിശന്ന് വലഞ്ഞേക്കാം; കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാകുകയില്ല.''** (സങ്കീ 34:10)

ഞാൻ പ്രീഡിഗ്രിക്ക് ഫസ്റ്റ് ഇയർ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം എന്റെ അച്ചാച്ചൻ ഒരാഴ്ച അവധിയെടുത്ത് വീട്ടിൽ വന്നു. വയറിന് നല്ല സുഖമില്ലെന്നു പറഞ്ഞാണ് ലീവെടുത്തത്. രാത്രിയായപ്പോൾ അസുഖംകൂടി. പെട്ടെന്ന് തന്നെ ഹോസ്പിറ്റലിൽ അഡ്മിറ്റാക്കി. എന്നാൽ രോഗം എന്താണെന്ന് കണ്ടുപിടിക്കാൻ ഡോക്ടർക്ക് കഴിഞ്ഞില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ എന്റെ പിതാവ് ഈ ലോകത്തോട് യാത്രപറഞ്ഞു. അനാഥരായ നാലുമക്കളും വിധവയായ അമ്മയും. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടി. എന്നാൽ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥരും ഇടവക വികാരിയും സാമ്പത്തികമായും ആത്മീയമായും സഹായം ചെയ്തു. എന്റെ പഠനം തുടർന്നു. സ്റ്റുഡന്റ് എയ്ഡ് ഫണ്ടിൽ നിന്നും കോളേജ് ഫീസ് അടയ്ക്കാൻ പ്രിൻസിപ്പൽ അനുവദിച്ചു. ദൈവത്തിലുള്ള വിശ്വാസം പരീക്ഷണഘട്ടങ്ങളിൽ നമുക്ക് ആശ്രയിക്കാവുന്ന നങ്കൂരമാണ്. ചുറ്റുമെല്ലാം ഇരുളടഞ്ഞ് മുന്നോട്ടു കാൽ വയ്ക്കുന്നതിന് ധൈര്യമില്ലാതെ വിഷമിച്ചു നിൽക്കുന്ന അവസരത്തിൽ നമുക്ക് വെളിച്ചം ലഭിക്കുന്നതിനായി അനന്തശക്തിയായ ദൈവത്തോട് അകമഴിഞ്ഞ് പ്രാർത്ഥിക്കുകയാണ് വേണ്ടത്. ആ പ്രാർത്ഥനയ്ക്ക് ഫലമുണ്ടാകാതിരിക്കില്ല. **''കർത്താവിൽ എന്നേക്കും ആശ്രയിക്കുവിൻ, ദൈവമായ കർത്താവ് ശാശ്വതമായ അഭയശിലയാണ്.''**(ഏശയ്യാ 24:6)

www.malankaralibrary.com

സർവ്വീസിലിരിക്കുമ്പോൾ മരിക്കുന്ന വ്യക്തിയുടെ കുടുംബത്തിലെ ഒരംഗത്തിന് ജോലി കൊടുക്കുന്ന ഒരു രീതി സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നതിനാൽ എന്റെ പിതാവിന്റെ മേലുദ്യോഗസ്ഥർമാർ തന്നെ അതിനുവേണ്ടിയുള്ള ക്രമീകരണം ചെയതു. എന്റെ പിതാവിനോടുള്ള പ്രത്യേക സ്നേഹമാണ് അതിന് കാരണമായത്. എന്റെ പിതാവിന്റെ സഹോദരിയുടെ മകൻ, ജോർജ്ജ്കുട്ടി ഉപ്പാപ്പൻ എന്ന് ഞങ്ങൾ വിളിക്കുന്ന, ജോർജ്ജ് സാർ, കുറത്തികാട് സെന്റ് ജോൺസ് എം.എസ്.സി. യു.പി.എസിൽ അദ്ധ്യാപകനായിരുന്നു. എന്റെ ജോലിക്കുവേണ്ടിയുള്ള കത്തിടപാടുകൾ എന്റെ പേരിൽ അദ്ദേഹമാണ് ചെയ്തിരുന്നത്. 18 വയസ്സ് പൂർത്തിയാകാതെ സാധാരണ ആർക്കും തന്നെ സർക്കാർ ജോലി ലഭിക്കാറില്ല. എന്നാൽ പ്രത്യേക പരിഗണനമൂലം ആറുമാസത്തെ exemption വേണ്ടി അന്നത്തെ കളക്ടർ പ്രത്യേക ഓർഡർ ഇറക്കുകയും, 17,1/2 വയസ്സിൽ എൽഡിസി ആയി എനിക്ക് Customs and central excise department ൽ ജോലി ലഭിക്കുകയും ചെയ്തു. **''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും, അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും.''** (മത്തായി 6:33).

ഞാനൊരു വൈദികനാകണമെന്ന് എന്നെക്കാൾ കൂടുതലായി ആഗ്രഹിച്ച വ്യക്തി എന്റെ അച്ചാച്ചനായിരുന്നു. ''സാമുവേൽ ഞങ്ങളോടു പറയുമായിരുന്നു, ഞാൻ ഭാഗ്യവാനാണ് കാരണം. എന്റെ മൂത്തമകൻ അച്ചനാകാൻ പഠിക്കുന്നു.'' എന്ന് അച്ചാച്ചനോടുകൂടെ ജോലി ചെയ്തിരുന്നവർ എന്നോടു പറഞ്ഞു. ഞാൻ ഇപ്പോൾ ഇരുപത് വയസ് മാത്രം പ്രായമുള്ള ഒരു യുവാവാണ്. 25-30 വയസ്സ് ആകുമ്പോൾ സ്വാഭാവികമായും എന്റെ വിവാഹം നടക്കും. ഭാവിയിൽ എനിക്ക് കുട്ടികൾ ജനിക്കുമ്പോൾ അവർക്ക് ഇഷ്ടമാണെങ്കിൽ അവരെ അച്ചനാക്കാനോ സിസ്റ്ററാക്കാനോ ഞാൻ വിടും. അങ്ങനെ എന്റെ പിതാവിന്റെ ആഗ്രഹം പൂർത്തിയാക്കാൻ ഞാൻ പരിശ്രമിക്കും. അതല്ലെ ഇനി എനിക്ക് സാധിക്കു എന്ന് ഞാൻ അവരോട് പറഞ്ഞു. ഇത്ര ശ്രേഷ്ഠമായ ഈ പദവി സ്വീകരിക്കുവാൻ ഞാൻ യോഗ്യനല്ല എന്ന ദൈവത്തിന്റെ തീരുമാനം ഞാൻ പൂർണ്ണമായി അംഗീകരിക്കുന്നു. എന്നാൽ അതേസമയം എന്റെ മക്കൾക്ക് ആർക്കെങ്കിലും ഈ ഭാഗ്യം ലഭിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു, പ്രാർത്ഥിച്ചു. എന്റെ പിതാവ് കിട്ടുന്ന സമയം മുഴുവൻ പ്രാർത്ഥിക്കുമായിരുന്നു. വീട്ടിലായാലും, പള്ളിയിൽ ആയാലും ഓഫീസിലായാലും പ്രാർത്ഥനയ്ക്ക് അദ്ദേഹം ഒന്നാം സ്ഥാനം നൽകിയിരുന്നു. വിത്ത് ഗുണം പത്ത് ഗുണം എന്നല്ലോ പ്രമാണം. അതുകൊണ്ട് തന്നെയായിരിക്കണം, അത്രയുമില്ലെങ്കിലും, ചെറിയ

www.malankaralibrary.com

രീതിയിലെങ്കിലും, പ്രാർത്ഥനാചൈതന്യം എനിക്ക് ലഭിച്ചത് എന്ന് ഞാൻ വിശ്വസിക്കുന്നു. **''കർത്താവിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും. അവൻ കഴുകൻമാരെപ്പോലെ വീണ്ടും ചിറകടിച്ചുയരും. അവർ ഓടിയാൽ ക്ഷീണിക്കുകയില്ല; നടന്നാൽ തളരുകയുമില്ല.''** (ഏശയ്യാ 40:31)

## പ്രാർത്ഥന

കാരുണ്യവാനായ കർത്താവേ, പ്രതികൂലങ്ങൾ ഏറിവരുമ്പോൾ, അനുകൂലമായി കർത്താവുണ്ട്. എന്ന ബോധ്യം നീ എനിക്ക് തരണമേ. **''അവൻ ചതഞ്ഞ ഞാങ്ങണ ഒടിക്കുകയില്ല; പുകഞ്ഞ തിരി കെടുത്തുകയുമില്ല''** (മത്തായി12:20) എന്ന വചനം ഓർക്കുന്നു. പ്രതികൂലമായി എന്തുതന്നെ സംഭവിച്ചാലും അത് എല്ലാം അനുകൂലമാക്കി തരുന്നവനായ നിന്നിൽ പൂർണമായി ആശ്രയിച്ചുകൊണ്ട് മുന്നോട്ട് പോകുവാനുള്ള കൃപതരുമാറാകണമേ. ഒരു വാതിൽ അടയുമ്പോൾ മറ്റൊരുവാതിൽ നീ തുറന്നുതരും എന്ന പ്രത്യാശയിൽ ഞങ്ങളിതാ നിന്നിൽ അഭയം പ്രാപിക്കുന്നു. നീ അനുഗ്രഹിക്കണമേ, ആശീർവദിക്കണമേ. ആമേൻ.

www.malankaralibrary.com

05

# ദൈവം ഒരുക്കിയ പ്രൊമോഷൻ

**''എന്തെന്നാൽ, നമ്മൾ പാപം വഴി മരിച്ചവരായിരുന്നിട്ടും, കരുണാസമ്പന്നനായ ദൈവം നമ്മോട് കാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോട് കൂടെ നമ്മെ ജീവിപ്പിച്ചു. കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു.''** (എഫേ. 2:4)

പതിനേഴര വയസ്സിൽ ജോലികിട്ടി ഉദ്യോഗസ്ഥനായ എനിക്ക് ഈ ലോകത്തിലെ ജീവിതത്തെക്കുറിച്ച് കാര്യമായ അറിവൊന്നുംതന്നെ ഇല്ലായിരുന്നു. ആദ്യം ജോലിയിൽ ചേർന്നത് കൊച്ചി വെല്ലിംഗ്ടൺ ഐലന്റിൽ ആയിരുന്നു. യുവാക്കൻമാരുടെ കൂടെയുള്ള എന്റെ ജീവിതം തെറ്റായ മാർഗ്ഗത്തിൽ പോകാതെ ദൈവം കാത്തുപാലിച്ചു. നല്ല പുസ്തകം വായിക്കുന്നത് ഒരുവനെ നല്ലവനാക്കും; ചീത്ത പുസ്തകങ്ങൾ വായിക്കുന്നത് അവനെ ചീത്തയാക്കും; നല്ല കൂട്ടുകാർ ഒരുവനെ നല്ലവനാക്കും, ചീത്ത കൂട്ടുകാർ അവനെ ചീത്തയാക്കും. **''അതുകൊണ്ട് മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റേയും അടിസ്ഥാനം.''** (റോമാ 9:16)

മാവേലിക്കര കല്ലുമല ബിഷപ്പ് മൂർ കോളേജിൽ പ്രീഡിഗ്രി രണ്ടാം വർഷം പഠിക്കുമ്പോഴായിരുന്നല്ലോ എനിക്ക് ജോലി കിട്ടിയത്. അന്ന് കല്ലുമലയ്ക്ക് നേരിട്ട് ബസ് സർവ്വീസ് ഉണ്ടായിരുന്നില്ല. അതിനാൽ ബസിൽ മാവേലിക്കര പുതിയകാവിലിറങ്ങി കല്ലുമല വരെ നടന്നാണ് ഞങ്ങൾ കോളേജിൽ പോവുകയും വരികയും ചെയ്ത്. മാങ്കാംകുഴിയിൽ നിന്ന് മാവേലിക്കരയ്ക്ക് ബസ് ചാർജ്ജ് 20 പൈസ. കുട്ടികൾക്ക് കൺസഷൻ പകുതി 10 പൈസ. എന്നാൽ എന്റെ പിതാവ് മരിച്ച സമയ

www.malankaralibrary.com

ത്ത് ജോലി കിട്ടുന്നതിനു മുൻപ് സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് അനുഭവിച്ചിരുന്നതിനാൽ ചിലദിവസങ്ങളിൽ വീട്ടിൽ നിന്നും കല്ലുമല വരെയും തിരികെയും ഏകദേശം 8,9 കി.മി നടന്നാണ് കോളേജിൽ പോവുകയും വരികയും ചെയ്തിരുന്നത്. ഇന്ന് കാറിൽ ഈ സ്ഥല ങ്ങളിൽ കൂടി പോകുമ്പോൾ എന്റെ കണ്ണു നിറയുകയും, ദൈവത്തിനു നന്ദി പറയുകയും ചെയ്യാറുണ്ട്. ഡിസംബർ മാസം ജോലിക്കു ചേർ ന്നതിനാൽ പഠനം പൂർത്തിയാക്കാൻ എനിക്ക് സാധിച്ചില്ല. തന്മൂലം ഞാൻ പരീക്ഷ എഴുതിയെങ്കിലും തോറ്റുപോയി. എന്നാൽ പിന്നീട് ലീവെടുത്ത് വീട്ടിൽ വന്നു പഠിക്കുകയും പരീക്ഷ പാസ്സാവുകയും തുടർന്ന് എറണാകുളം മഹാരാജാസ് കോളേജിൽ ബി.എ. ഇക്കണോ മിക്സ് ഈവനിംഗ് കോഴ്സിന് ചേർന്ന് ഉന്നതരായ പല അധ്യാപക രുടേയും ക്ലാസ്സുകൾ കേൾക്കുന്നതിനും അവരുടെ വിദ്യാർത്ഥിയായി പഠിക്കുന്നതിനും സാധിച്ചു. പ്രൊഫ. ലീലാവതി ടീച്ചറിന്റെ മലയാളം ക്ലാസ്സുകൾ പ്രത്യേകിച്ച് കുമാരനാശാന്റെ വീണപൂവ് എന്ന കാവ്യം ഇന്നും എന്റെ ഓർമ്മയിൽ നിൽക്കുന്നു. **''നീ പ്രാർത്ഥിച്ചാൽ കർ ത്താവ് ഉത്തരമരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും''** (ഏശയ്യാ 58:10).

1970 ഡിസംബർ 10-ാം തീയതി സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ് ഡിപ്പാർട്ടമെന്റിൽ എൽ.ഡി.സി. ആയി ജോയിൻ ചെയ്ത ഞാൻ, മൂന്നരവർഷം കഴിഞ്ഞപ്പോൾ യുഡിസി ആയി പ്രൊമോട്ട് ചെ യ്യപ്പെടുകയും വീണ്ടും 31/2 വർഷം കഴിഞ്ഞപ്പോൾ ഇൻസ്പെക്ടർ ആയി പ്രൊമോട്ട് ചെയ്യപ്പെടുകയും ചെയ്തു. എൽഡിസി, യുഡിസി പോസ്റ്റിൽ 7 വർഷം ഞാൻ ജോലി ചെയ്തത് കൊച്ചി- എറണാകുളം എന്നീ സിറ്റികളിൽ ആയിരുന്നു. എന്നാൽ ഇൻസ്പെക്ടർ ആയി പ്രോ മോഷൻ കിട്ടിയപ്പോൾ പോസ്റ്റിംഗ് കിട്ടിയത് മൂന്നാറിൽ ആയിരുന്നു. മൂന്നാർ എന്ന് കേട്ടപ്പോൾ എന്റെ കൂടെ ജോലി ചെയ്യുന്നവർ എന്നെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. കാരണം തണുപ്പും മലമ്പനിയും യാത്രക്ലേ ശവും ഉള്ള സ്ഥലമായിരുന്നു അന്ന് മൂന്നാർ. **''ദൈവത്തിന്റെ ഇഷ്ടം നിറവേറി അവിടുത്തെ വാഗ്ദാനം പ്രാപിക്കാൻ നിങ്ങൾക്ക് സഹ നശക്തി ആവശ്യമായിരിക്കുന്നു.''** (ഹെബ്രാ 10:36).

ഇൻസ്പെക്ടർ പോസ്റ്റിംഗിന് 50% ഡയറക്ട് റിക്രൂട്ട്മെന്റ് സ്റ്റാഫ് സെലക്ഷൻ കമ്മീഷനിൽ നിന്നും ടെസ്റ്റും ഇന്റർവ്യൂവും കഴിഞ്ഞ് എടുക്കും. അവർക്ക് ഇൻകംടാക്സ്, കസ്റ്റംസ്, സെട്രൽ എക്സൈ സ് എന്നീ സെൻട്രൽ ഗവൺമെന്റ് ജോലി ഓപ്റ്റ് ചെയ്യാം. എന്നാൽ പ്രൊമോഷൻ കൊടുക്കുന്ന 50% അതാതു ഡിപ്പാർട്ടുമെന്റിൽ നിന്നു തന്നെയാണ് ടെസ്റ്റും ഇന്റർവ്യൂവും നടത്തുന്നത്. അവർക്ക് ഈ ഓപ്

www.malankaralibrary.com

ഷനില്ല. ജനറൽ എക്സാമിനേഷനും ഇല്ല. ഡിപ്പാർട്ട്മെന്റൽ റൂൾസും റെഗുലേഷനുമാണ് പരിക്ഷയ്ക്കും ഇന്റർവ്യൂവിനും ചോദിക്കുന്നത്. സ്വാഭാവികമായും ഡിപ്പാർട്ട്മെന്റൽ ഉദ്യോഗസ്ഥർതന്നെ ഈ ടെസ്റ്റും ഇന്റർവ്യൂവും നടത്തുന്നതിനാലും ക്ലെറിക്കൽ കേഡറിൽ അനേകവർഷം സേവനം ചെയ്ത പരിചയം ഉണ്ടായതിനാലും മിക്കവാറും എല്ലാവരും തന്നെ ഈ ടെസ്റ്റ് പാസാകും. അവർ ഡിപ്പാർട്ട്മെന്റൽ കാൻഡിഡേറ്റ് ആയതിനാൽ അപ്പോയിന്റ്മെന്റ് കൊടുക്കുമ്പോൾ അടുത്തുള്ള ഏതെങ്കിലും ഓഫീസിൽ തന്നെ തന്നെ പോസ്റ്റ് ചെയ്യും. ആകെ ഞങ്ങൾ നാലുപേർ മാത്രമേ ആ വർഷം ഉണ്ടായിരുന്നുള്ളതിനാലും ധാരാളം വേക്കൻസി ഉണ്ടായിരുന്നതിനാലും കൊച്ചിയിൽ എവിടെയെങ്കിലും ഞങ്ങൾക്ക് പോസ്റ്റിംഗ് കിട്ടുമെന്ന് കരുതി. എന്നാൽ ഞങ്ങൾ നാലുപേരെയും വളരെ ദൂരെയുള്ള കാസർഗോഡ്, വയനാട്, വണ്ടിപ്പെരിയാർ, മൂന്നാർ എന്നീ സ്ഥലങ്ങളിലാണ് പോസ്റ്റ് ചെയ്തത്. ഇത് ഡിപ്പാർട്ട്മെന്റിൽ ഉള്ള ഏതോ ഉദ്യോഗസ്ഥൻ വേലവെച്ചതാണെന്ന് അറിയാൻ കഴിഞ്ഞു. 10 ദിവസത്തെ ജോയിനിംഗ് സമയം ഉണ്ടായതിനാൽ ഞാൻ എറണാകുളത്തുനിന്നും റിലീഫ് വാങ്ങി വീട്ടിൽ വന്ന് പ്രാർത്ഥിച്ചു. എന്നിട്ട് ജോയിൻ ചെയ്യാൻ തീരുമാനിച്ചു. **''അഗതികളുടെ പ്രാർത്ഥന അവിടുന്ന് പരിഗണിക്കും, അവരുടെ യാചനകൾ നിരസിക്കുകയില്ല.''** (സങ്കീ102:17)

പ്രതീക്ഷിക്കുന്നതുപോലെ എല്ലാം സംഭവിക്കില്ല. എന്നാൽ സംഭവിക്കുന്നവയോടുള്ള പ്രതികരണങ്ങൾ പുരോഗതി ഉറപ്പ് വരുത്തുന്നത് ആകണം. പ്രിയങ്കരങ്ങളായവ മാത്രമല്ല ജീവിതത്തിൽ വിരുന്നെത്തുന്നത്. അഹിതമായവും അനാരോഗ്യകരമായവും ഒരു മുന്നറിയിപ്പുമില്ലാതെ വരും. എല്ലാ കാര്യങ്ങളും ഉദ്ദേശിച്ചത്പോലെ നടക്കുമ്പോൾ പക്വതയോടെയും നിയന്ത്രണത്തോടെയും പെരുമാറാൻ ആർക്കും കഴിയും. അപ്രതീക്ഷിതമായത് സംഭവിക്കുമ്പോഴും പതറാതെ പ്രതികരിക്കുന്നവർക്കുമാത്രമെ സന്തോഷം നിലനിർത്താൻ ആകു. സംഭവിക്കുന്ന കാര്യങ്ങളോട് രണ്ട് രീതിയിൽ പ്രതികരിക്കാം. ഒന്നുകിൽ എതിർക്കാം, അല്ലെങ്കിൽ അംഗീകരിക്കാം. എതിർപ്പുകൾ ക്രിയാത്മകവും വളർച്ചയ്ക്ക് ഉപകരിക്കുന്നതുമാകണം. എതിർത്തു തോൽപ്പിക്കാനാവാത്ത ഒട്ടേറെ കാര്യങ്ങൾ ഉണ്ട്. അവയെ അംഗീകരിക്കണം. താഴ്ന്ന് കൊടുക്കുകയും പൊരുത്തപ്പെടുകയും വേണം. എതിർത്തുതോൽപ്പിക്കാൻ കഴിയാത്തവയേയും, എതിരിട്ട് ജയിച്ചിട്ട് പ്രയോജനമില്ലാത്തവയേയും പരാജയപ്പെടുത്താനുള്ള വ്യഗ്രതയാണ് പലരുടേയും ആയുസ് പാഴാക്കുന്നത്. അപ്രധാനമായവയെ അവഗണിക്കാൻ ശീലിച്ചാൽ അനാവശ്യചിന്തകൾക്കും പ്രവൃത്തികൾക്കും ചിലവാക്കുന്ന സമയം ലാഭിക്കാം.

www.malankaralibrary.com

എന്തുവന്നാലും ജീവിതം മുന്നോട്ട് തന്നെ നീങ്ങണം. ഒരു നദിയുടേയും ഒഴുക്ക് കല്ലിൽ തട്ടി നിലയ്ക്കാറില്ല അത് വഴിമാറി ഒഴുകും. ഓരോരുത്തരുടേയും തിരഞ്ഞെടുപ്പാണ് അവരുടെ ജീവിതം. തെരഞ്ഞെടുക്കാൻ സാധ്യത ഇല്ലാത്ത അവസരങ്ങൾ ഉണ്ട്, വിധിപോലെ വന്നുചേരുന്നവ. അവിടെയും അത്തരം സംഭവങ്ങളോട് സ്വീകരിക്കേണ്ട മനോഭാവം നമ്മുടെ തിരഞ്ഞെടുപ്പാണ്. കീഴടങ്ങാൻ എളുപ്പമാണ്. നിലനിൽക്കാൻ ഉറച്ച തീരുമാനവും നിരന്തരപരിശ്രമവും ആവശ്യമാണ്. **''ദുരിതങ്ങൾ എനിക്ക് ഉപകാരമായി; അവ മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചു.''** (സങ്കീ 119:71).

1978 ആഗസ്റ്റ് മാസം പതിനേഴാം തീയതി (ചിങ്ങം1) ഞാൻ മൂന്നാറിൽ ജോയിൻ ചെയ്തു. മൂന്നാറിൽ പോസ്റ്റ് ചെയ്ത എന്നെ മൂന്നാർ റെയിഞ്ച് ഓഫീസിന്റെ കീഴിലുള്ള സൂര്യനെല്ലി എന്ന സെക്ടർ ഓഫീസിലേക്ക് നിയോഗിച്ചു. മൂന്നാറിൽ നിന്ന് 28 കി.മീ. ദൂരം, ബസ് സർവ്വീസ് ഇല്ല, ടെലിഫോൺ ഇല്ല, ഒരു ഏകാന്തവാസം. നാല് തേയില ഫാക്ടറികളുടെ ചാർജ്ജ് ആണ് അന്ന് എനിക്ക് കിട്ടിയത്. സൂര്യനെല്ലി, കെളുക്കുമല, പെരിയകനാൽ, പന്നിയാർ, എന്നീ നാല് തേയില ഫാക്ടറികൾ. സൂര്യനെല്ലിയിൽ താമസിക്കുന്ന എനിക്ക്, ഈ ഫാക്ടറികളിലേക്ക് പോകുവാൻ വാഹനസൗകര്യം ഒന്നുംതന്നെയില്ലായിരുന്നു. ഒന്നുകിൽ നടന്നുപോകണം, അല്ലെങ്കിൽ ലിഫ്റ്റ് വാങ്ങി പോകണം. ഞാൻ വളരെ ദുഃഖിതനായി. **''അവിടുന്ന് അവനെ മരുഭൂമിയിൽ ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി; അവനെവാരിപ്പുണർന്ന് താൽപര്യപൂർവ്വം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു.''** (നിയമ 32:10).

**''ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടുത്തെ നാമം പരിശുദ്ധമാണ്.''** (ലൂക്കാ1:49)എറണാകുളം-കൊച്ചി സിറ്റികളിൽ താമസിച്ചിരുന്ന എനിക്ക് ഹോട്ടലുകളിലും കാന്റീനുകളിലും മാറി മാറി ഭക്ഷണം കഴിച്ച് ശീലിച്ചതിനാൽ പാചകം ഒട്ടുംതന്നെ അറിയില്ലായിരുന്നു. സൂര്യനെല്ലിയിലാണെങ്കിൽ ഹോട്ടൽ പോയിട്ട് ഒരു ചായക്കട പോലും ഇല്ലായിരുന്നു. ഇഷ്ടംപോലെ പാൽ കിട്ടുമായിരുന്നു. അത് വാങ്ങി കാച്ചിക്കുടിക്കും. പിന്നീട് അവധിക്ക് വീട്ടിൽ വന്നപ്പോൾ കഞ്ഞി വയ്ക്കാൻ പഠിച്ചു. വീട്ടിൽ നിന്നും ഇടിച്ചമ്മന്തി, അച്ചാർ എന്നിവ അമ്മച്ചി തന്നുവിട്ടിരുന്നു. 11 കിലോമീറ്റർ നടന്നാണ് സൂര്യനെല്ലിയിൽ നിന്നും പവർഹൗസ് എന്ന് ബസ് സ്റ്റോപ്പിൽ എത്തേണ്ടിയിരുന്നത്. ഒന്നു സംസാരിക്കുവാൻ പോലും ആരുമില്ലായിരുന്നു. ക്വാർട്ടേഴ്സിൽ ഒറ്റയ്ക്ക് താമസിക്കുന്ന ഞാൻ രാവിലെ ഫാക്ടറിയിൽ പോകണം, ആരെയെങ്കിലും കാണുകയോ, സംസാരി

www.malankaralibrary.com

ക്കുകയോ ചെയ്യണമെങ്കിൽ. ഫാക്ടറിയിലെ ജോലിക്കാർ കൂടുതലും തമിഴരായതിനാൽ ഭാഷയും പ്രയാസം. മഴയും കാറ്റും തണുപ്പും കൂടിയപ്പോൾ ആകെ പ്രയാസം. താഴെ 2 കി.മി. അകലെ ലോവർ സൂര്യനെല്ലിയിൽ ഒരു ലാറ്റിൻ കാത്തലിക്ക് പള്ളി ഉണ്ടായിരുന്നതിനാൽ എല്ലാ ഞായറാഴ്ചയും ഞാനവിടെ പോകുമായിരുന്നു. അവിടുത്തെ അച്ചനെയും സിസ്റ്റേഴ്സിനേയും ഒക്കെ കാണുകയും സംസാരിക്കുകയും പരിചയപ്പെടുകയും ചെയ്തിരുന്നത് വലിയ സന്തോഷകരമായ ഒരു അനുഭവമായിരുന്നു. ഫാക്ടറിയിൽ ചെക്കിംഗിന് വല്ലപ്പോഴും മാത്രം പോയാൽ മതിയായിരുന്നു. ബാക്കി സമയം എന്തു ചെയ്യും? ഒരു വിവാഹം കഴിച്ച് കുടുംബസമേതം താമസിച്ചാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കിട്ടും. വിവാഹ ആലോചന കാര്യമായി വീട്ടുകാർ നടത്തി. എന്റെ കേൾവിക്കുറവ്, മൂന്നാർ എന്ന കാട്ടിലെ താമസം, ഇവ പല ആലോചനകൾക്കും തടസ്സമുണ്ടാക്കി. ധാരാളം സമയം ലഭിച്ചതിനാൽ ഒരു സമ്പൂർണ്ണ കാത്തലിക്ക് ബൈബിൾ വായിക്കാൻ തുടങ്ങി. ഇന്നത്തെപ്പോലെ പിഒസി ബൈബിൾ ഒന്നും അന്ന് ലഭിക്കുമായിരുന്നില്ല. Protestant ബൈബിൾ (66 പുസ്തകങ്ങൾ ഉള്ള സത്യവേദപുസ്തകം) എവിടെയും കിട്ടുമായിരുന്നു.

ആ കാലഘട്ടത്തിലാണ് പി.ഒ.സി.പുതിയ നിയമം ബൈബിൾ ഇറക്കിയത്. ഞാൻ അത് വാങ്ങി വായന തുടങ്ങി. പിന്നീട് തൃശൂർ സെന്റ് തോമസ് കോളേജിലെ റിട്ട. പ്രൊഫസർ തർജ്ജമ ചെയ്ത പഴയനിയമം, രണ്ടുവോളിയം, ഞാൻ വാങ്ങി വായന തുടർന്നു. അങ്ങനെയാണ് ആദ്യമായി ബൈബിൾ പൂർണമായും വായിച്ചു തുടങ്ങിയത്. അന്ന് മുതൽ തുടങ്ങിയ ബൈബിൾ വായന ഇന്നും നിർത്താതെ തുടരുന്നു. മരിക്കുംവരെ തുടരണം എന്നാണ് ആഗ്രഹം. **''ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതല വാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്.''** (ഹെബ്രാ 4:12)

## പ്രാർത്ഥന

**''ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ എന്റെ സ്വർഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല.''** (മത്തായി18:14) ദൈവമായ കർത്താവേ, എളിയവൻ നിലവിളിച്ചു, കർത്താവ് കേട്ടു. ബുദ്ധിയും ശക്തിയും ധനവും ഉള്ളവർക്ക് ലഭിക്കാത്ത ജോലി, ബലഹീനനും പാപിയുമായ ഈ ദാസന് ലഭിക്കാൻ നീ ഇടയാക്കി

www.malankaralibrary.com

യല്ലോ. യാതൊരു യോഗ്യതയും ഇല്ലാത്ത എന്നെ നീ ഇത്രത്തോളം ഉയർത്തിയതിൽ ഞാൻ നിനക്ക് നന്ദി പറയുന്നു. ഞങ്ങൾക്ക് ദോഷവും നഷ്ടവും വരുത്തുന്ന എല്ലാ വഴികളും ഞങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും ആയി നീ ക്രമപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു. നന്ദി പറഞ്ഞുകൊണ്ടും, നന്മകൾ ചെയ്തുകൊണ്ടും, ശിഷ്ടകാലം, നിന്നെ ശുശ്രൂഷിപ്പാൻ കൃപതന്ന് അനുഗ്രഹിക്കണമെ. ആമേൻ.

www.malankaralibrary.com

06

# വിവാഹം ഒരു ദൈവ വിളി

**''ദൈവമായ കർത്താവ് അരുളിചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. അവന് ചേർന്ന ഇണയെ ഞാൻ നൽകും.''** (ഉത്പത്തി 2:18)

വൈദികജീവിതം സ്വപ്നംകണ്ട് ആശ്രമ ജീവിതം തുടങ്ങിയ എനിക്ക് ജോലി കിട്ടിയിട്ടുപോലും, വിവാഹ ജീവിതത്തോട് വലിയ താൽപര്യം ഉണ്ടായിരുന്നില്ല. 7 വർഷക്കാലത്തെ എറണാകുളം-കൊച്ചി താമസവും, ഹോട്ടൽ- കാന്റീൻ ഭക്ഷണവും; വിവാഹം കഴിക്കുന്നതിനെക്കുറിച്ചുള്ള ചിന്തപോലും മനസ്സിൽ ഉണ്ടായിരുന്നില്ല. എന്റെ അനുജനും രണ്ടു സഹോദരിമാരും അമ്മയും അടങ്ങുന്ന കുടുംബത്തിന്റെ വരുമാനം എന്റെ ശമ്പളവും അമ്മയുടെ തുച്ഛമായ പെൻഷനും മാത്രമായിരുന്നു. ശമ്പളത്തിന്റെ നേർ പകുതി വീട്ടിലേക്കും പകുതി എന്റെ ചിലവിനും ഉപയോഗിക്കുമായിരുന്നു. എനിക്ക് ശമ്പളം 200 രൂപയോളം കിട്ടിയിരുന്നു. അന്ന് വളരെ ചെറിയ തുക മതിയായിരുന്നു ചിലവിന്. **''നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെ നമ്മുടെ ദൈവമായ കർത്താവ് നമുക്ക് സമീപത്തായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠജനതയാണുള്ളത്.''** (നിയമാവർത്തനം 4:7)

കുടുംബം രൂപംകൊള്ളുന്നത് വിവാഹത്തിലൂടെ ഭാര്യയും ഭർത്താവും ഒരുമിച്ച് ജീവിക്കാൻ ആരംഭിക്കുമ്പോഴാണ്. നമ്മൾ വിവാഹത്തെ പവിത്രമായി കരുതുന്നു. നമുക്ക് അത് വെറും ഒരു സാമൂഹിക ചടങ്ങല്ല. അതിനെക്കാളുപരി ആത്മീയ കർമ്മമാണ്. വിവാഹം ഒരു ദൈവ വിളിയാണ്. ദൈവമാണ് വ്യക്തികളെ ഈ ജീവിതാന്തസിലേക്ക് വിളി

www.malankaralibrary.com

ക്കുന്നത്. ദൈവേഷ്ടപ്രകാരം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിലൂടെയാണ് അവർ വിശുദ്ധീകരിക്കപ്പെടുന്നത്, നിത്യജീവന് അർഹരാകുന്നത്. വിവാഹം ഒരു ഉടമ്പടിയാണ്. ജീവിതകാലം മുഴുവൻ ഏകമനസ്സോടെ ജീവിച്ചുകൊള്ളാമെന്ന് ദൈവസമക്ഷം എടുത്ത പ്രതിജ്ഞ അതിനെ ഉടമ്പടിയാക്കുന്നു. ഒപ്പം വിവാഹം ഒരു കൂദാശയുമാണ്. വിവാഹം എന്ന കൂദാശയിലൂടെ ജീവിതം മുഴുവൻ ദൈവകൃപയിൽ ജീവിക്കാനുള്ള പ്രാപ്തി ദമ്പതികൾക്ക് ലഭിക്കുന്നു. അവരുടെ ജീവിതത്തിലെ സകല സത്കർമ്മങ്ങളും ദൈവ കൃപ ലഭ്യമാക്കുന്ന നീർച്ചാലുകളായി മാറുന്നു. വിവാഹം എന്ന കൂദാശയിലൂടെ ദമ്പതികൾ ദൈവത്തോടൊപ്പം സൃഷ്ടികർമ്മത്തിലും, ഈശോയോടൊപ്പം രക്ഷണീയകർമ്മത്തിലും പങ്കാളികളാകുന്നു. അവർ രക്ഷയുടെ ഉപകരണങ്ങൾ ആയി മാറുന്നു. ഇതിനായി അവർ യേശുവിനോട് ചേർന്ന് ജീവിക്കണം.സഭയിൽ കൗദാശിക ജീവിതം നയിക്കുന്നവരാകണം. ഓരോ കുടുംബവും പ്രാർത്ഥനയുടെ ഭവനമായി മാറണം. സ്നേഹത്തിന്റെയും കരുതലിന്റെയും പ്രാർത്ഥനയുടേയും ചൈതന്യം എല്ലാ ഭവനങ്ങളിലൂം സൃഷ്ടിക്കപ്പെടണം. **''നിങ്ങൾ അപേക്ഷകളോടും യാചനകളോടുംകൂടെ എല്ലാസമയവും ആത്മാവിൽ പ്രാർത്ഥനാനിരതരായിരിക്കുവിൻ''** (എഫേ 6:18).

എല്ലാ ജീവിതാന്തസിലുംപോലെ കുടുംബജീവിതത്തിലും സഹനങ്ങൾ ഉണ്ടാകാം. സഹനമനസ്സോടെ ദൈവത്തിൽ ആശ്രയിച്ച് ഇവയെ നേരിടുമ്പോൾ കുടുംബം ബലിവേദിയായി മാറും, യേശുവിനോട് ബന്ധപ്പെട്ട് നിൽക്കുമ്പോഴാണ് നമ്മുടെ കുടുംബം സ്നേഹത്തിന്റെ കൂട്ടായ്മയായി മാറുന്നത്. കുടുംബത്തിൽ സ്നേഹം നിരന്തരം പരിപോഷിപ്പിക്കപ്പെടണം. രണ്ടാം വത്തിക്കാൻ കൗൺസിൽ 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ കുടുംബത്തെ 'ഗാർഹിക സഭ' എന്നാണ് വിശേഷിപ്പിക്കുന്നത്. വിശുദ്ധ പൗലോസ് യേശുവിനോടും സഭയോടുമാണ് ഭർത്താവിനെയും ഭാര്യയേയും തുലനം ചെയ്യുന്നത്. **''ക്രിസ്തു തന്റെ ശരീരമായ സഭയുടെ ശിരസ്സായിരിക്കുന്നതുപോലെ, ഭർത്താവ് ഭാര്യയുടെ ശിരസ്സാണ്. ക്രിസ്തു തന്നെയാണ് ശരീരത്തിന്റെ രക്ഷകനും, സഭ ക്രിസ്തുവിന് വിധേയയായിരിക്കുന്നതുപോലെ ഭാര്യമാർ എല്ലാ കാര്യങ്ങളിലും ഭർത്താക്കന്മാർക്ക് വിധേയയായിരിക്കണം. ഭർത്താക്കാന്മാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെതന്നെ സമർപ്പിക്കുകയും ചെയ്തതതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം''** (എഫേ 5:23-25).

സൂര്യനെല്ലിയിലെ എന്റെ ജീവിതം വളരെ കഷ്ടപ്പാടുള്ളതായിരു

www.malankaralibrary.com

ന്നു. തണുപ്പും മഴയും ഉള്ള കാലാവസ്ഥ, കിലോമീറ്ററുകളോളം ഉള്ള ബസ് യാത്രയും തുടർന്നുള്ള നടപ്പ്, ഭക്ഷണം വാങ്ങാൻ ഹോട്ടൽ ഇല്ല, പാചകംഅറിയില്ല, സംസാരിക്കാൻ ആരുമില്ല. ഏകാന്തവാസം, ഒറ്റപ്പെടൽ. ഈ സാഹചര്യത്തിലാണ് ഒരു കുടുംബജീവിതം നയിക്കുവാൻ ഞാൻ തീരുമാനിച്ചത് 'Necessity is the mother of invention' ജോലിയുള്ള പെൺകുട്ടിയെ വേണ്ട എന്നു ഞാൻ തീരുമാനിച്ചു. കാരണം 3,4 വർഷത്തിനുള്ളിൽ ഞങ്ങൾക്ക് ട്രാൻസ്ഫർ ലഭിക്കും. അതും ദൂരെ എവിടെയെങ്കിലും ആയിരിക്കും. അപ്പോഴെല്ലാം ഫാമിലിയെക്കൂടി കൊണ്ടുപോകേണ്ടിവരും. അതു പ്രയാസമാണെന്ന് എനിക്ക് തോന്നി. കരുവാറ്റ എന്ന ദേശത്ത് ഒരു പെൺകുട്ടിയെ കാണാൻവേണ്ടി എന്റെ ഒരു റിലേറ്റീവ് എന്നെ കൊണ്ടുപോയി. സംസാരത്തിനിടയിൽ ഞാൻ ഒരു സെമിനാരി വൈദിക വിദ്യാർത്ഥി ആയിരുന്നു എന്നറിഞ്ഞ എന്റെ ഭാര്യാപിതാവിന് മറ്റൊന്ന് ആലോചിക്കേണ്ടി വന്നില്ല. കാരണം, സെമിനാരിയിൽ പഠിച്ച കുട്ടിയുടെ സ്വഭാവം വളരെ നല്ലതായിരിക്കും എന്ന് അദ്ദേഹം പൂർണമായി വിശ്വസിച്ചു, പിന്നെ, സർക്കാർ ശമ്പളം കിട്ടുന്ന ജോലിയുമുണ്ട്. അങ്ങനെ ആത്മീയമായും ഭൗതികമായും നല്ല ആലോചന. പിന്നെ മറ്റെന്ത് ചിന്തിക്കാൻ? ഞങ്ങളും തിരക്കി, ഓർത്തഡോക്സ് സഭാക്കാരനാണെങ്കിലും പള്ളിയുമായി വളരെ അടുത്ത് സഹകരിക്കുന്നവരും, പ്രാർത്ഥനയുള്ള കുടുംബവുമാണെന്ന് അറിയാൻ കഴിഞ്ഞു. അങ്ങനെ ആ വിവാഹം നടന്നു, 1979 ഫെബ്രുവരി 19 ന്. **''കർത്താവിന്റെ സനേഹം ഒരിക്കലും അസ്തമിക്കുന്നില്ല, അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല.''** (വിലാ 3:22).

Harission Malayalam plantationന്റെ തേയില എസ്റ്റേറ്റിന്റെ സൂര്യനെല്ലി ടീ ഫാക്ടറിയുടെ quarters ആണ് എനിക്ക് ഓഫീസ് കം റെസിഡൻസ് ആയി കിട്ടിയത്. യാത്രയുടെ ബുദ്ധിമുട്ടല്ലാതെ മറ്റെല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. യാത്രാക്ലേശം പരിഹരിക്കുവാൻ വേണ്ടി ഞങ്ങൾ ഒരു മോട്ടോർ ബൈക്ക് വാങ്ങി. അതോടുകൂടി യാത്രക്ലേശം പരിഹരിക്കപ്പെട്ടു. മൂന്നാർ, കൊളുക്കുമല, പെരിയക്കനാൽ, പന്നിയാർ, ദേവികുളം, പൂപ്പാറ, ശാന്താംപാറ, കൈലാസപാറ എന്നീ സ്ഥലങ്ങൾ ജോലിയുടെ ഭാഗമായി ഞാൻ സന്ദർശിച്ചു. ഔദ്യോഗികമായ ഫാക്ടറി സന്ദർശനം, ഒരു വിനോദയാത്രയായിത്തീർന്നു. എനിക്ക് ഏറ്റവും ദുരിതകരമായ മൂന്നാർ പോസ്റ്റിംഗ്, ദൈവം അനുഗ്രഹകരമായി മാറ്റിത്തന്നു. ഒറ്റപ്പെടുത്താനും കുറ്റപ്പെടുത്താനും എളുപ്പമാണ്. പക്ഷേ ചേർത്ത് നിർത്താൻ അത്ര എളുപ്പമല്ല; കാരണം അത് നമ്മെ മനസ്സിലാക്കിയവർക്കെ പറ്റൂ. കുറ്റപ്പെടുത്തി കണ്ണുനിറയ്ക്കുന്നതല്ല, കൂടെ നിർത്തി കണ്ണീർ തുടക്കുന്നതാണ് യഥാർത്ഥ സനേഹം എന്ന്

www.malankaralibrary.com

എനിക്ക് മനസ്സിലാക്കാൻ സാധിച്ചു. 'ഉർവ്വശീശാപം ഉപകാരം' എന്ന പോലെ, സന്തുഷ്ടമായ ഒരു കുടുംബജീവിതത്തിന് അടിത്തറ പാകുവാൻ സൂര്യനെല്ലിയിലെ പോസ്റ്റിംഗ് കാരണമായി. കുടുംബജീവിതം സന്തോഷകരമാണെങ്കിൽ അത് ഭൂമിയിലെ ഒരു സ്വർഗ്ഗ അനുഭവം തന്നെയാണ്. **''നിങ്ങൾ എനിക്ക് തിന്മ ചെയ്തു. പക്ഷെ, ദൈവം അത് നന്മയാക്കിമാറ്റി. ഇന്ന് കാണുന്നതുപോലെ അനേകം പേരുടെ ജീവൻ രക്ഷിക്കാൻ വേണ്ടിയാണ്. അവിടുന്ന് അത് ചെയ്തത്''** (ഉൽപ്പത്തി 5:20)

പ്രീഡിഗ്രി വിദ്യാഭ്യാസം കഴിഞ്ഞ് നിൽക്കുമ്പോഴാണ് എന്റെ ജീവിതപങ്കാളി, വിവാഹശേഷം എന്റെ കൂടെ മൂന്നാറിൽ താമസമാക്കിയത്. പഠിക്കണം എന്ന് അവൾക്ക് വളരെയധികം ആഗ്രഹമുണ്ടായിരുന്നു. എന്നാൽ മൂന്നാറിലെ ഉൾഗ്രാമമായ സൂര്യനെല്ലിയിൽ അതിന് യാതൊരു മാർഗവുമില്ലായിരുന്നു. മൂത്തമകൻ ഉണ്ടായതിന് ശേഷമാണ് ഞങ്ങൾ നാട്ടിൽ സ്ഥിരതാമസം തുടങ്ങിയത്. ഈ സമയത്ത് മാവേലിക്കരയിലുള്ള ഒരു സ്കൂളിൽ ടി.ടി.സിക്ക് ചേരുകയും രണ്ടുവർഷകാലം പഠിച്ച് അത് പാസാകുകയും ചെയ്തു. തുടർന്ന് മലങ്കര സറിയൻ കാത്തലിക് മാനേജ്മെന്റിൽ ജോലി ലഭിക്കുകയും ചെയ്തു. **''എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാൻ അത് ചെയ്ത് തരും.''** (യോഹ 14:14)

## പ്രാർത്ഥന

**''സഭ ക്രിസ്തുവിന് വിധേയയാരിക്കുന്നതുപോലെ ഭാര്യമാർ എല്ലാക്കാര്യങ്ങളിലും ഭർത്താക്കൻമാർക്ക് വിധേയയാരിക്കണം. ഭർത്താക്കൻമാരെ, ക്രിസ്തു സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻ വേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം.''**(എഫേ 5:24-25) പരിശുദ്ധാത്മാവേ, അങ്ങ് എഴുന്നെള്ളിവന്ന് എന്റെ ബോധത്തെ തെളിയിച്ച് എന്റെ ബുദ്ധിയെ പ്രകാശിപ്പിച്ച് എന്റെ ഹൃദയത്തെ ദൈവസ്നേഹം കൊണ്ട് നിറയ്ക്കണമേ. തിന്മയുടെ എല്ലാ സാഹചര്യങ്ങളിൽ നിന്നും എന്നെ കാത്ത് സംരക്ഷിക്കണമേ. കൂടുമ്പോൾ ഇമ്പമുള്ള ഒരു കുടുംബം പണിയുവാൻ വേണ്ടി ഉത്തമയായ ഒരു ഭാര്യയെ നീ തെരഞ്ഞെടുത്തുതന്നതിനാൽ നിന്നെ സ്തുതിക്കുന്നു. നന്ദി കർത്താവേ, നന്ദി. ആമേൻ.

www.malankaralibrary.com

07

# പ്രാർത്ഥിക്കുന്ന കുടുംബം

**''അന്നന്ന് വേണ്ടുന്ന ആഹാരം ഇന്ന് ഞങ്ങൾക്ക് നൽകണമേ''** (മത്താ 6:11)

ഞങ്ങളെ പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ എന്ന ശിഷ്യൻമാരുടെ അഭ്യർത്ഥന പരിഗണിച്ച് ശിഷ്യൻമാരെ പഠിപ്പിച്ച പ്രാർത്ഥനയിലെ പ്രധാനപ്പെട്ട ഒരു വചനമാണല്ലോ 'അന്നന്ന് വേണ്ടുന്ന ആഹാരം ഇന്ന് ഞങ്ങൾക്ക് നൽകണമേ' എന്നത്. എന്നാൽ ഇന്ന് മനുഷ്യന്റെ ആഗ്രഹത്തിന് എന്തെങ്കിലും പരിധിയുണ്ടോ? എന്റെ ഔദ്യോഗിക കാലഘട്ടത്തിൽ പോസ്റ്റിംഗും ട്രാൻസ്ഫറും ഉണ്ടാകുമ്പോൾ വീടിനടുത്ത് ദിവസവും പോയി വരാനുള്ള ഏതെങ്കിലും ഓഫീസിൽ പോസ്റ്റിംഗ് കിട്ടണം എന്ന് ഞാൻ പ്രാർത്ഥിക്കുമായിരുന്നു. നല്ല കുടുംബജീവിതം കണ്ടാണ് ഞാൻ ചെറുപ്പം മുതൽ വളർന്നത്. എന്റെ കുട്ടിക്കാലം വളരെ സംതൃപ്തി നിറഞ്ഞ കാലമായിരുന്നു. കുടുംബം ഒന്നിച്ച് രാവിലെയും വൈകിട്ടുമുള്ള പ്രാർത്ഥന, എല്ലാ ഞായറാഴ്ചകളിലും പള്ളിയിൽ പോയി നടത്തുന്ന ബലിയർപ്പണം, മറ്റു പ്രാർത്ഥനകൾ, ഒരുമിച്ചുള്ള ഭക്ഷണം, ഭക്ഷണത്തിന് ശേഷം (അന്നത്തെ വിശേഷങ്ങൾ) എല്ലാവരും പരസ്പരം ഉള്ള പങ്ക് വെയ്ക്കൽ മുതലായവ സന്തോഷപ്രദമായിരുന്നു. **''എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും; നിന്റെ ബുദ്ധിക്ക് അതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്ക് വെളിപ്പെടുത്തും''** (ജറെ 3:33)

ഓടിട്ട രണ്ട് മുറിയും അടുക്കളയും വരാന്തയും മാത്രമുള്ള കൊച്ചുവീടായിരുന്നു ഞങ്ങളുടേത്. എങ്കിലും വളരെ സന്തോഷിച്ചുള്ള

www.malankaralibrary.com

കുടുംബമായിരുന്നു. അതു കണ്ടും കേട്ടും അനുഭവിച്ചും വളർന്നതിനാൽ അതുപോലെതന്നെ സന്തോഷമുള്ള ഒരു കുടുംബ ജീവിതം തന്നെ നയിക്കണം എന്ന ഒറ്റയാഗ്രഹം മാത്രമേ അന്നെനിക്ക് ഉണ്ടായിരുന്നുള്ളു. ദൈവകൃപയാൽ, അതിന് പറ്റിയ ഒരു ഭാര്യയെ ദൈവം എനിക്കുതന്നു. പിന്നീട് മൂന്ന് ആൺകുട്ടികളെയും. കുടുംബം വളർന്നുകൊണ്ടിരിക്കുമ്പോൾ അവരുടെ ആവശ്യങ്ങളും വളരാൻ തുടങ്ങി. **അന്നന്ന് വേണ്ടുന്ന ആഹാരം എന്ന പ്രാർത്ഥനയ്ക്ക് പകരം, ''ചോദിക്കുവിൻ, നിങ്ങൾക്ക് ലഭിക്കും, അന്വേഷിക്കുവീൻ, നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും''** (മത്തായി 7:7) എന്ന പ്രാർത്ഥനയ്ക്ക് മുൻതൂക്കം കൊടുത്തു.

ഒന്നിലും തൃപ്തി വരാത്ത ഒരു സമൂഹത്തിലാണല്ലോ നാം ഇന്ന് ജീവിക്കുന്നത്. ആധുനിക ലോകം പുരോഗതി പ്രാപിച്ചു കൊണ്ടിരിക്കുമ്പോൾ, നമ്മുടെ ജീവിത ശൈലിയിലും മാറ്റം വരും. ഒന്നിലും സന്തോഷം കണ്ടെത്താതെ വീണ്ടും വീണ്ടും ലഭിക്കണം എന്ന ആഗ്രഹം. പണ്ട് ഓലമേഞ്ഞകുടിലിലും, ഓടിട്ട വീട്ടിലും താമസിച്ചിരുന്നപ്പോൾ കിട്ടിയിരുന്ന സംതൃപ്തി ഇന്ന് വാർത്ത ഇരുനില കെട്ടിടത്തിൽ പലർക്കും ലഭിക്കുന്നില്ല. അതുകൊണ്ടാണല്ലോ ഇന്ന് ആത്മഹത്യയുടെ കണക്കുകൾ ഉയർന്നു നിൽക്കുന്നത്. പണ്ട് 10 പൈസ കൊടുത്ത് ബസിൽ സഞ്ചരിച്ചിരുന്നവർ ചില സമയത്ത് 10 പൈസ ലാഭിക്കാൻ വേണ്ടി ആ ദൂരം നടക്കുമായിരുന്നു. ഇന്നോ, അതേദൂരം 10 രൂപാ കൊടുത്ത് ബസിൽ സഞ്ചരിക്കുവാൻ പോലും മടിച്ച് ബൈക്കിലോ, സ്കൂട്ടറിലോ കാറിലോ ഓട്ടോയിലോ പോകാൻ നാം ശ്രമിക്കും. കാരണം അധ്വാനിക്കാൻ നമുക്ക് മടിയാണ്. അതുകൊണ്ട് രോഗവും കൂടി കൂടി വരുന്നു. ആശുപത്രികൾ ധാരാളം പൊട്ടി മുളയ്ക്കുന്നു. **''ഞാൻ സകല മർത്യരുടെയും ദൈവമായ കർത്താവാണ്; എനിക്ക് അസാദ്ധ്യമായി എന്തെങ്കിലുമുണ്ടോ?''** (ജറെ 32:27)

ഒന്ന് പുറകോട്ടുനോക്കിയാൽ ആവശ്യത്തിൽ കൂടുതൽ ലഭിച്ചിരിക്കുന്ന നാം, തൃപ്തരാകാതെ ഓടുകയാണ്. രാജാവിന്റെ ആ കൃഷിക്കാരനെപ്പോലെ, ഉണ്ണാതെ, കുടിക്കാതെ, വിശ്രമിക്കാതെ അവസാനം ലഭിക്കുന്നത് വെറും ആറടിമണ്ണ് മാത്രം. അഞ്ചു ഭർത്താക്കന്മാരിൽ പോലും തൃപ്തി കണ്ടെത്താൻ സാധിക്കാൻ കഴിയാത്ത ഒരു സ്ത്രീ, ആറാമത്തെ ഭർത്താവിലും തൃപ്തികണ്ടെത്തുന്നില്ല എന്ന സത്യം നാം വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ സുവിശേഷത്തിൽ വായിക്കുന്നു. **''ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കും. എന്നാൽ ഞാൻ നൽകുന്ന വെള്ളം കുടിക്കുന്നവന് പിന്നീടൊരിക്കലും ദാഹിക്കുകയില്ല. ഞാൻ നൽകുന്ന ജലം അവനിൽ നിത്യജീവനിലേക്ക്**

www.malankaralibrary.com

**നിർഗളിക്കുന്ന അരുവിയാകും''** (യോഹ 4:14) എന്ന ദൈവ വചനം അവൾ കേട്ടപ്പോൾ. കുടം അവിടെ വച്ചിട്ട് തനിക്ക് ലഭിച്ച ഉൾക്കാഴ്ച മറ്റനേകരെ അറിയിക്കുവാനായി പോയി.

നാറാണത്തുഭ്രാന്തന്റെ കഥ നമുക്കെല്ലാവർക്കും സുപരിചിതമാണെല്ലോ. എന്തെങ്കിലും ഒരുവരം ചോദിക്കു എന്ന ദേവിയുടെ ചോദ്യത്തിന്, ഒരു മറുപടിയും ഇല്ലാതെ വന്നപ്പോൾ ദേവി അത്ഭുതപ്പെട്ടു. ഇങ്ങനെയും ഒരു മനുഷ്യനോ? എന്തെങ്കിലും ഒരു വരം ചോദിക്കു എന്ന് ദേവി വീണ്ടും വീണ്ടും കെഞ്ചിയപ്പോൾ, തന്റെ ഇടത്തേക്കാലിലെ മന്ത് വലത്തേകാലിലേക്ക് മാറ്റിത്തരു എന്ന് പറഞ്ഞു. അതായത്, തന്റെ കഷ്ടപ്പാട് താൻ തന്നെ വഹിച്ചുകൊള്ളാം എന്ന് പറയുന്ന ഒരു മനുഷ്യനെ ഈ ആധുനിക ലോകത്ത് നമുക്ക് സങ്കൽപിക്കാനാകുമോ? ഒരു പരാതിയും, ഒരാവശ്യവും ഇല്ലാത്ത സംതൃപ്തനായ മനുഷ്യൻ ഇന്നാരാണുള്ളത്. നന്ദി പറയുന്നതിന് പകരം, ആവശ്യങ്ങൾ നിരത്തി വയ്ക്കുന്നതിനാണല്ലോ നമ്മുടെ പ്രാർത്ഥനകൾ കൂടുതലും ഉപയോഗിക്കുന്നത്. **''അവൻ യേശുവിന്റെ കാൽക്കൽ സാഷ്ടാംഗം പ്രണമിച്ച് നന്ദിപറഞ്ഞു. അവൻ ഒരു സമറിയാക്കാരൻ ആയിരുന്നു.''** (ലൂക്കാ 17:16) സുഖമാക്കപ്പെട്ട 10 കുഷ്ഠരോഗികളിൽ ഒരു സമറിയാക്കാരൻ ആയ വിജാതീയൻ മാത്രമാണ് യേശുവിന് നന്ദി പറയാൻ തിരികെ വന്നത്.

നിലവിലുള്ള സമ്പാദ്യങ്ങളിൽ സംതൃപ്തരാകുന്ന ആരെങ്കിലും ഉണ്ടാകുമോ? ഒന്നുകൂടി കൂട്ടിച്ചേർക്കാനുള്ള തീവ്രശ്രമത്തിലാണ് എല്ലാവരും. ആഗ്രഹമുള്ളതെല്ലാം ആവശ്യമുള്ളതാകണമെന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടണമെന്നും കൂടുതൽ ഉയരങ്ങൾ താണ്ടണമെന്നുമുള്ള സമാന്തരവാദങ്ങൾ എപ്പോഴും നിലനിൽക്കുന്നുണ്ടാകാം. ആഗ്രഹമല്ല തെറ്റ്, അനാവശ്യമായതും അനർഹമായതും ആഗ്രഹിക്കുന്നതാണ് തെറ്റ്. ആഗ്രഹങ്ങളില്ലാതെ ആരും നിലനിൽക്കില്ല. പുതിയ മോഹങ്ങളും അവയ്ക്ക് പിന്നാലെയുള്ള സഞ്ചാരവുമാണ് ജീവിതം വ്യത്യസ്തവും സൃഷ്ടിപരവുമാക്കുന്നത്. ഒരിക്കൽ കൈവരിച്ച നേട്ടത്തിന്റെ സുഖസുഷ്പ്തിയിൽ ഒരാൾക്ക് എത്രനാൾ കഴിയാനാകും? പുതിയ നേട്ടങ്ങൾ തേടുമ്പോൾ ചില കാര്യങ്ങൾ ഉറപ്പ് വരുത്തണം. ആ നേട്ടം ജീവിതം കൂടുതൽ ഉല്പാദനക്ഷമമാക്കുന്നതാകണം. അത് മറ്റ് ആരുടേയും ജീവിതത്തിൽ മുറിപ്പാടുകൾ ഉണ്ടാക്കരുത്. പ്രദർശനമോ ആഡംബരമോ ആകരുത്. പുതു നേട്ടങ്ങളുടെ പ്രേരക ശക്തി ഒരേ വിജയവഴിയിലും പ്രചോദനകരമായ എന്തെങ്കിലും അവശേഷിപ്പിക്കണം. ഇല്ലാത്തവയുടെ പിന്നാലെ പോകുമ്പോഴുള്ള ഏറ്റവും വലിയ നഷ്ടം ഉള്ളവയുടെ ഭംഗി ആസ്വദിക്കാൻ കഴിയില്ല എന്നതുത

www.malankaralibrary.com

ന്നെയാണ്. സ്ഥിരസാമീപ്യംകൊണ്ട് എപ്പോഴും കൂടെയുള്ളവയുടെ ഗുണമേന്മ പലപ്പോഴും തിരിച്ചറിയാതെപോകും. കിട്ടാൻ ബുദ്ധിമുട്ടുള്ള അക്കരപ്പച്ചകൾക്ക് എപ്പോഴും അതിവൈശിഷ്ട്യമുണ്ടാകും. ഉള്ളതിനെ ബഹുമാനിക്കാനും സംരക്ഷിക്കാനും കഴിയുന്നവർക്ക് മാത്രമെ അധികനേട്ടങ്ങൾക്കിടയിൽ അർഹതയുടെ അരിപ്പ വെയ്ക്കാനാകു. **''ഏതൊരുവനും സ്വന്തം നന്മ കാംക്ഷിക്കാതെ അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ.''**(1 കോറി 10:24)

വെറും 33 വയസ്സ്മാത്രം ഈ ഭൂമിയിൽ ജീവിച്ച് കുരിശിൽ മരിച്ച് തന്റെ പ്രാണനെ പിതാവിന് സമർപ്പിച്ച യേശുക്രസ്തുവിന്റെ കുരിശിലെ അവസാന വാക്കായിരുന്നു. **'എല്ലാം പൂർത്തിയായി'** (യോഹ 19:30)

മാനുഷികമായി ചിന്തിക്കുമ്പോൾ, ആരംഭിച്ചതൊന്നും തന്നെ പൂർണ്ണമായി ലക്ഷത്തിൽ എത്തിക്കാതെ, മുപ്പത്തിമൂന്നാം വയസെന്ന ചെറുപ്രായത്തിൽ കടന്നുപോകേണ്ടിവന്നപ്പോൾ, തന്റെ നാവിൽ നിന്നും അടർന്നുവീണ അവസാനവചനം, ഈ ഭൂമിയിൽ വച്ചേറ്റവും തൃപ്തമായ ജീവിതത്തിന്റെ സാക്ഷ്യപത്രമല്ലോ. എന്റെ ജീവിതത്തിന്റെ അവസാനത്തിൽ, തമ്പുരാൻ ഏൽപ്പിച്ച ജോലി, ദൗത്യം, പൂർണ്ണമായി നിറവേറ്റി എന്ന് ഏറ്റ് പറഞ്ഞ് കൊണ്ട് ഈ ലോകത്തോട് വിടപറയുവാൻ ഉള്ള മഹാഭാഗ്യത്തിനായി നമുക്ക് പ്രാർത്ഥിക്കാം. അതല്ലേ യഥാർത്ഥ പ്രാർത്ഥന. അതിനുവേണ്ടിയാണ് പ്രാർത്ഥിക്കേണ്ടത്. **''കഴിഞ്ഞ തലമുറകളെ പറ്റി ചിന്തിക്കുവിൻ; കർത്താവിനെ ആശ്രയിച്ചിട്ട് ആരാണ് ഭഗ്നാശനായത്? കർത്താവിന്റെ ഭക്തരിൽ ആരാണ് പരിത്യക്തനായത്? അവിടുത്തെ വിളിച്ചപേക്ഷിച്ചിട്ട് ആരാണ് അവഗണിക്കപ്പെട്ടത്''** (പ്രഭാഷകൻ 2:10)

ഇന്ന് നാം എന്തൊക്കെയോ ആയിട്ടുണ്ടെങ്കിൽ അതിന്റെ പ്രധാന കാരണം നമ്മുടെ പൂർവികർ നമുക്കുവേണ്ടി കർത്താവിന്റെ സന്നിധിയിൽ മുട്ടിൽ നിന്ന് പ്രാർത്ഥിച്ചതുകൊണ്ടാണ്. **''ഈ മഹാജനത്തെ ഭരിക്കാൻ ആർക്ക് കഴിയും; ആകയാൽ നന്മയും തിന്മയും വിവേചിച്ചറിഞ്ഞ്, അങ്ങയുടെ ജനത്തെ ഭരിക്കാൻ പോരുന്ന വിവേകം ഈ ദാസന് നൽകിയാലും''**(1 രാജാ 3:9) എന്ന സോളമൻ രാജാവിന്റെ അപേക്ഷ കർത്താവിന് പ്രീതികരമായതിനാൽ അവൻ ആവശ്യപ്പെട്ടതും ആവശ്യപ്പെടാത്തതായ ദീർഘായുസും സമ്പത്തും ഐശ്വര്യവും നൽകി അനുഗ്രഹിച്ചു. എന്നാൽ പിന്നീട് വിജാതീയ സ്ത്രീകളെ വിവാഹം കഴിക്കുകയും, അതുവഴി അന്യദേവന്മാരെ ആരാധിക്കുകയും ചെയ്ത് ദൈവ കൽപന ലംഘിച്ച സോളമന്റെ രാജ്യം അവനിൽ നിന്ന് പറിച്ചെടുത്ത് അവന്റെ ദാസന് നൽകാൻ കർത്താവ് താമസിപ്പിച്ചത് ദാവീദിനെ ഓർത്താണ്. സോളമന്റെ കാലശേഷമാണ് രാജ്യം വിഭജി

www.malankaralibrary.com

ക്കപ്പെട്ടത്. **''വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും.''**(മത്തായി 21:22)

മക്കൾ ഏതവസ്ഥയിലായാലും അവർ സത്യസന്ധമായി, ജോലി നീതിയോടെ ചെയ്യുവാൻ മാതാപിതാക്കൾ ദാവീദിനെപ്പോലെ പ്രാർത്ഥിക്കണം. മക്കൾ എടുക്കുന്ന തീരുമാനങ്ങൾ എല്ലാം ലോകോൻമുഖമാകാതെ ദൈവോന്മുഖമാകാൻ ദൈവാത്മാവിനാൽ അവരെ വഴിനടത്തണമേ എന്ന് പ്രാർത്ഥിക്കണം. കുടുംബപ്രാർത്ഥന ഇല്ലാത്തിടത്ത് സാത്താൻ കലഹം, രോഗം, അപകടം എന്നിവ കൊണ്ടുവരും. **''പ്രലോഭനത്തിൽ അകപ്പെടാതിരിക്കാൻ നിങ്ങൾ ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ''** (മത്തായി 26:41)

അബ്രഹാമിന്റെ പ്രാർത്ഥനയാൽ ദൈവം ലോത്തിനേയും കുടുംബത്തേയും രക്ഷിച്ചു. മോശ കൈകളുയർത്തി ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോഴെല്ലാം ഇസ്രായേൽ മക്കൾ യുദ്ധത്തിൽ ജയിച്ചു. കാനാൻകാരിയുടെ പിടിവാശിയുള്ള പ്രാർത്ഥന കാരണം മകൾക്ക് സൗഖ്യം കിട്ടി. പൗലോസിന്റെ പ്രാർത്ഥന മൂലം കപ്പൽ യാത്രക്കാർ രക്ഷപെട്ടു. കാറ്റിലും കോളിലുംപെട്ട് മുങ്ങിത്താഴാൻ പോയ പടകിലെ ശിഷ്യൻമാർ പ്രാർത്ഥിച്ചപ്പോൾ യേശു കാറ്റിനെയും കടലിനേയും ശാസിച്ചു. **''നിങ്ങൾ പരീക്ഷയിൽ ഉൾപ്പെടാതിരിക്കാൻ പ്രാർത്ഥിക്കുവിൻ.''** (ലൂക്കാ 22:40)

ഇന്ന് സാത്താൻ പിടിമുറുക്കുന്നത് മക്കളുടെ മേലാണ്. യൗവ്വനത്തിലെ അവരുടെ ബലഹീനതകളിൽ സാത്താൻ പിടി മുറുക്കും. ഇത് മുൻകൂട്ടിക്കണ്ട് മാതാപിതാക്കൾ ദാവീദിനെപ്പോലെ അവർക്ക് വേണ്ടി സദാസമയവും പ്രാർത്ഥിക്കണം. അവരെ സമർപ്പിച്ച് ദൈവത്തെ മഹത്വപ്പെടുത്തണം. അവരുടെ ഭൗതികമായ ഉയർച്ചകണ്ട് അവരുടെ ഉന്നതമായ ജോലികണ്ട് അഹങ്കരിക്കാതെ അവരെ പരിശുദ്ധാത്മാവിനാൽ വഴിനടത്തേണമേയെന്ന് പ്രാർത്ഥിക്കണം. പ്രഭാതത്തിലും മദ്ധ്യാഹ്നത്തിലും സായാഹ്നത്തിലും ദൈവതിരുമുമ്പിൽ നന്ദിപറഞ്ഞ് പ്രാർത്ഥിക്കണം. എല്ലാ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ഏകസത്യദൈവമായ കർത്താവിനെ മഹത്വപ്പെടുത്തുന്നതാകണം. എല്ലാ അനുഗ്രഹങ്ങളും കർത്താവിന്റെ കൃപയാലാണെന്ന സത്യം ഏറ്റുപറഞ്ഞ് യേശുനാമം മഹത്വപ്പെടുത്താം. **''അതിനാൽ ഞാൻ പറയുന്നു പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന എന്തും ലഭിക്കുമെന്ന് വിശ്വസിക്കുവിൻ; നിങ്ങൾക്ക് ലഭിക്കുകതന്നെ ചെയ്യും.''** (മർക്കോസ് 11:24)

www.malankaralibrary.com

## പ്രാർത്ഥന

**"മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിന് മുൻപെ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിന് മുൻപേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു.** (ജറെമിയ 1:5) എന്നരുളി ചെയ്ത ദൈവമായ കർത്താവേ, ഈ എളിയ ദാസന് ഭക്തരായ മാതാപിതാക്കളെ തന്ന് അനുഗ്രഹിച്ചതിനെ ഓർത്ത് നന്ദി പറയുന്നു. വിശുദ്ധമായ ഒരു കുടുംബജീവിതം നയിച്ച്, ഞങ്ങൾക്ക് ആ മാതൃക കാട്ടിത്തന്ന മാതാപിതാക്കന്മാരെ ഞങ്ങൾ നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. അവരുടെ ആത്മാവിനു നിത്യ ശാന്തി തന്ന് സ്വർഗ്ഗരാജ്യത്തിലേക്ക് എത്തിച്ചുകൊള്ളണമേ എന്ന് പ്രാർത്ഥിക്കുന്നു. അന്ത്യവിധിസമയത്ത് അവരും ഞങ്ങളും ഒന്നിച്ച് നിന്റെ സന്നിധിയിൽ വന്നു ചേരാനും സ്വർഗ്ഗീയഭാഗ്യം അനുഭവിക്കാനും നിന്റെ ദയ ഞങ്ങൾ യാചിക്കുന്നു. തെറ്റുകുറ്റങ്ങൾ ഞങ്ങളിലോ അവരിലോ വന്നുപോയിട്ടുണ്ടെങ്കിൽ നീ ക്ഷമിക്കണമേ. നീ കരുണാസമ്പന്നനാണല്ലോ. പാപത്തെ വെറുക്കുന്നവനും പാപികളെ സ്നേഹിക്കുന്നവനുമായ നിനക്ക് ഞങ്ങൾ നന്ദി പറയുന്നു. ആമേൻ.

www.malankaralibrary.com

08

## ഭവനം ഒരു ദേവാലയം

**''കർത്താവ് വീട് പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർത്ഥമാണ്. കർത്താവ് നഗരം കാക്കുന്നില്ലങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നത് വ്യർത്ഥം''** (സങ്കീ 127:1)

1978 ആഗസ്റ്റ് 17ന് (ചിങ്ങമാസം 1) മൂന്നാറിൽ ഇൻസ്പെക്ടർ ആയി ജോയിൻ ചെയ്ത് സൂര്യനെല്ലി സെക്ടറിൽ താമസമാക്കിയ ഞാൻ, ഒന്നരവർഷത്തോളം അവിടെ കുടുംബമായി താമസിച്ചു. ഈ സമയത്താണ് എന്റെ ഭാര്യ മൂത്തമകനെ ഗർഭം ധരിക്കുന്നത്. അവളെ കാണാൻ വന്ന ബന്ധുജനങ്ങൾക്ക് കാടും മലയും കണ്ടപ്പോൾ ഭയമായി. യാത്രസൗകര്യങ്ങളുടെ കുറവും, നല്ല ആശ്രുപത്രികളുടെ അഭാവവും പറഞ്ഞ്, അവർ തിരികെ പോയപ്പോൾ, എന്റെ ഭാര്യയെയും കൊണ്ടുപോയി. വീണ്ടും ഞാൻ ഏകനായി. എന്റെ ബൈബിൾ വായന തുടർന്നു. ദൈവം അവിടെയും അത്ഭുതകരമായി ഇടപെട്ടു. നെടുങ്കണ്ടം എന്ന സ്ഥലത്ത് പുതുതായി ഒരു സെക്ടർ ഓഫീസ് തുടങ്ങുകയും എന്നെ അവിടെ പോസ്റ്റ് ചെയ്യുകയും ചെയ്തു. 1980 നവംബർ 27ന് എനിക്ക് മൂത്തമകൻ ജനിച്ചു. 1981 ജനുവരി 1ന് ഞാൻ നെടുങ്കണ്ടം സെക്ടർ ഓഫീസിൽ ജോയിൻ ചെയ്തു. കട്ടപ്പനവഴിയും, കുമളിവഴിയും അനേകം ബസുകൾ ഉള്ള റൂട്ട് ആയതിനാൽ എല്ലാ ആഴ്ചകളിലും നാട്ടിൽ പോകാനും, വരാനും സാധിച്ചു. **''എനിക്ക് നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോട് വിശ്വസ്തത അചഞ്ചലവും''** (ജറെ 31:3)

എന്റെ നാട്ടിലെ കുടുംബവീട്ടിന്റെ അടുത്ത് 40 സെന്റോളം സ്ഥലം, വിൽക്കാൻ ശ്രമിച്ചിട്ട് ആരും വാങ്ങാതെകിടക്കുന്നതായി ഞാൻ അറി

www.malankaralibrary.com

ഞ്ഞു. കാരണം അതിൽ ഒരു കാവ് നിൽക്കുന്നതാണ്. കാവ് നിൽക്കുന്ന സ്ഥലമായതിനാൽ വീട് പണിത് താമസത്തിന് നല്ലതല്ല, ദേഷമുണ്ടാകുമെന്നും മറ്റും ബന്ധുമിത്രാദികളും അയൽക്കാരും പറഞ്ഞ് എന്നെ നിരുത്സാഹപ്പെടുത്തി. **''യാക്കോബിന് ആഭിചാരം ഏൽക്കുകയില്ല; ഇസ്രായേലിന് ക്ഷുദ്രവിദ്യ ഫലിക്കുകയുമില്ല''** (സംഖ്യ 23:23) എന്ന് പറഞ്ഞ് ഞാൻ അതിനെ എതിർത്തു. ഞാൻ അന്വേഷിച്ചപ്പോൾ, വർഷങ്ങളായി കല്ല് പെറുക്കികൂട്ടിയിട്ടപ്പോൾ രൂപം പ്രാപിച്ച ഒരു കൽകൂമ്പാരം മാത്രമാണ് അത് എന്ന് എനിക്ക് വ്യക്തമായി. സെന്റിന് 2000 രൂപാ തൊട്ടടുത്തുള്ള സ്ഥലത്തിന് വിലവന്നപ്പോൾ കേവലം 200/- രൂപയ്ക്ക് ഈ സ്ഥലം എനിക്ക് ലഭിച്ചു. അവിടെ ഒരു ഭവനം നിർമ്മിക്കുന്നതിനും 1989 ജനുവരി മാസം 1-ാം തീയതി ഞായറാഴ്ച കൂദാശ ചെയ്ത് താമസിക്കുന്നതിനു സാധിച്ചു. **''എഴുതപ്പെട്ടിരിക്കുന്നതുപോലെ അവൻ വാരി വിതറി; അവൻ ദരിദ്രർക്ക് ദാനം ചെയ്തു. അവന്റെ നീതി എന്നോക്കും നിലനിൽക്കുന്നു.''** (2. കോറി 9:9)

1978 മുതൽ 1982 വരെ മൂന്നാർ റെയിഞ്ചിന്റെ വിവിധ ഭാഗങ്ങളിൽ ജോലിചെയ്തിരുന്ന എന്റെ കാലാവധി 4 വർഷം പൂർത്തിയായതിനാൽ എനിക്ക് ട്രാൻസ്ഫർ സമയമായി. നാല് വർഷത്തോളം ഹിൽ ഏരിയായിൽ ജോലിചെയ്യുന്നവർക്ക് നാട്ടിൽ പോസ്റ്റിംഗ് കൊടുക്കണം എന്നൊരു ധാരണ അന്ന് പോസ്റ്റിംഗ് & ട്രാൻസ്ഫർ നടത്തുന്ന അസ്സി. കളക്ടർ എടുത്തിരുന്നതിനാൽ, എനിക്ക് ചങ്ങനാശേരി റെയിഞ്ചിൽ പോസ്റ്റിംഗ് ലഭിച്ചു. പിന്നീടങ്ങോട്ട് എനിക്ക് ദിവസവും വീട്ടിൽ നിന്നു പോയി വരാനുള്ള സൗകര്യകരമായ പോസ്റ്റിംഗ് ലഭിക്കുകയുണ്ടായി. 1985 ഒക്ടോബർ 25-ാം തീയതി, ചങ്ങനാശേരിയിൽ ജോലി ചെയ്യുന്ന സമയത്ത് എനിക്ക് രണ്ടാമത്തെ മകൻ ജനിച്ചു. ഈ സമയത്ത് ആണ് എന്റെ ഭവന നിർമ്മാണം പൂർത്തിയായതും കൂദാശ ചെയ്യപ്പെട്ടതും. ചങ്ങനാശേരി റെയിഞ്ചിൽ 4 വർഷം പൂർത്തിയാക്കിയപ്പോൾ എനിക്ക് അടുത്ത ട്രാൻസ്ഫർ ഡേറ്റ് ആയി. സ്വാഭാവികമായിട്ടും ദൂരെ എവിടെയെങ്കിലും ആയിരിക്കും എന്ന് കരുതി. എന്നാൽ ദൈവത്തിന്റെ അനന്തമായ കരുണ എന്നിൽ ചൊരിഞ്ഞതിനാൽ എനിക്ക് കായംകുളം റെയിഞ്ചിൽ പോസ്റ്റിംഗ് കിട്ടി. മൂന്നാറിൽ ജോലി ചെയ്യുന്ന കാലത്താണ്. ഞങ്ങളുടെ ഇടവക ദൈവാലയത്തിൽ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി. പോൾ എന്ന സംഘടനയുടെ യൂണിറ്റ് തുടങ്ങുന്നത്. അന്നുമുതൽ ഇന്ന് വരെയും അതിൽ പ്രവർത്തിക്കുന്നു. വീടിനടുത്ത് ജോലി ലഭിച്ചതിനാൽ, ഇടവകയിലെ കമ്മറ്റി അംഗമായും, മതബോധനരംഗത്തെ അദ്ധ്യാപകനായും, വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗമായും ഇടവക തലത്തിലും, രൂപതാ തലത്തിലും പ്രവർത്തിക്കാൻ സാധിച്ചു.

www.malankaralibrary.com

**''അവനും കുടുംബവും ദൈവഭയവും ഭക്തിയുമുള്ളവരായിരുന്നു. അവൻ ജനങ്ങൾക്ക് ഉദാരമായി ദാനധർമ്മം ചെയ്യുകയും ദൈവ ത്തോട് നിരന്തരം പ്രാർത്ഥിക്കുകയും ചെയ്തുപോന്നു''** (അപ്പ 10:2)

ക്രിസ്തീയ കുടുംബത്തിൽ ഏറ്റവും കൂടുതൽ സംഘർഷം ഉണ്ടാകു ന്നത്, സ്വത്ത് വിഭജനസമയത്താണ്. അബ്രഹാമിന്റെയും, ലോത്തിന്റെ യും ഇടയന്മാർ തമ്മിൽ വഴക്കുണ്ടായപ്പോൾ, **''അബ്രഹാം പറഞ്ഞു. ഇതാ ദേശമെല്ലാം നിന്റെ കൺമുമ്പിലുണ്ടല്ലോ. എന്നെ പിരിഞ്ഞ് പോവുക; ഇടതുഭാഗമാണ് നിനക്ക് വേണ്ടതെങ്കിൽ ഞാൻ വലതു ഭാഗത്തേക്ക് പോയിക്കൊള്ളാം. വലതുഭാഗമാണ് നിനക്ക് ഇഷ്ടമെ ങ്കിൽ ഞാൻ ഇടതുഭാഗത്തേക്ക് പൊയ്ക്കൊള്ളാം.''** (ഉല്പത്തി 13:9) എന്റെ പിതാവിന്റെ കുടുംബം ചുനക്കരയാണ്. വിവാഹത്തിന് ശേഷം. ഭാര്യാ പിതാവിന്റെ നിർബന്ധംമൂലം അവരുടെ സ്ഥലവും വീടും വാ ങ്ങി. ഒരു കുടുംബംപോലെ എല്ലാവരും കൂടിയായിരുന്നു താമസം.

എനിക്ക് അടുത്തുതന്നെ വീട് പണിത് താമസിക്കുന്നതിനുള്ള സൗ ഭാഗ്യം ദൈവം തന്നതിനാൽ, എന്റെ കുടുംബസ്ഥലം ഞാൻ എന്റെ അനിയന് കൊടുത്തു. എന്റെ പിതാവ് ചെയ്തതുപോലെ തന്നെ ഞാ നും ചെയ്തു. കുടുംബവീട് പൊളിച്ച് എന്റെ സഹോദരൻ പുതിയ ഒരു ഭവനം അതിൽ നിർമ്മിച്ചു. ഗുജറാത്തിൽ താമസിക്കുന്ന അവർ നാട്ടിൽ വരുമ്പോൾ മാത്രമെ ഈ വീട്ടിൽ താമസിക്കാറുള്ളു. **''എ ന്റെ സഹോദരരേ. വിശ്വാസം ഉണ്ടെന്ന് പറയുകയും, പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തുമേന്മയാണുള്ളത്. ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദര നോ സഹോദരിയോ ആവശ്യത്തിന് ഭക്ഷണമോ, വസ്ത്രമോ ഇല്ലാ തെ കഴിയുമ്പോൾ നിങ്ങളാരെങ്കിലും, ശരീരത്തിനാവശ്യമായതു കൊടുക്കാതെ സമാധാനത്തിൽ പോകുക, തീകായുക, വിശ പ്പടക്കുക എന്നൊക്കെ പറയുന്നെങ്കിൽ എന്താണ് പ്രയോജനം. പ്രവൃത്തികൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജീവമാണ്.''** (യാക്കോബ് 2:14-17)

## പ്രാർത്ഥന

**''യേശു അവനോട് പറഞ്ഞു: ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭി ച്ചിരിക്കുന്നു. ഇവനും അബ്രാഹത്തിന്റെ പുത്രനാണ്. നഷ്ടപ്പെട്ടു പോയതിനെ കണ്ടെത്തി രക്ഷിക്കാനാണ് മനുഷ്യപുത്രൻ വന്നിരി ക്കുന്നത്.''**(ലൂക്കാ 19:9-10) കാരുണ്യവാനായ കർത്താവേ, അന്നവും വസ്ത്രവും പാർപ്പിടവും ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം ഏ

www.malankaralibrary.com

റ്റവും അത്യാവശ്യകാര്യമാണല്ലോ. ഒരു ജോലി തന്നതിനെതുടർന്ന്, ഒരു ഭവനംകൂടി പണിയുവാൻ, അതും ഞാൻ ആഗ്രഹിച്ചതുപോലെ, ഞങ്ങളുടെ ഇടവക ദേവാലയത്തിനടുത്തുതന്നെ, പണിയുവാൻ അനുഗ്രഹം തന്നതിനാൽ നിന്നെ സ്തുതിക്കുന്നു. ഈ ഭവനത്തിൽ ആയിരുന്നുകൊണ്ട് നീ തന്ന മക്കളെ നിന്റെ ഇഷ്ടത്തിനനുരൂപമായി വളർത്തുവാനും, ഇടവകയ്ക്ക്, ജനതയ്ക്ക്, നാടിനും വേണ്ടി ശുശ്രൂഷകൾ ചെയ്യുവാനും, നീ തന്നെ മഹാകൃപയ്ക്കായി നന്ദി പറയുന്നു. കർത്താവേ ഭവനമില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന അനേകം മക്കളെ നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. അവർക്ക് നീ താങ്ങും തണലും ആകണമെ. അവരെ സഹായിക്കുവാൻ, എന്റെ ശുശ്രൂഷയെ ബലപ്പെടുത്തണമേ. **''സഹോദരരേ, നന്മചെയ്യുന്നതിൽ നിങ്ങൾ നിരുത്സാഹരാകരുത്.''** (2 തെസ്സ 3:13) എന്ന പൗലോസപ്പസ്തോലന്റെ ആഹ്വാനം ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള കൃപ തരണമെ. ആമേൻ.

www.malankaralibrary.com

09

# ദൈവത്തിന്റെ തെരഞ്ഞെടുപ്പ്

**''വിളവധികം, വേലക്കാരോ ചുരുക്കം; അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ''** (മത്തായി 10:38)

ഒരു വൈദികൻ ആകാൻ ഞാൻ വളരെയധികം ആഗ്രഹിച്ചിരുന്നെങ്കിലും, എന്റെ മക്കൾ രണ്ടുപേർ വൈദികരാകുന്നതിനാണ് ദൈവം ഇടവരുത്തിയത്. ദാവീദ് ദൈവത്തിന് വേണ്ടി ഒരു ദേവാലയം പണിയുന്നതിന് വളരെയധികം ആഗ്രഹിച്ചിരുന്നു. എന്നാൽ നാഥാൻ പ്രവാചകനിലൂടെ ദൈവം അറിയിച്ചത്, നിന്റെ മക്കളിലൊരുവൻ നിനക്ക് ശേഷം സിംഹാസനത്തിൽ അവരോധിക്കും എന്നും, അവൻ എനിക്ക് വേണ്ടി ദേവാലയം പണിയും എന്നുമാണ്. ബലഹീനനായ എനിക്ക് ലഭിക്കാതിരുന്ന ഈ ശ്രേഷ്ഠമായ വിളി, എന്റെ മക്കളിൽ ആർക്കെങ്കിലും ലഭിക്കണമെന്ന് ഞാൻ അതിയായി ആഗ്രഹിച്ചിരുന്നു. ആദ്യജാതനെത്തന്നെ ദൈവം അതിന് നിയോഗിച്ചു. 10–ാം ക്ലാസ് പാസായപ്പോൾ തിരുവല്ല ബഥനി ആശ്രമത്തിൽ ചേർന്നു. പ്ലസ്‌വൺ, പ്ലസ് ടു കർണാടകയിലെ നുജിബാൽത്തിലായിലും, ഡിഗ്രി തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലും, ഫിലോസഫി & തിയോളജി പൂനാ പേപ്പൽ സെമിനാരിയിലുമായി 14 വർഷം പഠിച്ച് സന്യാസ വൈദികനായി അഭിഷിക്തനായി. കേരളത്തിൽ 5 വർഷം സേവനം ചെയ്തതിന് ശേഷം ബെൽജിയം ലുവൈൻ യൂണിവേഴ്സിറ്റിയിൽ നിന്നും M.Th എടുത്തു. ഇപ്പോൾ, ബഥനി ആശ്രമത്തിന്റെ സെക്രട്ടറിയായി കോട്ടയം, വടവാതൂർ, ബഥനി ആശ്രമത്തിൽ സേനവം ചെയ്യുന്നു. **''പുരോഹിതൻ**

www.malankaralibrary.com

**അധരത്തിൽ ജ്ഞാനം സൂക്ഷിക്കണം, ജനം പ്രബോധനം തേടി അവനെ സമീപിക്കണം, അവൻ സൈന്യങ്ങളുടെ കർത്താവിന്റെ ദൂതനാണ്''** (മലാക്കി 2:7)

മനുഷ്യൻ ചിലതൊക്കെ ആഗ്രഹിക്കുന്നു. എങ്കിലും തീരുമാനം ദൈവത്തിന്റേതാണ്. ദൈവത്തിന്റെ പദ്ധതികൾ നമുക്ക് എപ്പോഴും മനസിലായി എന്ന് വരില്ല, കടിഞ്ഞൂലിനെ സമർപ്പിച്ച എന്റെ മാതാ പിതാക്കളെ വിസ്മയിപ്പിച്ച്, കടിഞ്ഞൂലിനെ സ്വീകരിച്ച ദൈവിക തെരഞ്ഞെടുപ്പിന്റെ മുന്നൽ നമുക്ക് തലവണങ്ങി നന്ദിപറയാം. **''നിങ്ങൾ സജീവ ശിലകൾ കൊണ്ടുള്ള ഒരാത്മീയ ഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശു ക്രിസ്തുവഴി ദൈവത്തിന് സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനമാവുകയും ചെയ്യട്ടെ.''** (1 പത്രോസ് 2:5)

ചേട്ടൻ വൈദികനാകാൻ പോയപ്പോൾ അനുജനും അതേ ആഗ്രഹം പ്രകടിപ്പിച്ചു. പ്രായമായി വരുന്ന അപ്പനേയും അമ്മയേയും നോക്കണ്ടേ എന്ന ഞങ്ങളുടെ ചോദ്യത്തിന്, ദൈവം മറ്റൊരു മകനെക്കൂടി തന്നിട്ടുണ്ടല്ലോ. എന്ന ന്യായമായ ഉത്തരം. **''എന്നേക്കാൾ അധികം പിതാവിനേയോ, മാതാവിനേയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല; എന്നെക്കാൾ അധികം പുത്രനേയോ, പുത്രിയേയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല.''** (മത്താ10:37) ഞാൻ പൂർണ്ണസമ്മതം കൊടുത്തു. എന്റെ ജീവിതപങ്കാളിക്ക്, അൽപം വിഷമം ഉണ്ടായിരുന്നു. അത് സ്നേഹക്കൂടുതൽ കൊണ്ടാണ്. മൂത്തമകന്റെ പൂനാ ആശ്രമത്തിലെ പഠനസമയത്ത്, വർഷത്തിൽ ഒരു പ്രാവശ്യം മാത്രമെ നാട്ടിൽ വരുവാൻ സാധിക്കുമായിരുന്നുള്ളു. അതും ഏതാനും ദിവസങ്ങൾ മാത്രം. ബാക്കി സമയം ബൈബിൾ ഓറിയന്റേഷൻ കോഴ്സി (B.O.C.) നു വേണ്ടി നാട്ടിലെ പല പള്ളികളിലും പോകണമായിരുന്നു. ഞാൻ കൂടുതൽ പ്രാർത്ഥിച്ചപ്പോൾ ദൈവം മറ്റൊരു ആശയം മനസിൽ കൊണ്ടുവന്നു. സഭയിൽ രണ്ടുതരം വൈദികരുണ്ട്. ആശ്രമ പട്ടക്കാരും സെമിനാരിക്കാരും. മലങ്കരസഭയിൽ അത് കാവിക്കുപ്പായക്കാരും വെള്ളക്കുപ്പായക്കാരുമാണ്. ഇരുകൂട്ടരും ചെയ്യുന്നത് ദൈവവേല തന്നെ. ഒരു പക്ഷിയുടെ രണ്ട് ചിറകും ഒരു പോലെ ഉപയോഗിച്ചാൽ മാത്രമേ, ശരിയായ ദിശയിൽ പറന്ന് ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാൻ സാധിക്കുകയുള്ളു. ആയതിനാൽ രണ്ടാമത്തെ മകനെ ഇടവക വൈദികനാക്കാൻ, സെമിനാരിയിൽ വിടുവാൻ തീരുമാനിച്ചു. തന്നെയുമല്ല, സെമിനാരി വിദ്യാർത്ഥികൾക്ക് ഓണം, ഈസ്റ്റർ, ക്രിസ്തുമസ് എന്നീ സമയങ്ങളിൽ ലഭിക്കുന്ന അവധി ദിവസങ്ങൾ പൂർണ്ണമായും കുടുംബാംഗങ്ങളുടെ കൂടെ ചെലവഴിക്കാൻ സാധിക്കും.

www.malankaralibrary.com

തന്നെയുമല്ല പഠനം തിരുവനന്തപുരത്തായതിനാൽ മകനെ കാണാൻ പോകുന്നതിനും തിരിച്ച് ഒരത്യാവശ്യമുണ്ടായാൽ മകന് വീട്ടിലേക്ക് വരുന്നതിനും പ്രയാസമില്ല. **''കർത്താവിന്റെ ദാനമാണ് മക്കൾ; ഉദരഫലം ഒരു സമ്മാനവും.''** (സങ്കീ127:3)

രണ്ടാമത്തെ മകൻകൂടി വൈദികനാകാൻ പോകുന്നു എന്നറിഞ്ഞപ്പോൾ അനേകം പേർ എന്നെകണ്ട് വിവരം അന്വേഷിക്കുവാൻ വീട്ടിൽ എത്തി. പലരും അഭിനന്ദിച്ചു, പ്രാർത്ഥിച്ചു. ഞങ്ങൾ വിചാരിച്ചിട്ട് ഒരു മകനേപ്പോലും വൈദികനാക്കാൻ സാധിക്കാത്തിടത്ത്, സാറിന് എങ്ങനെയാണ് രണ്ട് പേരെ വിടാൻ സാധിച്ചത് എന്ന് ചിലർ ചോദിച്ചു. പ്രാർത്ഥന, മാതൃകാ ജീവിതം, പിന്നെ ദൈവാനുഗ്രഹം, ഇത് മാത്രമായിരുന്നു എന്റെ മറുപടി. എന്നാൽ മറ്റൊരുകൂട്ടർ എതിരഭിപ്രായക്കാരായിരുന്നു. മക്കളെയെല്ലാം വൈദികരാക്കാൻ വിട്ടിട്ട് നീയും ഭാര്യയും സന്യസിക്കാൻ പോകയാണോ? ഏതായാലും ഒരാളെ വിട്ടില്ലേ. അതു പോരേ എന്നും മറ്റും ചോദിച്ചു. ഇതൊന്നും എന്റെ വിശ്വാസത്തെ ഉലച്ചില്ല. എന്റെ തീരുമാനം ഉറച്ചതായിരുന്നു. എന്നാൽ എന്റെ ജീവിതപങ്കാളിക്ക് അത് മനസിൽ ചില പോറലുകൾ ഏൽപ്പിച്ചു. എങ്കിലും ഞങ്ങൾ പൂർണമായും ദൈവഹിതത്തിന് വഴങ്ങി പ്രാർത്ഥിച്ചു. മൂന്നുമക്കളിൽ രണ്ടുപേരും വൈദിക വിദ്യാർത്ഥികളായപ്പോൾ മുതൽ അവർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാൻ തുടങ്ങി, പ്രത്യേകിച്ച് വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് ഉപവസിച്ചും ജപമാലചൊല്ലിയും. ഇപ്പോഴും അവർക്ക് വേണ്ടിയുള്ള പ്രാർത്ഥന മുടങ്ങാതെ തുടരുന്നു, പ്രത്യേകിച്ച് വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം ചൊല്ലുന്ന 'നിത്യ പുരോഹിതനായ ഈശോയെ' എന്ന സന്യസ്തർക്കും വൈദികർക്കും വേണ്ടിയുള്ള പ്രാർത്ഥന. ഈ പ്രാർത്ഥന വീട്ടിലെ സന്ധ്യാപ്രാർത്ഥനയിലും ഉൾപ്പെടുത്തി. **''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മക്കായി പരിണയിപ്പിക്കുന്നുവെന്ന് നമുക്കറിയാമല്ലോ.''** (റോമാ 8:28)

ഞാൻ കായംകുളം ഓഫീസിലും ജീവിതപങ്കാളി കറ്റാനം പോപ്പ് പയസ് സ്കൂളിൽ അദ്ധ്യാപികയായി ജോലിയിലും, മക്കൾ രണ്ടുപേർ അതേ സ്കൂളിൽ തന്നെ പഠനത്തിലും ആയിരുന്നതിനാൽ രാവിലെ ജോലിക്ക് പോകുമ്പോഴും വൈകിട്ട് തിരികെ വരുമ്പോഴും അവരെക്കൂടി കൂട്ടുമായിരുന്നു. അങ്ങനെ കുടുംബസമേതം 4 1/2 വർഷത്തോളം ഒന്നിച്ച് പോകാനും വരാനും സാധിച്ചു. എന്നാൽ 4 വർഷം ഒരു സ്ഥലത്തു ജോലിചെയ്തതിനാൽ എനിക്ക് ട്രാൻസ്ഫർ ഡേറ്റ് ആയി. മറ്റേതെങ്കിലും ഓഫീസിലേക്ക് എനിക്ക് മാറ്റം കിട്ടും എന്ന് ഉറപ്പായിരുന്നു. ഞങ്ങളുടെ ഹെഡ്ക്വാർട്ടേഴ്സ് കൊച്ചിമാത്രമായിരുന്നത്

www.malankaralibrary.com

രണ്ടാക്കി, കോഴിക്കോടും കൂടി ഒരു പുതിയ കമ്മീഷണറേറ്റ് രൂപീക രിച്ചു. തിരുവനന്തപുരം മുതൽ ആലുവ വരെയുള്ള എല്ലാ ഓഫീസ് കളും കൊച്ചിൻ കമ്മീഷണറേറ്റ് ഓഫീസിലും, ബാക്കി വടക്കോട്ടുള്ള എല്ലാ ഓഫീസുകളും കോഴിക്കോട് കമ്മീഷണറേറ്റ് ഓഫീസിലും ആയി. സ്വാഭാവികമായും ഓപ്ഷൻ ചോദിച്ചു. എന്നാൽ കൂടുതൽ ഉ ദ്യോഗസ്ഥരും തിരുവിതാംകൂറുകാരായിരുന്നതിനാൽ, കോഴിക്കോട് കമ്മീഷണറേറ്റിൽ പോകാൻ ആളു കുറഞ്ഞു. ഈ സാഹചര്യത്തിൽ, ഇതുവരെയും സർവ്വീസിൽ കോഴിക്കോട് കമ്മീഷണറേറ്റിൽ ജോലി ചെയ്തിട്ടില്ലാത്തവരെ കംപൽസറിയായി രണ്ട് വർഷം കോഴിക്കോട് പോസ്റ്റ് ചെയ്യാൻ കമ്മീഷണർ ഓഡറിട്ടു. എന്റെ സർവ്വീസിൽ ഞാൻ അതുവരെയും എറണാകുളത്തിനപ്പുറം ജോലി ചെയ്തിട്ടില്ലായിരുന്നു. ആയതിനാൽ എന്നെ കോഴിക്കോട് കമ്മീഷണറേറ്റിൽ പോസ്റ്റ് ചെയ്തു. ഇത് എന്നെയും കുടുംബത്തെയും വളരെ ബുദ്ധിമുട്ടിച്ചു. എങ്കിലും സർക്കാർ ഓർഡർ അനുസരിക്കാതെ മറ്റ് മാർഗം ഒന്നുംതന്നെയില്ലാ യിരുന്നതിനാൽ ഞാൻ പോയി ജോയിൻ ചെയ്യാൻ തീരുമാനിച്ചു. എ ന്റെകൂടെ കായംകുളം ഓഫീസിൽ ജോലി ചെയ്തിരുന്ന രണ്ട് പേർ കഴിഞ്ഞ വർഷം ഇതുപോലെ കോഴിക്കോട് പോയിരുന്നു. അവരുമായി സംസാരിച്ചപ്പോൾ, അവരനുഭവിക്കുന്ന യാത്രാ ബുദ്ധിമുട്ടും പ്രയാസ ങ്ങളും കേട്ടപ്പോൾ എനിക്കും വിഷമം തോന്നി. ജോലി രാജിവച്ചാലോ എന്നും ചിന്തിച്ചു. പലരുമായി സംസാരിച്ചു. അവരുമായി ബന്ധപ്പെട്ട് ലോഡ്ജിൽ റൂം ഉറപ്പിച്ചു. **''കർത്താവിനെ ഭയപ്പെടുന്നവന് അനർ ത്ഥം സംഭവിക്കുകയില്ല. ആപത്തിൽ നിന്ന് അവിടുന്ന് അവനെ രക്ഷിക്കും.''** (പ്രഭാ 33:1)

ഈ സമയത്താണ് തിരുവനന്തപുരം രൂപതയിലെ സെമിനാരി യിൽ ചേരുന്നതിനുള്ള ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുവാനും ഇന്റ വ്യൂവിനും എന്റെ രണ്ടാമത്തെ മകൻ പോയത്. ഞാൻ കോഴിക്കോ ട്ടും, എന്റെ മൂത്തമകൻ പൂനയിലും, രണ്ടാമൻ തിരുവനന്തപുരത്തും ആയാൽ പിന്നെ ഭാര്യയും നാലാം ക്ലാസ്സിൽ പഠിക്കുന്ന എന്റെ ഇളയ മകനും മാത്രമേ വീട്ടിൽ ഉണ്ടാകു, എന്നറിഞ്ഞ ഞാൻ മകനെ ഇന്റർ വ്യൂവിന് വിട്ടില്ല. തിരികെ കൊണ്ടുവന്നു. രണ്ട് വർഷം കോഴിക്കോട് സർവ്വീസിന് ശേഷം ഞാൻ തിരികെ വരുമെന്നും, അപ്പോഴേക്കും പ്ലസ് വൺഉം, പ്ലസ്ടുവും പഠനം കഴിഞ്ഞ് സെമിനാരിയിൽ വിടാമെന്നുള്ള എഗ്രിമെന്റിൽ എന്റെ തീരുമാനം മകൻ അംഗീകരിച്ചു. അങ്ങനെ മകനെ കറ്റാനം പോപ് പയസ് ഹയർ സെക്കന്ററി സ്കൂളിൽ ചേർക്കുകയും ചെയ്തു. എനിക്ക് കോഴിക്കോട് ഹെഡ് ഓഫീസിലെ ഓഡിറ്റ്സെ ക്ഷനിലാണ് ആണ് ജോലികിട്ടിയത്. അത് എനിക്ക് ഉപകാരമായി.

www.malankaralibrary.com

പലപ്പോഴും എനിക്ക് ഓഫീസിൽ പോകുന്നതിന് പകരം നേരിട്ട് കമ്പനികളിലേക്കാണ് പോകേണ്ടിയിരുന്നത്. ആയതിനാൽ എനിക്ക് എല്ലാ ആഴ്ചയിലും കൃത്യമായി വീട്ടിൽ വരുന്നതിന് സാധിച്ചു. അവിടെയും ദൈവം അത്ഭുതം പ്രവർത്തിച്ചു.**''അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും ഈ ബഹുമതി സ്വയം ഏറ്റെടുക്കുകയല്ല.''** (ഹെബ്രാ 5:4)

രണ്ടാമത്തെ മകൻ സെമിനാരി വൈദികനായി ഇപ്പോൾ തോട്ടപ്പള്ളി കാരിച്ചാൽ എന്നീ രണ്ട് ഇടവകകളുടെ വികാരിയായും മാവേലിക്കര രൂപതയുടെ മതബോധന ഡയറക്ടറായും സേവനം ചെയ്യുന്നു. ജോലിയിൽ ഇരിക്കുമ്പോഴും റിട്ടയേർഡ് ചെയ്തതിനുശേഷവും പലരുമായി സംസാരിക്കുമ്പോൾ മക്കളുടെ കാര്യം ചർച്ച ചെയ്യേണ്ടിവരും. അവരുടെ പലരുടേയും മക്കൾ ഡോക്ടറും എഞ്ചിനീയറും കോളേജ് ലക്ചററും മറ്റുമായിരിക്കും. എന്റെ രണ്ട് മക്കൾ അച്ചൻമാർ ആണെന്ന് പറയുമ്പോൾ ഉടനെചോദിക്കും കല്യാണം കഴിക്കാവുന്ന അച്ചൻമാരാണോ എന്ന്. അല്ല, അവർ കത്തോലിക്കാ സഭയിലെ വൈദികരാണ്, അതുകൊണ്ട് അവർക്ക് ബ്രഹ്മചര്യം നിർബന്ധമാണ് എന്ന് ഞാൻ പറയുമ്പോൾ ഉടനെ ചോദിക്കും. സ്വന്തം ഇഷ്ടത്താലാണോ അവർ പോയത് എന്ന്.

വിവാഹം കഴിക്കാതെ മനുഷ്യന് ജീവിക്കാൻ സാധിക്കില്ല എന്നാണ് ഇവരിൽ പലരുടേയും ധാരണ. വിവാഹം കഴിക്കാത്ത എത്രയോ മഹാന്മാരും, മഹതികളും അച്ചൻമാരും സിസ്റ്റേഴ്സും അല്ലാത്തവർ, നമ്മുടെ സമൂഹത്തിൽ ഉണ്ടായിരുന്നില്ലേ. ഞാനാണ് ആദ്യം വൈദികനാകാൻ പോയത് എന്നും ശാരീരിക ന്യൂനതകൊണ്ടാണ് എനിക്ക് അത് ലഭിക്കാതെ പോയത് എന്നും അറിയിക്കുമ്പോൾ പിന്നെ മറുപടി പറയാൻ അവർക്ക് ഒന്നുംതന്നെ ഇല്ലാതെവരും. ഇന്നത്തെ സമൂഹത്തിൽ ചുരുക്കം ചില വൈദികരുടേയോ സന്യാസിനി സന്യാനികളുടേയോ ജീവിതത്തിലെ ക്രമക്കേടുകൾ വഴി എല്ലാവരും അങ്ങനെയാണ്, സഭ മുഴുവനും അങ്ങനെയാണ് എന്ന് ചിന്തിക്കുന്നവർ ഉള്ള നന്മയേയും കെടുത്തിക്കളയുകയാണ്. അനേകായിരം വൈദികരും സിസ്റ്റേഴ്സും ദൈവത്തിനും അവിടുത്തെ സഭയ്ക്കുമായി ഉരുകിത്തീരുന്ന ഈ ലോകത്ത് വളരെ നിസാരമായ ഒരു ശതമാനം അവിശ്വസ്ഥരായി വീണുപോയിട്ടുണ്ടാവാം, സന്യാസം ഉപേക്ഷിച്ചിട്ട് പോയിട്ടുണ്ടാവാം. ആ ന്യൂനപക്ഷത്തെ ചൂണ്ടിക്കാട്ടി സഭയിലെ മുഴുവൻ വൈദികരേയും സന്യസ്ഥരേയും ആക്ഷേപിക്കുന്നവർ യഥാർത്ഥ്യം മറന്നുപോകുന്നു. എന്തെല്ലാം കുറവുകളുണ്ടായിട്ടും സഭയിൽ ഇന്ന് വിവിധ സമൂഹങ്ങളിലുള്ള വൈദികരും സിസ്റ്റേഴ്സും ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ ഭാരതത്തിൽ മറ്റ് ആരെങ്കിലും ചെയ്യുന്നുണ്ടോ? നന്മയേക്കാളേറെ

www.malankaralibrary.com

തിന്മയ്ക്ക് പ്രചാരം കൂടും.

മദർതെരേസയെന്ന യുഗോസ്ലോവിയൻ വനിത ഇന്ത്യയിലെ കൽക്കട്ടയുടെ തെരുവിൽ കിടന്ന കുഷ്ഠരോഗികളെ ശുശ്രൂഷിച്ച് അവരുടെ അമ്മയായി മാറിയ ചരിത്രം ക്രിസ്ത്യാനികളെക്കാൾ കൂടുതൽ പ്രകീർത്തിക്കുന്നത് അക്രൈസ്തവരാണ്. ഇന്ത്യാ ഗവൺമെന്റ് അവർക്ക് ഭാരതരത്നം നൽകി ആദരിച്ചു. ലോകമവർക്ക് സമാധാനത്തിന്റെ നോബൽ സമ്മാനം നൽകി. കത്തോലിക്കാ സഭ അവരെ വിശുദ്ധരുടെ ഗണത്തിൽപ്പെടുത്തി. എന്നാൽ രാഷ്ട്രീയ അതിപ്രസരം മൂലവും ജാതി സ്പിരിറ്റുകൊണ്ടും മദറിന്റെ പ്രവർത്തനങ്ങളെപ്പോലും 'അമേരിക്കൻ ചാര' എന്നും 'മതപ്രചാരക' എന്നും ആക്ഷേപിക്കുവാൻ പലരും ശ്രമിക്കുന്നു. വൈദികനോ, സിസ്റ്റേഴ്സോ, അത്മായരോ, ആരുതന്നെയായാലും ദൈവമാണെന്നെ വിളിച്ചിരിക്കുന്നത് എന്നതിൽ സന്തോഷിക്കുക; മറ്റ് വിമർശനങ്ങൾ അവഗണിക്കുക. **''യേശുക്രിസ്തുവിന്റെ നല്ല പടയാളിയെപ്പോലെ കഷ്ടപ്പാടുകൾ സഹിക്കുക.''** (2 തിമോ 2:3)

ലോകനേതാക്കൾ എല്ലാവരും ഭക്ത്യാദരപൂർവം മദറിനെ വണങ്ങുമ്പോഴും താൻ ദൈവകരങ്ങളിലെ ഒരു കൊച്ച് ഉപകരണം മാത്രമാണെന്ന് അവർ പ്രഖ്യാപിച്ചു. അവരുടെ പിറന്നാളിന് പകരം പിറന്നാളില്ലാത്ത പാപപ്പെട്ടവരുടെ പിറന്നാളുകളിൽ പങ്കെടുക്കാൻ അവർ താൽപര്യപ്പെട്ടു. ആരാധനയോ, പൂജയോ, ആഡംബരങ്ങളോ, പബ്ലിസിറ്റിയോ ഒന്നും അവർ ആഗ്രഹിച്ചില്ല. തന്റെ പേരിൽ ഒരു സ്ഥാപനവും അവർ പണിതുയർത്തിയില്ല. എല്ലാം ദൈവത്തിന് വേണ്ടി അർപ്പിച്ചു, സ്വയം ശൂന്യവൽക്കരിച്ചു. ജാതിയും മതവും ദേശവും നോക്കാതെ നല്ലവരെന്നും ചീത്തയായവരെന്നും വേർതിരിക്കാതെ എല്ലാവരിലും ക്രിസ്തുവിന്റെ ഛായ ദർശിച്ച് അഗതികളിലെ ദൈവത്തെ ആരാധിക്കുന്ന ദാസിയായി അവർമാറി. **''സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല. സ്വന്തം ജീവൻ കണ്ടെത്തുന്നവൻ അത് നഷ്ടപ്പെടുത്തും. എന്നെ പ്രതി സ്വന്തം ജീവൻ നഷ്ടപ്പെടുത്തുന്നവൻ അത് കണ്ടെത്തും.''** (മത്താ10:38,39)

മദറിന്റെ പ്രവർത്തനം കൽക്കട്ടയിൽ ഒതുങ്ങാതെ ലോകം മുഴുവൻ വ്യാപിച്ചു. മുസ്ലീം രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലും വരെ അവർക്കുവേണ്ടി വാതിൽതുറന്നു. എല്ലാ രാജ്യങ്ങളിലേയും അനാഥരും ദരിദ്രരും അവരുടെ കാരുണ്യസ്പർശം അനുഭവിച്ചറിഞ്ഞു. അവർ ലോകാര്യാധ്യയായി മാറിയപ്പോഴും കിടന്നുറങ്ങുന്നത് സാധാരണ കട്ടിലിൽ ആയിരുന്നു. അവർ അപ്പോഴും ധരിച്ചിരുന്നത് കുഷ്ഠരോഗികൾ നെയ്തെടുത്ത ഏറ്റവും വിലകുറഞ്ഞ കോട്ടൺ സാരിയാണ്. അവർക്ക്

www.malankaralibrary.com

കിട്ടിയ സമ്മാനങ്ങളും കാഴ്ചകളും അവരുടെ ജീവിത സൗകര്യം വർദ്ധിപ്പിച്ചില്ല. അതെല്ലാം പാപപ്പെട്ടവർക്കായി പങ്കുവെച്ചു.

## പ്രാർത്ഥന

**''കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടുന്നെന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്നെന്നെ അയച്ചിരിക്കുന്നു.''**(ലൂക്കാ 4:18–19) കാരുണ്യവാനായ കർത്താവേ, ഒരു വൈദികനാകണമെന്ന് ഏറ്റവും കൂടുതൽ ആഗ്രഹിച്ചവനാണല്ലോ ഞാൻ. എന്നാൽ ഒന്നിന് പകരം രണ്ട് വൈദികരെ സഭയ്ക്ക് ലഭിക്കുവാൻ, എനിക്ക് ലഭിക്കാമായിരുന്ന പൗരോഹിത്യം എന്ന ഈ ശ്രേഷ്ഠ പദവി, എന്റെ മക്കൾക്ക് കൊടുക്കുവാനുള്ള നിന്റെ ഹിതത്തിന് ഞാൻ പൂർണ്ണമായി കീഴ്വഴങ്ങുന്നു. അങ്ങേ ദാസൻമാരായ ഈ രണ്ട് വൈദികരേയും നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. അവരെ വിശുദ്ധരായ വൈദികരാക്കി സഭയ്ക്കും, സമൂഹത്തിനും പ്രയോജനപ്പെടുത്തണമെന്ന് പ്രാർത്ഥിക്കുന്നു. കർത്താവേ, അനേകം യുവജനങ്ങളെ നിന്റെ പൗരോഹിത്യ ശുശ്രൂഷയിലേക്കും സന്യാസസന്യാസിനി ശുശ്രൂഷയിലേക്കും നീ വിളിക്കണമേ. രക്ഷാകരപദ്ധതി ഈ ഭൂമിയിൽ തുടർന്നു കൊണ്ട് പോകുവാൻ നീ സ്ഥാപിച്ച തിരുസഭയിൽ, ശുശ്രൂഷചെയ്യുന്ന എല്ലാ വൈദികരേയും, സന്യാസിനി സന്യാസികളെയും നീ കാത്തുസംരക്ഷിക്കണമേ. അവർക്ക് ആയുസും, ആരോഗ്യവും പ്രദാനം ചെയ്യണമേ., ലോകത്തിന്റെ അതിർത്തിവരമ്പുകളിലേക്ക് കടന്നുചെന്ന് ദൈവജനത്തെ സ്വർഗ്ഗമാകുന്ന ലക്ഷ്യത്തിലേക്ക് കൈപിടിച്ചുയർത്തുന്നതിനായി പ്രാർത്ഥനയിലൂടെയും പ്രവർത്തനങ്ങളിലൂടെയും യത്നിക്കുന്ന എല്ലാ വൈദികരേയും സന്യാസിനി സന്യാസികളേയും, പരേതരായ ഞങ്ങളുടെ വൈദികരേയും ഞങ്ങൾ ഓർക്കുന്നു. നിന്റെ മദ്ബഹായുടെ കട്ടിളപ്പടികളിൽ ചവിട്ടിയിട്ടുള്ള അവരുടെ പാദങ്ങളെ അഗ്നിക്കനലുകൾക്കിടയാക്കരുതേ. അവർക്ക് നിത്യസൗഭാഗ്യം പ്രദാനം ചെയ്യേണമേ. ആമേൻ.

www.malankaralibrary.com

10

# അത്ഭുതകരമായ തിരിച്ചുവരവ്

**''തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്ക് വേണ്ടതെല്ലാം നൽകുന്നു.''** (സങ്കീർത്തനം 127:2)

**''മനുഷ്യർക്ക് അസാധ്യമായത് ദൈവത്തിന് സാദ്ധ്യമാണ്.''** (ലൂക്കാ 18:27) എന്ന ബൈബിൾ വചനം നമുക്ക് ഓർക്കാം. അനേകകാര്യങ്ങളിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയും അവയ്ക്ക് പരിഹാരം കാണാൻ പറ്റാതിരിക്കുകയും ചെയ്യുന്നവരാണ് നമ്മൾ. മനുഷ്യന് പരിഹരിക്കാൻ കഴിയാതെയിരുന്ന പ്രശ്നങ്ങളിൽ ദൈവം ഇടപെട്ട് പരിഹാരം ഉണ്ടാക്കിയതിന്റെ എത്ര എത്ര ഉദാഹരണങ്ങൾ ബൈബിളിലും സാധാരണ മനുഷ്യരുടെ ജീവിതത്തിലും നാം കാണുന്നു. അബ്രാഹത്തിനും ഇസഹാക്കിനും സഖറിയായിക്കും മനോവായ്ക്കും ഒക്കെ മക്കളെ കിട്ടിയതും, ഇസ്രയേൽക്കാർ ചെങ്കടൽ കടന്നതും ജോർദാൻ നദി കടന്നതും മരുഭൂമി യാത്രക്കിടയിൽ ജനത്തിന് അപ്പവും വെള്ളവും മാംസവും, രാത്രി വെളിച്ചവും, പകൽ തണലും കിട്ടിയതും ദാവീദിലൂടെ ഗോലിയാത്തിനെ വധിച്ചതും ഇസ്രയേൽ ജനത്തെ ശത്രുക്കളിൽ നിന്നു രക്ഷിച്ചതും, ദാനിയേൽ വഴി സൂസന്നയെ കൊല്ലപ്പെടുന്നതിൽ നിന്നും രക്ഷിച്ചതും, ഹെസക്കിയാ രാജാവിന്റെ രോഗശാന്തി നേടിയതും വാടിത്തളർന്നുകിടന്ന ഏലിയാപ്രവാചകന് മാലാഖാ വഴി അപ്പവും വെള്ളവും ഉന്മേഷവും നൽകിയതും, സിംഹക്കുഴിയിൽ എറിയപ്പെട്ട ദാനിയേലിനെ രക്ഷിച്ചും, വിധവയുടെ കലത്തിൽ എണ്ണ നിറച്ച് കടം വീട്ടാനും ജീവിക്കാനും വഴി ഒരുക്കിയതും ദൈവമാണ്. **''കർത്താവിന്റെ അനുഗ്രഹമാണ് ദൈവഭക്തന് സമ്മാനം; അത് ക്ഷണ**

www.malankaralibrary.com

**നേരംകൊണ്ട് പൂവണിയുന്നു.''** (പ്രഭാ 11:22)

യേശു ചെയ്ത എണ്ണമറ്റ അത്ഭുതങ്ങൾ വഴി അനേകരുടെ ജീവിതത്തിൽ സൗഖ്യമുണ്ടായി. ഇന്നും നമ്മുടെ ഇടയിൽ ഇത്തരം അത്ഭുതങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. വഴിമുട്ടിനിന്ന എത്രയോപേരുടെ ജീവിതങ്ങളിലാണ് ദൈവം ഈ കാലഘട്ടത്തിലും ഇടപെട്ടത്. എന്റെ ജീവിതത്തിലും അനേകം അത്ഭുതകരമായ കാര്യങ്ങൾ നടന്നിട്ടുണ്ട്. രണ്ടുവർഷം കഴിയാതെ യാതൊരുകാരണവശാലും, കോഴിക്കോട്ടുനിന്നു തിരികെ വരാൻ സാധ്യമല്ല എന്ന് എനിക്കറിയാമായിരുന്നു. കാരണം എനിക്ക് മുൻപേ കോഴിക്കോടിന് പോയവർ, ട്രാൻസ്ഫർ ആപ്ലിക്കേഷൻ കൊടുത്തിട്ട്, അത് പരിഗണിച്ചിരുന്നില്ല. ഞാൻ കോഴിക്കോട്ട്ചെന്നപ്പോൾ അവരുടെ കൂടെ തന്നെയാണ് താമസിച്ചത്. കൊച്ചിൻ കമ്മീഷണറേറ്റിൽ ജോലി ചെയ്തിരുന്ന എനിക്ക് എറണാകുളത്തിനപ്പുറം ഉള്ള സ്ഥലങ്ങളെക്കുറിച്ച് യാതൊരു പരിചയവും ഉണ്ടായിരുന്നില്ല. എന്നാൽ കോഴിക്കോട് ഓഡിറ്റ് സെക്ഷനിൽ ജോലി ലഭിച്ചതിനാൽ മലബാറിലെ പല സ്ഥലങ്ങളും സന്ദർശിക്കുവാൻ കഴിഞ്ഞു. ഏറ്റവും പ്രധാനമായി പെരുവണ്ണാമൂഴി എന്ന സ്ഥലത്ത് പോകുവാനും, ശാലോമിന്റെ ഓഫീസ് സന്ദർശിക്കുവാനും സാധിച്ചു, എന്നത് ഒരു വലിയ ദൈവാനുഗ്രഹമായി കരുതുന്നു. കോഴിക്കോട് എരഞ്ഞിപ്പാലത്തുള്ള ശാലോമിന്റെ ധ്യാനകേന്ദ്രത്തിലും കുളത്തുവയൽ എൻ.ആർ.സി. ധ്യാനകേന്ദ്രത്തിലും പോകുവാനും, ഒരാഴ്ചത്തെ ധ്യാനം കൂടാനും സാധിച്ചു. പിന്നീട് കേരളത്തിലെ 14 ജില്ലകളിൽ നടക്കുന്ന വചനനോത്സവം മാസികയുടെ ജില്ലാ കൂട്ടായ്മകളിൽ പങ്കെടുക്കാൻ വേണ്ടി യാത്ര ചെയ്യുവാൻ, മലബാർ മേഖലകളെക്കുറിച്ച് യാതൊരു പരിചയവും ഇല്ലായിരുന്ന എനിക്ക് ദൈവം മുൻകൂട്ടി ക്രമീകരിച്ചതാണ് ഈ ട്രാൻസ്ഫർ എന്ന് മനസ്സിലായി. ട്രെയിനിൽ ഷോർണൂർ ചെന്ന് തിരിഞ്ഞ് പാലക്കാട് വഴി തമിഴ്നാട്ടിലും, കോഴിക്കോട് വഴി കണ്ണൂർ, കാസർഗോഡ്, കൽപറ്റ, ബത്തേരി, മാനന്തവാടി എന്നീ സ്ഥലങ്ങളിലും പോയി പല കൂട്ടായ്മകളിലും പങ്കെടുക്കുവാൻ സാധിച്ചു. എറണാകുളത്തിനപ്പുറമുള്ള വടക്കൻ ജില്ലകളെയും അവിടെയുള്ള പ്രധാന സ്ഥലങ്ങളെയും അറിയുവാൻ ഈ ട്രാൻസ്ഫർ കൊണ്ട് എനിക്ക് സാധിച്ചു, പ്രത്യേകിച്ച് ഓഡിറ്റ് സെക്ഷനിൽ ആയതിനാൽ.

കൊച്ചി, കോഴിക്കോട് എന്നീ രണ്ട് കമ്മീഷണറേറ്റുകൾ മാത്രം ഉണ്ടായിരുന്ന കേരളത്തിൽ, മൂന്നാമത് തിരുവനന്തപുരത്ത് ഒരു പുതിയ കമ്മീഷണറേറ്റ് രൂപവൽകരിച്ചു. അങ്ങനെ തിരുവനന്തപുരം കമ്മീഷണറേറ്റ് ഓപ്റ്റ് ചെയ്ത ഞങ്ങളെ എല്ലാവരേയും തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ ചെയ്തു. അങ്ങനെ രണ്ട് വർഷത്തേക്കുള്ള കോഴിക്കോട്

www.malankaralibrary.com

ട്രാൻസ്ഫർ വെറും ആറ് മാസക്കാലം കൊണ്ട് പൂർത്തിയാക്കുവാൻ ദൈവം ഇടയാക്കി. **''നാം ദൈവത്തിന്റെ കരവേലയാണ്, നാം ചെയ്യുവാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവർത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ്.''** (എഫേ 2:10)

തിരുവനന്തപുരത്ത് ജോയിൻ ചെയ്ത മുപ്പതോളം സൂപ്രണ്ടർമാരിൽ കുറച്ചുപേരെ തിരുവനന്തപുരം കമ്മീഷണറേറ്റിന്റെ കീഴിലുള്ള മറ്റു പല ഓഫീസിലേക്കും മാറ്റി പോസ്റ്റ് ചെയ്യുവാൻ തീരുമാനിച്ചു. അങ്ങനെ ഞങ്ങളെ 5 പേരെ കൊല്ലം ഓഫീസിലേക്ക് മാറ്റി. കൊല്ലത്തു നിന്നും കേവലം 50. കി.മി. മാത്രം ദൂരമുള്ള എന്റെ ഭവനത്തിലേക്ക് ദിവസവും പോകാനും വരാനും എനിക്ക് സാധിച്ചു. **''ഇസ്രായേലിന്റെ പരിശുദ്ധനും നിന്റെ വിമോചകനുമായ കർത്താവ് അരുളിചെയ്യുന്നു. നിനക്ക് നന്മയായിട്ടുള്ളത് പഠിപ്പിക്കുകയും, നീ പോകേണ്ട വഴിയിലൂടെ നിന്നെ നയിക്കുകയും ചെയ്യുന്ന, നിന്റെ ദൈവമായ കർത്താവാണ് ഞാൻ.''** (എശയ്യാ 48:17)

## പ്രാർത്ഥന

**''കർത്താവ് അരുളിച്ചെയ്യുന്നു: കരച്ചിൽ നിറുത്തി കണ്ണീർ തുടയ്ക്കൂ. നിന്റെ യാതനകൾക്ക് പ്രതിഫലം ലഭിക്കും. ശത്രുക്കളുടെ ദേശത്തു നിന്ന് അവർ തിരികെ വരും. കർത്താവ് അരുളിച്ചെയ്യുന്നു. നിന്റെ ഭാവി പ്രത്യാശാഭരിതമാണ്.''**(ജറെമിയ 31:17) കാരുണ്യവാനായ കർത്താവേ, നീ ചെയ്ത ഉപകാരങ്ങൾ എത്രവർണ്ണിച്ചാലും മതിയാകില്ല. എത്ര നന്ദിപറഞ്ഞാലും മതിയാകില്ല. രണ്ടുവർഷക്കാലമായിരുന്ന എന്റെ പോസ്റ്റിംഗ് കേലവം 6 മാസം പൂർത്തിയായപ്പോൾ നീ എന്നെ തിരികെ എത്തിച്ചു. **''ദൈവത്തോട് ചേർന്ന് നിൽക്കുവിൻ; അവിടുന്ന് നിങ്ങളോടും ചേർന്നുനിൽക്കും''** (യാക്കോബ് 4:8) എന്ന വചനമനുസരിച്ച് ജീവിക്കുവാനുള്ള കൃപ തരുമാറാകണമേ. ആമേൻ.

www.malankaralibrary.com

11

# ജപമാല പ്രാർത്ഥനയിലൂടെ നേടിയ വിജയം

**''ഭയപ്പെടേണ്ട, ഞാൻ നിന്നോട് കൂടെയുണ്ട്; സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലതുകൈ കൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും.''** (ഏശയ്യ 41:10)

തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് കമ്മീഷണറേറ്റുകൾ ഉണ്ടെങ്കിലും, വർഷത്തിൽ ഒരിക്കൽ നടക്കുന്ന Annual general transfer and Posting നടത്തുന്നത് കൊച്ചിൻ ചീഫ് കമ്മീഷണർ ആണ്. പുതിയ ചീഫ് കമ്മീഷണർ ജോയിൻ ചെയ്തപ്പോൾ, അദ്ദേഹം ഇറക്കിയ ട്രാൻസ്ഫർ ഓർഡറിൽ എന്നെ വീണ്ടും കോഴിക്കോട് കമ്മീഷണറേറ്റിലേക്ക് പോസ്റ്റ് ചെയ്തു. ആറുമാസം മാത്രമേ ഞാൻ കോഴിക്കോട് കമ്മീഷണറേറ്റിൽ ജോലി ചെയ്തുള്ളു എന്ന കാരണമായിരിക്കാം, എന്നെവീണ്ടും കോഴിക്കോട് പോസ്റ്റ് ചെയ്തതെന്ന് കരുതുന്നു. എന്റെ കൂടെ ഒന്നര വർഷം സേവനം ചെയ്ത എന്റെ ഫ്രണ്ട്സിന് മാറ്റം ഇല്ലായിരുന്നു. അത് എന്നെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രഹരമായി. കാരണം, അവിടെ ജോയിൻ ചെയ്താൽ വീണ്ടും രണ്ട് വർഷമെങ്കിലും കഴിഞ്ഞെങ്കിൽ മാത്രമേ ഒരു തിരിച്ചുവരവ് സാധ്യമാകു. എല്ലാ തസ്തികകളിലും ജോലി ചെയ്തിരുന്നവരെ ഇതുപോലെ മാറ്റിയിരുന്നു. കേരളത്തിൽ, തിരുവനന്തപുരത്തും, കൊച്ചിയിലും, കോഴിക്കോടും ഓരോ കമ്മീഷണറേറ്റ് ഉള്ള സ്ഥിതിക്ക്, തിരുവനന്തപുരത്തുകാരനെ കോഴിക്കോട്ടും, കൊച്ചിയിലും; കൊച്ചിക്കാരനെ കോഴിക്കോടും തിരുവനന്തപുരത്തും; കോഴിക്കോടുകാരനെ കൊച്ചിയിലും തിരുവനന്തപു

www.malankaralibrary.com

രത്തും; പോസ്റ്റ് ചെയ്യേണ്ട യാതൊരു ആവശ്യവുമില്ലായിരുന്നു. അവരവരുടെ സ്വന്തം കമ്മീഷണറേറ്റിൽ തന്നെ പോസ്റ്റ് ചെയ്യാമായിരുന്നു. മുകളിലിരിക്കുന്ന വലിയ ഉദ്യോഗസ്ഥർക്ക് താഴെയുള്ള ജോലിക്കാരുടെ ബുദ്ധിമുട്ട് അറിയില്ലല്ലോ, ഉത്തരേന്ത്യക്കാരായ ഉദ്യോഗസ്ഥർക്ക് കേരളത്തിലെ സ്ഥലം പോലും കാര്യമായിട്ടറിയില്ല. **''നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരം അരുളും; നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്ന് അവിടുന്ന് മറുപടി തരും.''** (ഏശയ്യാ.58:10)

എല്ലാ തസ്തികകളിലും ആവശ്യമില്ലാത്ത ഈ ട്രാൻസ്ഫർ നടന്നപ്പോൾ, യൂണിയൻകാർ ഇടപെട്ടു. അവർ പലരും കോടതിയിൽ പോയി സ്റ്റേ വാങ്ങി. എന്നാൽ ഗസറ്റഡ് ഓഫീസേഴ്സിന്റെ യൂണിയൻ അതിന് പോയില്ല. വ്യക്തിപരമായി പോകാനാണ് അവർ പറഞ്ഞത്. ഒരു വ്യക്തി ഡിപ്പാർട്ട്മെന്റിനെതിരായി കേസുകൊടുത്താൽ അതിന്റെ ചെലവും, പരാജയപ്പെട്ടാൽ അതിന്റെ പ്രത്യാഘാതവും വലുതായതിനാൽ ഞാൻ അതിന് മുതിർന്നില്ല. സ്റ്റേ കിട്ടാതിരുന്നതിനാൽ കൊല്ലം ഓഫീസിലെ അസ്സി. കമ്മീഷണർ എന്നെ റിലീവ് ചെയ്തു. മറ്റ് മാർഗ്ഗം ഒന്നുംതന്നെ അദ്ദേഹത്തിനില്ലായിരുന്നു. പത്തുദിവസം ജോയിൻ ചെയ്യാൻ സമയം, ദൂരെയുള്ള ട്രാൻസ്ഫറിന് ഉണ്ടായിരുന്നതിനാൽ, ഞാൻ വീട്ടിൽ എത്തി എല്ലാദിവസവും സമ്പൂർണ്ണജപമാല പ്രാർത്ഥന ചൊല്ലാൻ തുടങ്ങി. **''അങ്ങനെയെങ്കിൽ രാവും പകലും തന്നെ വിളിച്ചു കരയുന്ന തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദൈവം നീതി നടത്തിക്കൊടുക്കുകയില്ലേ.?''** (ലൂക്കാ 18:7)

കോഴിക്കോട് എവിടെയാണ് എനിക്ക് പോസ്റ്റിംഗ് കിട്ടിയത് എന്ന് എനിക്കറിയില്ലായിരുന്നു. അത് കോഴിക്കോട് കമ്മീഷണർ ആണ് പോസ്റ്റ് ചെയ്യേണ്ടിയിരുന്നത്. 5 ദിവസത്തെ ജപമാലപ്രാർത്ഥന കഴിഞ്ഞപ്പോൾ ഞാൻ അറിഞ്ഞു. എനിക്ക് പോസ്റ്റിംഗ് കിട്ടിയത് മഞ്ചേരി എന്ന റെയിഞ്ച് ഓഫീസിൽ ആണെന്ന്. അത് എന്നെ കൂടുതൽ ദുഃഖിതനാക്കി. കാരണം തൃശൂർ, പാലക്കാട്, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ എവിടെ ട്രെയിൻ ഇറങ്ങിയാലും പിന്നീട് വളരെദൂരം ബസിന് പോയാൽ മാത്രമെ ഈ സ്ഥലത്ത് എത്തിച്ചേരുകയുള്ളു. ഞാൻ പ്രാർത്ഥന തുടർന്നു. **''എന്റെ കഷ്ടതയിൽ ഞാൻ കർത്താവിനെ വിളിച്ചപേക്ഷിച്ചു. അവിടുന്നെനിക്ക് ഉത്തരമരുളി. പാതാളത്തിന്റെ ഉദരത്തിൽ നിന്നു ഞാൻ നിലവിളിച്ചു. അവിടുന്ന് എന്റെ നിലവിളി കേട്ടു.''** (യോനാ 2:2) മഞ്ചേരി ഓഫീസിലേക്ക് ഞാൻ ഫോൺ ചെയ്ത് അവിടുത്തെ കാര്യങ്ങൾ അറിയാൻ ശ്രമിച്ചു. കോടതിയിൽ കേസിന് പോകേണ്ടതില്ല എന്ന മുൻ തീരുമാനം ഞങ്ങളുടെ യൂണിയൻ മാറ്റി എന്ന് അറിയാൻ കഴിഞ്ഞു. ഞാൻ യൂണിയനുമായി ബന്ധപ്പെടുകയും,

www.malankaralibrary.com

കേസിൽ കക്ഷിചേരുകയും, എന്റെ ട്രാൻസ്ഫർ ഓർഡർ സ്റ്റേ ചെയ്യുകയും, ഞാൻ തിരികെ കൊല്ലം ഓഫീസിൽ, റീ ജോയിൻ ചെയ്യുകയും ചെയ്തു. **''ദൈവത്തിന്റെ ശക്തമായ കരത്തിന് കീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ. അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്കണ്ഠകളെല്ലാം അവിടുത്തെ ഏൽപ്പിക്കുവിൻ. അവിടുന്ന് നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്.''** (1 പത്രോസ് 5:6)

'ട്രൈബ്യൂണൽ അധികാരികൾ കേസുകളെല്ലാം പുനഃപരിശോധനയ്ക്ക് വിധേയമാക്കി. ഞാൻ കോഴിക്കോട്ടുനിന്നു തിരികെ വന്നിട്ട് ഒരു വർഷംപോലും പൂർത്തിയാകുന്നതിന് മുൻപ് എന്നെ വീണ്ടും കോഴിക്കോടിന് മാറ്റിയത് ശരിയല്ല എന്ന ഫൈനൽ വിധിവന്നു. എന്നെ കൊല്ലത്തുതന്നെ തുടരാനും ഓർഡർ ഇട്ടു. **''ഈ എളിയവൻ നിലവിളിച്ചു. കർത്താവ് കേട്ടു. എല്ലാ കഷ്ടതകളിൽ നിന്നും അവനെ രക്ഷിക്കുകയും ചെയ്തു.''** (സങ്കീർത്തനം 34:6) കൊല്ലം, തിരുവനന്തപുരം എന്നീ ഓഫീസുകളിൽ മാറിമാറി ജോലി ചെയ്തുകൊണ്ട് എന്റെ സർവീസ്കാലഘട്ടമായ 42 വർഷം പൂർത്തിയാക്കുവാനും, പെൻഷൻ വാങ്ങുവാനും ദൈവം ഇടയാക്കി. ഭയപ്പെടേണ്ട അനേകകാരണങ്ങൾ ചുററുപാടും കാത്തിരിക്കുമ്പോൾ തളരാതെ മുന്നോട്ട് നിങ്ങാൻ നാം ദൈവത്തിൽ ആശ്രയിക്കണം. ശക്തനും ധീരനുമായിരിക്കുക, എന്ന ദൈവത്തിന്റെ വാക്കുകളെ അക്ഷരം പ്രതി അനുസരിച്ച പ്രവാചകനാണ് ജോഷ്വാ. അതുവരെ വഴിനയിച്ച മോശ മരിച്ചുപോയി. കാനാൻ ദേശത്തേക്കുള്ള യാത്ര ഇനിയും ലക്ഷ്യത്തിൽ എത്തിചേർന്നിട്ടില്ല. കരകവിഞ്ഞൊഴുകുന്ന ജോർദാൻ നദി; വാഗ്ദത്ത ഭൂമിയിലേക്കുള്ള പ്രവേശനകവാടത്തിൽ, വഴിയടച്ചു നിൽകുന്ന ജെറീക്കോ കോട്ട. എന്നാൽ ദൈവമാണ് ഈ യാത്രയെ നയിക്കുന്നത് എന്ന ബോധ്യം ജോഷ്വായെ ശക്തനും ധീരനുമാക്കി. സൈന്യത്തിന്റെ ശക്തിയോ, സംഖ്യയോ, ആയുധത്തിന്റെ ശക്തിയോ അല്ല, അസാധ്യം എന്ന് കരുതീയ പ്രതിബന്ധങ്ങൾ തരണം ചെയ്യുവാൻ സഹായിച്ചത്, മറിച്ച് സർവ്വശക്തനായ കർത്താവായിരുന്നു. **''അവിടുത്തെ നോക്കിയവർ പ്രകാശിതരായി. അവർ ലജ്ജിതരാവുകയില്ല.''** (സങ്കീ 34:5)

ജോർദ്ദാൻ നദിയും, ജെറീക്കോ കോട്ടയും, നമ്മെ സംബന്ധിച്ചിടത്തോളം ഓരോ പ്രതീകങ്ങളാണ്. അവയെ നേരിടാൻ കഴിയാതെ ഭയന്നു നിൽക്കുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലുമുണ്ടാകാം. എന്നാൽ സർവ്വശക്തനായ ദൈവത്തിൽ പ്രതീക്ഷവച്ച്, കൂടെ നടക്കുമ്പോൾ, മറികടക്കാനാവാത്ത ഒരു പ്രതിസന്ധിയും, നമ്മുടെ ജീവിതത്തിൽ ഉണ്ടാകുകയില്ല. വിജയം അളക്കുന്നത് ഒരാൾ ജീവിതത്തിൽ

www.malankaralibrary.com

എത്തിചേർന്ന സ്ഥാനത്തിന്റെ വലുപ്പം മാത്രംനോക്കിയല്ല; അയാൾ തരണം ചെയ്ത പ്രതിസന്ധിയെ കൂടി നോക്കിയാണ്. **''കർത്താവ് എത്ര നല്ലവൻ എന്ന് രുചിച്ചറിയുവിൻ; അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ''** (സങ്കീ 34:8)

## പ്രാർത്ഥന

**''സ്വർഗത്തിൽ വലിയ ഒരു അടയാളം കാണപ്പെട്ടു. സൂര്യനെ ഉടയാടയാക്കിയ ഒരു സ്ത്രീ. അവളുടെ പാദങ്ങൾക്കടിയിൽ ചന്ദ്രൻ. ശിരസ്സിൽ പന്ത്രണ്ട് നക്ഷത്രങ്ങൾ കൊണ്ടുള്ള കിരീടം.''** (വെളിപാട് 12:1) എത്രയും ദയയുള്ള മാതാവേ, നിന്റെ സന്നിധിയിൽ ഓടിവന്ന് നിന്റെ സഹായം അപേക്ഷിച്ചവരിൽ ഒരുവനെയും നീ ഉപേക്ഷിച്ചിട്ടില്ലല്ലോ. അമ്മേ മാതാവേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർത്ഥമാക്കാതെ, ഞങ്ങൾക്കും നൽകണമേ. നീ ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും, നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു. ദരിദ്രരെപ്പോലെയായിരുന്നെങ്കിലും, അനേകരെ സമ്പന്നരാക്കുന്നു. ഒന്നുമില്ലാത്തവളെപ്പോലെയായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും, എല്ലാവിധത്തിലും നീ കർത്താവിന്റെ ദാസിയും, സഹപ്രവർത്തകയുമാണെന്ന് കാണിച്ചുകൊണ്ടിരിക്കുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർത്ഥമാക്കാതെ എല്ലാസമയത്തും എല്ലാവിധത്തിലും കർത്താവിന്റെ ദാസരും, സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ. കാനായിലെ കല്യാണവിരുന്നിൽ, അവരുടെ കുറവ്, വീഞ്ഞിന്റെ ദൗർലഭ്യം, അറിഞ്ഞ് നിന്റെ പുത്രനോടപേക്ഷിച്ച് പരിഹരിച്ചതുപോലെ, ഞങ്ങളുടെ കുറവുകളെയും, നിറവുകളാക്കാൻ, നിന്റെ പുത്രൻ തമ്പുരാനോട് അപേക്ഷിക്കണമെ. എന്നും എപ്പോഴും നിന്റെ മദ്ധ്യസ്ഥത അപേക്ഷിക്കുവാനും പ്രത്യേകിച്ച് പരീക്ഷണഘട്ടങ്ങളിലും ആപത്തുവേളകളിലും നിന്നെ മുറുകെ പ്പിടിക്കുവാനും വേണ്ട കൃപ ഞങ്ങൾക്ക് നൽകണമേ. ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ. ആമേൻ.

www.malankaralibrary.com

12

# പരാജയം വിജയത്തിന്റെ മുന്നോടി

**''അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങൾ ഇല്ലെങ്കിലും, ഒലിവുമരത്തിൽ കായകൾ ഇല്ലാതായാലും, വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അററുപോയാലും, കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും, ഞാൻ കർത്താവിൽ ആനന്ദിക്കും.'** (ഹബക്കുക്ക് 3:15)

പരാജയങ്ങൾ ദൈവം നമ്മെ കൈവിട്ടതിന്റെ അടയാളങ്ങളല്ല. മറിച്ച് നമ്മെ കൂടുതൽ അധ്വാനിക്കാനും, കൂടുതൽ വിജയങ്ങളിലേക്ക് നയിക്കാനും ഉള്ള ചവിട്ടുപടികളാണ്. ജീവിതത്തിൽ ധാരാളം പരാജയങ്ങൾ ഞാൻ ഏറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ അവയെല്ലാം എന്നെ നന്മയിലേക്ക് നയിക്കുകയായിരുന്നു. എന്തിന്, ഒരു ബൈക്ക് ആക്സിഡന്റ് എന്റെ ജീവിതത്തിൽ ഉണ്ടായതുപോലും എനിക്ക് വീട്ടിനടുത്ത് ഒരു ട്രാൻസ്ഫർ കിട്ടുന്നതിന് കാരണമായി. മൂന്നാറിൽ, അതും, സൂര്യനെല്ലിയിൽ പോസ്റ്റിംഗ് കിട്ടിയപ്പോൾ, അത് ഒരു പണിഷ്മെന്റ് ട്രാൻസ്ഫർ സ്ഥലമാണ് എന്നാണ് എല്ലാവരും എന്നോട് പറഞ്ഞത്. മൂന്നാറിൽ നിന്നും 17 കി.മി. ബസിലും ബാക്കി 11 കി.മി. നടന്നും സൂര്യനെല്ലിയിൽ രാത്രി 8.00 മണിക്ക് എത്തിച്ചേർന്നപ്പോൾ ഞാനും കരുതി, എന്നെ കഷ്ടപ്പെടുത്തുവാൻ വേണ്ടി അറിഞ്ഞുകൊണ്ട് ഉപദ്രവിച്ചതാണെന്ന്. എന്നാൽ പിന്നീട് ആ പണിഷ്മെന്റ് പോസ്റ്റിംഗ്, പലകാരണങ്ങൾ കൊണ്ടും, എന്നിക്കേറ്റവും സന്തോഷവും അനുഗ്രഹകരവുമായി മാറി. **''നിങ്ങളല്ല, ദൈവമാണ് എന്നെ ഇങ്ങോട്ട് അയച്ചത്''** (ഉൽപ്പത്തി 45:8)

വിജയിക്കണം എന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. അത് നല്ല

www.malankaralibrary.com

തുമാണ്. പരാജയപ്പെടാൻ ആരും ആഗ്രഹിക്കുന്നുമില്ല. എന്നാൽ വിജയത്തിന് വിലകൊടുക്കുവാൻ പലരും തയ്യാറാകുന്നില്ല. **''വിജയത്തിന് തൊട്ടടുത്തെത്തി എന്ന് നിരീക്ഷിച്ചറിയാതെ. പരിശ്രമത്തിൽ നിന്നും പിൻവാങ്ങുന്നതാണ്, മിക്കവരുടേയും ജീവിതത്തിലെ വലിയ പരാജയം''** (തോമസ് ആൽവ എഡിസൺ). പരാജയം ഇല്ലാതെയുള്ള വിജയത്തിന്, പരാജയത്തിന് ശേഷം ഉണ്ടാകുന്ന വിജയത്തിന് ലഭിക്കുന്ന മധുരം ഉണ്ടാകില്ല. അപ്രതീക്ഷിതമായ പരാജയങ്ങൾ പലരുടെയും സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തിയിട്ടുണ്ട്. തനിക്കിനിയും വിജയിയാകുവാൻ കഴിയില്ല എന്ന ചിന്തമൂലം, മാനസികമായും, ശാരീരികമായും തളർന്ന്, ആത്മഹത്യചെയ്യുന്നവരും ഉണ്ട്. വിജയം അകന്നുപോകുന്നതിന്റെ കാരണങ്ങൾ കണ്ടുപിടിച്ച് തിരുത്താത്തതാണ് അവരെ ഉൽക്കണ്ഠപ്പെടുത്തുന്നത്. മാനുഷികമായ വിധത്തിലുള്ള അന്വേഷണങ്ങൾ പലരേയും നിരാശയിലേക്കും, തുടർന്ന് ജീവിതം തന്നെ നശിപ്പിക്കാനുള്ള ചിന്തയിലേക്കും തള്ളിവിടുകയും ചെയ്യുന്നു. പരാജയങ്ങളിൽ നിന്നും ഓടി ഒളിക്കാൻ ശ്രമിച്ചാൽ വിജയികളുണ്ടാകില്ല. പുറമെ വിജയികളായി കാണുമ്പോഴും, പലരുടേയും കൂടെ പലവിധത്തിലുള്ള പരാജയങ്ങളും ഉണ്ട്. ചുറ്റുപാടും ഉള്ളവരുടെ വളർച്ചകണ്ട് അസ്വസ്ഥരാകുന്നവരാണ് പലരും. ചെറിയൊരു പരാജയമല്ല നമ്മുടെ ജീവിതത്തിന്റെ ഗതി നിർണയിക്കുന്നത്. ഏതൊരു മനുഷ്യനും തിരിഞ്ഞ് നോക്കിയാൽ പരാജയത്തിന്റെ നിര കണ്ടെത്താനാകും. എന്നാൽ അവ നമ്മെ കൂടുതൽ കരുത്തുള്ളവരാക്കിമാറ്റുകയായിരുന്നു എന്ന് പിന്നീട് മനസിലാകും. എന്നാൽ ഒരു പക്ഷേ, അന്ന് അങ്ങനെ ചിന്തിക്കാൻ കഴിയുമായിരുന്നില്ല. പ്രശ്നങ്ങളുടെ നടുവിൽ നിന്നപ്പോൾ ജീവിതം പരാജയപ്പെട്ടുപോയി എന്നായിരിക്കും കരുതിയത്. അതിൽ നിന്നുമാണ് വിജയത്തിലേക്ക് തിരിച്ചുകയറിയത്, എന്നറിയാൻ വർഷങ്ങൾ തന്നെവേണ്ടിവരും. അതിനാൽ ഇപ്പോഴത്തെ പ്രതിസന്ധിയിലും അത്തരം മനോഭാവം കാണിച്ചാൽ, അതിനെ എളുപ്പത്തിൽ അതിജീവിക്കാനാകും. പ്രതിസന്ധികൾക്ക് കീഴടങ്ങാൻ സ്വയംവിട്ടുകൊടുക്കുന്നതിന് പകരം അവയെ തോൽപ്പിക്കാൻ സാധിക്കണം. പുല്ലും മുളയും ഒരേ ഗ്രൂപ്പിൽപെട്ട സസ്യമാണ്. പുല്ല് വളരെ പെട്ടെന്ന് വളരും എന്നാൽ മുളവളരണമെങ്കിൽ സമയം ഏറെവേണം. പുല്ലിന് ആയുസ് കുറവാണ്; മുളയ്ക്ക് കൂടുതലും, പുല്ലും മുളയും തമ്മിൽ താരതമ്യം ചെയ്യാൻപോലും സാധിക്കില്ല. മുളയുടെ തലത്തിലേക്ക് വളരണമെങ്കിൽ വിലകൊടുക്കുവാൻ തയ്യാറാകണം. പരാജയത്തിലേക്ക് പോകുന്നവരെ പരിഹസിക്കുന്നത് പതിവാണ്. പക്ഷെ ഈ പരിഹസിക്കുന്നവർതന്നെ വിജയത്തിന്റെ നിമിഷത്തിൽ പുകഴ്ത്താൻ മുന്നിലുണ്ടാകും. അതി

www.malankaralibrary.com

നാൽ അങ്ങനെയുള്ള വാക്ക് കേട്ട് നാം തളരരുത്. പരാജയ ഭീതിനമ്മെ കീഴടക്കിയാൽ ഉയരാൻ കഴിയാതെ പോകും. ജീവിതം ചെറുതാണ്. അതിനെ വലുതാക്കുന്നതും ഭംഗിയാക്കുന്നതും നമ്മുടെ കർമ്മമാണ്.

**''അവർ നിന്നോട് യുദ്ധം ചെയ്യും; എന്നാൽ വിജയിക്കുകയില്ല. നിന്റെ രക്ഷയ്ക്ക് ഞാൻ കൂടെയുണ്ട് എന്ന് കർത്താവ് അരുളി ചെയ്യുന്നു.''** (ജറെ 1:19)

പുതിയ തുടക്കങ്ങൾ എപ്പോഴും ആവശ്യമാണ്. അതിലേക്ക് ഇറങ്ങുമ്പോൾ പരാജയപ്പെടാനുള്ള സാധ്യതയും ഏറെയാണ്. എന്നാൽ കഠിനാധ്വാനം കൊണ്ട് ഏത് പരാജയത്തെയും നേരിടാൻ കഴിയും, തൈരിൽ വീണ തവളയുടെ കഥ വളരെ ശ്രദ്ധേയമാണ്. എന്തു ചെയ്താലും ഇനി രക്ഷപെടില്ല എന്ന് ചിന്തിച്ച തവള മുങ്ങിച്ചത്തു. എന്നാൽ അവസാനംവരെയും രക്ഷപെടാൻ വേണ്ടി കൈകാലിട്ടടിച്ച തവള അവസാനം വെണ്ണയുടെമുകളിൽ കയറി കരയ്ക്ക് ചാടി രക്ഷപെട്ടു. തോൽക്കുമെന്ന് കരുതി പരിശ്രമിക്കാതിരുന്ന ആരും തന്നെ വിജയിച്ച ചരിത്രം ഇല്ല. തോൽക്കുമെന്ന് സ്വയം വിശ്വസിച്ചവർ തോൽക്കുക തന്നെ ചെയ്യും. തോൽക്കില്ല എന്ന് വിശ്വസിച്ച് പരിശ്രമം ചെയ്യുന്നവർ, ഇടയ്ക്കിടെ പരാജയപ്പെട്ടാലും അവസാനം വിജയിക്കുകതന്നെചെയ്യും.

**''പരിശ്രമം ചെയ്താൽ എന്തിനേയും വശത്തിലാക്കാൻ കഴിവുള്ളവണ്ണം ദീർഘങ്ങളാം കൈകളെ നൽകിയത്രെ മനുഷ്യനെ പാരിലേക്കയച്ചതീശൻ''**. അടിയറവു പറയാൻ വളരെ എളുപ്പമാണ്. ഒന്നുകിൽ ഭയംകൊണ്ട്, അല്ലെങ്കിൽ നിവർത്തികേട്കൊണ്ട്. രണ്ടായാലും അത് മനസ്പറയുന്ന കാര്യമാണ്. എത്ര പ്രോത്സാഹനം കിട്ടിയാലും ആത്മവിശ്വാസമില്ലാതെ ഒരു പ്രതിസന്ധിയും ആർക്കും തരണം ചെയ്യുവാനാവില്ല. അകപ്പെടുന്ന സാഹചര്യങ്ങളിൽ തനതു കഴിവും പ്രയത്നവും പുറത്തെടുത്തെ മതിയാകൂ. ഉടനടി പരിഹാരമുണ്ടാക്കുക എന്നതിനെക്കാൾ പ്രധാനം പരിഹാരമുണ്ടാകുന്നതുവരെ പിടിച്ചു നിൽക്കുക, പരിശ്രമിക്കു എന്നതാണ്. ഒരുമിച്ചുള്ള പോരാട്ടം ആയാസരഹിതമാണ്. ഒറ്റയ്ക്കുള്ള പ്രതിരോധങ്ങൾക്ക് കൂടുതൽ വീറും വാശിയും വേണം. കൂടെയുള്ളവർ എല്ലാം കീഴടങ്ങുന്നതും വിടവാങ്ങുന്നതും കണ്ട് ഒറ്റപ്പെട്ട അവസ്ഥയിൽ സ്വയം തളരാതെ നിൽക്കുക എന്നതാണ്, അതിജീവനത്തിന്റെ ആദ്യപാഠം. എന്തുവന്നാലും ഒരു കൈ നോക്കാൻ തീരുമാനിച്ചവർക്ക് ബലമായി ആയിരം കൈകളുയരും. സാഹചര്യം അനുകൂലമല്ലെങ്കിൽ അനുകൂലമായ സാഹച്യം ഉണ്ടാക്കിയെടുക്കണം. **''അധ്വാനിക്കുന്നവരും, ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ, എന്റെ**

www.malankaralibrary.com

**നുകം വഹിക്കുകയും എന്നിൽ നിന്ന് പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും. എന്തെന്നാൽ, എന്റെ നുകം വഹിക്കാനെളുപ്പമുള്ളതും ചുമട് ഭാരം കുറഞ്ഞതുമാണ്.** (മത്താ 11:28–30)

## പ്രാർത്ഥന

**''അൽപകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്ക് വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം അഗ്നി ശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വില യേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം).** (1 പത്രോ 1:6–7) കാരുണ്യവാനായ കർത്താവേ, പരാജയം വിജയത്തിന്റെ മുന്നോടിയാണെന്ന ബോധ്യം നീ ഞങ്ങൾക്ക് നൽകണമേ. ഏത് പ്രതികൂലസാഹചര്യത്തിലും, എത്ര പരാജയം ജീവിതത്തിൽ ഉണ്ടാ യാലും അതിലേക്ക് ശ്രദ്ധയൂന്നാതെ, നിന്നിൽ ദൃഷ്ടിയുറപ്പിച്ച് മുന്നോട്ട് പോകുവാനുള്ള കൃപ നീ നൽകേണമേ. കർത്താവായ യേശുവേ, അങ്ങ് കുരിശിൽ ചിന്തിയ രക്തത്താലും, കുരിശിലെ വിജയത്താലും, എന്റെ യും എന്റെ കുടുംബത്തിന്റെയും എല്ലാ പരാജയങ്ങളെയും കുറവുക ളെയും, നിറവുകളാക്കി മാറ്റണമേ. എല്ലാ പൈശാചിക ശക്തികളുടെ ആക്രമണത്തിൽ നിന്നും ഞങ്ങളെ സംരക്ഷിക്കണമേ. നിന്നിൽ വിശ്വ സിക്കുന്നവർ ഒരു നാളും ലജ്ജിതരാകുകയില്ല എന്ന വചനം ഞങ്ങൾ ഓർക്കുന്നു. പരാജയങ്ങളെ വിജയമാക്കി തരുവാൻ കഴിവുള്ള ഒരു തമ്പുരാൻ കർത്താവ് ഞങ്ങൾക്ക് സ്വർഗത്തിൽ ഉണ്ടെന്ന ബോധ്യം കൂടുതൽ അധ്വാനിക്കാനുള്ള ഊർജ്ജം ഞങ്ങൾക്ക് നൽകുന്നുവല്ലോ. ഞങ്ങൾ ഒന്നുകൊണ്ടും ഭാരപ്പെടുന്നില്ല. കർത്താവേ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നവന് ഇല്ലായ്മയെക്കുറിച്ചുള്ള ദുഃഖം ഒരിക്കലും ഉണ്ടാ കുകയില്ലല്ലോ. കർത്താവേ ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും അങ്ങ സന്നിധിയിൽ സമർപ്പിക്കുന്നു. അഞ്ച് അപ്പം കൊണ്ട് 5000 പേരെ തീ റ്റി തൃപ്തിപ്പെടുത്തുകയും 12 കുട്ട അധികം വരുത്തുകയും ചെയ്ത ദൈവമേ, ഞങ്ങളുടെ പരാജയപ്പെട്ട പ്രവർത്തനങ്ങളെ, പത്രോസിന്റെ മീൻ പിടുത്തംപോലെ നിനക്ക് സമർപ്പിക്കുന്നു. നിന്റെ ഹിതം അനു സരിച്ച് വലയെറിയുവാനുള്ള കൃപതരുമാറകണമേ. ആമേൻ.

www.malankaralibrary.com

13

# നൂലിൽ കെട്ടി ഇറക്കിയ ദൈവം

**''ഇത് കർത്താവിന്റെ പ്രവൃത്തിയാണ്; നമ്മുടെ ദൃഷ്ടിയിൽ ഇത് അത്ഭുതകരമായിരിക്കുന്നു.''** (മർക്കോ 12:11)

ഇളയമകൻ പഠിത്തംകഴിഞ്ഞ് ജോലിയൊന്നും കിട്ടാതെ നാട്ടിൽ നിൽക്കുന്ന സമയത്ത്, അന്നത്തെ ഞങ്ങളുടെ ഇടവക വികാരി റവ. ഫാദർ തോമസ് കുരുവിള ഒ.ഐ.സി. ചുനക്കര ബഥനി ആശ്രമത്തോട് ചേർന്നുള്ള ചെറുപുഷ്പ ബഥനീ സീനിയർ സെക്കൻഡറി സ്കൂളിൽ മകനെ അക്കൗണ്ടന്റ് ആയി നിയമിച്ചു. ഏകദേശം ഒരു വർഷക്കാലം ആ ജോലിയിൽ തുടർന്നു. അങ്ങനെയിരുന്നപ്പോഴാണ് പെരുവണ്ണാമൂഴിയിലുള്ള ശാലോം റ്റി.വി. ട്രാൻസ്മിഷൻ സെക്ഷനിൽ മറ്റൊരു ജോലി ലഭിക്കുന്നത്. രണ്ടു വർഷകാലം അവിടെ തുടർന്നു, കാരണം ഒരു യുവാവായിരിക്കുമ്പോൾ കുറച്ചു നാൾ സുവിശേഷവേല ചെയ്യുന്നത് ഒരു ഭാഗ്യമായി കരുതി. കോഴിക്കോട്വരെയും, തുടർന്ന് 50 കി.മി. ദൂരം യാത്ര വളരെ ദുഷ്കരമായിരുന്നു. എന്റെ മൂന്നാർ, സൂര്യനെല്ലി, നെടുങ്കണ്ടം 4 വർഷക്കാലത്തെ സർവ്വീസും എനിക്ക് ദുഷ്കരമായതുപോലെ തന്നെയായിരുന്നു ഇതും. എന്നാൽ ഇത് ഒരു സുവിശേഷവേലയുംകൂടിയായതിനാൽ അതിൽ അവൻ സംതൃപ്തി കണ്ടെത്തി. **''നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം സദാ സമൃദ്ധമായി ഉണ്ടാകാനും സത്കൃത്യങ്ങൾ ധാരാളമായി ചെയ്യാനും വേണ്ട എല്ലാ അനുഗ്രഹങ്ങളും സമർത്ഥമായി നൽകുവാൻ കഴിവുള്ളവനുമാണ് ദൈവം.''** (2കോറി 9:8)

അനേകം യുവതീയുവാക്കന്മാരുടെ വിവാഹം പല കാരണങ്ങളാൽ

www.malankaralibrary.com

നടക്കാതിരിക്കുന്ന കാലഘട്ടമാണല്ലോ ഇത്. കാര്യമായ ശമ്പളം ലഭിക്കുന്ന ഒരു ജോലി ഇല്ലാത്തതിനാൽ, മകന്റെ വിവാഹത്തെക്കുറിച്ച് അൽപം ആശങ്ക മനസ്സിൽ തങ്ങി. എങ്കിലും പ്രതീക്ഷിക്കാത്ത സമയത്ത് ശാലോമിൽ ജോലി കിട്ടിയതുപോലെ ദൈവം തക്കസമയത്ത് പ്രവർത്തിക്കും എന്ന വിശ്വാസം മനസ്സിൽ ഉറപ്പിച്ചു. രണ്ടു മക്കളും വൈദികരായതിനാൽ, പലപ്പോഴും മറ്റു വൈദികർ അവരുടെകൂടെ ഭവനത്തിൽ വരാറുണ്ടായിരുന്നു. അവരുടെ പ്രാർത്ഥനയും ലഭിക്കുമായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഒരു ദിവസം, ഒരു വൈദികനും രണ്ടാമത്തെ മകനും കൂടി വീട്ടിൽ വന്നു. പതിവുപോലെ സംഭാഷണവും മറ്റും നടക്കുന്നതിനിടയിൽ, അദ്ദേഹം ഒരു കല്യാണാലോചന നടത്തി; തന്റെ മുൻ ഇടവകയിലെ ഒരു കുടുംബത്തിലെ ഒരു പെൺകുട്ടി, നിങ്ങളുടെ കുടുംബത്തിന് പറ്റിയ ഒരു കുട്ടിയാണ് എന്ന് അച്ചൻ തീർത്തു പറഞ്ഞു. അന്വേഷിച്ചപ്പോൾ അറിഞ്ഞു; അമ്മമാർ രണ്ടുപേരും ഒരു മിച്ച് കറ്റാനം സ്കൂളിൽ പഠിപ്പിച്ചിരുന്ന ടീച്ചർമാർ ആണെന്നും, ആ ടീച്ചർ എന്റെ മകൻ മെൽവിനെ പഠിപ്പിച്ചിട്ടുണ്ടെന്നും. **''ദൈവമായ കർത്താവ് തന്റെ ദൂതനെ നിനക്ക് മുൻപേ അയക്കും; നീ അവിടെനിന്ന് എന്റെ മകന് ഒരു ഭാര്യയെ കണ്ടെത്തുകയും ചെയ്യു.''** (ഉൽപ്പത്തി 24:7) എന്ന് അബ്രഹാം തന്റെ സേവകനോട് പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. പൂവ് ചോദിച്ചവന് ദൈവം ഒരു പൂന്തോട്ടം തന്നെ സമ്മാനിച്ച അനുഭവമാണ് ഇപ്പോൾ ഞങ്ങൾക്ക് ലഭിച്ചത്. ഒരു നല്ല മരുമകളെയാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ കിട്ടിയത് ഒരു മകളെത്തന്നെ. പെൺമക്കൾ ഇല്ലാതിരുന്ന ഞങ്ങൾക്ക് കിട്ടിയ സന്തോഷം, അവാച്യംതന്നെ. **''സങ്കീർത്തനങ്ങളാലും, ഗാനങ്ങളാലും, ആത്മീയഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവീൻ. ഗാനാലാപങ്ങളാൽ പൂർണ്ണഹൃദയത്തോടെ കർത്താവിനെ പ്രകീർത്തിക്കുവിൻ. എപ്പോഴും എല്ലാറ്റിനും വേണ്ടി നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിക്കുവിൻ.''** (എഫേസോസ് 5:19–20)

നാം ദൈവത്തോട് എന്തുചോദിച്ചാലും കാരുണ്യവാനായ ദൈവം, അത് നമുക്കുപകാരപ്രദമെങ്കിൽ, തീർച്ചായായും നൽകും. **''ചോദിക്കുവിൻ, നിങ്ങൾക്ക് ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്ക് തുറന്ന് കിട്ടും. ചോദിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന് തുറന്നുകിട്ടുകയും ചെയ്യുന്നു. മകൻ അപ്പം ചോദിച്ചാൽ കല്ലുകൊടുക്കുന്ന ആരെങ്കിലും നിങ്ങളിൽ ഉണ്ടോ? അഥവാ മീൻ ചോദിച്ചാൽ പാമ്പിനെ കൊടുക്കുമോ? മക്കൾക്ക് നല്ല വസ്തുക്കൾ കൊടുക്കണമന്ന്**

www.malankaralibrary.com

**ദുഷ്ടരായ നിങ്ങൾ അറിയുന്നുവെങ്കിൽ, നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയോകൂടുതൽ നന്മകൾ നൽകും''** (മത്തായി 7:7–11)

ഒരിക്കൽ ഒരു കൊച്ചു കുട്ടി തന്റെ അമ്മയോടുകൂടി തൊട്ടടുത്തുള്ള ഒരു കടയിൽ പോയി. ഈ കുട്ടിയുടെ ചെറിയ കുസൃതികൾ കണ്ടപ്പോൾ കടക്കാരന് അവളെ ഇഷ്ടപ്പെട്ടു. നിന്റെ കൈ, ആ ഭരണിയിൽ ഇട്ട് നിനക്ക് ആവശ്യത്തിനുള്ള മിഠായി എടുത്തുകൊള്ളാൻ കടക്കാരൻ പറഞ്ഞു. എന്നാൽ ആയാൾ പല പ്രാവശ്യം പറഞ്ഞിട്ടും കുട്ടി എടുത്തില്ല. അപ്പോൾ ആ കടക്കാരൻ തന്നെ തന്റെ കൈയ്യിട്ട് അതിൽ നിറയെ മധുരമുള്ള മിഠായി വാരിയെടുത്ത് കുട്ടിക്ക് കൊടുത്തു. അവൾ തന്റെ രണ്ടുകൈകളും നീട്ടി അത് സ്വീകരിച്ചു. വീട്ടിലേക്കുള്ള യാത്രയിൽ അമ്മ ചോദിച്ചു. മകളെ, അയാൾ എടുക്കാൻ പറഞ്ഞപ്പോൾ നീ എന്താണ് എടുക്കാഞ്ഞത്? അമ്മേ എന്റെ കുഞ്ഞ് കൈകൊണ്ട് ഞാൻ വാരിയാൽ നാലോ അഞ്ചോ മിഠായി മാത്രമല്ലേ കിട്ടുകയുള്ളു; എന്നാൽ അദ്ദേഹത്തിന്റെ വലിയ കൈകൊണ്ട് വാരിയപ്പോൾ പത്തുപതിനഞ്ചോളം മിഠായി കിട്ടി എന്ന് മറുപടി പറഞ്ഞു. **''നിങ്ങൾ ഉദാരശീലരാകേണ്ടതിന് ദൈവം നിങ്ങളെ സമ്പന്നരാക്കുകയും അത് ഞങ്ങളിലൂടെ ദൈവത്തിന് കൃതജ്ഞതാ സ്തോത്രമായി പരിണമിക്കുകയും ചെയ്യും.''** (2കോറി 9:11)

നമ്മുടെ ജീവിതത്തിൽ ദൈവം തന്റെ അളവനുസരിച്ച് നമ്മുടെ കൈയ്യിൽ ഇട്ടുതരുന്ന സമയം വരെ നാം കാത്തിരിക്കണം. ദൈവത്തിന്റെ അളവുകൾ നമ്മുടെ അളവിനെക്കാൾ എത്രയോ വലുതാണ്. മാനുഷിക കണക്കുകൂട്ടലുകൾക്ക് പരിധിയുണ്ട്. നമ്മുടെ അളവുകൾ നമ്മുടെ സാഹചര്യങ്ങളിൽ ഒതുങ്ങിനിൽക്കുന്നു. അപ്പോഴാണ് നാം ദൈവിക കരുതലുകളിൽ ആശ്രയിക്കേണ്ടത്. നമ്മുടെ ദൈവത്തിന് ഒരിക്കലും തെറ്റുപറ്റുകയില്ല. ദൈവത്തിന്റെ അളവുകൾ ചെറുതല്ല. നിന്റെ ആവശ്യങ്ങളെക്കാൾ കൂടുതൽ തരുവാൻ ദൈവത്തിന് കഴിയും. അഞ്ചപ്പംകൊണ്ട് 5000 പേർ ഭക്ഷിച്ചു തൃപ്തിവന്നിട്ട് 12 കുട്ട അധികം വന്നു. 7 അപ്പം കൊണ്ട് 7000 പേർ ഭക്ഷിച്ചു തൃപ്തരായിട്ട് 7 കുട്ട അപ്പം അധികം വന്നു. നീ ദൈവത്തിൽ ആശ്രയിച്ച് ദൈവിക പദ്ധതികളിൽ വിശ്വസിച്ചാൽ, നീ എടുക്കുന്നതിനെക്കാൾ ഇരട്ടി പങ്ക് ദൈവം തക്കസമയത്ത് നിനക്ക് തരും. ദൈവത്തിന്റെ വഴികളിൽ അളവുകളിൽ, ആലോചനകളിൽ, ജ്ഞാനത്തിൽ നമുക്ക് ആശ്രയിക്കാം. **''താൽപര്യത്തോടെയാണ് നൽകുന്നതെങ്കിൽ ഒരുവന്റെ കഴിവ് അനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കും.; കഴിവില്ലായ്മ കണക്കാക്കേണ്ടതില്ല''** (2കോറി 8:12)

www.malankaralibrary.com

മൂന്ന് മക്കളിൽ രണ്ടുപേരും വൈദികരായതിനാൽ ഇളയമകനായ മെൽവിന്റെ വിവാഹമെങ്കിലും ആഘോഷമായി എല്ലാവരേയും പങ്കെടുപ്പിച്ച് നടത്തണം എന്ന് ആഗ്രഹിച്ചിരുന്നു. ഞങ്ങളുടെ ഇടവക ദേവാലത്തിന്റെ പാരീഷ്ഹാൾ ചെറുതായതിനാൽ തൊട്ടടുത്തുള്ള മാർത്തോമ്മാപള്ളിയുടെ വലിയ പാരീഷ്ഹാൾ ബുക്ക് ചെയ്തു. വൈദികരും സന്യസ്ഥരും അത്മായരുമായി അനേകംപേരെ ക്ഷണിക്കുകയും ചെയ്തു. ഭക്ഷണത്തിന് പ്രമുഖ കാറ്ററിംഗ് കാരേയും ഏർപ്പെടുത്തി. എന്നാൽ കൊറോണ എന്ന രോഗം എല്ലാ പദ്ധതികളും തകിടം മറിച്ചു. വിവാഹം മാറ്റിവയ്ക്കേണ്ടതായി വന്നു. പിന്നീട് 27-ാം വയസ്സിൽ, മെൽവിന്റെ വിവാഹം കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചെറിയ രീതിയിൽ ഭംഗിയായി നടത്തുവാനാണ് ദൈവം അനുവദിച്ചത്. ശാലോമിൽ ശുശ്രൂഷ ചെയ്യുന്നതിന്റെ അനുഗ്രഹമാണ് മെൽവിന് ലഭിച്ചതെന്ന് ഞാൻ വിശ്വസിക്കുന്നു. **''ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച്, വിളിക്കപ്പെട്ടവർക്ക്, അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്ന് നമുക്കറിയാമല്ലോ.''** (റോമാ 8:28).

ബഥനി ആശ്രമത്തിൽ മൂന്നു വർഷം പഠനം നടത്തിയത് എന്റെ ജീവിതത്തിന് ദൈവാനുഗ്രഹം നേടിത്തന്നു എന്ന് ഞാൻ വിശ്വസിക്കുന്നു. ആത്മീയരംഗത്തും, പഠനരംഗത്തും സ്പോർട്സ് രംഗത്തും എല്ലാം എനിക്ക് ബേസിക് ട്രെയിനിംഗ് കിട്ടിയത് ബഥനി ആശ്രമത്തിലെ ജീവിതകാലത്താണ്. അങ്ങനെ ഒരു ദൈവപൈതലായി ജീവിക്കുവാൻ എനിക്ക് സാധിച്ചു. അതിന്റെ അനുഗ്രഹമാണ് പിന്നീടുള്ള ജീവിതത്തിൽ എനിക്ക് ലഭിച്ച എല്ലാ നേട്ടങ്ങളും. ഇപ്പോഴും ദൈവത്തിന്റെ അദൃശ്യമായ കരം എന്നെ വഴിനടത്തുന്നു. ഇതുപോലെ തന്നെ മെൽവിന്റെ ശാലോം ശുശ്രൂഷ, അവന്റെ ജീവിതത്തിൽ ദൈവം പ്രത്യേകമായി ഇടപെടുവാൻ കാരണമായി. **''ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നിൽക്കുവിൻ, അവിടുന്ന് തക്കസമയത്ത് നിങ്ങളെ ഉയർത്തികൊള്ളും.''** (1 പത്രോസ് 5:6).

## പ്രാർത്ഥന

**''ഇക്കാരണത്താൽ പുരുഷൻ പിതാവിനെയും മാതാവിനെയും വിട്ട് ഭാര്യയോടു ചേരും. അവർ രണ്ടു പേരും ഒന്നാവുകയും ചെയ്യും. ഇതൊരു വലിയ രഹസ്യമാണ്. സഭയോടും ക്രിസ്തുവിനോടും ബന്ധപ്പെടുത്തിയാണ് ഞാൻ ഇതു പറയുന്നത്. ചുരുക്കത്തിൽ നിങ്ങളിൽ ഓരോ**

www.malankaralibrary.com

**വ്യക്തിയും തന്നെപ്പോലെ തന്നെ ഭാര്യയെ സ്നേഹിക്കണം. ഭാര്യയാകട്ടെ ഭർത്താവിനെ ബഹുമാനിക്കുകയും വേണം.''** (എഫേ 5:31-33) കാരുണ്യവാനായ കർത്താവേ, അബ്രഹാമിന് സാറയേയും, ഇസഹാക്കിന് റെബേക്കയേയും, യാക്കോബിന് റാഹേലിനേയും നീ കൂട്ടി യോജിപ്പിച്ചുവല്ലോ. എന്റെ മകന്റെ ജീവിതത്തിന് പറ്റിയ ജീവിത പങ്കാളിയെ നീ യോജിപ്പിച്ചു തന്നതിനാൽ നിന്നെ സ്തുതിക്കുന്നു. വാർദ്ധക്യം വരെയും ഇവരോടൊത്തു ജീവിക്കാനുള്ള കൃപ നീ ഞങ്ങൾക്ക് നൽകേണമേ. ഇവർക്ക് സന്താനസൗഭാഗ്യം നൽകി അനുഗ്രഹിക്കണമേ. സഭയുടെ സുവിശേഷമേഖലകളിൽ, ഭക്തസംഘടനകളിൽ ചേർന്ന് പ്രവർത്തിക്കാനുള്ള അനുഗ്രഹം അവർക്കും ഞങ്ങൾക്കും നീ നൽകണമേ. ആമേൻ.

www.malankaralibrary.com

# Part - 2
## ശുശ്രൂഷ മേഖലകൾ

www.malankaralibrary.com

14

# വിൻസെൻഷ്യൻ ശുശ്രൂഷ

**''സത്യമായി ഞാൻ നിങ്ങളോട് പറയുന്നു; ഈ ഏറ്റവും എളിയവന് നിങ്ങളിത് ചെയ്യാതിരുന്നപ്പോൾ എനിക്ക് തന്നെയാണ് ചെയ്യാതിരുന്നത്.''**(മത്തായി 25:45)

ലോകത്തിലെ ഏറ്റവും വലിയ കത്തോലിക്കാ അൽമായ സംഘടനയായ Society of St.Vincent de Paul, 1833 ൽ ഫ്രെഡറിക് ഓസാനം എന്ന 20 വയസ്സ് മാത്രം പ്രായമുള്ള ഒരു യുവാവിന്റെ നേതൃത്വത്തിൽ പാരീസിൽ രൂപം കൊണ്ടു. ഈ സംഘടന ഇന്ന് വളർന്ന് പന്തലിച്ച് നൂറ്റിയൻപതോളം രാജ്യങ്ങളിൽ 16 ലക്ഷത്തിൽപരം അംഗങ്ങളിലൂടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ആദ്ധ്യാത്മികതയാണ് ഈ സംഘടനയുടെ നട്ടെല്ലും ചാലകശക്തിയും. ആത്മീയവും ശാരീരികവുമായ ആവശ്യങ്ങളിൽ, ശത്രുക്കളെപ്പോലും സ്നേഹത്തോടെ പരിചരിക്കുവാനും, അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും കഴിവുള്ളവരായിരിക്കണം ഓരോ വിൻസെൻഷ്യനും. **''നിനക്ക് ചെയ്യാൻ കഴിവുള്ള നന്മ, അത് ലഭിക്കുവാൻ അർഹതയുള്ളവർക്ക് നിഷേധിക്കരുത്''** (സുഭാഷിതം 3:27). 1833 ൽ ആരംഭിച്ച ഈ സംഘടനയുടെ ആപ്തവാക്യം **''എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന്, നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ, എനിക്ക് തന്നെയാണ് ചെയ്തുതന്നത്.''** (വി. മത്തായി 25:40), എന്ന ബൈബിൾ വാക്യമാണ്. 1845 ൽ ഗ്രിഗറി മാർപ്പാപ്പ സൊസൈറ്റിയെ തിരുസഭയിലെ അൽമായ സംഘടനയായി അംഗീകരിച്ചു.

ഒരുവൻ വിശ്വാസിയായതുകൊണ്ടുമാത്രം ഒരു സത്യക്രിസ്ത്യാനി

www.malankaralibrary.com

യാകണമെന്നില്ല. അവന്റെ കറയറ്റ വിശ്വാസം പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കണം. **''എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്ത് മേന്മയാണ് ഉള്ളത്. ഈ വിശ്വാസത്തിന് അവനെ രക്ഷിക്കുവാൻ കഴിയുമോ? ഒരു സഹോദരനോ, സഹോദരിയോ, ആവശ്യത്തിന് ഭക്ഷണമോ, വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിന് ആവശ്യമായത് അവർക്ക് കൊടുക്കാതെ, സമാധാനത്തിൽ പോകുക, തീ കായുക, വിശപ്പടക്കുക, എന്നൊക്കെ അവനോട് പറയുന്നെങ്കിൽ എന്തു പ്രയോജനം. പ്രവൃത്തികൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്.''** (യാക്കോബ് 2:14–17). ഈ ബൈബിൾ വാക്യമനുസരിച്ച് ദുരിതമനുഭവിക്കുന്നവരിൽ ക്രിസ്തുവിന്റെ മുഖം ദർശിച്ചുകൊണ്ട് ത്യാഗത്തിലൂടെ അവരുടെ കണ്ണീരൊപ്പുവാൻ സൊസൈറ്റിയിലെ ഓരോ അംഗവും തങ്ങളുടെ സമയത്തിന്റേയും, സമ്പത്തിന്റേയും, കഴിവിന്റേയും ഓരോഹരി സഹോദരങ്ങൾക്കു വേണ്ടി മാറ്റി വയ്ക്കുന്നു.

തിരുസഭയിൽ അൽമായരുടെ പ്രവർത്തനങ്ങൾക്ക് പ്രസക്തിയേറുന്ന കാലഘട്ടമാണിത്. മറ്റ് ദൈവവിളികൾ സ്വീകരിച്ചിരിക്കുന്നവർക്ക് കടന്നു ചെല്ലാൻ പറ്റാത്ത മേഖലകളിൽ എത്തിപ്പെടുവാൻ, അൽമായർക്ക് കഴിയും. ലോകവ്യാപകമായ ഈ സൊസൈറ്റിയുടെ പ്രാദേശികമായ പ്രധാനപ്പെട്ട ഘടകമാണ്, ഓരോ ഇടവകകളിലും പ്രവർത്തിക്കുന്ന കോൺഫറൻസുകൾ. വികസ്വരരാജ്യങ്ങളിലെ പാവപ്പെട്ടവരെ സഹായിക്കുവാൻ, വികസിതരാജ്യങ്ങളിലെ അംഗങ്ങൾ മുൻപോട്ട് വരുന്നുണ്ട്. **''ചില സ്ഥലങ്ങളിൽ ഭൂമിയുടെ ഉപ്പായി പ്രവർത്തിക്കുവാൻ അൽമായരിലൂടെ മാത്രമേ സാധിക്കുകയുള്ളൂ''** (പോപ്പ് പീയൂസ് XI)

സൊസൈറ്റിയുടെ ഇൻഡ്യയിലെ പ്രഥമശാഖ 1859 ൽ കൽക്കട്ടായിൽ സ്ഥാപിതമായി. കേരളത്തിൽ കോഴിക്കോട്, മദർ ഓഫ് ഗോഡ് കോൺഫറൻസിനാണ് 1881–ൽ ആദ്യമായി കൗൺസിൽ ജനറലിന്റെ അഗ്രഗേഷൻ ലഭിച്ചത്. കാലാന്തരത്തിൽ അതിവേഗം പടർന്ന് പന്തലിച്ച്, ഇന്ന് സൊസൈറ്റി എല്ലാ രൂപതകളിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്നു.

ദുർബലരോടും ദുരിതമനുഭവിക്കുന്നവരോടും യേശുനാഥൻ പ്രകടിപ്പിച്ച സ്നേഹവും കരുണയും പരിഗണനയും സ്വ ജീവിതത്തിൽ പകർത്തിയ മഹാ വിശുദ്ധനായ വിൻസന്റ് ഡി പോളിനെ തന്നെയാണ്, ഓസനാം സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥനായി തെരഞ്ഞെടുത്തത്. അതിനാലാണ് ഈ സംഘടനയ്ക്ക് സൊസൈറ്റി ഓഫ് സെന്റ് വിൻസന്റ് ഡി പോൾ എന്ന പേര് ലഭിച്ചത്. ക്രിസ്തീയ ഉപവി അതിന്റെ

www.malankaralibrary.com

പൂർണതയിൽ നടപ്പിലാക്കിക്കൊണ്ട്, നമ്മുടെയും മറ്റുള്ളവരുടേയും നിത്യരക്ഷ ഉറപ്പാക്കുക എന്നതാണ് ഈ സംഘടനയുടെ അടിസ്ഥാനലക്ഷ്യം. ഇന്ന് വ്യക്തികളിലും കുടുംബങ്ങളിലും സമൂഹത്തിലും സ്നേഹത്തിന്റെ ഉറവ വറ്റി വരളുകയാണ്. മനുഷ്യൻ അവനവനിലേക്ക് ഒതുങ്ങുകയാണ്. ഉപഭോഗ സംസ്ക്കാരവും, സുഖതൃഷ്ണയും അധികാര ദുർമോഹവും, മനുഷ്യത്വമില്ലായ്മയും കൊടികുത്തിവാഴുന്നു. ഈ അവസ്ഥയിൽ നിന്ന് മനുഷ്യ സമൂഹത്തെ രക്ഷിക്കുവാൻ ക്രൈസ്തവ സ്നേഹപ്രവൃത്തികൾക്കു മാത്രമേ സാധിക്കുകയുള്ളു. ലോകത്തിൽ ദാരിദ്ര്യം നിലനിൽക്കുന്നത് സമ്പത്തിന്റെ കുറവു കൊണ്ടല്ല, പിന്നെയോ അതിന്റെ ദുർവിനിയോഗവും, പങ്കുവെയ്ക്കുവാനുള്ള സന്മനസ്സിന്റെ കുറവു കൊണ്ടുമാണ്.

**''ഞാൻ മനുഷ്യരുടേയും, ദൈവദൂതന്മാരുടേയും ഭാഷയിൽ സംസാരിച്ചാലും, എനിക്ക് സ്നേഹമില്ലെങ്കിൽ, ഞാൻ മുഴങ്ങുന്ന ചേങ്കിലയോ, ചിലമ്പുന്ന കൈത്താളമോ ആണ്''.** (1 കോറി 13:1) യാതൊരു തത്വദീക്ഷയുമില്ലാതെ മനുഷ്യർ ഇന്ന് സമ്പത്തിന്റെ പുറകെ നെട്ടോട്ടമോടുകയാണ്. എത്രകിട്ടിയാലും മതിവരാത്ത ധനതൃഷ്ണ മനുഷ്യരെ ബാധിച്ചിരിക്കുന്നു. ധനസമ്പാദനത്തിന് വേണ്ടി ഏത് ഹീനമാർഗ്ഗവും, സ്വീകരിക്കുവാൻ അവന് യാതൊരു മടിയുമില്ല. മനസാക്ഷിക്ക് മരവിപ്പ് ബാധിച്ചിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സമ്പത്ത് ദൈവത്തിന്റെ ദാനം ആണന്നും, അത് മററുള്ളവരുമായി പങ്ക് വയ്ക്കുവാനുള്ളതാണെന്നും, സമൂഹത്തെ ബോധ്യപ്പെടുത്തുവാൻ, ദാനധർമ്മത്തിലൂടെയും, രഹസ്യപിരിവിലൂടെയും മറ്റും സമാഹരിക്കുന്ന നിക്ഷേപം കൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങൾ സാ്ക്ഷ്യപ്പെടുത്തുന്നു. **''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ, നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ''** (യോഹ 13:35)

വിദ്യാഭ്യാസം മനുഷ്യനെ പൂർണനാക്കുകയും ജീവിതമാർഗം കണ്ടെത്തുവാൻ പ്രാപ്തനാക്കുകയും ചെയ്യുന്നു. ഇന്ന ഭാരതത്തിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസത്തിലും, സാക്ഷരതയിലും, ആരോഗ്യശീലങ്ങളിലുമൊക്കെ കേരളം മുൻപന്തിയിലാണ്. എന്നാലും പട്ടിണിയും പരിവട്ടവുമായി കഴിയുന്ന അനേകം കുടുംബങ്ങളിലെ കുട്ടികൾക്ക് വേണ്ട രീതിയിലുള്ള വിദ്യാഭ്യാസം ലഭിക്കുന്നില്ല. ഈ രംഗത്തും, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സമർത്ഥരായ കുട്ടികളെ ദത്തെടുത്തുകൊണ്ട് സ്കോളർഷിപ്പുകൾ നൽകി പ്രോൽസാഹിപ്പിക്കുന്നു.

**''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്''** (മത്തായി 9:13) ലോകത്തിലെ മറ്റേത് സംഘടനയിൽ നിന്നും വ്യത്യസ്തമായാ

www.malankaralibrary.com

ണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പ്രവർത്തിക്കുന്നത്. ഇതിന്റെ പ്രവർത്തകർ ആരും തന്നെ പേരിനും പ്രശസ്തിക്കും വേണ്ടി ഒന്നും തന്നെ ചെയ്യുന്നില്ല. വിശ്വാസത്തെയും, ജീവിതത്തെയും പൊരുത്തപ്പെടുത്തിക്കൊണ്ട് പോവുക പ്രയാസമുള്ള ഈ കാലഘട്ടത്തിൽ, പരസ്പര പൂരകങ്ങളായി, വിശ്വാസത്തിന് അനുസൃതമായി ജീവിക്കുവാനും പ്രവർത്തിക്കുവാനും വേണ്ടി വിളക്കപ്പെട്ടവരാണ് വിൻസെൻഷ്യൻ അംഗങ്ങൾ. **''ദരിദ്രരോട് ദയകാണിക്കുന്നവൻ ഭാഗ്യവാൻ, കഷ്ടതയുടെ നാളുകളിൽ കർത്താവ് അവനെ രക്ഷിക്കും.''** (സുഭാ 4:1) വേദനിക്കുന്ന മനുഷ്യരിൽ ആശ്വാസത്തിന്റെ കിരണങ്ങൾ വീശുവാൻ പ്രവർത്തിക്കുന്ന വിൻസന്റ് ഡി പോൾ സഖ്യത്തിന് പ്രത്യാശാസുന്ദരമായ ഒരു ഭാവിലോകം വാർത്തെടുക്കുവാൻ സാധിക്കും. ക്രിസ്തുവിന്റെ രക്ഷാകരദൗത്യത്തിൽ പങ്കു ചേരുന്ന വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ ആദ്ധ്യാത്മികവും, ലൗകികവുമായ മനുഷ്യോന്നമനത്തിനാണ് ശ്രമിക്കുന്നത്. വേദനിക്കുന്നവരെ ആശ്വസിപ്പിക്കുമ്പോഴും, രോഗികൾക്ക് ചികിൽസാസഹായം നൽകുമ്പോഴും, ഭവനമില്ലാത്തവർക്ക് ഭവനം പണിത് നൽകുമ്പോഴും, വിദ്യാഭ്യാസസഹായം ചെയ്യുമ്പോഴും, ക്രിസ്തുവിന്റെ സ്നേഹസന്ദേശമാണ് പ്രാവർത്തികമാക്കുന്നത്.

സാധുജനസേവനവും ഭവനനിർമ്മാണവും, രോഗീശുശ്രൂഷയും മാത്രമല്ല സഖ്യത്തിന്റെ പ്രവർത്തനങ്ങൾ. ധനികരും ദരിദ്രരും ഇടത്തക്കാരും പണ്ഡിതരും പാമരരും എന്നല്ല എല്ലാ മനുഷ്യരേയും ഒന്നിച്ചുകൊണ്ടുപോകുന്ന ഐക്യകൂട്ടായ്മയുടെ സാഹോദര്യസംഘടനകൂടിയാണ് ഇത്. പ്രതിഫലേച്ഛ കൂടാതെ നിസ്വാർത്ഥ സേവനം ചെയ്യുന്ന ഈ സംഘടന ഇന്നിന്റെ ഏറ്റവും വലിയ ആവശ്യമാണ്. ക്രിസ്തുവിന്റെ ധീര അൽമായ പ്രേഷിതരാകുവാൻ ഈസംഘടനയിലൂടെയുള്ള ദൈവവിളി ഓരോ അൽമായനും ഏറ്റെടുക്കണം.

മാവേലിക്കര രൂപത തുടങ്ങുന്നതിന് മുൻപ് തന്നെ, തിരുവനന്തപുരം അതിരൂപതയിലായിരുന്ന കാലഘട്ടത്തിൽ 1981–ൽ ഞാൻ സൊസൈറ്റിയിൽ അംഗമായിചേർന്നു. തുടർന്ന് കറ്റാനം പർട്ടിക്കുലർ കൗൺസിൽ (ഇപ്പോൾ ഏറിയാ കൗൺസിൽ) പ്രസിഡന്റായി. മാവേലിക്കര രൂപത ആരംഭിച്ചപ്പോൾ, അതിന്റെ ആദ്യ സെൻട്രൽ കൗൺസിൽ പ്രസിഡന്റായി. അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ മുൻപാകെ സത്യപ്രതിജ്ഞ ചെയ്യുകയും, തുടർന്ന് ആറ് വർഷക്കാലം പ്രസിഡന്റായി സേവനം ചെയ്യുകയും ചെയ്തു. ഇപ്പോൾ സീനിയർ വൈസ് പ്രസിഡന്റായി സെൻട്രൽ കൗൺസിലിൽ സേവനം ചെയ്യുന്നു. ഞങ്ങളുടെ ഇടവകയിലെ പ്രാഥമിക യൂണിറ്റായ, വെട്ടിയാർ

www.malankaralibrary.com

സെന്റ് മേരീസ് കോൺഫറൻസിന്റെ പ്രവർത്തനം മാവേലിക്കര രൂപതയ്ക്കും, തിരുവനന്തപുരം അതിരൂപതയ്ക്കും. മാതൃകയായി തുടരുന്നു. **''നിന്റെ ദൈവമായ കർത്താവിനെ സ്നേഹിക്കുകയും, അവിടുത്തെ മാർഗത്തിൽ ചരിക്കുകയും, അവിടുത്തെ കൽപനകളും ചട്ടങ്ങളും പാലിക്കുകയും ചെയ്താൽ നീ ജീവിക്കും; നീ കൈവശമാക്കാൻ പോകുന്ന ദേശത്ത് നിന്റെ ദൈവമായ കർത്താവ് നിന്ന അനുഗ്രഹിച്ച് വർദ്ധിപ്പിക്കും.''** (നിയമ: 30:16) ഭവന നിർമ്മാണം സൊസൈറ്റിയുടെ പ്രധാനപ്പെട്ട ഒരു ഉപവിപ്രവർത്തനം ആണ്. ഞങ്ങളുടെ ഇടവകയിലെ 100 കുടുംബങ്ങളിൽ അനേകം കുടുംബങ്ങൾ കുടിലുകളിലാണ് താമസിച്ചിരുന്നത്. എല്ലാ വർഷും പുതിയ ഓല വാങ്ങി മേയുക പലർക്കും ബുദ്ധിമുട്ടായിരുന്നു. ഓലയിട്ട മിക്കവാറും എല്ലാ വീടുകളും ഓടിട്ടുകൊടുത്തു. ഈ അവസരത്തിൽ എനിക്ക് ഒരു വ്യക്തിപരമായ അനുഭവം ഉണ്ടായി. എന്റെ വീടിന്റെ സമീപത്തുള്ള ഒരു അപ്പാന്റെ വീട് ചോർന്നു കിടക്കുന്നതായി അറിഞ്ഞു. കാണാൻപോയ ഞാൻ കണ്ടത് കട്ടിലിൽ കിടക്കുന്ന കിടപ്പുരോഗിയായ അപ്പാപ്പനെയാണ്. അദ്ദേഹത്തിന്റെ മൂത്ത രണ്ട് മക്കൾക്കും വീട് പുതുക്കി പണിതുകൊടുത്തതിനാൽ, മൂന്നാമനും വീടുനിർമ്മിക്കാൻ സൊസൈറ്റിയിൽ എതിർപ്പായി. സ്വാഭാവികമായും അവരുടെ നിലപാട് ശരിയായിരുന്നു. കാരണം മറ്റു പലർക്കും മുൻഗണനകൊടുക്കണം. ഒരു ദിവസം ഭവന സന്ദർശനത്തിന് പോയപ്പോൾ അദ്ദേഹം വീണ്ടും ഭവന നിർമ്മാണത്തിന്റെ കാര്യം എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു. രണ്ടു മക്കൾക്ക് ഭവനം നിർമ്മിച്ചതിനാൽ മൂന്നാമത്തെ മകന്റെ കാര്യം ഉടനെ നടക്കില്ല എന്ന സൊസൈറ്റിയിൽ എടുത്ത തീരുമാനം ഞാൻ അദ്ദേഹത്തെ അറിയിച്ചു. സന്ദർശനം കഴിഞ്ഞ്, പ്രാർത്ഥനയ്ക്ക്ശേഷം ഞാൻ തിരികെ പോകാൻനേരം അദ്ദേഹം വീണ്ടും പറഞ്ഞു. 'ഷാജീമോനെ, എന്നെമറക്കരുത്' എന്ന്. ഞാൻ പ്രത്യേകിച്ച് ഒന്നുംതന്നെ പറഞ്ഞില്ല. അന്ന് രാത്രി അദ്ദേഹം മരിച്ചു. എന്റെ മനസ്സിൽ വലിയ വിഷമമായി. സൊസൈറ്റിയിൽ പറഞ്ഞിട്ട് കാര്യമില്ലന്നറിയാം. ഞാൻ ഈ വിവരം ഞങ്ങളുടെ വികാരിയച്ചനുമായി ചർച്ചചെയ്തു. സാറിന്റെ വിഷമം ഞാൻ മനസിലാക്കുന്നു. നമുക്ക് മറ്റെന്തെങ്കിലും മാർഗം കണ്ടുപിടിക്കാം എന്ന് പറഞ്ഞ് വികാരിയച്ചൻ എന്നെ ആശ്വസിപ്പിച്ചു. **''ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്; മനം ഉരുകിയവരെ അവിടുന്ന് രക്ഷിക്കുന്നു.''** (സങ്കീ 34:18)

വിൻസന്റ് ഡി പോൾ കാർ അനേകം വീടുകൾവച്ചു കൊടുക്കുന്നുണ്ട്. എന്തുകൊണ്ട് ഇടവകയിൽ നിന്നും നേരിട്ട് ഒരു ഭവനം നിർമ്മിച്ചുകൂടാ. എന്ന് പിറ്റേ ഞായറാഴ്ച അച്ചൻ പള്ളിയിൽ അനൗൺസ് ചെയ്തു. പലരും സംഭാവന നൽകി. ഈ സമയത്ത് ഞങ്ങളുടെ ടൗണിൽ

www.malankaralibrary.com

4 1/2 സെന്റ് സ്ഥലം ഞാൻ വാങ്ങി. സ്ഥലം വാങ്ങാനുള്ള പ്രധാനം കാരണം, ഞങ്ങളുടെ ദേവാലയത്തിന് കുരിശടി നിർമ്മിക്കാൻ ആരും ടൗണിൽ സ്ഥലം തന്നില്ല. ഞാൻ സ്ഥലം കിട്ടിയ ഉടൻ തന്നെ കുരിശു പള്ളിപണി ആരംഭിച്ചു. ഈ സ്ഥലത്ത് ഉണ്ടായിരുന്ന ചായക്കട പൊളിച്ച് അതിന്റെ ഓട്. തടി, കല്ല് എന്നിവ മുഴുവനും ഈ അപ്പാപ്പന്റെ ഭവനനിർമ്മാണത്തിനായി ഉപയോഗിച്ചു. ഇടവകയിൽ നിന്നും കിട്ടിയ സംഭാവന പണിക്കൂലിക്കായി ഉപയോഗിച്ചു. അന്ന് തുച്ഛമായ കാശുണ്ടെങ്കിൽ ഓടിട്ട ഒരു ഭവനം നിർമ്മിക്കാമായിരുന്നു.

ഈ സംഭവം എനിക്ക് കൂടുതൽ പ്രവർത്തിക്കാനുള്ള ഊർജ്ജം തന്നു. മാവേലിക്കര രൂപതയിൽ തന്നെ ഭവനനിർമ്മാണത്തിന് നേതൃത്വം കൊടുക്കാൻ എനിക്ക് സാധിച്ചു. സിസിയുടെ ആഭിമുഖ്യത്തിൽ പല കോൺഫ്രൻസുകളിലും ഭവനം പണിതു. നാം ഒരു കാര്യത്തിന് ദൈവനാമത്തിൽ ഇറങ്ങിത്തിരിച്ചാൽ, ദൈവം വേണ്ടത് ഒരുക്കിത്തരും. **''നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണ് പറയുന്നത്. ഭയപ്പെടേണ്ട. ഞാൻ നിന്നെ സഹായിക്കും.''** (എശയ്യ 41:13)

## പ്രാർത്ഥന

**''വിശക്കുന്നവർക്ക് ഉദാരമായി ഭക്ഷണം കൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നൽകുകയും ചെയ്താൽ നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും; നിന്റെ ഇരുണ്ട വേളകൾ മധ്യാഹ്നം പോലെയാകും.''**(ഏശയ്യാ 58:10) കാരുണ്യവാനായ കർത്താവേ, രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകി പോയിട്ടില്ല. കേൾക്കുവാനാകാത്തവിധം അവിടുത്തെ കാതുകൾക്ക് മാന്ദ്യം സംഭവിച്ചിട്ടില്ലല്ലോ. വിശക്കുന്നവനായി ആഹാരം പങ്കുവയ്ക്കുകയും, ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുകയും നഗ്നനെ ഉടുപ്പിക്കുകയും, സ്വന്തക്കാരിൽ നിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും, ആവശ്യക്കാരന്റെ ആവശ്യം നിറവേറ്റുകയും ചെയ്ത ഒരു നല്ല ശമറിയാക്കാരനെപ്പോലെ ഈ ശുശ്രൂഷ തുടർന്നും ചെയ്യുവാനുള്ള ശക്തി നീ തരണമേ. യുദ്ധം, ഭീകരപ്രവർത്തനങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ എന്നീ ദുരിതങ്ങളാൽ കഷ്ടത അനുഭവിക്കുന്നവരേയും ദാരിദ്ര്യം, രോഗം എന്നിവ മൂലം അവശത അനുഭവിക്കുന്ന എല്ലാ മക്കളേയും അങ്ങേ ഹൃദയത്തിൽ ഇടം നൽകി കാത്ത് പാലിക്കേണമേ. അന്ത്യവിധി ദിവസം, അനുഗ്രഹിക്കപ്പെട്ടവരെ എന്നുള്ള നിന്റെ വിളി കേൾക്കുവാനുള്ള ഭാഗ്യം ഞങ്ങൾക്ക് തരണമേ ആമേൻ..

www.malankaralibrary.com

15

# ജെയിൽ മിനിസ്ട്രി ശുശ്രൂഷ

**''ഞാൻ നഗ്നനായിരുന്നു; നിങ്ങൾ എന്നെ ഉടുപ്പിച്ചു; ഞാൻ രോഗിയായിരുന്നു, നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിലായിരുന്നു, നിങ്ങൾ എന്റെ അടുത്ത് വന്നു.''**(മത്താ 25:36)

വി. മാക്സ് മില്യൺ മരിയ കോൾബേ എന്ന ഫ്രാൻസിസ്ക്കൻ സന്യാസി, തടവറയിൽ കഴിയുന്നവർക്കായി രക്തസാക്ഷിയായതിന്റെ ഓർമ്മയാചരിക്കുന്ന ദിനമാണ് തടവറ പ്രേഷിതദിനം. ജർമ്മൻ തടവറയിലെ അജ്ഞാതനായ ഒരാളെ വെടിവെച്ച് കൊല്ലാൻ അധികാരികൾ ശ്രമിച്ചപ്പോൾ, അയാൾക്ക് പകരം എന്നെ കൊന്നുകൊള്ളു എന്ന് പറഞ്ഞുകൊണ്ട് സ്വയം ജീവൻ ത്യജിച്ചത്, 1941 ആഗസ്റ്റ് 14 ന് ആയിരുന്നു. രണ്ടാം ലോക മഹായുദ്ധകാലത്ത്, കന്യകാമറിയത്തിന്റെ ഭക്തനും മരിയ ഭക്തി പരത്തുന്നതിൽ വ്യാപൃതനുമായിരുന്ന ഈ പോളണ്ട് കാരനെ 1982 ഒക്ടോബർ 10 ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ വിശുദ്ധനായി പ്രഖ്യാപിച്ചു.

മയക്കുമരുന്നിന് അടിമകളാകുന്നവരുടേയും, തടവറകളിൽ കഴിയുന്നവരുടേയും പ്രത്യേക മദ്ധ്യസ്ഥനായിട്ടാണ് ലോകം ഈ രക്തസാക്ഷിയെ വണങ്ങുന്നത്. തടവറയിൽ കഴിയുന്നവരെ, അവജ്ഞയോടെയാണ് ലോകം കണക്കാക്കുന്നത്. കുറ്റം ചെയ്തിട്ടില്ലാത്തവരും; യാദൃച്ഛികമായ കുറ്റകൃത്യത്തിൽപ്പെട്ടു പോയവരും, കരുതിക്കൂട്ടി കുറ്റം ചെയ്തവരുമെല്ലാം ആ കൂട്ടത്തിൽ ഉണ്ട്. ജയിലിൽ കഴിയുന്ന നിരപരാധികളും അപരാധികളുമായ പലരും തെറ്റിനെക്കുറിച്ച് പശ്ചാത്തപിക്കുന്നവരാണ്. മക്കളിൽ നിന്ന് അകന്ന് കഴിയുന്ന മാതാപിതാക്കളും,

www.malankaralibrary.com

മാതാപിതാക്കളെ വിട്ട് കഴിയുന്ന മക്കളും, ഭർത്താവിനെ വിട്ടുകഴിയുന്ന ഭാര്യയും, ഭാര്യയെവിട്ട് ജീവിക്കുന്ന ഭർത്താവുമൊക്കെ സാധാരണ ജീവിതം നയിക്കാനാഗ്രഹിക്കുന്നവരാണ്. ഒരിക്കൽ കുറ്റവാളിയെന്ന് മുദ്ര പതിഞ്ഞുപോയാൽ അതിൽ നിന്നും മോചനം ലഭിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. **''ദൈവത്തിൽ നിന്നും ജനിച്ച ഒരുവനും പാപം ചെയ്യുന്നില്ല. കാരണം ദൈവചൈതന്യം അവനിൽ വസിക്കുന്നു.''** (1 യോഹ 3:9)

തടവറയിൽ കഴിയുന്നവർക്ക് വേണ്ടി വർഷംതോറും ഒരു ദിനം ആചരിക്കുന്നത്, അവർക്ക് നീതിലഭിക്കുന്നതിനും, ജയിൽ മോചിതരായവരെ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനും സഹായം ചെയ്യുക, എന്ന ലക്ഷ്യത്തോടെയാണ്. തടവുകാരെ സന്ദർശിച്ച് അവരുടെ തേങ്ങലുകളും ആവലാതികളും കേൾക്കുന്നതിനും, അവരെ പുതിയൊരു നല്ല ജീവിതത്തിലേക്ക് കൊണ്ടുവരുന്നതിനും മാനസികമായി പാകപ്പെടുത്താൻ നമുക്ക് കഴിയും. തടവറയിൽ കഴിയുന്നവരെ കാണുകയും ഉള്ളുതുറന്ന് സംസാരിക്കുകയും ചെയ്യുന്നതിന് ലഭിക്കുന്ന സന്ദർഭം വളരെ വിരളമാണ്. നിരാശയിലും ഒറ്റപ്പെടലിലും, കുറ്റബോധത്തിലും മുഴുകി കഴിയുന്ന അവർക്ക് ലഭിക്കുന്ന ഒരു നല്ല നോട്ടം, ഒരു കുശലാന്വേഷണം, ഒരു സാന്ത്വനവാക്ക് ഇതൊക്കെ വളരെപ്രതീക്ഷ നൽകുന്നതാണ്. **''ആരെങ്കിലും പാപം ചെയ്യാൻ ഇടയായാൽതന്നെ പിതാവിന്റെ സന്നിധിയിൽ നമുക്ക് ഒരു മദ്ധ്യസ്ഥനുണ്ട്, നീതിമാനായ യേശുക്രിസ്തു.''** (1യോഹ 2:1)

ഇന്ന് കുറ്റകൃത്യങ്ങൾ പെരുകുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. മദ്യത്തിന്റെ ലഹരിയിൽ കൈയേറ്റവും അക്രമവും മാനഭംഗവും കൊലപാതകവും എല്ലാം പുതുമയില്ലാത്ത സംഭവമായി മാറുന്നു. യുവാക്കളെ കുരുതി കൊടുക്കുന്നതിന് തുല്യമാണ്, മദ്യവും മയക്കുമരുന്നും സുലഭമായി ലഭിക്കുന്നതിനുള്ള അവസരം ഒരുക്കുന്നത്. ജയിലുകൾ വ്യക്തികൾക്ക് മാനസാന്തരത്തിനുള്ള കേന്ദ്രങ്ങളായി മാറണം. ഏതുവിത്തും അനുകൂലസാഹചര്യത്തിൽ മുളച്ച് പൊങ്ങും. ഒന്നിനും കൊള്ളില്ല എന്ന് വിധിയെഴുതി ഉപേക്ഷിക്കപ്പെട്ടവയ്ക്ക് അനുയോജ്യമായ ഒരവസരം നൽകിയാൽ അതിവേഗം വളരുന്നത് കാണാം.

മാവേലിക്കര രൂപതയിലെ ജീസസ് Freternity എന്ന Jail Ministry യുടെ പ്രഥമ പ്രസിഡന്റായി, അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് എന്നെ നിയമിച്ചു. ബ. മാത്യുസ് കുഴിവിള അച്ചന്റെ നേതൃത്വത്തിൽ എല്ലാ മാസവും മൂന്നാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് മൂന്നുമണിയോടുകൂടി ഈ സംഘടനയിലെ ഏതാനും അംഗങ്ങൾ. Mavelikara Special Sub Jail സന്ദർശിച്ച്, അവിടെയുള്ള അന്തേവാസികളുടെ പ്രശ്

www.malankaralibrary.com

നങ്ങൾ പരിഹരിച്ച് കിട്ടാൻ വേണ്ടിയുള്ള ചർച്ചകൾ നടത്തുകയും, ബൈബിൾ വായിച്ച്, വ്യാഖ്യാനിച്ച്, ചെറു പ്രസംഗങ്ങൾ നടത്തി, ഗാനങ്ങൾ ആലപിച്ച്, പ്രാർത്ഥിക്കുകയും ചെയ്യുന്നു. സ്ത്രീകളുടെ വിഭാഗത്തിൽ ബ: സിസ്റ്ററുടെ നേതൃത്വത്തിൽ ഏതാനും സ്ത്രീകളും ചേർന്ന് ഈ ശുശ്രൂഷ ഭംഗിയായി നടത്തിവരുന്നു. Jail Ministry യുടെ ഈ പ്രവർത്തനത്തിൽ പങ്കുചേരുവാൻ അനേകം പേർ താൽപര്യം കാണിക്കുന്നുണ്ടെങ്കിലും, അവിടെയുള്ള നിയമപരമായ നടപടി ക്രമങ്ങൾ മൂലം കുറച്ച് അംഗങ്ങൾക്ക് മാത്രമേ എല്ലാ മാസത്തിലും നടക്കുന്ന സന്ദർശനത്തിൽ പങ്കുചേരുവാൻ സാധിക്കുന്നുള്ളു.

എല്ലാ വർഷവും Christmas നോടനുബന്ധിച്ച് മാവേലിക്കര രൂപതയിൽ നിന്നും അഭിവന്ദ്യ ജോഷ്വാ പിതാവിന്റെ നേതൃത്വത്തിൽ പ്രത്യേക സന്ദർശനം നടത്തി, ക്രിസ്തുമസ് സന്ദേശം നൽകാറുണ്ട്. കേക്ക് വിതരണവും, കത്തീഡ്രൽ ഗായകസംഘത്തിന്റെ ഗാനലാപനവും തടവുകാരുടെ കലാപ്രകടനവും ഈ സന്ദർശനത്തിന് മാറ്റുകൂട്ടുന്നു. ഈ സന്ദർശനത്തിന്, എല്ലാ തടവറ മക്കളും ജയിലിലെ ഉദ്യോഗസ്ഥരും, Jesus Freternity യിലെ എല്ലാ അംഗങ്ങളും ഏതാനും വൈദികരും, സിസ്റ്റേഴ്സും സംബന്ധിക്കാറുണ്ട്. **"പ്രവൃത്തി കൂടാതെയുള്ള വിശ്വാസം അതിൽതന്നെ നിർജ്ജീവമാണ്."** (യാക്കോ 2:17)

നാസി ഭീകരരുടെ തടവറയിൽ ബന്ധിക്കപ്പെട്ട് വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു സ്പെയിൻകാരന്റെ അനുഭവം വായിച്ചത് ഓർമ്മവരുന്നു. 2 ദിവസത്തിനകം ശിരസ്സ് ഛേദിക്കപ്പെട്ട് ജീവനവസാനിക്കുമെന്ന് ഭയപ്പെട്ട് വിറച്ചു കഴിയുകയായിരുന്ന ആ മനുഷ്യൻ അല്പം ആശ്വാസത്തിനായി ഒരു സിഗരറ്റ് വലിക്കാൻ ആഗ്രഹിച്ചു. ജയിൽ കമ്പികൾക്കിടയിലൂടെ സൂക്ഷിച്ചു നോക്കിയപ്പോൾ ഗൗരവത്തോടെ ഇരിക്കുന്ന ജയിൽ വാർഡനെ കണ്ടു. അയാളുടെ ശ്രദ്ധ തിരിക്കുന്നതിന് വേണ്ടി ഒന്നു മുരടനക്കി. തിരിഞ്ഞ് നോക്കിയ അയാളോട് സിഗരറ്റ് ഉയർത്തിക്കാട്ടി ലൈറ്ററിന്റെ സഹായം അപേക്ഷിച്ചു. ഗൗരവത്തോടെ എന്റെ അടുത്തേക്ക് വന്ന ആ വാർഡന്റെ മുഖത്ത് നോക്കി ഞാൻ ഒന്ന് പുഞ്ചിരിച്ചു. അപ്പോൾ എന്നെ ആശ്ചര്യപ്പെടുത്തി അയാളും ഒന്ന് പുഞ്ചിരിച്ചു. താങ്കൾക്ക് കുടുംബമുണ്ടോ? കുട്ടികൾ ഉണ്ടോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ പോക്കറ്റിൽ നിന്ന് എന്റെ കുടുംബഫോട്ടോ കാണിച്ച് അവസാനമായി അവരെ ഒന്ന് കാണാൻപോലും കഴിയില്ലല്ലോ എന്ന് പറഞ്ഞ് പൊട്ടിക്കരഞ്ഞു. അപ്പോൾ വാർഡൻ അയാളുടെ കുടുംബഫോട്ടോ കാണിച്ച് മക്കളെക്കുറിച്ച് വിവരിച്ചു. അങ്ങനെ ഞങ്ങളുടെഹൃദയങ്ങൾ തമ്മിൽ അടുത്തു. മറ്റൊന്നും തന്നെ പറയാതെ അയാൾ ജയിലിന്റെ വാതിൽ തുറന്ന് പിൻവശത്തുകൂടി എന്നെ പുറത്തുവിട്ടു. ഞാൻ ഒരു

www.malankaralibrary.com

സ്വപ്നലോകത്തിൽ എന്നപോലെ നടന്നു നഗരത്തിൽഎത്തി. ആരോടെന്നില്ലാതെ ഞാൻ ഉറക്കെ പറഞ്ഞു. **'My Life was saved by a smile' ('ഒരു പുഞ്ചിരിയാൽ എന്റെ ജീവൻ രക്ഷിക്കപ്പെട്ടു')**

സ്ഥാനമഹിമയിൽ പുകഴുന്നവർ പുഞ്ചിരി കൈമാറാൻ ഒരുമ്പെടുകയില്ല. തങ്ങളുടെ പൊങ്ങച്ചത്തിന് അത് യോജിക്കുന്നതല്ല എന്ന മിഥ്യാ ധാരണയാണ് അതിന് കാരണം. അതുപോലെതന്നെ ഭക്തിയുടെ മൂടുപടം അണിയുന്നവരും പുഞ്ചിരി വിടർത്തുകയില്ല. അത് ഭക്തിക്ക് നിരക്കാത്തതാണ് എന്നാണ് അവരുടെ ധാരണ. മദർ തെരേസയുടെ വാക്കുകൾ ഇവിടെ ഓർത്തുപോകുന്നു. **''പരസ്പരം പുഞ്ചിരിക്കുക, താങ്കളുടെ ജീവിത പങ്കാളിയോടു പുഞ്ചിരിക്കുക, താങ്കളുടെ മക്കളോട് പുഞ്ചിരിക്കുക, പരസ്പരം പുഞ്ചിരി കൈമാറുക, അത് നിങ്ങളെ പരസ്പരം കൂടുതലായ സ്നേഹബന്ധത്തിന് സഹായിക്കും.''**

യേശുക്രിസ്തു സന്തോഷം അനുഭവിച്ച വ്യക്തിയായിരുന്നു. അവിടുന്ന് അന്ത്യ അത്താഴസമയത്ത് ശിഷ്യന്മാരോട് അരുളി ചെയ്തു. **''എന്റെ സന്തോഷം നിങ്ങളിൽ വസിക്കുവാനും, നിങ്ങളുടെ സന്തോഷം പൂർണ്ണമാകുവാനും ഞാൻ നിങ്ങളോട് സംസാരിച്ചിരിക്കുന്നു.''** ഹൃദയത്തിന്റെ നിർമ്മലതയും സന്തോഷവുമാണ് പുഞ്ചിരിയിൽ പ്രകാശിതമാകുന്നത്.

ജയിൽ സന്ദർശനവേളകളിൽ അനുഭവപ്പെട്ട പല കാര്യങ്ങളും മുടക്കം കൂടാതെ ഈ സന്ദർശനം തുടരുവാൻ എന്നെ പ്രേരിപ്പിക്കുന്നു. കോട്ടയം വടവാതൂർ സെമിനാരിയിൽ പഠിക്കുന്ന വൈദികവിദ്യാർത്ഥികൾ ചില മാസങ്ങളിൽ സന്ദർശനത്തിനായി എത്താറുണ്ട്. അവർ പല കലാപരിപാടികളും അവതരിപ്പിക്കാറുണ്ട്. ആ ദിവസങ്ങളിലെ സന്ദർശനം ഒന്ന്, രണ്ട് മണിക്കൂർ നീണ്ടുനിൽക്കും. ഒരു പ്രാവശ്യം സ്ത്രീകളുടെ വാർഡിലെ സന്ദർശനം കഴിഞ്ഞ സിസ്റ്ററും കൂടെയുള്ളവരും, പുരുഷന്മാരുടെ സെക്ഷനിൽ വൈദിക വിദ്യാർത്ഥികൾ നടത്തുന്ന പ്രോഗ്രാം കാണാനായെത്തി. പെട്ടെന്ന് മുൻനിരയിൽ ഇരുന്ന് ഒരു ക്രിസ്തീയ പാട്ടുപാടിയ പതിനെട്ടുകാരൻ ഓടിവന്ന് എന്റെ ഭാര്യയുടെ അടുത്തെത്തി. ടീച്ചറേ, ഞാൻ തെറ്റൊന്നും ചെയ്തതല്ല. എന്നെ എല്ലാവരും കൂടെ കുടുക്കിയതാണ്, എന്ന് പറഞ്ഞ് കരയാൻ തുടങ്ങി. സാരമില്ല, നല്ല വക്കീലിനെ ഏർപ്പെടുത്തി കേസു വാദിച്ച് നിന്നെ രക്ഷിക്കാം, എന്ന നല്ല വാക്ക് പറഞ്ഞ് ഞങ്ങൾ അവനെ ആശ്വസിപ്പിച്ചു. കറ്റാനം Pope Pius സ്കൂളിൽ ടീച്ചറിന്റെ സ്റ്റുഡന്റായിരുന്നു ഈ മകൻ. കേസിനെപ്പറ്റി തിരക്കിയപ്പോൾ അറിഞ്ഞത്, ഈ കുട്ടി പ്ലസ് ടു കഴിഞ്ഞപ്പോൾ ഒരു mobile വാങ്ങാൻ വേണ്ടി കൂട്ടുകാരന്റെ വീട്ടിലെ അലമാരയിലെ 10,000/-രൂപാ മോഷ്ടിച്ചു. ശബ്ദംകേട്ട് ഓടിയെത്തിയ കൂട്ടുകാ

www.malankaralibrary.com

രന്റെ അമ്മയുമായുള്ള മൽപിടുത്തത്തിനിടയിൽ ആ സ്ത്രീ ബോധമറ്റ് വീണു. അവൻ ഓടി രക്ഷപെട്ടു. മറ്റാരും ഇല്ലാതിരുന്നതിനാൽ ബോധം മറഞ്ഞ ആ സ്ത്രീ മരിച്ചുപോയി. പോലീസിന്റെ അന്വേഷണത്തിൽ, കേവലം 18 വയസ്സ് മാത്രമുള്ള ഈ മകൻ പിടിയിലായി. അവൻ ഒരു ബൈബിൾ ആവശ്യപ്പെട്ടത് പിറ്റെ മാസം സന്ദർശനം നടത്തിയപ്പോൾ ഞാൻ കൊണ്ടുകൊടുത്തിരുന്നു. മോഷണം എന്ന കുറ്റകൃത്യത്തിനോടൊപ്പം കൊലപാതകം എന്ന കേസ്സും കൂടി ചാർജ്ജ് ചെയ്തിരുന്നതിനാൽ അവനിപ്പോൾ പൂജപ്പുര സെൻട്രൽ ജയിലിലാണ്. അകത്തുള്ളവരെക്കാൾ നല്ലവരായതുകൊണ്ടല്ല; മറിച്ച് ദൈവകൃപ നമ്മെ താങ്ങിയതുകൊണ്ടാണ് നാം ഇന്ന് ജയിലിന് പുറത്ത് ജീവിക്കുന്നത്. അതിനാൽ നാം അകത്തുള്ളവരെ കരുതുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യണം. **''തെറ്റ് ചെയ്യുന്നവന് ശിക്ഷ ലഭിക്കും; അക്കാര്യത്തിൽ മുഖം നോട്ടമില്ല''** (കൊളോ 3:25)

ഡിവൈൻ ധ്യാനകേന്ദ്രത്തിൽ നടന്ന ഒരു ധ്യാനത്തിനിടയ്ക്ക് കിട്ടിയ ഒഴിവുസമയത്ത് ചായ കുടിക്കാൻ വേണ്ടി നിൽക്കുമ്പോൾ, ഒരു ചെറുപ്പക്കാരൻ വന്ന് എന്നെ തോണ്ടി വിളിച്ചു. എന്റെ പേരും സ്ഥലവും ജോലിയും മറ്റും അന്വേഷിച്ചു. കൂടുതൽ സംസാരിച്ചപ്പോഴാണ്, അവനും മാവേലിക്കര സ്പെഷ്യൽ സബ്ജയിലിലെ അന്തേവാസിയാണെന്നും, പരോൾ കിട്ടിയപ്പോൾ, 5 ദിവസത്തെ ധ്യാനത്തിൽ പങ്കെടുക്കാൻ വന്നതാണെന്നും അറിയാൻ കഴിഞ്ഞത്. സബ് ജയിലിൽ വചന പ്രഘോഷണ സമയത്ത് എന്റെ ഊഴം വരുമ്പോൾ പ്രസംഗത്തിൽ ഡിവൈൻ ധ്യാനകേന്ദ്രത്തെപ്പറ്റിയും, അനേകം പേർ അവിടെപോയി ധ്യാനിച്ചു മാനസാന്തരപ്പെട്ട്, നല്ല ജീവിതം നയിക്കാറുണ്ട് എന്നും പറയുമായിരുന്നു. രാവിലെ ഉള്ള വേണാട് എക്സ്പ്രസ്, ഡേ എക്സ്പ്രസ് എന്നീ ട്രെയിനുകൾ വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ Divine Nagar എന്ന സ്റ്റേഷനിൽ നിർത്തുമെന്നും, കേവലം 300/- രൂപാ മാത്രം കൊടുത്താൽ ഒരാഴ്ച നിങ്ങൾക്ക് അവിടെ പോയി. ഭക്ഷണം കഴിച്ച്, താമസിച്ച്, ധ്യാനം കൂടി തിരികെ പോരാമെന്നും ഞാൻ അവർക്ക് ഉപദേശം കൊടുക്കാറുണ്ടായിരുന്നു. അനേകം പേർ ഈ വചനം കേൾക്കാറുണ്ടായിരുന്നു. എങ്കിലും ആരെങ്കിലും പോകുന്നുണ്ടോ എന്ന് എനിക്കറിയില്ലായിരുന്നു. നേരിൽ ഈ മകനുമായി നടന്ന കൂടിക്കാഴ്ച, എന്റെ ഈ ശുശ്രൂഷ ഫലം പുറപ്പെടുവിക്കുന്നുണ്ടെന്നറിഞ്ഞതിൽ സന്തോഷം തോന്നി. മദ്യപാനത്തിൽ മുഴുകിയ അനേകം പേരെ ഞാൻ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ എത്തിച്ചിട്ടുണ്ട്. എങ്കിലും, പലരും ഒരു മാസം കഴിയുമ്പോൾ പഴയ കൂട്ടുകാരുമായി കൂട്ടുകൂടി വീണ്ടും കുടി തുടങ്ങുന്നതായിട്ടാണ് അറിയുന്നത്. അപൂർവം

www.malankaralibrary.com

പേർക്ക് മാറ്റം ഉണ്ടായിട്ടുണ്ട് എന്ന സത്യം കൂടുതൽ ശുശ്രൂഷ ചെയ്യുന്നതിന് എനിക്ക് പ്രേരണ നൽകുന്നു. **''എന്റെ വത്സല സഹോദരരെ കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമല്ലെന്ന് ബോദ്ധ്യപ്പെട്ട് അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവീൻ.''** (1 കോറി 15:58)

മാവേലിക്കര സബ് ജയിൽ കുറ്റവാളികളെ പാർപ്പിക്കുന്ന ജയിലല്ല. കോടതി കുറ്റം വിധിക്കുന്നതിന് മുൻപ്, പോലീസ് കേസെടുത്ത് അറസ്റ്റ് ചെയ്ത് റിമാന്റിൽ പാർപ്പിക്കുന്ന തടവുകാരുടെ ജയിലാണ്. അവരെ പിന്നീട് വിട്ടയക്കുകയോ, മെയിൻ ജയിലിൽ അയക്കുകയോ ചെയ്യുന്നത്, കോടതിയിൽ കേസിന്റെ തീരുമാനം വന്നതിന് ശേഷമായിരിക്കും. താൽക്കാലികമായ ഒരു തടവുകാലം മാത്രം. ജാമ്യം ലഭിക്കുന്നവർ അപ്പോൾതന്നെ, ഏതാനും ദിവസത്തിനകം, പോകും. ജാമ്യം ലഭിക്കാത്തവരാണ് അവിടെ കിടക്കുന്നത്. ജാമ്യം ലഭിക്കണമെങ്കിൽ കരം അടച്ച രസീത് കൊണ്ടുവരണം. പാവപ്പെട്ടവരായതിനാൽ അവർക്ക് കരം അടച്ച രസീത് സമർപ്പിക്കാനാവില്ല. തന്നെയുമല്ല അടിപിടി കേസിൽ എതിർകക്ഷികൾ സ്ട്രോങ് ആയാൽ ജാമ്യം നിക്ഷേധിക്കപ്പെടുകയും ചെയ്യും. പലരുടേയും ഫോൺ നമ്പർ ശേഖരിച്ച് വീട്ടിൽ വിളിച്ച് അവരുമായി സംസാരിച്ച് ജാമ്യത്തിന്ശ്രമിച്ചു. അപ്പോൾ ഞങ്ങൾക്ക് ലഭിച്ച മറുപടി ''അപ്പാപ്പൻ അവിടെ കിടന്നോട്ടെ; ഇനി വീട്ടിലോട്ട് വരണ്ട; വന്നാൽ അയൽപക്കകാരുമായി അതിർത്തി വഴക്കും, തുടർന്ന് അടിപിടിയും ഉണ്ടാക്കും; അതുകൊണ്ട് ജാമ്യം കൊടുക്കണ്ട'' എന്നാണ്. പിറ്റെ മാസത്തെ ജയിൽ സന്ദർശനത്തിൽ ഞാൻ ഈ വിവരം അവരുമായി പങ്കുവച്ചു. ''തല്ലുകൊള്ളുന്നത് ചെണ്ടയ്ക്ക്; കാശുകിട്ടുന്നത് മാരാർക്കും'' അതുകൊണ്ട് മററുള്ളവർക്ക് വേണ്ടി വഴക്കിട്ട്, തല്ലുകൂടി നിങ്ങളുടെ ജീവിതം ജയിലിൽ കളയരുത് എന്ന് ഉപദേശിക്കും. **''എന്റെ സഹോദരരേ, നിങ്ങളിലൊരാൾ, സത്യത്തിൽ നിന്ന് വ്യതിചലിക്കുകയും, അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നെങ്കിൽ, പാപിയെ തെറ്റായ മാർഗ്ഗത്തിൽ നിന്നും പിൻതിരിപ്പിക്കുന്നവൻ തന്റെ ആത്മാവിനെ മരണത്തിൽ നിന്നും രക്ഷിക്കുകയും, തന്റെ നിരവധിയായ പാപങ്ങൾ തുടച്ചുമാറ്റുകയും ചെയ്യുന്നുവെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ''** (യാക്കോബ് 5:19-20)

www.malankaralibrary.com

## പ്രാർത്ഥന

**''നീതിമാൻ കഷ്ടിച്ച് മാത്രം രക്ഷപെടുന്നുവെങ്കിൽ, ദുഷ്ടന്റെയും പാപിയുടെയും സ്ഥിതി എന്തായിരിക്കും.''**(1 പത്രോ 4:18) ദൈവമായ കർത്താവേ അനേകം പേർക്ക് പാപമോചനവും, പശ്ചാത്താപവും നൽകണമേ. സ്നേഹിതന് വേണ്ടി ജീവൻ ബലിയർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്ന് പറയുകയും, പഠിപ്പിക്കുകയും, അവസാനം സ്വയം ചെയ്തു കാണിക്കുകയും ചെയ്ത യേശുവേ, യാതൊരു പരിചയവുമില്ലാത്ത ഒരു സഹതടവുകാരന് വേണ്ടി തന്റെ ജീവിതം സമർപ്പിച്ച വിശുദ്ധ മാക്സ്മില്ല്യൻ മരിയ കോൾബയെപ്പോലെ ആത്മാർത്ഥതയോടെ ഈ ശുശ്രൂഷ മുന്നോട്ട് കൊണ്ടുപോകാനുള്ള കൃപ നീ തരുമാറാകണമെന്ന് പ്രാർത്ഥിക്കുന്നു. **''തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ''**(ഹെബ്രാ 13:3) എന്ന ദൈവവചനം മുറുകെപ്പിടിച്ചു കൊണ്ട് ഈ ശുശ്രൂഷ ചെയ്യുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. **''ഞാൻ കാരഗൃഹത്തിലായിരുന്നു നിങ്ങൾ എന്റെ അടുത്ത് വന്നു''** (മത്തായി 25:36) എന്ന നിന്റെ വചനം കേട്ട് അവസാനവിധി ദിവസം **''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജ്മാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ''** (മത്തായി25:34) എന്ന ശബ്ദം കേൾക്കുവാനും, അങ്ങനെ സ്വർഗരാജ്യം അവകാശമാക്കുവാനും ഞങ്ങളെ യോഗ്യരാക്കേണമേ. ആമേൻ.

www.malankaralibrary.com

16

# സുവിശേഷ സംഘശുശ്രൂഷ

**''സുവിശേഷം ഭരമേൽക്കാൻ യോഗ്യരെന്ന് ദൈവം അംഗീകരിച്ചത് അനുസരിച്ചാണ് ഞങ്ങൾ പ്രസംഗിക്കുന്നത്. ഇത് മനുഷ്യരെ പ്രീതിപ്പെടുത്താനല്ല; ഞങ്ങളുടെ ഹൃദയങ്ങൾ പരിശോധിക്കുന്ന ദൈവത്തെ പ്രീതിപ്പെടുത്താനാണ്.''** (1തെസ 2:4)

2005 ഫെബ്രുവരി 10 ന് മലങ്കര കത്തോലിക്കാസഭ, ഒരു സ്വയം ഭരണാവകാശമുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ടു. ഇതെ തുടർന്ന് 2011-ൽ നടന്ന സഭാ അസംബ്ലിയിൽ 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന വിഷയം ചർച്ച ചെയ്യുകയും സഭയിൽ 'സുവിശേഷസംഘം' ഔദ്യോഗികമായി ആരംഭിക്കുന്നതിന് തീരുമാനം എടുക്കുകയും ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ആദ്ധ്യാത്മികത, അതിന്റെ മൗലികമായ അർത്ഥത്തിൽ ആഴത്തിൽ ജീവിക്കുവാൻ, പരിശുദ്ധാത്മാവിനാൽ വിളിക്കപ്പെട്ടു എന്ന് ബോധ്യപ്പെടുകയും, അതനുസരിച്ച് ജീവിക്കുകയും, സുവിശേഷശുശ്രൂഷ നിർവഹിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് സുവിശേഷസംഘം. രണ്ടു വർഷക്കാലത്തോളം രൂപതയിലോ, അതിരൂപതയിലോ നടത്തുന്ന പല ഘട്ടങ്ങളിലുള്ള പരിശീലനക്ലാസ്സുകളിൽ പങ്കെടുത്ത്, പരിശീലനം പൂർത്തിയായതിന് ശേഷം രൂപാതാദ്ധ്യക്ഷന്റെ കൈവയ്പ സ്വീകരിച്ച്, രൂപതാതലത്തിലും, സഭാദ്ധ്യക്ഷന്റെ കൈവയ്പ്പ് സ്വീകരിച്ച് സഭാതലത്തിലും സത്യപ്രതിജ്ഞ ചെയ്ത് സംഘാംഗമായിത്തീരുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ യാമപ്രാർത്ഥനകൾ, പെരുന്നാളു

www.malankaralibrary.com

കൾ, കൂദാശകൾ പ്രത്യേകിച്ച് വിശുദ്ധ കുർബാന എന്നിവയിൽ സുവിശേഷ സംഘാംഗങ്ങൾ വലിയ താൽപര്യത്തോടും നിഷ്ഠയോടും കൂടെ പങ്കെടുക്കണം. സഭയുടെ നോമ്പ്, വർജ്ജന, ഉപവാസം എന്നിവ വളരെ കാർക്കശ്യത്തോടെ അനുഷ്ഠിക്കണം. സഭ പൊതുവായി നിർദ്ദേശിക്കുന്നതിലുപരിയായി നോമ്പുകാലങ്ങളിൽ ഇറച്ചി, മുട്ട, മീൻ മുതലായവയും പാലും, പാലിൽ നിന്നുള്ള ഉൽപ്പന്നങ്ങളും വേണ്ടെന്നു വയ്ക്കണം. സാധിക്കുന്ന ദിവസങ്ങളിലെല്ലാം നോമ്പു കാലത്ത് ഉപവസിക്കണം.  നോമ്പുകാലത്ത് ഒരു സമ്പൂർണ സമർപ്പണം സുവിശേഷ സംഘത്തിലെ അംഗത്തിന് ഉണ്ടായിരിക്കണം. വിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതവും, വിശുദ്ധ ഗ്രന്ഥത്തിൽ അധിഷ്ഠിതവുമായ ഒരു ജീവിതക്രമം രൂപപ്പെടുത്തണം. കഴിവതും എല്ലാദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിച്ച്, വി. കുർബാന സ്വീകരിക്കണം. അടുത്തടുത്ത് കുമ്പസാരം നടത്തണം. ഇപ്രകാരമുള്ള ആരാധനക്രമ ആദ്ധ്യാത്മീകത, ശക്തിപ്പെടാനായി, വി.ഗ്രന്ഥം സുവിശേഷസംഘാംഗത്തിന്റെ അനുദിന ഭക്ഷണമായിതീരണം. രാവിലെയും വൈകിട്ടും എല്ലാ ദിവസവും വിശുദ്ധ ഗ്രന്ഥം വായിക്കുകയും പഠിക്കുകയും ധ്യാനിക്കുകയും വേണം.  വിശുദ്ധ ഗ്രന്ഥത്തിൽ കർത്താവിന്റെ സാന്നിദ്ധ്യം തിരിച്ചറിയുമ്പോൾ പരിശുദ്ധ കുർബ്ബാനയിലെ കർത്താവിന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് കൂടുതൽ ബോധ്യമുണ്ടാകും. ആരാധനക്രമാധിഷ്ഠിതമായ ആദ്ധ്യാത്മികതയെ, വിശുദ്ധ ഗ്രന്ഥ ആദ്ധ്യാത്മീകതയാൽ പരിപോഷിപ്പിക്കണം. വിശുദ്ധ ഗ്രന്ഥം, ആഴത്തിൽ ധ്യാനവിഷയമാക്കുന്നവരാകണം, സുവിശേഷസംഘത്തിലെ അംഗങ്ങൾ. ഇപ്രകാരം ദൈവത്തോടടുത്ത്, സുവിശേഷചൈതന്യത്തിൽ ജീവിക്കുന്നവർക്ക് സാക്ഷ്യം നൽകാതിരിക്കുവാൻ സാധിക്കുകയില്ല. അവർ നന്മ ചെയ്യുന്നവരും തിന്മയെ എതിർക്കുന്നവരുമായിരിക്കും. അവരിൽ നിന്നും സുവിശേഷ ചൈതന്യം ഒഴുകും. ഓരോ സുവിശേഷസംഘാംഗവും, സുവിശേഷമാകുന്ന പരിമളംകൊണ്ട് നിറയുമ്പോൾ അത് പുറത്തേക്ക് പ്രവഹിക്കും. **''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. വിശ്വസിച്ച് സ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷിക്കപ്പെടും.''** (മർക്കോസ് 16:15-16)

ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് പറഞ്ഞു. ക്രൈസ്തവസഭയുടെ സർവപ്രധാനമായ ചുമതലയാണ് സുവിശേഷപ്രചാരണം. സുവിശേഷം പ്രഘോഷിക്കാത്തതിൽ വേദന തോന്നാത്ത ഒരു സഭയ്ക്ക്, അഥവാ സുവിശേഷം പ്രഘോഷിക്കാത്ത ഒരു സഭയ്ക്ക് അധോഗതിയെ ഉണ്ടാകൂ. അതിനാൽ സുവിശേഷപ്രഘോഷണം

www.malankaralibrary.com

ഒരു ക്രൈസ്തവന്റെ അടിസ്ഥാന ചുമതലയാണ്. **''സത്യം ഇതാണ് അല്പം വിതയ്ക്കുന്നവൻ അല്പം മാത്രം കൊയ്യും; ധാരാളം വിതയ്ക്കുന്നവൻ ധാരാളം കൊയ്യും.''** (2 കോറി 9:6)

ലോകസുവിശേഷവൽക്കരണത്തിന് വേണ്ടി പ്രവർത്തിക്കുവാൻ, നവീകരണ അനുഭവത്തിലൂടെ കടന്നുവന്നപ്പോൾ, കരിസ്മാറ്റിക് പ്രസിദ്ധീകരണങ്ങളായ, വചനോത്സവം, ഡിവൈൻ വോയിസ്, ശാലോം ടൈംസ് എന്നിവ പ്രചരിപ്പിക്കുവാൻ ഞാൻ ഇറങ്ങിത്തിരിച്ചു. തുടർന്ന് പോട്ട, ഡിവൈൻ, ശാലോം, സെഹിയോൻ, കുളത്തുവയൽ, അട്ടപ്പാടി, അണക്കര എന്നീ ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനം കൂടുകയും അനേകം പേരെ ഈധ്യാന കേന്ദ്രങ്ങളിലേക്ക് എത്തിക്കുവാൻ പരിശ്രമിക്കുകയും ചെയ്തു. കൂടാതെ വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ പ്രവർത്തിച്ചുകൊണ്ട് ധാരാളം ജീവകാരുണ്യപ്രവൃത്തികൾ ചെയ്യുവാനും, ഇടവക തലത്തിലും, രൂപതാതലത്തിലും, ഇവയ്ക്കെല്ലാം നേതൃത്വം കൊടുക്കുവാനും സാധിച്ചു. കേന്ദ്രസർക്കാരിന്റെ ജോലിയിൽ ഇരിക്കുമ്പോഴാണ് ഇതെല്ലാം ചെയ്തിരുന്നത്. അതിനൊക്കെ വേണ്ട, സമ്പത്തും സമയവും സാഹചര്യവും എല്ലാം ദൈവം ഒരുക്കിത്തന്നു. എന്നാൽ മലങ്കര കത്തോലിക്കാ സഭയിലെ വിരലിൽ എണ്ണാവുന്നവരെ മാത്രമെ, ഈ ശുശ്രൂഷാമേഖലയിൽ കണ്ടെത്തുവാൻ കഴിഞ്ഞുള്ളു. അങ്ങനെ കഴിയുമ്പോഴാണ്, മലങ്കര കത്തോലിക്കാസഭയിൽ സുവിശേഷസംഘം എന്ന് പ്രസ്ഥാനം രൂപീകൃതമായി എന്ന സന്തോഷവാർത്ത അറിയാൻ കഴിഞ്ഞത്. **''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും, അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും.''** (മത്താ 6:33)

22-02-2015 ൽ മാവേലിക്കര രൂപതയിലെ ആദ്യ ബാച്ചിലെ 12 പേരിൽ ഒരുവനായി, രൂപതാ സുവിശേഷസംഘത്തിനുവേണ്ടി, അഭിവന്ദ്യ ജോഷ്വാമാർ ഇഗ്നാത്തിയോസ് പിതാവിനാൽ കൈവയ്പ്പ് സ്വീകരിക്കാനുള്ള മഹാഭാഗ്യം എനിക്ക് ലഭിച്ചു. **''കർത്താവായ യേശുവിൽ വിശ്വസിക്കുക; നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും''** (അപ്പ 16:31) പൗലോസപ്പസ്തോലന്റെ ഈ പ്രഖ്യാപനം, ലോകം മുഴുവനുമുള്ള സകലജാതിമതസ്ഥരോടും പ്രഖ്യാപിക്കുവാൻ വിളിക്കപ്പെട്ടവരാണ്, ഓരോ ക്രിസ്ത്യാനിയും. വിളിക്കുള്ളിലെ വിളിയായതിനാൽ, സമയം കണ്ടെത്തി ഈ ശുശ്രൂഷ നടത്തുവാൻ, ഓരോ സുവിശേഷസംഘാംഗവും തയ്യാറാകണം. എങ്കിൽ മാത്രമേ ലോകസുവിശേഷവൽക്കരണത്തിൽ കാര്യമായി പ്രവർത്തിക്കുവാൻ, ഒരു സുവിശേഷസംഘാംഗത്തിന് സാധിക്കുകയുള്ളു. ഓരോ മലങ്കര കത്തോലിക്കനും, സുവിശേഷസംഘാംഗമായി പ്രവർത്തിച്ചാൽ മാത്രമേ ഭാരത സുവിശേഷവൽക്കര

www.malankaralibrary.com

ണം സാധ്യമാകൂ. **''ഓരോരുത്തരും സ്വന്തം തീരുമാനം അനുസരിച്ച് വേണം പ്രവർത്തിക്കാൻ. വൈമനസ്യത്തോടെയോ നിർബന്ധത്തിന് കീഴ്വഴങ്ങിയോ ആകരുത്. സന്തോഷപൂർവ്വം നൽകുന്നതിനെയാണ് ദൈവം സ്നേഹിക്കുന്നത്.''** (2 കോറി 9:7)

ആഴമായ ഒരു ആദ്ധ്യാത്മിക ജീവിതശൈലി രൂപപ്പെടുത്തുവാൻ 25 പ്രായോഗിക നിർദ്ദേശങ്ങൾ പ്രവൃത്തിപഥത്തിലാക്കേണ്ടതാണ്.

1. ദിവസവും ഒരു മണിക്കൂറെങ്കിലും തിരുവചനം വായിക്കുകയും, പഠിക്കുകയും, ധ്യാനിക്കുകയും ചെയ്യുക.
2. സാധിക്കുന്നിടത്തോളം എല്ലാദിവസവും പരിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കുക.
3. മാസത്തിൽ ഒരിക്കലെങ്കിലും നല്ല ഒരുക്കത്തോടെ കുമ്പസാരിക്കുക.
4. ആത്മീയവളർച്ചയിൽ സഹായിക്കാൻ ഒരാത്മീയ ഉപദേഷ്ടാവ് ഉണ്ടായിരിക്കാൻ ശ്രദ്ധിക്കുക.
5. സത്ഗ്രന്ഥങ്ങളുടെ പാരായണവും, സഭയുടെ ആനുകാലിക പ്രബോധനങ്ങളുടെ പഠനവും ഒരു ശീലമാക്കുക.
6. കഴിവതും എല്ലാ പ്രവർത്തനങ്ങളും വിശുദ്ധഗ്രന്ഥം വായിച്ചുകൊണ്ട് ആരംഭിക്കുക.
7. സഭയോടുള്ള സ്നേഹവും സഭാത്മക കാഴ്ചപ്പാടും വളർത്തി സഭയോടൊത്ത് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.
8. സ്വന്തം ഇടവകയിലെ എല്ലാ ആരാധനാശുശ്രൂഷകളിലും, ആരംഭം മുതൽ അവസാനംവരെ സജീവമായി പങ്കുചേരാൻ പ്രത്യേകം ശ്രദ്ധിക്കുക.
9. ഇടവകയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായി പങ്കുചേരുക.
10. മലങ്കര കത്തോലിക്കാസഭയുടെ നോമ്പ്, ഉപവാസം വർജന മുതലായവ കൃത്യമായി അനുഷ്ഠിക്കുക.
11. സഭാശുശ്രൂഷകരെ ആദരണീയരായി കരുതി അവരോട് വിധേയത്വം പുലർത്തുകയും, അവരെക്കുറിച്ച് ആദരവോടുകൂടി സംസാരിക്കുകയും ചെയ്യുക.
12. പ്രഭാതത്തിലും, ഉച്ചയ്ക്കും സന്ധ്യയ്ക്കും  പ്രാർത്ഥന നിഷ്ഠയോടെ നടത്തുക, പ്രഭാതത്തിലും സന്ധ്യയ്ക്കുമുള്ളതുമായ പ്രാർത്ഥനയോടുചേർന്ന് വേദവായന സജീവമാക്കുക.
13. സംഘാംഗങ്ങൾ എല്ലാവരും ഒരേസമയം പ്രാർത്ഥിക്കുന്നതിനായി വൈകിട്ട് 7 മണിമുതൽ 8 വരെയുള്ള സമയത്ത് സന്ധ്യാപ്രാർത്ഥന നടത്താൻ ശ്രദ്ധിക്കുക.
14. വ്യക്തിപരമായ പ്രാർത്ഥനയും യേശുവുമായുള്ള നിരന്തര ഹൃദയ

www.malankaralibrary.com

സംഭാഷണവും ഒരു ശീലമാക്കി മാറ്റുക.

15. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥം യാചിച്ചുകൊണ്ട് സുവിശേഷ സംഘത്തിന് വേണ്ടി ദിവസവും ഒരു ജപമാല ചൊല്ലി കാഴ്ച വയ്ക്കുക.
16. സുവിശേഷ സംഘത്തിന്റെ വിജയത്തിനായി എല്ലാവെള്ളിയാഴ്ചയും രാവിലെ ഉപവസിക്കുക.
17. എല്ലാ രംഗങ്ങളിലും പ്രത്യേകിച്ച് പ്രവർത്തന മേഖലകളിൽ, ക്രിസ്തീയ സാക്ഷ്യത്തിന്റെ ഉടമകളായി നിലകൊള്ളുക.
18. മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളും, മറ്റും ദുശ്ശീലങ്ങളും പൂർണമായി ഉപേക്ഷിച്ച് മാതൃകാപരമായ ജീവിതം നയിക്കുക.
19. സ്വന്തം ഭവനത്തിലുള്ളവർ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ, അയൽവാസികൾ, ഇടവകാംഗങ്ങൾ സഹപ്രവർത്തകർ തുടങ്ങി എല്ലാവരുമായി സ്നേഹത്തോടെ പരസ്പരം ഐക്യത്തിൽ ജീവിക്കുക.
20. ധൂർത്ത് ഒഴിവാക്കി ലളിതവും പരസ്നേഹപരവുമായ ജീവിതം നയിക്കുക.
21. ഏതവസരത്തിലും എല്ലാവരോടും സുവിശേഷം തീഷ്ണതയോടെ അറിയിക്കുക. എല്ലാവരെയും വചനാനുസൃത ജീവിതത്തിനും പ്രഘോഷണത്തിനും പ്രോത്സാഹിപ്പിക്കുക.
22. സ്ഥാനം, ബഹുമാനം, അംഗീകാരം പ്രതിഫലം ഇവ ആഗ്രഹിക്കാതെ ദൈവമഹത്വവും മനുഷ്യരക്ഷയും ലക്ഷ്യം വച്ച് സുവിശേഷ ശുശ്രൂഷ ചെയ്യുക.
23. ആഴ്ചയിലൊരു ദിവസമെങ്കിലും (കുറഞ്ഞത് 2 മണിക്കൂർ എങ്കിലും) സുവിശേഷ ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുക. സ്വന്തം അഭിരുചിയനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ജയിലുകൾ, ഇടവകകൾ, കുടുംബങ്ങൾ വ്യക്തികൾ തുടങ്ങി വിവിധ മേഖലകൾ ഇതിനായി തെരഞ്ഞെടുക്കുക.
24. സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് അനുദിന ജീവിതത്തിൽ മുൻഗണന നൽകുക.
25. സ്വന്തം ആരോഗ്യം, സമയം, കഴിവുകൾ, പണം, തുടങ്ങിയവയുടെയെല്ലാം ദശാംശം സുവിശേഷ ശുശ്രൂഷയ്ക്കായി നൽകുക.

**''കായികാഭ്യാസികൾ എല്ലാകാര്യത്തിലും ആത്മനിയന്ത്രണം പാലിക്കുന്നു. അവർ നശ്വരമായ കിരീടത്തിന് വേണ്ടിയാണ് അപ്രകാരം ചെയ്യുന്നത്. നാം അനശ്വരമായ കിരീടത്തിന് വേണ്ടിയും.''** (1 കോറി 9:25)

ആഴമായ ഒരു ജീവിതശൈലി രൂപപ്പെടുത്താൻ, ഒരു സുവിശേഷ

www.malankaralibrary.com

സംഘാംഗം പ്രവർത്തിപഥത്തിലാക്കാൻ ശ്രമിക്കേണ്ട '25' പ്രായോഗിക നിർദ്ദേശങ്ങൾ പഠിച്ചപ്പോൾ, ഒരു വിശുദ്ധജീവിതം നയിക്കാനുള്ള വഴി കണ്ടെത്തി. അതിൽ രണ്ടാമത്തെ നിർദ്ദേശമാണ് 'സാധിക്കുന്നിടത്തോളം എല്ലാ ദിവസവും പരിശുദ്ധകുർബ്ബാനയിൽ സംബന്ധിക്കണം' എന്നത്. എല്ലാ വലിയ ദേവാലങ്ങളെയുംപോലെ വൈദികൻ താമസമുള്ള ദേവാലയമല്ല ഞങ്ങളുടേത്. ആയതിനാൽ എന്റെ ഇടവക ദേവാലയത്തിൽ എല്ലാ ദിവസവും ബലിയർപ്പണം നടക്കുന്നില്ല. അകലെയുള്ള ബഥനി ആശ്രമത്തിലെ വൈദികർ ആണ് വർഷങ്ങളായി ഈ ദേവാലയത്തിലെ വികാരിമാർ. ആദ്യകാലങ്ങളിൽ ഞായറാഴ്ചകളിൽ മാത്രമേ വിശുദ്ധ കുർബ്ബാന ഉണ്ടായിരുന്നുള്ളൂ. എന്നാൽ പുതിയ ദേവാലയം പണിതതിന് ശേഷം ബുധൻ, ശനി എന്നീ ദിവസങ്ങളിൽ കൂടി ബലിയർപ്പണം തുടങ്ങി. പുതിയ വികാരിയച്ചൻ വന്നതിന് ശേഷം നോമ്പു കാലങ്ങളിലും വിശേഷദിവസങ്ങളിലും ആദ്യ വെള്ളിയാഴ്ചകളിലും കൂടി വിശുദ്ധ കുർബാന ക്രമീകരിച്ചു. ക്രമേണ എല്ലാ ദിവസവും മുടങ്ങാതെ ബലിയർപ്പണം തുടങ്ങും എന്ന് പ്രതീക്ഷിക്കുന്നു. വിശുദ്ധ ബലി ദേവാലയത്തിൽ അർപ്പിക്കുന്ന ദിവസങ്ങളിൽ മുടക്കം കൂടാതെ ഞങ്ങൾ കുടുംബസമേതം അതിൽ പങ്കുചേരും. വൈദികരായ മക്കൾ ഭവനത്തിൽ വരുമ്പോൾ അവരും ഇടവക ദേവാലയത്തിൽ വച്ച് ബലയർപ്പിക്കാറുണ്ട്. അപ്പോഴും എല്ലാ ദിവസവും ബലിയിൽ പങ്കുചേരാൻ സാധിക്കുന്നില്ലല്ലോ എന്ന വിഷമം എന്റെ ഉള്ളിൽ തങ്ങി നിൽക്കുന്നു. **'എന്റെ ശരീരം ഭക്ഷിക്കുകയും, എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു.'** (യോഹ 6:56)

ഒരു ദിവസം ശാലോം നൈറ്റ് വിജിലിൽ ബ്രദർ തങ്കച്ചൻ തുണ്ടിയിലിന്റെ അനുഭവസാക്ഷ്യം കേട്ടപ്പോൾ, അദ്ദേഹം ദിവസവും, വിശുദ്ധ കുർബ്ബാനയിൽ പങ്കുകൊള്ളാൻ വേണ്ടി, കിലോമീറ്ററുകൾ യാത്രചെയ്ത അനുഭവം കേൾക്കാനിടയായി. അതുപോലെ തന്നെ പോട്ട ആശ്രമത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന വചനോത്സവം മാസികയുടെ ആലപ്പുഴ ജില്ലാ കോ-ഓർഡിനേറ്റർ ആയ ബ്രദർ ജോസഫ് കൂമ്പയിൽ, തന്റെ സിംഗപ്പൂർ യാത്രയിൽ ഒരു ദിവസം വിശുദ്ധ കുർബ്ബാന കാണുന്നതിന് വേണ്ടി 2500/- രൂപായോളം ടാക്സിചാർജ്ജ് കൊടുത്തു എന്ന സാക്ഷ്യവും കേൾക്കുവാനിടയായി. വചനോത്സവം മാസികയുടെ ആഭിമുഖ്യത്തിൽ എഡിറ്റർ ആയ റവ. ഫാ. സഖറിയാ ഏടാട്ട് വി.സി. യുടെ നേതൃത്വത്തിൽ കണ്ടരിക്കൽ ട്രാവൽസ് വഴി നടത്തിയ 10 ദിവസത്തെ വിശുദ്ധനാട് സന്ദർശനത്തിലും 17 ദിവസത്തെ യൂറോപ്പ് സന്ദർശനത്തിലും താമസിക്കുന്ന റിസോർട്ടിലോ, പള്ളിയിലോ,

www.malankaralibrary.com

മഠത്തിലോ കഴിയുന്ന എല്ലാ ദിവസവും വിശുദ്ധ കുർബ്ബാന ചൊല്ലിയിരുന്നു. ഇതെല്ലാം എന്നെ കൂടുതൽ സ്വാധീനിച്ചു. ഒരു സാധാരണ തെങ്ങുകയറ്റതൊഴിലാളിക്ക് എല്ലാ ദിവസവും വിശുദ്ധ കുർബ്ബാനയിൽ പങ്കുചേരുന്നതിന് വേണ്ടി അനേകം ത്യാഗങ്ങൾ സഹിക്കുവാൻ സാധിക്കുമെങ്കിൽ ഒരു വചനോത്സവം പ്രേക്ഷിതന് 2500/- രൂപയോളം ടാക്സി കൂലി കൊടുത്ത് വിശുദ്ധ കുർബ്ബാന കാണാൻ താൽപര്യപ്പെട്ടു എങ്കിൽ എന്തുകൊണ്ട് എനിക്കും അനുദിനം ബലിയിൽ പങ്കെടുത്തുകൂടാ. ഞാൻ എന്റെ ആഗ്രഹം തമ്പുരാന്റെ മുൻപിൽ സമർപ്പിച്ച്, പ്രാർത്ഥിച്ചു. ഇപ്പോൾ മിക്കവാറും എല്ലാ ദിവസവും ഞങ്ങളുടെ ദേവാലയത്തിൽ വിശുദ്ധ കുർബ്ബാനയുണ്ട്. ഇല്ലാത്ത അവസരങ്ങളിൽ ദൂരെയുള്ള മലങ്കരപള്ളിയിലോ, ലാറ്റിൻപള്ളിയിലോ പോയി വിശുദ്ധ കുർബ്ബാനയയിൽ പങ്കുചേരുന്നതിന് യാതൊരു മടിയുമില്ല. ഇതൊന്നും പറ്റിയില്ലെങ്കിൽ, പ്രത്യേകിച്ച് കോവിഡ് കാലമായതിനാൽ രാവിലെ ടിവിയിൽ വിശുദ്ധ കുർബ്ബാന കാണും. **''കർത്താവാണ് എന്റെ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാകുകയില്ല.''** (സങ്കീർത്തനം 23:1)

ഞാനും എന്റെ വൈദികനായ രണ്ടാമത്തെ മകനും, സുവിശേഷ സംഘത്തിൽ അംഗമായതിനുശേഷം, ഞങ്ങളുടെ ജീവിതത്തിൽ, ഭവനത്തിൽ, ജീവിതരീതിയിൽ ആത്മീയതലത്തിൽ വന്നമാറ്റം എന്റെ ജീവിത പങ്കാളിയെക്കൂടി വിളിക്കുള്ളിലെ വിളിയായ സുവിശേഷ സംഘത്തിലേക്ക് ആകർഷിച്ചു. ഒരദ്ധ്യാപികയായിരുന്നിട്ട് പോലും, കൃത്യസമയത്ത് പരിശീലനക്ലാസുകൾക്ക് തിരുവനന്തപുരത്ത് പോകുന്നതിലെ ബുദ്ധിമുട്ടുകൾ കണക്കിലെടുക്കാതെ പരിശീലനക്ലാസ്സുകളിൽ പങ്കെടുക്കുകയും 2017 ജൂലൈ 15-ാം തീയതി അത്യുന്നത കർദിനാൾ മാർബസേലിയോസ് ക്ലീമ്മിസ് കതോലിക്കാ ബാവയിൽ നിന്നും കൈവയ്പ്പ് സ്വീകരിക്കുകയും ചെയ്തു. **''നമ്മുടെ കർത്താവിന് സാക്ഷ്യം നൽകുന്നതിൽ നീ ലജ്ജിക്കരുത്''** (2 തിമോ 1:8)

ഇപ്പോൾ കുടുംബസമേതം എല്ലാദിവസവും, വിശുദ്ധ ബലിയിൽ പങ്കുചേരുന്നതിനും, ഏഴ് യാമപ്രാർത്ഥനകളും, മൂന്ന് സമയത്തായി (രാവിലെ, ഉച്ചയ്ക്ക്, രാത്രി) ഭയഭക്തിയോടെ ചൊല്ലുന്നതിനും, വചനം വായിച്ച് പഠിച്ച് ധ്യാനിക്കുന്നതിനും, ഒരു ചടങ്ങായി നടത്തിയിരുന്ന ജപമാല പ്രാർത്ഥന, ആഴമായ ബോധ്യത്തോടെ, ഓരോ ദിവ്യരഹസ്യവും കാഴ്ചവച്ച്, സമർപ്പിച്ച് പ്രാർത്ഥിക്കുന്നതിനും അതിൽ ആത്മീയ സന്തോഷം കണ്ടെത്തുന്നതിനും സാധിക്കുന്നു. **''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിക്ഷ്യപ്പെടുത്തുവീൻ''** (മത്തായി 28:19)

സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തതിനുശേഷം, വിശ്രമജീവിതം നയിക്കണമെന്ന് ഞാൻ തീരുമാനിച്ചിരുന്നു. **''മനുഷ്യൻ പലതും ആലോ**

www.malankaralibrary.com

**ചിച്ചുവയ്ക്കുന്നു. നടപ്പിൽ വരുത്തുന്നത് കർത്താവിന്റെ തീരുമാനമാണ്''** (സുഭാ 19:21) എന്നാൽ ദൈവത്തിന്റെ തിരുവിഷ്ടം വേറെ ആയിരുന്നു. ഇപ്പോൾ ഞാനും ജീവിത പങ്കാളിയും ചേർന്ന് ഇടവക തലത്തിലും രൂപതാതലത്തിലും സാധിക്കുന്ന അവസരങ്ങളിൽ ദൈവവചനശുശ്രൂഷ ചെയ്യുന്നു. **''നിങ്ങളെന്നെ തെരഞ്ഞെടുക്കുകയല്ല; ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്''** (യോഹ15:16) എന്ന തമ്പുരാന്റെ വചനം എന്നിൽ അർത്ഥപൂർണ്ണമാവുകയാണ് എന്ന് ഇപ്പോൾ എനിക്ക് മനസ്സിലാകുന്നു. **''എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല''** (യോഹ15:5) എന്ന, യോഹന്നാൻ ശ്ലീഹായുടെ വചനത്തിന്റെ വെളിച്ചത്തിൽ ഉറച്ചുനിന്നുകൊണ്ട്, മരണം വരേയും അവനുവേണ്ടി അദ്ധ്വാനിക്കുന്ന പടയാളിയായി പ്രവർത്തിക്കുവാൻ പരിശ്രമിക്കുന്നു.

പുൽകൂട്ടിൽ പിറക്കാനും കഴുതപ്പുറത്ത് കയറാനും കുരിശുമരം ചുമക്കാനും അവിടുന്ന് സന്നദ്ധനായി. ഗോതമ്പ് മണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് തനിയെ ഇരിക്കുന്നു, അഴിയുന്നെങ്കിലോ അത് വളരെ ഫലം പുറപ്പെടുവിക്കുന്നു. എന്ന് പഠിപ്പിച്ച പാഠം ഗുരു ജീവിതത്തിൽ അന്വർത്ഥമാക്കി. തന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ ത്യാഗത്തിന്റെ ഈ പാത തിരഞ്ഞെടുക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. ശിഷ്യത്വത്തിന്റെ ഒരു വ്യവസ്ഥ തന്നെയാണത്. യേശു ശിഷ്യന്റെ മുന്നിൽ രണ്ട് വഴികൾ തുറന്ന് കിടക്കുന്നു. വീതി കൂടിയ സ്വാർത്ഥതയുടെ വഴിയും വീതി കുറഞ്ഞ ത്യാഗത്തിന്റെ വഴിയും. വീതികൂടിയ വഴിയിലൂടെ വളരെപ്പേർ സഞ്ചരിക്കുന്നു. അധികാരത്തിന്റെ ചെങ്കോലും സ്ഥാനമാനങ്ങളുടെ കിരീടവും പ്രതീക്ഷിക്കുന്നവരാണവർ. വെള്ളിനാണയം കൊതിക്കുന്ന യൂദാസുമാരും, കൈകഴുകി സത്യത്തെ കൈ ഒഴിയുന്ന പീലാത്തോസുമാരും, അത്ഭുതം കാംക്ഷിക്കുന്ന ഹേറോദേസുമാരും ഇതിലൂടെ യാത്രചെയ്യുന്നു. വീതികുറഞ്ഞ ത്യാഗത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുന്നവർ വളരെ വിരളമാണ്. ഇന്ദ്രിയങ്ങളുടെ വാതായനങ്ങൾ അടച്ച് സത്യത്തോട് ഒപ്പമുള്ള യാത്രയാണത്. പാദം കഴുകുന്ന പാപിനിയും കുരിശു ചുമക്കുന്ന ശിമയോനും സുഗന്ധക്കൂട്ടുമായി എത്തുന്ന നിക്കോദേമോസും ത്യാഗത്തിന്റെ പാതയിലൂടെ സഞ്ചരിക്കുന്നവരാണ്. ഉപ്പുതരിപോലെ അലിയാനും ഗോതമ്പ് മണിപോലെ അഴിയാനും മെഴുകുതിരിപോലെ ഉരുകാനും കുന്തിരിക്കം പോലെ സൗരഭ്യം പകരുവാനും തയ്യാറാകുന്നവരാണവർ. മനുഷ്യരാശിയുടെ സഹനങ്ങളിൽ പങ്ക് ചേർന്ന് ആഹ്ലാദങ്ങളും ആർഭാടങ്ങളും കുറച്ച് ഇടുങ്ങിയ വഴിയിലൂടെ സഞ്ചരിക്കാം. നോമ്പും പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവും നൽകുന്ന ത്യാഗത്തിന്റെ

www.malankaralibrary.com

പാത നമുക്ക് സ്വീകരിക്കാം.

**''ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ, നമുക്ക് രക്ഷയ്ക്ക് വേണ്ടി മറ്റൊരുനാമവും നൽപ്പെട്ടിട്ടില്ല''** (അപ്പ4:12) അനുദിനവചന വായനയിലൂടെ യേശുവിനെ രക്ഷകനും നാഥനുമായി ഏറ്റുപറയുന്നതിനും, അവനല്ലാതെ മറ്റൊരു രക്ഷകൻ ഇല്ല എന്ന് പൂർണ്ണമായി വിശ്വസിക്കുന്നതിനും സാധിക്കുന്നു. സുവിശേഷസംഘത്തിന്റെ 25 കൽപനകൾ പാലിക്കുന്നതിലൂടെ ബുദ്ധിയുടെ തലത്തിലല്ല, വിശ്വാസത്തിലൂടെയാണ് നാം ദൈവത്തെ അന്വേഷിക്കേണ്ടത് എന്ന സത്യം ബോധ്യമാകുന്നു. ആധുനികമനുഷ്യൻ ദൈവത്തെ കണ്ടെത്താൻ ശ്രമിക്കുന്നത് ബുദ്ധിയിലൂടെയായതിനാൽ, അവൻ പരാജയപ്പെടുന്നു. അവന്റെ ചിന്താമണ്ഡലത്തിൽ ഒതുങ്ങാത്തതാണ് ദൈവം എന്ന്, ദാവീദിന്റെ സങ്കീർത്തനം വെളിപ്പെടുത്തുന്നു. രാത്രി ഉറങ്ങുന്നതിന് മുൻപുള്ള സങ്കീർത്തന പാരായണം, രാത്രി നല്ല ഉറക്കം ലഭിക്കുന്നതിനും, രാവിലെ ഉണർവോടെ എഴുന്നേൽക്കുന്നതിനും കാരണമാകുന്നു. സുവിശേഷ സംഘം കൂട്ടായ്മയിൽ അനേകംപേരെ പങ്കുചേർത്ത് അനുദിനം നവീകരിക്കപ്പെട്ട് മറ്റൊരു സുവിശേഷമായിത്തീരാൻ പരിശ്രമിക്കുന്നു. **''സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം''** (റോമാ 10:15).

## പ്രാർത്ഥന

**''ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം. ഞാൻ ഇത് സ്വമനസ്സാ ചെയ്യുന്നെങ്കിൽ എനിക്ക് പ്രതിഫലമുണ്ട്. അങ്ങനെയല്ല എങ്കിൽ മറ്റാരുടെയോ നിയോഗമനുസരിച്ചാണ് ചെയ്യുന്നത്. അപ്പോൾ എന്താണ് എന്റെ പ്രതിഫലം. സുവിശേഷം നൽകുന്ന അവകാശം പൂർണമായി ഉപയോഗിക്കാതെ പ്രതിഫലമെന്യെ സുവിശേഷം പ്രസംഗിക്കുന്നതിലുള്ള സംതൃപ്തി മാത്രം''** (1 കോറി 9:16-18) കാരുണ്യവാനായ കർത്താവേ, സുവിശേഷസംഘത്തിൽ അംഗമായി പ്രവർത്തിച്ച് യേശുക്രിസ്തുവിന്റെ ജീവിതശൈലി അനുകരിച്ച്, വചനപ്രഘോഷണത്തിലൂടെയും ഭവന സന്ദർശനത്തിലൂടെയും, പ്രാർത്ഥനാജീവിതത്തിലൂടെയും നിന്റെ ശിഷ്യനായി തീരുവാൻ ഉള്ള അനുഗ്രഹം തന്നതിന്, നിന്നെ സ്തുതിക്കുന്നു. യേശുവേ, കുടുംബസമേതം സുവിശേഷ വേല ചെയ്യുവാനുള്ള കൃപ തന്നതിനെയോർത്ത് നിനക്ക് നന്ദി പറയുന്നു. നല്ല ദൈവമേ ലോകത്തിന്റേതായ വ്യഗ്രത

www.malankaralibrary.com

കളിലും തിന്മകളിലും പെട്ടുഴലാതെ അങ്ങേ സ്നേഹത്തിൽ വിശ്വാസമർപ്പിച്ച് തിരുസഭയെ നയിക്കുവാനുള്ള വരം അങ്ങെ അഭിഷിക്തരായ മാർപ്പാപ്പായ്ക്കും മെത്രാൻമാർക്കും ആത്മീയഗുരുക്കന്മാർക്കും നൽകേണമെ. **''എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു''** (ലൂക്കാ 1:46-47) എന്ന് പറഞ്ഞ പരിശുദ്ധ മറിയത്തെപ്പോലെ, എന്നും സ്തോത്രഗീതം പാടി നിന്നെ പുകഴ്ത്തുവാനുള്ള കൃപ നീ ഞങ്ങൾക്ക് നൽകണമേ. ആമേൻ.

www.malankaralibrary.com

17

# K.C.B.C. മദ്യലഹരിവിരുദ്ധ സമിതി ശുശ്രൂഷ

**''നിങ്ങൾ വീഞ്ഞ് കുടിച്ച് ഉൻമത്തരാകരുത്, അതിൽ ദുരാസക്തി ഉണ്ട്, മറിച്ച് ആത്മാവിൽ പൂരിതരാകുവിൻ. സങ്കീർത്തനങ്ങളാലും ഗാനങ്ങളാലും ആത്മീയ ഗീതങ്ങളാലും പരസ്പരം സംഭാഷണം ചെയ്യുവിൻ''** (എഫേ 5:18-19).

കോവിഡ് 19 എന്ന മഹാവ്യാധി ലോകമാസകലം ഭീഷണി ഉയർത്തുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം ഇപ്പോൾ ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ പിന്നീട് എല്ലാ മദ്യശാലകളും തുറന്ന് യാതൊരു വിധ നിയന്ത്രണങ്ങളും ഇല്ലാതെ മദ്യവിപണി സജീവമായിരിക്കുന്നു. കേരളത്തിൽ പ്രത്യേകിച്ച് മദ്യത്തിന്റെ ഉപയോഗവും, അനന്തരപ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യ വിപത്തായി മാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്നും മോചനം ലഭിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്. സർക്കാരും കോടതികളും സാമൂഹ്യ വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോൽപിക്കണമെന്ന്, ആഹ്വാനം ചെയ്യുന്നുണ്ടെങ്കിലും, ലഹരിയുടെയും, മദ്യത്തിന്റെയും, ഉപയോഗവും വിപണനവും, നാൽക്കുനാൾ വർദ്ധിച്ചുവരുന്നു. സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും, രാഷ്ട്രീയ പാർട്ടികളുടെ പ്രകടനപത്രികകളിലും, മദ്യ ഉപയോഗത്തെ സാമൂഹ്യതിന്മയായും, ജനങ്ങളുടെ ആരോഗ്യത്തെയും മനസ്സിനെയും തകർക്കുന്ന ആഗോള

www.malankaralibrary.com

പ്രശ്നമായി പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ വരുമ്പോൾ സർക്കാരിന്റെ പ്രവർത്തനം, അബ്കാരികൾക്ക് അനുകൂലമാണ്. ജനാധിപത്യ സമൂഹത്തിൽ അധികാര കസേരയിൽ ഇരിക്കുന്നവർ ഓരോ തീരുമാനം എടുക്കുമ്പോഴും അതിന്റെ ഗുണഫലങ്ങൾ എത്രപേർക്ക് ഉപകാരപ്പെടും എന്ന ചിന്തയാണ് ഉണ്ടാകേണ്ടത്. ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചുവരുകയാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പഞ്ചായത്തുരാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതു കാരണം നിരവധി മദ്യഷാപ്പുകൾക്ക്, മുൻസിപ്പാലിറ്റിയുടെയും, പഞ്ചായത്തിന്റെയും എതിർപ്പുകൾ അവഗണിച്ച് അനുമതി നൽകുകയുണ്ടായി. ആർക്കും എവിടെയും മദ്യവിൽപന തുടങ്ങാമെന്നനിലയിലായി. ഓൺലൈൻ ബുക്കിംഗും ഏർപ്പെടുത്തി. വീട്ടിൽ, കച്ചവടസ്ഥാപനങ്ങളിൽ കൊണ്ടുകൊടുക്കുന്ന വിൽപനയെക്കുറിച്ചും ആലോചന നടക്കുന്നു. ഇപ്പോൾ വീണ്ടും എണ്ണംകൂട്ടാൻ ആലോചിക്കുന്നു, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡിലും. **''വീഞ്ഞ് പരിഹാസകനും മദ്യം കലഹക്കാരനുമാണ്. അവയ്ക്ക് അടിമപ്പെടുന്നവർക്ക് വിവേകമില്ല.''** (സുഭാ 20:1)

ബാർ ലൈസൻസ് ധാരാളമായി കൊടുത്ത് ഇപ്പോൾ 29 എണ്ണത്തിൽ നിന്നും 586ൽ എത്തി. ഏകദേശം 20 ഇരട്ടി വർദ്ധന. ഒരു വർഷം അരി വാങ്ങുവാൻ 4,500/- കോടി രൂപ കേരളസർക്കാർ മുടക്കുമ്പോൾ 15000/- കോടിരൂപയാണ് മദ്യത്തിന് മുടക്കുന്നത്. മദ്യശാല അടച്ചിട്ടാൽ ടൂറിസം മേഖല തകർന്നു പോകും എന്നാണ് ഒരു പ്രചാരണം. അതുപോലെ തന്നെ മദ്യം നിരോധിച്ചാൽ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിക്കും എന്നാണ് മറ്റൊരു പ്രചാരണം. എന്നാൽ ഇപ്പോൾ തന്നെ വ്യാജമദ്യവും, മയക്കുമരുന്നും സുലഭമാണെന്ന് ആർക്കാണ് അറിയാൻ കഴിയാത്തത്. ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെ മൂലകാരണം, മദ്യത്തിന്റെയും മറ്റു ലഹരി വസ്തുക്കളുടെയും ലഭ്യതയാണ് എന്നതാണ് യാഥാർത്ഥ്യം. **''ധനമോഹമാണ് എല്ലാ തിന്മകളുടേയും അടിസ്ഥാന കാരണം''** (1 തിമോ 6:10)

സന്തോഷവും സമാധാനവും ഉള്ള ഒരു ജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? മദ്യലഹരികൾക്ക് അടിമകളായിട്ടുള്ളവർ സ്വന്തം കുടുംബത്തെയും, മറ്റുള്ളവരുടെ സ്വൈര്യജീവിതത്തെയും തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടെ പിഴുതെറിയണം. മനുഷ്യനെ മടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് മനുഷ്യവംശത്തെ രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ മാതാപിതാക്കന്മാരുടേയും ഭാര്യയുടേയും,

www.malankaralibrary.com

മക്കളുടേയും സ്ഥിതി ദയനീയമാണ്. മദ്യം വിഷമാണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. 'മാരകമായ വിഷം' എന്ന ലേബലിൽ തന്നെയാണല്ലോ സർക്കാർ ഈ കച്ചവടം നടത്തുന്നത്. മദ്യപാനികൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന് പൗലോസപ്പോസ്തോലൻ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിന്റെ ആറാം അദ്ധ്യായത്തിന്റെ പത്താം വാക്യത്തിൽ പറയുന്നത് നാം മറന്ന് പോകുന്നു. മദ്യം ഉണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്ന ഗുരുദേവ ചിന്തയും നമ്മെ നന്മയിലേക്ക് നയിക്കണം. മദ്യത്തിൽ നിന്നുള്ള വരുമാനം പാപത്തിന്റെ ശമ്പളമാണെന്ന രാഷ്ട്രപിതാവിന്റെ വാക്കുകൾ നമുക്ക് ഓർക്കാം. **''അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന് സുഖത്തിനായി വരേണം.''**

നമ്മുടെ നാട് ഇന്ന് അഭിമുഖികരിക്കുന്ന ഭീഷണികളിൽ ഏറ്റം വലുത്, കുടുംബങ്ങളെ തകർച്ചയിലേക്ക് നയിക്കുന്ന, മദ്യപാനമാണ്. ഇതുമൂലം നാട്ടിൽ ക്രമസമാധാനം തകരുന്നു. റോഡപകടങ്ങൾ വർദ്ധിക്കുന്നു. പീഡനങ്ങളും ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യവും തകർന്നടിയുന്നു. സ്ത്രീകളും കുട്ടികളും യുവജനങ്ങളും, ഇന്ന് മദ്യത്തിനും ലഹരിമരുന്നിനും അടിമകളാകുന്നു. ഈ മഹാവിപത്തിൽ നിന്നും നാടിനെ രക്ഷിക്കുക എന്നത് നമ്മുടെ കടമയാണ്. മദ്യത്തിന്റെ ദൂഷ്യം മാനവസമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയണം. നമ്മുടെ കലാലയങ്ങൾ ലഹരി വിമുക്തക്യാമ്പുകളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടെന്ന് വിളിക്കപ്പെടുന്ന കേരളം മദ്യപന്മാരുടെ സ്വന്തം നാടായി മാറിയിരിക്കുന്നു. അതിനൊരുമാറ്റം ഉണ്ടാകണം. **''വ്യഭിചാരിക്കും അശുദ്ധനും അത്യാഗ്രഹിക്കും വിഗ്രഹാരാധകനും ദൈവത്തിന്റേയും ക്രിസ്തുവിന്റേയും രാജ്യത്തിൽ അവകാശമില്ലെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ''** (എഫേ 5:5)

ബഹുഭൂരിപക്ഷംപേരും മദ്യംകഴിക്കുന്നത് ഒരു രസത്തിന് വേണ്ടിയോ മനസിന്റെ പിരിമുറുക്കം അയക്കാനോ ദുഃഖം മറക്കാനോ ഒക്കെയാണ്. എന്നാൽ ആരും ഒരിക്കലും മദ്യപാനത്തിലൂടെ ഈ ലക്ഷ്യം നേടുന്നില്ല എന്ന് മാത്രമല്ല മദ്യം കഴിക്കുമ്പോൾ കിട്ടുന്ന രസത്തെക്കാളും കൂടുതൽ അസ്വസ്ഥതയും ശൂന്യതയുമാണ് ലഹരി വിട്ട് കഴിയുമ്പോൾ ഉണ്ടാകുന്നത്. യഥാർത്ഥ സന്തോഷവും സമാധാനവും നൽകുന്ന ദൈവത്തെ തിരസ്ക്കരിക്കുകയാണ് മദ്യപാനത്തിലൂടെ സന്തോഷം തേടുമ്പോൾ നാം ചെയ്യുന്നത്. നമ്മുടെ സമ്പത്ത് ദൈവത്തിന്റെ ദാനമാണ്. ദൈവ തിരുമനസ് നിറവേറ്റാനായി ഏൽപ്പിക്കപ്പെട്ട പണം ദുർവിനിയോഗം ചെയ്യുമ്പോൾ നാം ദൈവത്തോട് അവിശ്വസ്തത കാണിക്കുകയാ

www.malankaralibrary.com

ണ്. മദ്യപാനം സ്വന്തം ശരീരത്തോടും സഭയോടും സമൂഹത്തോടും കുടുംബത്തോടും തെറ്റ് ചെയ്യുന്നു. സഭയുടേയും സമൂഹത്തിന്റെ കുടുംബത്തിന്റേയും നന്മയ്ക്കുവേണ്ടി ഉപയോഗിക്കാനാണ് ദൈവം നമുക്ക് സമ്പത്ത് ഏൽപ്പിച്ചുതന്നത്. ''**നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ. ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കുന്നു. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾ തന്നെ''** (1 കോറി 3:16,17)

എന്റെ ഒരു സുഹൃത്ത്, എല്ലാ ദിവസവും കുടിച്ച് വീട്ടിൽ വന്ന് ഭാര്യയെ ഉപദ്രവിക്കുമായിരുന്നു. സഹികെട്ടപ്പോൾ, ഇദ്ദേഹം വരുമ്പോൾ ഭാര്യ പുറകുവശത്തെ വാതിലിലൂടെ ഇറങ്ങി ഓടും, മർദ്ദനം സഹിക്കവയ്യാത്തതുകൊണ്ട്. ഭാര്യയെ കിട്ടാത്തതിന്റെ വാശിക്ക്, വീട്ടിലെ എല്ലാ സാധനങ്ങളും നശിപ്പിക്കും. സഹികെട്ട് ഭാര്യ പള്ളിയിൽ വന്ന് പരാതിപറഞ്ഞു. ഭവനസന്ദർശനം നടത്തിയപ്പോൾ കണ്ടത് ഞങ്ങളെ അത്ഭുതപ്പെടുത്തി. ഗ്യാസ് സ്റ്റൗ, വാട്ടർടാങ്ക്, മിക്സി മുതലായ എല്ലാ വിലപിടിപ്പുള്ള വസ്തുക്കളും മതിലിന് വെളിയിൽ കിടക്കുന്നു. കുടിച്ചില്ലെങ്കിൽ മാന്യൻ, കുടിച്ചാൽ ഭ്രാന്തൻ. പോലീസിൽ പരാതികൊടുക്കുമ്പോൾ ഒന്ന്, രണ്ട്, ദിവസം ശാന്തം, പിന്നീട് വീണ്ടും തഥൈവ, കമ്മറ്റിയംഗങ്ങൾ എല്ലാം കൈയൊഴിഞ്ഞു. പള്ളിയിൽ വരുന്ന എല്ലാ ദിവസവും ഭാര്യ പരാതിയുമായി എന്റെയടുത്ത് വരും. ഇനിയെന്തെങ്കിലും സംഭവിച്ചാൽ ഞാൻ ആത്മഹത്യ ചെയ്യും, എന്ന് പറഞ്ഞിട്ട്പോയി. **''എന്റെ സഹോദരരെ നിങ്ങളിൽ ഒരാൾ സത്യത്തിൽ നിന്ന് വ്യതിചലിക്കുകയും അവനെ വേറൊരാൾ തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നെങ്കിൽ, പാപിയെ തെറ്റായ മാർഗ്ഗത്തിൽ നിന്ന് പിൻതിരിപ്പിക്കുന്നവൻ തന്റെ ആത്മാവിനെ മരണത്തിൽ നിന്ന് രക്ഷിക്കുകയും തന്റെ നിരവധിയായ പാപങ്ങൾ തുടച്ച് മാറ്റുകയും ചെയ്യുന്നുവെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ''** (യാക്കോ 5:20)

ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. ഒരു ധ്യാനത്തിന് അവനെവിട്ടാൽ ദൈവം പ്രവർത്തിക്കും എന്ന് വിശ്വസിച്ചു. അയാൾ പള്ളിയിൽ വരുന്നവനല്ല. പിന്നെയെങ്ങനെ ധ്യാനത്തിന് വിടും. ഏതായാലും ഒന്ന് സംസാരിച്ചു നോക്കാം എന്ന് തിരുമാനിച്ച്, അയാളോട് ചോദിച്ചു. 5 ദിവസം ലീവ് എടുത്ത് ധ്യാനത്തിന് പോകണം എന്ന് നിർബന്ധിച്ചു. സകല ചെലവും ഞാൻ വഹിച്ചുകൊള്ളാം എന്നും ഡിവൈനിൽ കൊണ്ടുവിടാമെന്നും പറഞ്ഞപ്പോൾ അയാൾ പറഞ്ഞു: ''ആദ്യം ഭാര്യയെ വിട്ട് മാനസാന്തരപ്പെടുത്താൻ. എല്ലാകുടിയൻമാരും കുറ്റം ഭാര്യയുടെതാണെന്നും, ഞാനല്ല കുറ്റക്കാരൻ എന്നും പറയുമെന്ന് എനിക്ക

www.malankaralibrary.com

റിയാമായിരുന്നതുകൊണ്ട്, രണ്ടുപേരും കൂടി പോകണമെന്ന് ഞാൻ പറഞ്ഞത് അവൻ അംഗീകരിച്ചു. അപ്പോഴാണ് മറ്റൊരു പ്രശ്നം. അയാളുടേത് പാർട്ട് ടൈം ജോലിയായതിനാൽ ലീവ് കിട്ടില്ല. ഞാൻ പിൻമാറിയില്ല. ഞാൻ മാനേജറെ കോൺടാക്ട് ചെയ്തു. കോട്ടയത്തുള്ള ജനറൽ മാനേജർ വിചാരിച്ചാൽ ലീവ് കിട്ടും എന്നറിഞ്ഞു. ഞാൻ ജനറൽ മാനേജരുമായി ബന്ധപ്പെട്ടു. Temporary Appointment ആയതിനാൽ ലീവ് കിട്ടില്ല എന്നും വേണമെങ്കിൽ ജോലിയിൽ നിന്നും പിരിച്ചു വിടാമെന്നും പിന്നീട് ഒരു മാസം കഴിഞ്ഞ് പുതിയ വേക്കൻസിയിൽ നിയമിക്കാമെന്നും പറഞ്ഞു. രണ്ട് ദിവസം കഴിഞ്ഞ് 'കക്ഷി' ജോലിക്ക് ചെന്നപ്പോൾ പറഞ്ഞു. നിന്നെ ആരോ പോട്ടയിൽ കൊണ്ടുപോകാമെന്ന് പറഞ്ഞതിനാൽ, നിന്നെ പിരിച്ചുവിട്ടിരിക്കുന്നു എന്ന്. കക്ഷി ഫിറ്റ് ആയി എന്റെ വീട്ടിൽ വന്നു. എന്റെ ജോലി കളഞ്ഞോ എന്ന് ചോദിച്ചുകൊണ്ട്. ഞാൻ സമ്മതിച്ചു. ഞാൻ പറയുന്നതുപോലെ ചെയ്താൽ ജോലി വീണ്ടും വാങ്ങിത്തരാമെന്ന് പറഞ്ഞ് അയാളെ കുടുംബസമേതം Divine ധ്യാനകേന്ദ്രത്തിൽ എത്തിച്ചു. അങ്ങനെ മദ്യപാനം ഉപേക്ഷിച്ചു, കുടുംബം രക്ഷപെട്ടു. അയാൾക്ക് ജോലിസ്ഥലത്ത് Permanent Appointment കിട്ടി. മക്കൾ പഠിച്ച് നല്ലനിലയിൽ ആയി. ഇപ്പോൾ സന്തുഷ്ടകുടുംബമായി ജീവിക്കുന്നു. ഇതിനിടയിൽ കക്ഷിക്ക് ഒരു രോഗംവന്നു. അതിന്റെ ചികിത്സയെതുടർന്ന് മദ്യപാനം പൂർണമായും നിർത്തി. **''ലഹരി പാനീയങ്ങളുടെ പിന്നാലെ ഓടാൻ വേണ്ടി അതിരാവിലെ ഉണരുകയും, വീണ്ടും കുടിച്ച് മദിക്കാൻ വേണ്ടി ഉറങ്ങാതിരിക്കുകയും ചെയ്യുന്നവർക്ക് ദുരിതം''** (എശയ്യാ 5:11).

മാവേലിക്കര രൂപതയിലെ കെ.സി.ബി.സി. മദ്യലഹരി വിരുദ്ധസമിതിയുടെ പ്രസിഡന്റായി അഭി.ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ് എന്നെ നിയോഗിക്കുകയും, ബ. ചെറിയാൻ മായിക്കൽ അച്ചന്റെ നേതൃത്വത്തിൽ ഏതാനും അംഗങ്ങളെ തെരഞ്ഞെടുത്ത് പ്രവർത്തിക്കുന്നു. കേരള മദ്യനിരോധന ജനകീയ മുന്നണി, മദ്യലഹരിവിമോചന സമിതി തുടങ്ങിയ സംഘടനകളുമായി ചേർന്ന് സെക്രട്ടേറിയറ്റ് മാർച്ച്, കളക്ടറേറ്റ് ധർണ്ണ, താലൂക്ക് പ്രതിഷേധയോഗം മുതലായ സമരമാർഗ്ഗങ്ങളുമായി മുന്നോട്ട് പോകുന്നു. എറണാകുളം പി.ഒ. യിൽ വച്ച് നടന്ന K.C.B.C യുടെ മദ്യവിരുദ്ധസമിതിയുടെ വാർഷികയോഗത്തിൽ പങ്കെടുക്കുകയും, തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ആലപ്പുഴ സോണിന്റെ സെക്രട്ടറിയായും കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കോവിഡ് ലോക്ഡൗൺ സമയത്ത് പ്രവർത്തനം ഓൺലൈൻ ആക്കി ചുരുക്കിയെങ്കിലും ഇപ്പോൾ വീണ്ടും പഴയതുപോലെ ശുശ്രൂഷ തുട

www.malankaralibrary.com

രുന്നു. **''മദ്യപനായ തൊഴിലാളി ഒരിക്കലും ധനവാനാകുകയില്ല; ചെറിയകാര്യങ്ങൾ അവഗണിക്കുന്നവൻ അൽപാൽപമായി നശിക്കും; വീഞ്ഞും സ്ത്രീയും ബുദ്ധിമാന്മാരെ വഴി തെറ്റിക്കുന്നു.''**(പ്രഭാ 19:1)

## പ്രാർത്ഥന

**''നിങ്ങൾ വീഞ്ഞു കുടിച്ച് ഉന്മത്തരാകരുത്. അതിൽ ദുരാശക്തിയുണ്ട്. മറിച്ച് ആത്മാവിനാൽ പൂരിതരാകുവിൻ''** (എഫേ. 5:18) എന്ന വചനം ഞങ്ങൾ ഓർക്കുന്നു. കർത്താവേ, മദ്യപാനത്തിൽ മുഴുകുന്ന എല്ലാ കുടുംബനാഥൻമാരേയും/മക്കളേയും നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു. അവർക്ക് മാനസാന്തരത്തിന്റെ അനുഭവം കൊടുക്കണമേ. ആമേൻ.

www.malankaralibrary.com

18

# പുസ്തക, മാസിക, പത്രവിതരണ ശുശ്രൂഷ

**"മഴയും മഞ്ഞും ആകാശത്തുനിന്നു വരുന്നു; അങ്ങോട്ട് മടങ്ങാതെ ഭൂമിയെ നനയ്ക്കുന്നു. അത് സസ്യങ്ങൾ മുളപ്പിച്ച് ഫലം നൽകി വിതയ്ക്കാൻ വിത്തും ഭക്ഷിക്കാൻ ആഹാരവും ലഭ്യമാക്കുന്നു. എന്റെ അധരങ്ങളിൽ നിന്നും പുറപ്പെടുന്ന വാക്കും അങ്ങനെതന്നെ. ഫലരഹിതമായി അത് തിരിച്ചുവരില്ല. എന്റെ ഉദ്ദേശ്യം അത് നിറവേറ്റും. ഞാൻ ഏൽപ്പിക്കുന്ന കാര്യം വിജയപ്രദമായി ചെയ്യും."** (ഏശയ്യ 55:10,11)

1996 സെപ്തംബർ 30 ന് എനിക്ക് പ്രൊമോഷൻ കിട്ടി. Superintendent ആയി Kottayam Range officeൽ joinചെയ്തു. പുതിയ പോസ്റ്റിംഗ് ആയതുകൊണ്ട് കാര്യമായ ജോലിയൊന്നും തന്നെയില്ലായിരുന്നു. എന്റെ എല്ലാ പോസ്റ്റിംഗും എനിക്ക് ശുശ്രൂഷ ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചാണ് തമ്പുരാൻ തന്നിട്ടുള്ളത്. എറണാകുളം കളക്ട്രേറ്റിൽ ഇൻസ്പെക്ടർ ആയി ജോലിയിൽ ഇരുന്നപ്പോഴാണ് എനിക്ക് പ്രൊമോഷൻ സമയം ആയി എന്നും, താമസിയാതെ പോസ്റ്റിംഗ് ലഭിക്കുമെന്നും അറിഞ്ഞത്. പ്രൊമോഷൻ കിട്ടുമ്പോൾ എവിടെ കിട്ടിയാലും പോയി ജോയിൻ ചെയ്യണം, അതും എത്രയും വേഗം. സാധാരണഗതിയിൽ ദൂരെയെവിടെയെങ്കിലുമായിരിക്കും ട്രാൻസ്ഫർ ലഭിക്കുക. 4 കൊല്ലത്തിൽ ഒരിക്കൽ ട്രാൻസ്ഫർ നിർബന്ധമാണ്. ആയതിനാൽ എല്ലാവർഷവും Annual General Transferന് അപേക്ഷ കൊടുക്കണം. നമുക്ക് ഇഷ്ടമുള്ള സ്ഥലം മൂന്നെണ്ണം ചോദിക്കാം. കിട്ടണമെന്ന് നിർബന്ധം ഒന്നും ഇല്ല. എങ്കിലും അവ പരിഗണിക്കും. തമ്പുരാന്റെ അ

www.malankaralibrary.com

നുഗ്രഹം കൊണ്ട് എനിക്ക് മിക്കവാറും എല്ലാംതന്നെ ലഭിച്ചിട്ടുണ്ട്. **''എന്റെ ആത്മാവേ കർത്താവിനെ വാഴ്ത്തുക, അവിടുന്ന് നൽകിയ അനുഗ്രഹമൊന്നും മറക്കരുത്.'' (സങ്കീ 103:2)**

എന്നാൽ പ്രൊമോഷൻ ആകുമ്പോൾ ഈ ചാൻസ് കിട്ടില്ല. എനിക്ക് വലിയ പ്രയാസം തോന്നി. കാരണം തിരുവനന്തപുരത്തിനും എറണാകുളത്തിനും ഇടയ്ക്കു റെയിൽവേ സ്റ്റേഷൻ ഉള്ള സ്ഥലത്ത് എവിടെകിട്ടിയാലും എനിക്ക് ദിവസവും പോയിട്ടുവരാം. എന്റെ ഈ ആഗ്രഹം സഫലമാകാൻ ഞാൻ പ്രാർത്ഥന തുടങ്ങി. അപ്പോഴാണ് എന്റെ മനസിൽ ഒരു ഐഡിയ കിട്ടിയത്. ഞങ്ങളുടെ കമ്മീഷണർ ഒരു നല്ല മനുഷ്യനാണ്. അദ്ദേഹത്തെ കണ്ട് ഒന്ന് പറഞ്ഞുനോക്കാം. ഞാൻ നേരിൽ കണ്ടു. എനിക്ക് പ്രൊമോഷൻ കിട്ടുമ്പോൾ എറണാകുളത്തിന് തെക്ക് ഉള്ള ഏതെങ്കിലും സ്ഥലത്ത് പോസ്റ്റിംഗ് തന്നാൽ ഉപകാരമായിരിക്കും. എന്റെ രണ്ട് മക്കൾ വിദ്യാർത്ഥികളാണന്നും അവർ ചെറിയ ക്ലാസ്സിൽ പഠിക്കുകയാണ് എന്നും, വീട്ടിൽ ഭാര്യയും, കൊച്ചുമകനും മാത്രമേ ഉള്ളു. എന്നും ഞാൻ പറഞ്ഞു. കൂടുതൽ വേക്കൻസി വടക്കോട്ടുള്ള ഓഫീസുകളിലാണ് എന്ന് പറഞ്ഞെങ്കിലും, അദ്ദേഹം എന്തെങ്കിലും നന്മ ചെയ്യും എന്ന് എനിക്ക് തോന്നി. തോബിത്തിന്റെ മകൻ തോബിയാസ്, തന്റെ പിതാവ് കടം കൊടുത്ത പത്ത് താലന്തു വെള്ളി തിരികെ വാങ്ങുവാൻ പോയപ്പോൾ, തന്നെ സഹായിക്കുവാനായി ദൈവദൂതനായ റാഫായേൽ മാലാഖ എത്തിയതുപോലെ, ഒരു സ്നേഹിതൻ എന്നെ സഹായിക്കുവാനായി എത്തി. അങ്ങനെ എനിക്ക് പ്രൊമോഷൻ കിട്ടിയത് വീട്ടിൽ നിന്നും 50 കി.മി. മാത്രം ദൂരമുള്ള കോട്ടയം റെയിഞ്ച് ഓഫീസിൽ. എല്ലാ ദിവസവും ട്രെയിനിൽ പോയിട്ടു വരാം, സീസൺ ടിക്കറ്റ് എടുത്താൽമതി. **''കർത്താവ് നല്ലവനാണ്, അവിടുത്തെ കാരുണ്യം ശാശ്വതമാണ്; അവിടുത്തെ വിശ്വസ്തത തലമുറകളോളം നിലനിൽക്കും.''** (സങ്കീ100:5)

കോട്ടയത്ത് ബെസേലിയോസ് കോളേജിന്റെ എതിർവശത്തുള്ള Good Shepherd Road തുടങ്ങുന്നതിന്റെ സൈഡിൽ ഒരു നാലു നില ബിൽഡിംഗിലെ രണ്ടാം നിലയിൽ ആയിരുന്നു എന്റെ ഓഫീസ്. ഗ്രൗണ്ട് ഫ്ളോർ ബിൽഡിംഗ് ഓണർ താമസവും, ഫസ്റ്റ് ഫ്ളോർ അവരുടെ ഷോപ്പും ആയിരുന്നു. വചനോത്സവം, ശാലോം തുടങ്ങിയ മാസികകളുടെ ഏജന്റ് (പ്രേഷിതൻ) ആയിരുന്നു ജോർജ്ജ്. അദ്ദേഹത്തിന്റെ കടയിൽ ഈ മാസികകൾ വിൽക്കുമായിരുന്നു. അങ്ങനെ ഞാൻ ഈ മാസിക കൂടുതൽ വാങ്ങി വിതരണം ചെയ്യാൻ തുടങ്ങി. അത് എന്നെ കൂടുതൽ സ്വാധീനിച്ചു. ക്രമേണ ഞാൻ ഒരു കരിസ്മാറ്റിക്കായി. അങ്ങനെ ഒരു വർഷം കഴിഞ്ഞപ്പോൾ അപ്രതീക്ഷിതമായി എനിക്ക് വീടിന്റെ

www.malankaralibrary.com

ഏറ്റവും അടുത്തുള്ള ഓഫീസ് ആയ കായംകുളം കിട്ടി. വെറും 18 കി.മി. ദൂരം. മക്കൾ രണ്ടുപേരും പഠിക്കുന്നതും ഭാര്യ ജോലി ചെയ്യുന്നതും കറ്റാനത്ത്. രാവിലെ ഓഫീസിൽ പോകുമ്പോൾ ഭാര്യയേയും മക്കളേയും സ്കൂളിൽ വിടും. വൈകിട്ട് തിരികെവരുമ്പോൾ അവരെ കളക്ട് ചെയ്യും. നാലരവർഷത്തോളം ഈ സൗകര്യം എനിക്ക് ലഭിച്ചു. **''തന്റെ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ, കർത്താവ്, അവർക്ക് വേണ്ടത് നൽകുന്നു.''** (സങ്കീ127:2)

സ്കൂൾ വെക്കേഷൻ സമയത്ത് ഞാനും കുടുംബവും ഒന്നിച്ച് Divine ധ്യാനകേന്ദ്രത്തിൽ പോയി ഒരാഴ്ച ധ്യാനം കൂടി. ഒരു വീണ്ടും ജനനത്തിന്റെ അനുഭവം എനിക്ക് അവിടെ നിന്നും ലഭിച്ചു. **''സത്യം സത്യമായി ഞാൻ നിന്നോട് പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല. മാംസത്തിൽ നിന്ന് ജനിക്കുന്നതിന് മാംസമാണ്. ആത്മാവിൽ നിന്നും ജനിക്കുന്നത് ആത്മാവും''** (യോഹ 3:5-6)

ഈ സമയത്താണ് പോട്ട ധ്യാനകേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്ന വചനോത്സവം മാസികയുടെ ജില്ലാ കൂട്ടായ്മ കേരളം മുഴുവൻ നടന്നത്. എന്റെ വീട് മാവേലിക്കരയായതിനാലും ലീവ് എടുത്ത് എല്ലാ മീറ്റിംഗിനും പോകാൻ പറ്റിയ ജോലി കിട്ടിയതിനാലും തെക്കൻ ഏരിയാകളിൽ നടന്ന മിക്കവാറും എല്ലാ മീറ്റുംഗുകളിലും ഞാൻ പങ്കെടുത്തു. പിന്നീട് പോട്ട ആശ്രമത്തിൽ വച്ച് നടന്ന annual meetingൽ വച്ച് അന്നത്തെ വചനോത്സവം മാസികയുടെ എഡിറ്റർ റവ. ഫാ. തോമസ് അമ്പാട്ടുകുഴി വി.സി. എന്നെ വചനോത്സവം മാസികയുടെ സംസ്ഥാന കോർഡിനേറ്ററാക്കി. സത്യം പറഞ്ഞാൽ ജോലിയോടൊപ്പം ഈ ശുശ്രൂഷകൂടി എങ്ങനെ നടത്തും എന്ന് ഞാൻ ഭയപ്പെട്ടു. എന്നാൽ ഈ വിവരം ബ. അമ്പാട്ടുകുഴി അച്ചനുമായി പങ്കുവച്ചപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞ മറുപടി എനിക്ക് കരുത്ത് പകർന്നു. **''പോട്ട ആശ്രമത്തിൽ നിന്നും വൈദികർ പ്രാർത്ഥനാപൂർവം ഒരു തീരുമാനം എടുത്താൽ, പിന്നെ അത് നടത്തുവാനുള്ള കഴിവ് ദൈവം തരും''**പിന്നീട് കേരളത്തിലെ എല്ലാ ജില്ലകളിലും, തമിഴ്നാടിന്റെ ചില ഭാഗങ്ങളിലും വച്ചു നടന്ന വചനോത്സവത്തിന്റെ എല്ലാ മീറ്റുകളിലും എഡിറ്റർമാരായ ബ. തോമസ് അമ്പാട്ടുകുഴിയിൽ, ഷിന്റോ മംഗലത്ത്, റോബർട്ട് ചവറനാനിക്കൽ, സഖറിയാസ് ഏടാട്ട് എന്നീ വന്ദ്യവൈദികർക്കൊപ്പം പങ്കെടുക്കുവാൻ സാധിച്ചു. വചനോത്സവം മാസികയുടെ സർക്കുലേഷൻ ക്രമേണ വർദ്ധിച്ച് 6 ലക്ഷത്തോളം ഉയർന്നു. 8 ഭാഷകളിൽ ഇന്ത്യയ്ക്കകത്തും വിദേശത്തും പ്രചരിച്ചു. വിതരണം ചെയ്യുന്ന പ്രേഷിതരുടെ (Agent എന്ന വാക്ക് ഞങ്ങൾ ഉപ

www.malankaralibrary.com

യോഗിക്കാറില്ല) അംഗസംഖ്യ വിപുലമായി വർദ്ധിച്ചു. 100–200 പേർ സംബന്ധിച്ചിരുന്ന വാർഷിക സമ്മേളനം നടത്താൻ പൊട്ട ആശ്രമത്തിൽ താമസസൗകര്യം ഇല്ലാത്തതിനാൽ, ഡിവൈൻ ധ്യാനകേന്ദ്രത്തിലേക്ക് മാറ്റേണ്ടിവന്നു. പിന്നീടുള്ള വർഷങ്ങളിൽ 600–700 പേർ പ്രേഷിത സംഗമത്തിൽ പങ്കെടുത്തു. **''ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുതലവാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും, ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നീയോഗങ്ങളെയും വിവേചിക്കുന്നതുമാണ്.''** (ഹെബ്രാ 4:12)

ആദ്യം 10 വചനോത്സവം വരുത്തി തുടങ്ങിയ ഞാൻ പിന്നീട് അത് 100, 200, 300, 400, 500 എന്നീ നമ്പരുകളിൽ വർദ്ധിപ്പിച്ചു. ഞാൻ യാത്ര ചെയ്യുന്ന വാഹനത്തിലും, ഓഫീസിലും, വീട്ടിലും, ഒരോ കെട്ടുകൾ വീതം സംഭരിച്ച് വിതരണം തുടങ്ങി. ഫ്രീയായിട്ടാണ് കൂടുതലും കൊടുത്തിരുന്നത്. ഒരു കോംപ്ലിമെന്റ് എന്ന നിലയിൽ. യാത്ര കൂടുതലും ട്രെയിനിൽ ആയതിനാൽ വിതരണം എളുപ്പമായിരുന്നു. ക്രിസ്ത്യാനികളായ പലർക്കും ഇത് പുതുമയുള്ള കാര്യമായി തോന്നി. ചുരുക്കം ചിലർ എന്നെ കളിയാക്കി, സൂപ്രണ്ട് വചനോത്സവം എന്നു വിളിച്ചു. ഓഫീസിൽ സുപ്രണ്ടുമാരായ ഞങ്ങളെ സെക്ഷന്റെ പേരുകൂടി ചേർത്ത് സൂപ്രണ്ട് (Tech) സൂപ്രണ്ട് (Audit) സൂപ്രണ്ട് (Adm) സൂപ്രണ്ട് (preventive) സൂപ്രണ്ട് (Customs) etc. എന്നിങ്ങനെയാണ് അറിയപ്പെട്ടിരുന്നത്. എന്നാൽ ചുരുക്കം ചിലർ എന്നോട് ചോദിച്ചു വാങ്ങാനും മടിച്ചില്ല. ഞാൻ സന്ദർശിക്കുന്ന ഹോസ്പിറ്റലിൽ അനേകം കോപ്പികൾ കൊടുക്കുവാൻ കഴിഞ്ഞു. ഓരോ വർഷവും സംസ്ഥാന കൂട്ടായ്മയ്ക്ക് പോകുമ്പോൾ കോപ്പിയുടെ എണ്ണം കൂട്ടുമായിരുന്നു. അങ്ങനെയാണ് 10ൽ നിന്നും 500 വരെയെത്തിയത്. വചനോത്സവത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിശുദ്ധനാട്, യൂറോപ്പ് സന്ദർശനത്തിലും ഇംഗ്ലീഷിലുള്ള വചനോത്സവത്തിന്റെ കോപ്പികൾ വിതരണം നടത്തിയിരുന്നു. **''വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും''** (2 തിമോ 4:2)

ആദ്യകാലഘട്ടങ്ങളിൽ ഈ വിതരണപ്രക്രിയ അത്രസുഖകരമായിരുന്നില്ല. കൺവെൻഷൻ ഗ്രൗണ്ടിൽ സ്റ്റാൾ ഇട്ട് വിൽപന നടത്തുമായിരുന്നു. അവിടെ ധാരാളം എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ട്. മരത്തിന്റെ ചുവട്ടിലും, കൃഷി ഇടത്തിലും പാതവക്കിലും ആയിരിക്കും സൗകര്യം ലഭിക്കുക; അതും വളരെ പ്രയാസപ്പെട്ട്. ഏതായാലും ഇതിനായി ബുദ്ധിമുട്ടുന്നുണ്ട്, എന്നാൽ മറ്റു മാസികകളും, കുറച്ച് നല്ല നല്ല പുസ്തകങ്ങളുംകൂടി വാങ്ങി അല്പംകൂടി വിപുലീകരിക്കാമെന്ന്

www.malankaralibrary.com

കരുതി. അങ്ങനെ Shalom Times, Divine Voice, Christen, Kunju Malakha, Amma Magazine etc.. എന്നിവയുടെ വിതരണവും, ഡിവൈൻ ധ്യാനകേന്ദ്രത്തിലെയും Sophia Books ന്റെയും പുസ്തകങ്ങൾ കൂടി ഉൾപ്പെടുത്തി. ഇപ്പോൾ വീടിന്റെ ഒരു മുറി മുഴുവനും ബുക്ക് സ്റ്റാൾ ആക്കി മാറ്റുവാൻ തമ്പുരാൻ കർത്താവ് അനുഗ്രഹിച്ചു. **''കർത്താവ് എത്ര നല്ലവനെന്ന് രുചിച്ചറിയുവിൻ; അവിടുത്തെ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ''** (സങ്കീ 34:1)

73 പുസ്തകങ്ങൾ ഉള്ള കത്തോലിക്കാ ബൈബിൾ ഇന്നും ഇല്ലാത്ത അനേകം ഭവനങ്ങൾ നമ്മുടെ ഇടവകയിൽ ഉണ്ട്. 66 പുസ്തകങ്ങൾ ഉള്ള വേദപുസ്തകം കൊണ്ട് നടക്കുന്നവർ ധാരാളം. എന്തുകൊണ്ട് കുറച്ച് ബൈബിൾ കൂടെ കൊടുത്തുകൂടാ. Potta, Divine, P.O.C എന്നിവിടങ്ങളിൽ നിന്നും ബൈബിൾ ശേഖരിച്ച് എന്റെ കളക്ഷൻ അൽപംകൂടി വിപുലമാക്കി. കൺവെൻഷൻ പന്തലിൽ അനേകം പേർ P.O.C ബൈബിൾ സ്വന്തമാക്കാൻ കടന്നുവന്നു. ഇന്ന് അനേകം പേർ എന്നെ ടെലിഫോണിൽ വിളിച്ച് ബൈബിൾ വാങ്ങാനായി വരുന്നുണ്ട്. ആദ്യകാലങ്ങളിൽ ബുക്ക് സ്റ്റാൾ ഇടാനായി ഞാൻ ബുദ്ധിമുട്ടിയിരുന്ന സ്ഥലങ്ങളിൽ ഇന്ന് കൺവൻഷൻ ആരംഭിക്കുന്നതിന് മുൻപുതന്നെ എന്നെ മുൻകൂട്ടി അറിയിച്ച് സാന്നിദ്ധ്യം ഉറപ്പുവരുത്താറുണ്ട്. ഈ ശുശ്രൂഷ ഞാൻ താൽപര്യത്തോടുകൂടി ചെയ്യുന്നത്, എനിക്ക് കാര്യമായ സാമ്പത്തിക ബെനിഫിറ്റ് ലഭിക്കുന്നതുകൊണ്ടാണ് എന്ന കരുതുന്നവർ ധാരാളം ഉണ്ട്. എന്നാൽ സത്യത്തിൽ എനിക്ക് സാമ്പത്തികമായി നഷ്ടമേ ഈ ശുശ്രൂഷയിൽ ഉണ്ടായിട്ടുള്ളൂ. വചനോത്സവം, ശാലോം, ഡിവൈൻവോയിസ് തുടങ്ങി നിരവധി മാസികകളും, പുസ്തകങ്ങളും വായിച്ചാണ് എനിക്ക് പ്രത്യേകമായ ദൈവാനുഭവം ഉണ്ടായത്. അതുകൊണ്ട് ഈ ശുശ്രൂഷമൂലം അനേകംപേർക്ക് ഇതുപോലെ ദൈവാനുഭവം ലഭിക്കാൻ കാരണമാകും എന്ന പ്രത്യാശയിലാണ് നഷ്ടവും കഷ്ടവും അപമാനവും സഹിച്ച് ഈ ശുശ്രൂഷ ചെയ്യുന്നത്. **''ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആര് നമ്മെ വേർപെടുത്തും? ക്ലേശമോ, ദുരിതമോ പീഡനമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ, ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു.. നിന്നെപ്രതി ഞങ്ങൾ ദിവസം മുഴുവൻ വധിക്കപ്പെടുന്നു. കൊലയ്ക്കുള്ള ആടുകളെപോലെ കരുതപ്പെടുകയും ചെയ്യുന്നു. നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇവയിലെല്ലാം നാം പൂർണ്ണ വിജയം വരിക്കുന്നു. എന്തെന്നാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരികൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും**

www.malankaralibrary.com

**സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല എന്നെനിക്ക് ഉറപ്പുണ്ട്''** (റോമാ 8:35–38)

മാസികകളിലൂടെയും പുസ്തകങ്ങളിലൂടെയും വായിച്ച് ലഭിച്ച ചൈതന്യം ആണ് ഞാൻ Divine ധ്യാനകേന്ദ്രത്തിൽ പോയി ധ്യാനം കൂടാനും തുടർന്ന് ഒരു കരിസ്മാറ്റിക്കുകാരനാകാനും സാധ്യമായത് എന്ന് ഞാൻമുൻപ് പറഞ്ഞിരുന്നല്ലോ. Divine മാസികയിൽ വിജയപുരം രൂപതയുടെ ബിഷപ്പ് മാർ പീറ്റർ തുരുത്തിക്കോണം എഴുതിയ 'സമൂഹത്തോടുള്ള കടമ' എന്ന ലേഖനത്തിലെ വരികൾ ഒരു ഉദ്യോഗസ്ഥനായിരുന്ന എന്ന സ്പർശിച്ചു. ഇപ്രകാരമാണ് അതിൽ എഴുതിയിരുന്നത്, ''മറ്റുള്ളവരുടെ നന്മയ്ക്ക് വേണ്ടി പ്രവർത്തിക്കുന്നതിന് പകരം സ്വാർത്ഥലാഭത്തിന് വേണ്ടി പ്രവർത്തിക്കുന്നവരെയാണ് പല രംഗത്തും കാണുന്നത്. സ്വന്തം കാര്യം, സ്വന്തം ലാഭം. ഒരാൾക്ക് ന്യായമായി ലഭിക്കേണ്ടത് ശമ്പളമായി ലഭിക്കുന്നുണ്ട്. അതുകൊണ്ട് അയാൾ സംതൃപ്തനാവണം. എന്നാൽ അത്യാഗ്രഹിയും ധനമോഹിയുമായ മനുഷ്യൻ ആ ശമ്പളം കൊണ്ട് സംതൃപ്തനാകാതെ അന്യായ മാർഗ്ഗങ്ങളിലൂടെ ധനം സമ്പാദിക്കാൻ തന്റെ അധികാരത്തെ അയാൾ ദുർവിനിയോഗം ചെയ്യുന്നു. അങ്ങനെ എല്ലാ മേഖലകളിലും അഴിമതി കുന്നുകൂടുന്നു. സമൂഹത്തോടുള്ള കടമ മറന്നു പ്രവർത്തിക്കുന്ന എത്രയോപേർ ഇന്ന് സർക്കാർ സർവ്വീസിൽ ഉണ്ട്. തനിക്ക് ശമ്പളം ഉണ്ട്, ജോലിയിൽ നിന്ന് പിരിഞ്ഞാൽ പെൻഷൻ ഉണ്ട്. ഭയപ്പെടാനില്ല. എന്നാൽ തന്റെ പ്രവർത്തനംകൊണ്ട് സമൂഹത്തിന് എന്ത് നന്മയുണ്ടായി എന്ന ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. കൈക്കൂലിവാങ്ങുന്നവന് സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ അനുവാദം ഇല്ല എന്ന് വിശുദ്ധഗ്രന്ഥം പറയുന്നു. കൈക്കൂലിവാങ്ങാൻ സൗകര്യമുള്ള ഒരു ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തിരുന്ന ആളായിരുന്നതുകൊണ്ട് എന്നെ ഈ ലേഖനം കാര്യമായി സ്വാധീനിച്ചു. **''അശുദ്ധിയിലേക്കല്ല വിശുദ്ധിയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്.''** (1 തെസ 4:7)

മലങ്കര കത്തോലിക്കാ സഭയിലെ തിരുവനന്തപുരം അതിരൂപതയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ക്രൈസ്തവകാഹളം എന്ന മാസികയിലെ സിസ്റ്റർ. മേസ്റെൻ എസ്.എച്ച് എഴുതിയ 'മരച്ചില്ലകൾക്കിടയിലൂടെ ഒരു കൂടിക്കാഴ്ച' എന്ന ലേഖനം യേശുവിനെ കാണുവാൻ ആഗ്രഹിക്കുന്ന വ്യക്തികളിൽ യേശു പല വിധത്തിൽ ഇടപെടുന്നു എന്ന് പറഞ്ഞ്, സക്കേവൂസിന്റെ മാനസാന്തരകഥ വളരെ ഭംഗിയായി വിവരിച്ചിരുന്നു. ചുങ്കം പിരിവുകാരനായ സക്കേവൂസ് മാനസാന്തരപ്പെട്ട് യേശുവിന്റെ അടുത്ത് വന്ന് **'ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു.**

www.malankaralibrary.com

**ഇവനും അബ്രഹാത്തിന്റെ പുത്രനാണല്ലോ'** (ലൂക്കാ 19:9) എന്ന യേശുവിന്റെ വചനം കേൾക്കാൻ സാധിക്കുമെങ്കിൽ എന്തുകൊണ്ട് കസ്റ്റംസ് & സെൻട്രൽ എക്സൈസ് ഓഫീസിൽ ജോലിചെയ്യുന്ന എനിക്കും എന്തുകൊണ്ട് മാനസാന്തരപ്പെട്ട് ദൈവസന്നിധിയിലേക്ക് വന്നുകൂടാ എന്ന ചിന്ത എന്നെ സ്വാധീനിച്ചു. **''നമ്മൾ ജീവിക്കുന്ന ദൈവത്തിന്റെ ആലയമാണ്.എന്തെന്നാൽ ദൈവം അരുളിചെയ്തിരിക്കുന്നു; ഞാൻ അവനിൽ വസിക്കുകയും അവരുടെ ഇടയിൽ വ്യാപരിക്കുകയും ചെയ്യും. ഞാൻ അവരുടെ ദൈവമായിരിക്കും; അവർ എന്റെ ജനവുമായിരിക്കും.''** (2കോറി 6:16)

വചനോത്സവം മാസികയിലെ എഡിറ്റോറിയലിൽ മുഖപ്രസാദത്തിൽ, തലച്ചോറിലെ ട്യൂമർ സുഖപ്പെട്ട മകന്റെ സൗഖ്യത്തെക്കുറിച്ചുള്ള സന്തോഷത്തേക്കാൾ, പരിശുദ്ധാത്മാവിൽ വീണ്ടും ജനനമുണ്ടായി എന്ന ആനന്ദത്താൽ ആണ് ഫ്രാങ്കോ ശ്രീലങ്കയിലേക്ക് തിരിച്ചു പോയത് എന്ന ലേഖനം വായിച്ചപ്പോൾ, അതിൽ കൊടുത്തിരുന്ന യേശുക്രിസ്തുവിലായിരിക്കുന്നവർ ഒരു പുതിയ സൃഷ്ടിയാണ്; ആത്മാവിലും വിശ്വാസത്തിലും മൂല്യങ്ങളിലും പ്രവൃത്തിയിലും ഈ പുതുമയുണ്ടാകുന്നു എന്നും, നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മ ശക്തിയാൽ നമ്മൾ യേശുക്രിസ്തുവിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകുന്നു എന്ന വചനം എന്നെ സ്വാധീനിച്ചു.

യേശുക്രിസ്തുവിന് വേണ്ടി ഇന്നുവരെ നമ്മൾ എന്തുചെയ്തു? ദൈവരാജ്യം സ്വന്തമാക്കാൻ നാം എന്തു ചെയ്യുന്നു. ഇന്നുവരെയുള്ള നമ്മുടെ സഹനങ്ങളും കഷ്ടപ്പാടുകളും നമ്മുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടിയും, ഭൗതികകാര്യങ്ങൾക്കു വേണ്ടിയും ആയിരുന്നില്ലേ? ഇന്നു മുതൽ 'യേശുക്രിസ്തുവിന് വേണ്ടി ജീവിക്കാൻ തുടങ്ങുക' എന്ന ആഹ്വാനം എന്റെ മനസ്സിൽ കാതലായ മാറ്റം വരുത്തി.

ഈ സമയത്താണ് ഏറ്റവും പ്രധാനപ്പെട്ട ഒരു ലേഖനം എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഏപ്രിൽ 2020 ലെ ശാലോം മെസഞ്ചറിൽ ശ്രീ. ബെന്നി പുന്നത്തറ എഴുതിയ 'മഹത്വമേറിയ സുവിശേഷകനായി മാറുക' എന്ന എഡിറ്റോറിയൽ. അതിൽ കൊടുത്തിരിക്കുന്ന ഓരോ വരികളും എന്നെ പുളകം കൊള്ളിച്ചു. അതിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നു. ''നല്ലൊരു സുവിശേഷപ്രചാരകനാകാനുള്ള അടുത്ത മാർഗ്ഗം, നിങ്ങളുമായി വ്യക്തിപരമായി ബന്ധപ്പെടുന്നവരോട് യേശുവിന്റെ രക്ഷ അറിയിക്കുവാൻ മനസ്സുണ്ടാവുക എന്നതാണ്. ഒരു പക്ഷെ, നേരിട്ട് സംസാരിച്ച് സുവിശേഷം അറിയിക്കുവാനുള്ള വാക്ചാതുര്യമോ, കഴിവോ നിങ്ങൾക്ക് ഉണ്ടാകണമെന്നില്ല. അതിനുള്ള വഴികൾ ഉണ്ട്. നല്ല ക്രിസ്തീയ മാസികകൾ, ആത്മീയ ഗ്രന്ഥങ്ങൾ,

www.malankaralibrary.com

ലഘുലേഖകൾ, ഇവ വഴിയായി നമുക്ക് ക്രിസ്തുവിനെ കൊടുക്കാൻ കഴിയും. പ്രസിദ്ധീകരണങ്ങൾക്ക് വലിയ പ്രേഷിതമൂല്യമുണ്ട്. അതിനാൽ നിങ്ങളുടെ വീട്ടിലും, ബാഗിലും നല്ല ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾ ഉണ്ടാകട്ടെ. ദുഃഖിതനും നിരാശനുമായ ഒരാളെ കണ്ടുമുട്ടിയാൽ ഇതാ ഈ പുസ്തകമൊന്ന് വായിച്ച് നോക്ക്, താങ്കൾക്ക് പ്രയോജനമുണ്ടാകും എന്ന് പറയാൻ വലിയ ബുദ്ധിമുട്ടൊന്നുമില്ല. ഒരു പക്ഷേ ആ പ്രസിദ്ധീകരണത്തിലെ ഒരു വാചകമായിരിക്കാം ഒരു വ്യക്തിയെ രൂപാന്തരപ്പെടുത്തുന്നത്. നല്ല ക്രിസ്തീയ പ്രസിദ്ധീകരണങ്ങളുടെ ഏജൻസികളെടുത്ത് നിങ്ങളുടെ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നത് വലിയൊരു പ്രേഷിതവേലയായി നിങ്ങൾ കാണണം. നാം വിതരണം ചെയ്യുന്ന മാസികകൾ വഴി അനേകർ വിശ്വാസത്തിലേക്കും പ്രത്യാശയിലേക്കും ആനയിക്കപ്പെടുന്നു. നമ്മളും കുടുംബവും അതോടൊപ്പം അനുഗൃഹീതരായിത്തീരും.'' **''നിങ്ങൾ ജീവന്റെ വചനത്തെ മുറുകെ പിടിക്കുവിൻ''** (ഫിലി 2:16)

ബെന്നിസാറിന്റെ ഈ ലേഖനമാണ് അനേകം പുസ്തകങ്ങൾ, മാസികകൾ, ബൈബിൾ എന്നിവ സമാഹരിച്ച് കൺവൻഷൻ ഗ്രൗണ്ടുകളിൽ ബുക്ക്സ്റ്റാൾ ക്രമീകരിച്ച് സുവിശേഷവേല ചെയ്യുവാൻ എന്നെ പ്രേരിപ്പിച്ചത്. കോവിഡ് കഴിയുമ്പോൾ വീണ്ടും അത് തുടർന്നുകൊണ്ട് പോകാൻ സാധിക്കും എന്ന് കരുതുന്നു. **''നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നും രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ, നിങ്ങൾ മനസ്സിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ''** (എഫേ 4:22-25)

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, **''വിളവ് വളരെ വേലക്കാരോചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ''** (മത്തായി 9:38). എന്നങ്ങ് അരുളിച്ചെയ്തല്ലോ. നിത്യപിതാവായ ദൈവമേ അങ്ങയുടെ അനന്തസ്നേഹത്തിൽ നിന്ന് എല്ലാ മനുഷ്യരേയും രക്ഷയുടെ പാതയിലേക്ക് നയക്കുവാനായി ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്ക് പ്രേഷിതരായി അയയ്ക്കപ്പെടുവാൻ അനേകം യുവതീയുവാക്കളെ വിളിക്കേണമേ. വിളഞ്ഞുകിടക്കുന്ന വയലിലേക്ക് എന്നെയും അയച്ച് ഒരു സുവിശേഷകനാക്കിയതിനാൽ നിന്നെ ഞാൻ സ്തുതിക്കുന്നു. കർത്താവേ,

www.malankaralibrary.com

ദൈവരാജ്യത്തിനായി ആത്മാക്കളെ കൊയ്യുവാൻ വേണ്ട അഭിഷേകം നൽകി, നീ എന്നെ അനുഗ്രഹിക്കണമേ. അങ്ങയുടെ അനുഗ്രഹത്താൽ ലോകം മുഴുവൻ അവിടുത്തെ സുവിശേഷം എത്തിക്കുവാൻ എന്നെ ശക്തനാക്കണമേ. എന്റെ സമ്പത്തിന്റെയും സമയത്തിന്റേയും ആരോഗ്യത്തിന്റെയും ഒരോഹരി നിന്റെ ശുശ്രൂഷയ്ക്ക് വേണ്ടി മാറ്റി വയ്ക്കുവാനുള്ള കൃപ തരുമാറാകണമെന്ന് പ്രാർത്ഥിക്കുന്നു. ആമേൻ.

www.malankaralibrary.com

19

# മതബോധന അദ്ധ്യാപക ശുശ്രൂഷ

**''ഞാൻ സ്വമനസാ ഇത് ചെയ്യുന്നതെങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്.''** (1 കോറി 9:17)

ഒരു വൈദികനായി ബലിയർപ്പിച്ച് ദൈവവചനം പങ്കുവച്ച് കൊടുക്കുവാൻ പറ്റില്ല എന്ന അവസ്ഥ വന്നപ്പോൾ, ഒരദ്ധ്യാപകനായി തലമുറകൾക്ക് നല്ല നല്ല ഉപദേശം പറഞ്ഞു കൊടുക്കാൻ എങ്കിലും സാധിക്കണം എന്ന് ആഗ്രഹം മനസിലുണ്ടായിരുന്നു. എന്നാൽ ദൈവഹിതം അത് അല്ലായിരുന്നു, അതിലും ഉപരിയായിരുന്നു. എന്റെ ഉള്ളിൽ അന്തർലീനമായികിടക്കുന്ന, അദ്ധ്യാപക വാസന, ഒരു മതാദ്ധ്യാപകൻ എന്ന നിലയിൽ ഇന്ന് ഞാൻ പൂർണ സംതൃപ്തിയോടെ നിർവഹിക്കുന്നു. ഈ ലോകത്തിന്റെ അറിവ് പകർന്നു കൊടുക്കുന്ന അദ്ധ്യാപകൻ ചെയ്യുന്ന പ്രവൃത്തി പുണ്യമാണെങ്കിൽ, ദൈവവചനം പങ്കുവച്ചു കൊടുക്കുന്ന അദ്ധ്യാപകൻ ചെയ്യുന്ന പ്രവൃത്തി എത്രയോ വലിയ പുണ്യമാകും. **''മാത്സര്യമോ വ്യർഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം.''** (ഫിലി 2:3)

ചെറുപ്രായത്തിൽ തന്നെ കുട്ടികളെ ദൈവവിശ്വാസത്തിൽ അടിയുറപ്പിച്ച് കൊണ്ടുവരാനുള്ള പരിശ്രമം ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും അടിയന്തിര ആവശ്യം ആണ്. ഒരു വ്യക്തി എന്ത് നോക്കി നടക്കുന്നുവോ അത് മാത്രമായിരിക്കും അയാളുടെ കണ്ണിൽപെടുക. പുറമേയുള്ള കാഴ്ചകളല്ല ഉള്ള് മലിനമാക്കുന്നത്. ഉള്ളിലുള്ള അശുദ്ധി, മലിനമായ കാഴ്ചകളെ തേടുകയാണ്. മനസ്സ് എന്ത് തേടുന്നുവോ,

www.malankaralibrary.com

ആ ദൃശ്യങ്ങളിൽ അത് ഉടക്കിനിൽക്കും. അത് പല തവണ കണ്ട് കൂടുതൽ സംതൃപ്തി കണ്ടെത്താൻ ശ്രമിക്കും. എന്തിന് വേണ്ടിയാണോ, ഒന്നിൽ കണ്ണയക്കുന്നത്, അത് തന്നെയായിരിക്കും, അയാൾ കണ്ടെത്തുക. തേനീച്ചകൾ പൂവിലെ തേൻമാത്രം തേടുമ്പോൾ ക്ഷുദ്രജീവികൾ പൂവിനെത്തന്നെ ഇല്ലാതാക്കുന്നു. കാഴ്ച വിശുദ്ധമാകണമെങ്കിൽ കണ്ണട മാറ്റിയാൽ പോരാ, മനസ്സിന്റെ അകംകൂടി ശുദ്ധമാകണം. അപരന്റെ തെറ്റ് കണ്ടുപിടിക്കാൻ വളരെ എളുപ്പമാണ്. സ്വന്തം പിഴവുകൾ മറയ്ക്കാൻ അവർ അന്യരുടെ തെറ്റുകൾ പരിചയായി ഉപയോഗിക്കും. ഇതാണ് പൊതുവെ മനുഷ്യരുടെ സ്വഭാവം. എത്രകുറ്റം പറഞ്ഞാലും ഒരുവന്റെ തെറ്റ് തിരുത്തിയെടുക്കാൻ പ്രയാസമാണ്. ഒരുപക്ഷെ, അത് അവന്റെ വ്യക്തിത്വത്തിന് മുറിവ് വരുത്തുകയും ചെയ്യും. ഒരു തെറ്റ് ചെയ്യുന്നയാളെ, തിരുത്തുന്നതിനുള്ള എളുപ്പമാർഗം, പരസ്യമായി അയാളെ ശിക്ഷിക്കുന്നതിനേക്കാൾ, അയാളുടെ പത്ത് നന്മകളെ പരസ്യപ്പെടുത്തി പ്രോത്സാഹിപ്പിക്കുന്നതാണ്. **''ഓരോരുത്തരും സ്വന്തം താൽപര്യം മാത്രം നോക്കിയാൽപോരാ; മറിച്ച് മറ്റുള്ളവരുടെ താൽപര്യവും പരിഗണിക്കണം.''** (ഫിലി 2:4)

എന്റെ ചെറുപ്പത്തിൽ ഞങ്ങളുടെ ഇടവകയിൽ ആകെ മതബോധനത്തിന് മൂന്ന് ക്ലാസ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. മൂന്നാം ക്ലാസ് പാസായ ഞാൻ അദ്ധ്യാപകനായി. വൈദിക വിദ്യാർത്ഥിയായി ഞാൻ പഠിക്കുന്ന കാലത്ത് ലീവിന് നാട്ടിൽ വരുമ്പോൾ അന്ന് പ്രധാന അദ്ധ്യാപകനായിരുന്ന എന്റെ പിതാവ് എന്നെ കുട്ടികൾക്ക് ക്ലാസ്സ് എടുക്കാൻ നിയോഗിച്ചിരുന്നു. പ്രത്യേകിച്ച് ആദ്യ കുർബ്ബാന കൊള്ളാനുള്ള കുട്ടികളെ. ഇന്നെത്തെപ്പോലെ അന്ന് Sisters ഒന്നും വന്നിരുന്നില്ല. പ്രായമായ അപ്പച്ചൻമാരായിരുന്നു അന്ന് ക്ലാസ്സ് എടുക്കാൻ ഉണ്ടായിരുന്നത്. മാർത്തോമ്മാ പള്ളിയിൽ നിന്നും വന്നവരായിരുന്നു ഭൂരിപക്ഷം. അതുകൊണ്ട് പാട്ടുപാടുവാനും വേദപുസ്തകം വായിക്കുവാനും അവർക്ക് പ്രത്യേകമായ ഒരു കഴിവ് ഉണ്ടായിരുന്നു. എന്നാൽ കൂദാശകളെപ്പറ്റിയുള്ള അറിവ് കാര്യമായിട്ടൊന്നും തന്നെയില്ലായിരുന്നു. ക്രമേണ ഞാൻ 4-ാം ക്ലാസ്സ് അദ്ധ്യാപകനായി ജോയിൻ ചെയ്തു. തുടർന്ന് ഒരോ ക്ലാസ്സുകൾ തുടങ്ങി പത്താംക്ലാസ്സ് വരെയായി. ആദ്യമായി ഒരു വിദ്യാർത്ഥി 10-ാം ക്ലാസ്സ് പാസായി. ഇന്ന് ഗൾഫിൽ ഉയർന്ന നിലയിൽ ജോലിയിൽ ഇരിക്കുന്ന റോയിമോൻ മാത്യു ആണ് ആ വിദ്യാർത്ഥി. ആ കുടുംബത്തിലെ തന്നെ അടുത്ത തലമുറയിലെ ആൻമരിയ സാലു എന്ന വിദ്യാർത്ഥിനി ഞങ്ങളുടെ ഇടവകയിൽ നിന്നും ആദ്യമായി മതബോധന ഡിഗ്രി കോഴ്സ് പസ്സായി എന്നതും സന്തോഷകരമായ അനുഭവമാണ്. ഉയർന്ന ക്ലാസ്സുകളിൽ പഠിക്കാൻ കുട്ടികൾക്ക് അന്നും

www.malankaralibrary.com

ഇന്നും മടിയാണ്. പിന്നീട് മലങ്കര സഭയിൽ 11,12 എന്നീ ക്ലാസ്സുകൾ തുടങ്ങിയപ്പോൾ ഞാൻ വീണ്ടും 11,12 എന്നീ ക്ലാസ്സുകളിൽ അദ്ധ്യാപകനാകുകയും ചെയ്തു. ഇപ്പോൾ എന്റെ ജീവിതപങ്കാളിയും ഞാനും 11, 12 എന്നീ ക്ലാസ്സുകളിൽ അദ്ധ്യാപകരായി തുടരുന്നു. **''അവൻ ചിലർക്ക് അപ്പോസ്തോലന്മാരും പ്രവാചകൻമാരും, സുവിശേഷ പ്രഘോഷകന്മാരും, ഇടയന്മാരും, പ്രബോധകന്മാരും മറ്റും ആകാൻ വരം നൽകി.''** (എഫേ 4:11)

വിശുദ്ധ മാർക്കോസിന്റെ സുവിശേഷം 16–ാം അദ്ധ്യായം 15–ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു. ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം യേശുക്രിസ്തു അവനെ ഭരമേൽപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് 'സുവിശേഷപ്രഘോഷണം' ഇത് നിർവ്വഹിക്കണമെങ്കിൽ, അവൻ സുവിശേഷം അറിയിക്കണം, പഠിക്കണം, പഠിപ്പിക്കണം, സാക്ഷിയാകണം. ഈ അടിസ്ഥാനപരമായ ഉത്തരവാദിത്വം നിറവേറാൻ സാധിക്കണമെങ്കിൽ വിശ്വാസപരിശീലനം അത്യാവശ്യമാണ്. **''അനേകം സാക്ഷികളുടെ മുമ്പിൽവച്ച് നീ എന്നിൽ നിന്ന് കേട്ടവ മറ്റുള്ളവരെക്കൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നുകൊടുക്കുക.''** (2തിമോ 2:2)

അകലെയെവിടെയോയുള്ള ആകർഷക വ്യക്തിത്വങ്ങൾ മാത്രമാണ് ഗുരു എന്ന് തെറ്റിദ്ധരിക്കുന്നത് കൊണ്ടാണ് എന്നും അടുത്തുള്ള അനുകരണീയ രൂപങ്ങൾ നാം തിരിച്ചറിയാതെ പോകുന്നത്. കൃത്യമായ ശരീരഭാഷയോ ചട്ടക്കൂടുകളോ ഒന്നും ഇല്ലാത്ത അനേകം ഗുരുക്കന്മാർ എല്ലാവരുടേയും ചുറ്റിലുമുണ്ട്. സ്ഥിരപരിചയം കൊണ്ടോ, അംഗീകരിക്കാനുള്ള മടികൊണ്ടോ അവരെയൊന്നും വഴികാട്ടികളുടെ പട്ടികയിൽ പെടുത്താൻ ആരും തയ്യാറല്ല. സന്തതസഹചാരി പറയുന്ന നിർദ്ദേശം അതേപടി അവഗണിച്ച്, പേരുകേട്ട ഉപദേശകരുടെ പക്കൽ നിന്ന് പണം മുടക്കി അതേ നിർദ്ദേശം സ്വീകരിക്കാൻ മടിയില്ലാത്തവരുണ്ട്. അനുദിനം ഇടപഴകുന്നവരിൽ നിന്നും അവർ നൽകുന്ന അനുഭവങ്ങളിൽ നിന്നും പഠിക്കാൻ തയ്യാറായാൽ അറിവിന്റെ വെളിച്ചംതേടി അലഞ്ഞുതിരിയേണ്ട ആവശ്യം വരില്ല. ഏതെങ്കിലും പാഠങ്ങൾ നൽകാതെ ആരെങ്കിലും കടന്നുപോകാറുണ്ടോ. എന്തെങ്കിലും അനുഭവങ്ങൾ പകരാതെ ഏതെങ്കിലും ഒരു ദിനം അവസാനിക്കാറുണ്ടോ? അവ തിരിച്ചറിയാനുള്ള സൂഷ്മ നിരീക്ഷണം വേണമെന്ന് മാത്രം.

ഓരാളുടെയെങ്കിലും ജീവിതത്തിൽ ഗുരു ആകാൻ കഴിയുക എന്നതാണ് ഓരോരുത്തരുടേയും നിയോഗം. ആർക്കെങ്കിലും പാഠമായി തീരണമെങ്കിൽ ചില നിബന്ധനകൾ ജീവിതത്തിൽ ഉണ്ടാകണം. സ്വ

www.malankaralibrary.com

ന്തമായ ലക്ഷ്യങ്ങളും വഴികളും രൂപപ്പെടുത്തിയിട്ടുണ്ടാകണം. ഏതെങ്കിലും വെല്ലുവിളി സ്വയം ഏറ്റെടുത്തിട്ടുണ്ടാകണം. തനിമയുള്ള ഒരു പ്രവൃത്തിയെങ്കിലും ചെയ്തിട്ടുണ്ടാകണം. അനുകരണാർഹമായ ഏതെങ്കിലും കർമ്മത്തിൽ ഉടമയാകുകയും വേണം. **''ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അത് ചെയ്യാതിരിക്കുന്നവൻ പാപം ചെയ്യുന്നു.''** (യാക്കോബ് 4:17)

ആത്മാവ്, ശരീരം, മനസ്സ് എന്നീ മൂന്ന് ഘടകങ്ങൾ കൂടിച്ചേരുന്നതാണ് മനുഷ്യൻ. ഈ മൂന്ന് ഘടകങ്ങളും ഒരുപോലെ വളർച്ച പ്രാപിച്ചെങ്കിൽ മാത്രമെ അവൻ വളർന്നു എന്ന് പറയുവാൻ കഴിയുകയുള്ളു. എന്നാൽ അവന്റെ ശാരീരികവും, മാനസികവുമായ വളർച്ചയെ മാത്രമാണ് ഇന്ന് മിക്ക കുടുംബങ്ങളിലും ലക്ഷ്യം വയ്ക്കുന്നത്. ആദ്ധ്യാത്മികമായ വളർച്ചയ്ക്ക് ഇന്ന് പല കുടുംബങ്ങളും പ്രോത്സാഹനം നൽകുന്നില്ല. ഈ ആദ്ധ്യാത്മികവളർച്ചയ്ക്ക് മതബോധന ക്ലാസ്സുകൾ ഒഴിച്ചുകൂടാനാകാത്തവയാണ്. സ്കൂളുകളിലെ പാഠ്യവിഷയങ്ങൾക്ക് നമ്മൾ ട്യൂഷൻ ഏർപ്പെടുത്താറുണ്ട്. പക്ഷെ മതബോധനത്തിൽ അത്രയും താൽപര്യം കാണിക്കുന്നവർ എത്രപേരുണ്ടാകും. **''എല്ലാ കാര്യങ്ങളും മുറുമുറുപ്പും തർക്കവും കൂടാതെ ചെയ്യുവിൻ''** (ഫിലി 2:14)

ദൈവം എന്തിനാണ് എന്നെ സൃഷ്ടിച്ചത് എന്ന് ഇന്നത്തെ തലമുറയോട് ചോദിച്ചാൽ ലഭിക്കുന്ന ഉത്തരം വിചിത്രമായിരിക്കും. ദൈവത്തിന് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. അത് നാശത്തിനല്ല ക്ഷേമത്തിനാണ് എന്ന ബോധ്യം എത്രകുട്ടികൾക്കുണ്ടാവും. തെറ്റേത്, ശരിയേത് എന്ന് ഇന്ന് പലകുട്ടികൾക്കും അറിയില്ല. സമൂഹത്തിലെ നന്മ തിന്മകളെക്കുറിച്ച് അറിയണമെങ്കിൽ മതബോധനക്ലാസ്സുകൾ ആവശ്യമാണ്. ഇന്ന് പല മാതാപിതാക്കന്മാരും ജീവിതവിഷമങ്ങളിൽ ശരണം തേടുന്നത് മദ്യത്തിലും ലഹരിവസ്തുക്കളിലുമാണ്. യേശുവാണ് സമാധാന ദൂതൻ, അവനിലാണ് ശരണം തേടേണ്ടത് എന്ന ബോധ്യം മതബോധനക്ലാസ്സുകളിലൂടെ സ്വന്തമാക്കി വളരുമ്പോൾ, സമാധാനം നിറഞ്ഞ കുടുംബങ്ങൾ ഉണ്ടാകും. സമൂഹം ഉണ്ടാകും, രാജ്യം ഉണ്ടാകും. **''നാശത്തിലൂടെ ചരിക്കുന്നവർക്ക് കുരിശിന്റെ വചനംഭോഷത്തമാണ് ; രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ, അത് ദൈവത്തിന്റെ ശക്തിയത്രെ.''** (1കോറി 1:18)

പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞാൽ ഇപ്പോൾ റഗുലറായിട്ടുള്ള പഠനക്ലാസ്സുകൾ ഇല്ല. (താൽപര്യമുള്ളവർക്ക് ഡിഗ്രികോഴ്സ് തുടങ്ങി എന്നറിയുന്നു, എങ്കിലും അത് വ്യാപകമായിട്ടില്ല. തന്നെയുമല്ല അത് തനിയെ പഠിച്ചെഴുതുകയാണ്.) ആയതിനാൽ ഭാവിയിൽ അവർക്ക് വേണ്ട എല്ലാ കാര്യങ്ങളും ഈ ക്ലാസ്സിൽ പറഞ്ഞുകൊടുക്കണം. ആകെ 1/2 മണി

www.malankaralibrary.com

ക്കൂറാണ് പഠിപ്പിക്കാൻ കിട്ടുന്നത്. പാഠംപോലും പഠിപ്പിക്കാൻ അത് തികയില്ല. ആയതിനാൽ എക്സ്ട്രാ ക്ലാസ്സ് എടുത്താണ് ഞാൻ എന്റെ ദൗത്യം നിർവ്വഹിക്കുന്നത്. എന്റെ വിദ്യാർത്ഥികളും അതിൽ സഹകരിക്കുന്നുണ്ട്. **''ആകാശത്തിൻ കീഴിൽ, മനുഷ്യരുടെ ഇടയിൽ നമുക്ക് രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നൽകപ്പെട്ടിട്ടില്ല''** (അപ്പ 4/12) യേശുക്രിസ്തുവാണ് ഏക രക്ഷകൻ എന്ന വിശ്വാസം നഷ്ടപ്പെട്ടു പോകുന്ന ഈ കാലഘട്ടത്തിൽ, കുട്ടികൾക്ക് അത് പകർന്ന് കൊടുത്തിട്ടില്ലെങ്കിൽ അത് കുറ്റകരമായ അനാസ്ഥയാണ്. വഴികാട്ടുകയും വഴിവിളക്കാകുകയും, വഴിതെറ്റിപ്പോയാൽ തിരികെകൊണ്ടുവരുകയും ചെയ്യുന്ന ഒരു ദൈവം ഉള്ളതുകൊണ്ട് എനിക്കെല്ലാം ചെയ്യാൻ കഴിയും എന്നബോധ്യം കൊടുക്കാൻ അധ്യാപകന് കഴിയണം.

അനുകൂലമായ സാഹചര്യം ഉണ്ടായാൽ അവഗണിക്കപ്പെട്ടവരും തഴച്ച് വളരും. വളരാൻ ആഗ്രഹവും ശേഷിയുമുണ്ടായിട്ടും വരണ്ടുണങ്ങി പോകുന്നവരുണ്ട്. പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് കയറാനുള്ള കരുത്ത് എല്ലാവർക്കും ഉണ്ടാകണമെന്നില്ല. വളരുന്നവർക്ക് നൽകാവുന്ന ആദരം അവർക്ക് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുക എന്നതാണ്. തളിരിടാനും നിവർന്ന് നിൽക്കാനും നിശ്ചിത സമയംവേണം. അതുവരെ വിതച്ചവർ തന്നെ സംരക്ഷിച്ചെ മതിയാകു. വിതയ്ക്കുന്നവർ ശീലിക്കേണ്ട ചില പാഠങ്ങൾ ഉണ്ട്. ഇണങ്ങിയ സ്ഥലം ഉണ്ടാകണം. മുളപൊട്ടാനുള്ള സമയം അനുവദിക്കണം, അതീവ ശ്രദ്ധപുലർത്തണം, കള പറിക്കണം, കാലികൾ തിന്നാതെ നോക്കണം, വിളവെടുക്കണം, വിത്ത് മാറ്റിവയ്ക്കണം. എത്ര തിരസ്ക്കരിക്കപ്പെട്ട് കിടക്കുന്നവരും തുണയാകാനൊരു ആളുണ്ടെന്നറിഞ്ഞാൽ തിരിച്ചുവരും. ആരുമില്ല എന്ന തോന്നലിൽ നിന്നാണ് പലരും ആരുമല്ലാതാകുന്നത്.

എല്ലാവരും ഉപേക്ഷിച്ചവയെ തിരഞ്ഞെടുക്കാനും സംരക്ഷിക്കാനും അസാധാരണമായ ധൈര്യം വേണം. കൃഷി സ്ഥലമെന്ന് പേരെടുത്ത ഇടങ്ങളിൽ മികവുതെളിയിച്ച വിത്തുകൾ വിതച്ച് വിളവെടുക്കാൻ ആർക്കും കഴിയും. തരിശുഭൂമിയിൽ ചിതറിക്കിടക്കുന്ന വിത്തുകൾക്ക് വെള്ളമൊഴിക്കാൻപോലും ആരും തയ്യാറാകില്ല. എല്ലാ വിളവെടുപ്പുത്സവങ്ങളിലും അനുമോദനയോഗങ്ങളിലും മികച്ചവയ്ക്ക് മാത്രമെ മെഡലുകൾ ലഭിക്കാറുള്ളു. രണ്ടാമന്റെയും മൂന്നാമന്റേയും അവസാന സ്ഥാനക്കാരന്റേയും വിയർപ്പുകണങ്ങൾക്ക് കൂടി വിലമതിക്കപ്പെടുന്നിടത്തെ എല്ലാവർക്കും പടർന്ന് പന്തലിക്കാനുള്ള താൽപര്യം ഉണ്ടാകു.

പുസ്തകത്തിൽ അച്ചടിച്ചുവച്ചിരിക്കുന്നത് തെറ്റ് കൂടാതെ കുട്ടികളുടെ മുൻപിൽ വായിച്ചവതരിപ്പിക്കുന്നതല്ല, ഒരു നല്ല മതബോധന അദ്ധ്യാപകന്റെ കടമ. അതിന്റെ ആശയങ്ങളിലൂടെ, അവന്റെ വ്യക്തി

www.malankaralibrary.com

പരവും, സമൂഹപരവുമായ ജീവിതത്തിലേക്ക് കടന്നുചെന്ന് അവനെ മാറ്റത്തിന് വിധേയനാക്കാൻ കഴിയുന്നതാകണം. സ്വാർത്ഥത വെടിഞ്ഞ് മറ്റുള്ളവർക്കുവേണ്ടി സ്വയം സമർപ്പിക്കുക എന്ന ക്രിസ്തുതത്വം അവൻ സ്വന്തമാക്കേണ്ടത് ഈ മതബോധന ക്ലാസ്സുകളിലൂടെയാണ്. അതിനാൽ മതബോധനക്ലാസ്സുകൾ വെറും പാഠശാലകൾ അല്ല. പിന്നെയോ ജീവിത പരിശീലനകളരികളാണ്. മുന്നോട്ടുള്ള ജീവിതാനുവങ്ങളിലേക്ക് പയറ്റിത്തെളിയാൻ, മതബോധന ക്ലാസ്സുകൾ അവന് ഉപകരിക്കും. **''നിങ്ങൾ നിർദ്ദോഷരും നിഷ്കളങ്കരുമായി തീർന്ന്, വഴിപിഴച്ചതും വക്രതയുള്ളതുമായ തലമുറയുടെ ഇടയിൽ കുറ്റമറ്റ ദൈവമക്കളാകട്ടെ; അവരുടെ മദ്ധ്യേ ലോകത്തിൽ നിങ്ങൾ വെളിച്ചമായി പ്രകാശിക്കുകയും ചെയ്യട്ടെ.''** (ഫിലി 2:15)

മതബോധനം ഒരു പതിവുകർമ്മം എന്ന നിലയിൽ കാണുന്ന, വിദ്യാർത്ഥികളും, ആദ്ധ്യാപകരും, മാതാപിതാക്കളും ഉണ്ട്. എങ്ങനെയെങ്കിലും ഉയർന്ന മാർക്ക് വാങ്ങി സമ്മാനങ്ങൾ വാരിക്കൂട്ടണം എന്നതിലുപരിയായി, നല്ല വ്യക്തിയായി ഭാവിയിൽ ജീവിക്കണം എന്ന ബോധ്യം, കുട്ടികളുടെ മനസ്സിലേക്ക് കൊടുക്കണം, നല്ല നല്ല മൂല്യങ്ങളും, കാഴ്ചപ്പാടുകളും പകർന്നു നൽകണം. ജീവിതവിജയം നേടുന്നതിന് കുറുക്ക് വഴികളില്ല. അപരനെക്കുറിച്ച് ഒരു ചിന്തയും ഇല്ലാത്ത സമൂഹമായി നാം മാറിക്കൊണ്ടിരിക്കുന്നു. അദ്ധ്യാപകരും മാതാപിതാക്കന്മാരും മക്കളെ അപ്രകാരമാണ് പരിശീലിപ്പിക്കുന്നത്. പഠിക്കണം, ഇനി പഠിച്ചില്ലെങ്കിലും എങ്ങനെയെങ്കിലും ജയിക്കണം, ഒന്നാമനാകണം, സമ്മാനം വാങ്ങണം എന്നൊക്കെ പറഞ്ഞ് മക്കളെ ഉത്തേജിപ്പിക്കുന്ന മാതാപിതാക്കന്മാർ ഒരിക്കലും, കൂട്ടുകാരന്റെ കാര്യംകൂടി നോക്കണം എന്ന് പറയാറില്ല. വ്യക്തികേന്ദ്രീകൃതമായ ഒരു സമൂഹമായി നാം അധഃപതിച്ചിരിക്കുന്നു. അപരനെ അപായപ്പെടുത്താനും, അപകീർത്തിപ്പെടുത്താനും ഇന്നത്തെ തലമുറയ്ക്ക് വിദ്യാഭ്യാസം ഉണ്ടെങ്കിലും, ഇല്ലെങ്കിലും, ഒരു മടിയും ഇല്ല. വിദ്യാഭ്യാസം കാര്യമായി ഇല്ലാതിരുന്ന പഴയ തലമുറ ഇത്രത്തോളം സ്വാർത്ഥരായിരുന്നില്ല. ഇന്ന് എല്ലാകാര്യങ്ങളിലും മനുഷ്യന് മറ്റുള്ളവരെക്കാൾ ഉയരണം, ധനം സമ്പാദിക്കണം എന്ന ചിന്തയാണ് പ്രധാനം. ഇന്ന് ആവശ്യത്തിനെക്കാൾ കൂടുതൽ അനാവശ്യത്തിനാണ് മനുഷ്യർ ധനം ഉപയോഗിക്കുന്നത്. **''ഇനി നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹ പൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്.''** (എഫേ 2:19)

**''എന്നെകൂടാതെ നിങ്ങൾക്ക് ഒന്നും ചെല്ലാൻ കഴിയുകയില്ല''** (യോഹ 15:5) എല്ലാം തനിക്ക് തനിയെ ചെയ്യാൻ കഴിയും എന്ന ആത്മവിശ്വാസം നല്ലതാണ്. എങ്കിലും അധികമായാൽ അഹംഭാവം വർദ്ധിപ്പി

www.malankaralibrary.com

ക്കാൻ കാരണമാകും. **''കർത്താവ് എന്റെ ഇടയനാണ്. എനിക്കെന്തിനും കുറവുണ്ടാവുകയല്ല.''** (സങ്കീ 23:1) എന്ന് ഉദ്ഘോഷിച്ച ദാവീദ് രാജാവ്, സൈന്യബലത്തിലോ ധനത്തിലോ അല്ല ആശ്രയിച്ചത്. ദൈവം സഹായകനായി ഉണ്ട് എന്നതിന്റെ അർത്ഥം, ഞാൻ പൂർണ്ണനല്ല, ബലഹീനനാണ് എന്നും, എനിക്കസാധ്യമായ കാര്യങ്ങളിൽ അവിടുത്തെ സാന്നിദ്ധ്യം അധികം ബലം തരും എന്ന പ്രത്യാശ നമുക്ക് ഊർജ്ജം നൽകും. **''മനുഷ്യന് അസാധ്യമായത്, ദൈവത്തിന് സാധ്യമാണ്.''** (ലൂക്കാ 18:27) കാത്തിരിക്കാൻ ആരുമില്ലാത്തവരും, പ്രതീക്ഷിക്കാൻ ഒന്നുമില്ലാത്തവനും നിലയില്ലാക്കയത്തിലേക്ക് താഴ്ന്ന് പോകും. തീർത്തും നിസ്സഹായനായിത്തീരുന്ന സമയത്ത് ഒരാൾ കരംപിടിച്ചുയർത്തുമ്പോൾ ലഭിക്കുന്ന പ്രത്യാശയും ഊർജ്ജവും വർണ്ണനാതീതമാണ്. വിധേയപ്പെടാനും എളിയപ്പെടാനും മനസ്സുള്ളവർ അനാഥരാവുകയില്ല. അവർക്ക് വേണ്ടി രക്ഷകൻ ജനിക്കും.

വായന മരിച്ചുകൊണ്ടിരിക്കുകയാണ് എന്നത് ഒരു സത്യം തന്നെയാണ്. അനേകം പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിലും എത്രപേർ അത് തീക്ഷ്ണമായി വായിക്കുന്നുണ്ട്. 73 പുസ്തകങ്ങൾ ഉള്ള ഒരു കത്തോലിക്കാ ബൈബിൾ പൂർണ്ണമായും ഒരു പ്രാവശ്യമെങ്കിലും വായിച്ചുതീർത്ത എത്ര കത്തോലിക്കർ നമ്മുടെ ഇടയിൽ കാണും. എന്റെ സ്റ്റുഡന്റ്സിന് ഞാൻ ആദ്യ ക്ലാസ്സിൽ കൊടുക്കുന്ന നിർദ്ദേശം ഒരു സമ്പൂർണ്ണ ബൈബിൾ വാങ്ങി ഒരു പ്രാവശ്യം എങ്കിലും വായിക്കണം എന്നതാണ്. ഒരു ചടങ്ങ് എന്ന നിലയിൽ പലരും വായിച്ചിട്ടുണ്ടാകും. ഇന്ന് ലോഗോ ക്വിസ് നടത്തുന്നത് വലിയ മുന്നേറ്റം സൃഷ്ടിക്കും. എന്നാൽ പ്രാക്ടിക്കലായി അവിടെയും വളരെ കുറച്ചു പേർ മാത്രമേ ഇതിൽ പങ്കെടുക്കുകയുള്ളു എന്നറിയുവാൻ കഴിയും. കുമ്പസാരവും, വിശുദ്ധ കുർബ്ബാനയും ഇതുപോലെ ഒരു ചടങ്ങ് മാത്രമായി കാണുന്നവർ എത്രയോ അധികം. ഇതുകൊണ്ടാണല്ലോ, നമുക്ക് പ്രത്യേകിച്ച് ഒരു മാറ്റവും സംഭവിക്കാത്തത്. **''അതിക്രമങ്ങൾക്ക് മാപ്പും, പാപങ്ങൾക്ക് മോചനവും ലഭിച്ചവൻ ഭാഗ്യവാൻ. കർത്താവ് കുറ്റം ചുമത്താത്തവനും ഹൃദയത്തിൽ വഞ്ചനയില്ലാത്തവനും, ഭാഗ്യവാൻ''** (സങ്കീ 32: 12) ഒരു നല്ല മതാധ്യാപകൻ പഠിപ്പിക്കുന്ന വിഷയത്തിൽ ആഴത്തിൽ ജ്ഞാനം ആർജ്ജിച്ചിരിക്കണം. ഈ ജ്ഞാനം തന്റെ വിദ്യാർത്ഥികൾക്ക് പകർന്നു നൽകുകയും വേണം. അങ്ങനെയുള്ള ഉത്തമക്രൈസ്തവരായി സമൂഹത്തിൽ ജീവിക്കുവാൻ നമുക്ക് സാധിക്കുമെങ്കിൽ മാത്രമേ, ഒരു സാക്ഷ്യജീവിതം കെട്ടിപ്പെടുക്കുവാൻ കഴിയു. **'അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം'**(ലൂക്കാ 1:14)

www.malankaralibrary.com

## പ്രാർത്ഥന

**''എന്റെ മകനേ, നീ യേശുക്രിസ്തുവിന്റെ കൃപാവരത്തിൽ നിന്ന് ശക്തി സ്വീകരിക്കുക. അനേകം സാക്ഷികളുടെ മുമ്പിൽ വച്ച് നീ എന്നിൽ നിന്നും കേട്ടവ, മറ്റുള്ളവരെക്കൂടി പഠിപ്പിക്കുവാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നു കൊടുക്കുക''** (2 തിമോത്തി 2/1-2). കാരുണ്യവാനായ ദൈവമേ, അങ്ങ് മാംസം ധരിച്ച് മനുഷ്യരുടെ യിടയിൽ വസിക്കുകയും, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരികയും ചെയ്തുവല്ലോ. വഴിയും, സത്യവും ജീവനുമായ അങ്ങിലൂടെ പിതാവിന്റെ അടുക്കൽ ചെന്നുചേരാൻ അങ്ങ് ഞങ്ങളെ പഠിപ്പിച്ചു. വചന ശുശ്രൂഷയിലൂടെ അങ്ങേ അറിയുവാനും, അറിയിക്കുവാനും, വേണ്ട കൃപ ഞങ്ങൾക്ക് തരണമേ. മതബോധനശുശ്രൂഷയിലേക്ക് ഞങ്ങളെ വിളിച്ചതിനാൽ നിനക്ക് നന്ദി പറയുന്നു. കൂടുതൽ ആഴമായി, വചനം പഠിക്കുകയും, ആത്മാർത്ഥതയോടുകൂടി ഈ ശുശ്രൂഷയിലേർപ്പെടുവാൻ ഞങ്ങളെ ശക്തിപ്പെടുത്തേണമേ. ഈ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ മക്കളെയും നിന്റെ സന്നിധിയിൽ സമർപ്പിക്കുന്നു, നീ അനുഗ്രഹിക്കേണമേ. വാക്കുകളിലും, പെരുമാറ്റത്തിലും, സ്നേഹത്തിലും, വിശ്വാസത്തിലും വിശുദ്ധിയിലും മറ്റുള്ളവർക്ക് മാതൃകയായി, ഒരു ജീവിക്കുന്ന സാക്ഷിയാകുവാൻ കൃപ ചെയ്യണമേ. ആമേൻ.

www.malankaralibrary.com

20

# പ്രോലൈഫ് ശുശ്രൂഷ

**'കർത്താവിന് യോജിച്ചതും അവിടുത്തേക്ക് തികച്ചും പ്രീതിജനകവുമായ ജീവിതം നയിക്കാൻ നിങ്ങൾക്ക് ഇടയാകട്ടെ. അതുവഴി നിങ്ങളുടെ എല്ലാ നല്ല പ്രവൃത്തികളും ഫലദായകമാകുകയും, ദൈവത്തെക്കുറിച്ചുള്ള ജ്ഞാനത്തിൽ നിങ്ങൾ അഭിവൃദ്ധിപ്പെടുകയും ചെയ്യും.'** (കൊളോ 1:10).

മനുഷ്യനെക്കുറിച്ചുള്ള ദൈവിക പദ്ധതിയുടെ ദൃശ്യമായ അടയാളമാണ് കുടുംബം. സമൂഹത്തിന്റെ അടിസ്ഥാനഘടകവും കുടുംബമാണ്. ഒരു മനുഷ്യവ്യക്തിയുടെ ജീവിതം ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. സംസ്ക്കാരവും മൂല്യങ്ങളും ധാർമികബോധവും ഒരുവന് പകർന്നുകൊടുക്കുന്നത് കുടുംബത്തിൽ നിന്ന് തന്നെയാണ്. 'ചെറിയ കുടുംബം സന്തുഷ്ട കുടുംബം' എന്ന് സർക്കാർ പറയുന്നത് വെറും കണക്കുകളെ കൂട്ടുപിടിച്ചുകൊണ്ടാണ്. എന്നാൽ സത്യം വലിയ കുടുംബം സന്തുഷ്ടകുടുംബം എന്നതാണെന്ന് പൂർവ്വപിതാക്കന്മാരുടെ ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും. യാക്കോബിന് 12 മക്കൾ ഉണ്ടായിരുന്നു എന്നും, പിന്നീട് ഇസ്രായേൽ എന്ന പേരു ലഭിക്കുകയും, ഇസ്രായേലിൽ 12 ഗോത്രങ്ങൾ ഉണ്ടായിരുന്നു എന്നും, യേശു തന്റെ ശിഷ്യൻമാരായി 12 പേരെ തെരഞ്ഞെടുത്തു എന്നും നമുക്ക് കാണാൻ കഴിയും. കുടുംബം ഒരു ശിൽപിക്ക് സമാനമാണ്. കളിമണ്ണിൽ നിന്നും തെരഞ്ഞെടുക്കുന്ന മനോഹര ശിൽപങ്ങൾ പോലെ ദാമ്പത്യ സ്നേഹത്തിൽ നിന്നും പിറവിയെടുക്കുന്നവയായിരിക്കണം, ഓരോ കുട്ടിയും. ജീവശാസ്ത്രത്തിന്റെ സാങ്കേതികതയിലേക്ക് സ്വന്തം

www.malankaralibrary.com

മനസ്സിനെചുരുക്കാതെ, ദൈവസ്നേഹത്തിന്റെ അനന്തവിഹായസിലേക്ക് പറന്നുയരാൻ ദമ്പതികൾ പരിശ്രമിക്കുമ്പോഴാണ് അവർ ജീവന്റെ വ്യക്താക്കളാകുന്നത്. **'കർത്താവിന്റെ ദാനമാണ് മക്കൾ; ഉദരഫലം ഒരു സമ്മാനവും'** (സങ്കീർത്തനം 127:3).

**'എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു.** (സങ്കീ. 139:13). മക്കൾ ഉള്ളവരെക്കാൾ, ഇല്ലാത്തവർക്കാണ് കുഞ്ഞുങ്ങളുടെ വില അറിയുക. വന്ധ്യത അനുഭവിക്കുന്നവരുടെ കഷ്ടപ്പാടുകളും സഹനവും ദുരിതവും മനസിലാക്കിയെങ്കിലും, തമ്പുരാൻ തരാൻ ആഗ്രഹിക്കുന്ന അത്രയും മക്കളെ സ്വന്തം കുടുംബത്തിൽ സ്വീകരിക്കാൻ തയ്യാറാകണം. ദൈവം തരുന്ന ദാമ്പത്യ ജീവിതം, അതിന്റെ പൂർണമായ അർത്ഥത്തിൽ ആസ്വദിക്കണമെങ്കിൽ, ജീവന്റെ പ്രവാചകൻമാരാകാനുള്ള കടമ ദമ്പതികൾ സന്തോഷത്തോടെ ഏറ്റെടുക്കണം. സ്വന്തം രൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവത്തിന് അവനെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. **'കർത്താവ് അരുളിചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണത്. നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി.'** (ജറെമിയ 29:11)

ആധുനിക കാലഘട്ടത്തിൽ ജീവന്റെ മൂല്യത്തെ ചോർത്തിക്കളയുന്ന അവസ്ഥാവിശേഷം കണ്ടുവരുന്നുണ്ട്. കുടുംബത്തിന്റെ മഹത്വത്തെയും, വിവാഹത്തിന്റെ നിർമലതയെയും പരിഷ്ക്കാരങ്ങളുടെ മാനദണ്ഡങ്ങളുപയോഗിച്ച് അളക്കുന്ന ഒരു പ്രവണത ഇന്നെത്ത സമൂഹത്തിൽ ശക്തിപ്പെട്ടുവരുന്നുണ്ട്. ഈ പ്രവണത മനസ്സിലാക്കി. ജീവിതമൂല്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും വിവാഹജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ചും ദമ്പതികൾ തീരുമാനം എടുക്കണം. ജീവന്റെ വ്യക്താവായിരിക്കേണ്ട മനുഷ്യൻ, ജീവന്റെ ഉൻമൂലകനായി മാറുമ്പോൾ അവൻ സ്വന്തം ജീവന്റെ മൂല്യത്തെത്തന്നെയാണ് നിർവീര്യമാക്കുന്നത്.

**'നിങ്ങൾ എങ്ങനെ എന്റെ ഉദരത്തിൽ രൂപംകൊണ്ടുവെന്ന് എനിക്ക് അറിവില്ല. നിങ്ങൾക്കു ജീവനും ശ്വാസവും നൽകിയതും, നിങ്ങളുടെ അവയവങ്ങൾ വാർത്തെടുത്തതും ഞാനല്ല. മനുഷ്യനെ ഉരുവാക്കുകയും എല്ലാറ്റിന്റേയും ആരംഭം ഒരുക്കുകയും ചെയ്ത ലോക സൃഷ്ടാവ്. തന്റെ നിയമത്തെ പ്രതി നിങ്ങൾ നിങ്ങളെതന്നെ വിസ്മരിക്കുന്നതിനാൽ, കാരുണ്യപൂർവ്വം നിങ്ങൾക്കു ജീവനും ശ്വാസവും വീണ്ടും നൽകും'** (2 മക്കബെ 7:22,23)

ദൈവം സ്ത്രീയും പുരുഷനുമായി മനുഷ്യനെ സൃഷ്ടിച്ചത്, അവർ വിവാഹത്തിൽ ഒന്നിച്ച് സ്നേഹത്തിന്റെ പങ്കുവയ്പിലൂടെ ദൈവത്തിന്റെ സൃഷ്ടികർമ്മം തുടരുന്നതിന് വേണ്ടിയാണ്. കുടുംബങ്ങൾക്ക്

www.malankaralibrary.com

വലിയപ്രാധാന്യം കൊടുക്കുമായിരുന്നു പൂർവ്വ പിതാക്കന്മാർ. ദൈവം സമ്മാനമായി തരുന്ന മക്കളെ ഇരുകൈകളും നീട്ടി സ്വീകരിക്കുക എന്നതാണ് ദമ്പതികളുടെ കടമ. ഈ ലോകത്തിലെ ഏറ്റം മഹാനായ മനുഷ്യന്റെ ജീവനും, ബുദ്ധിവികാരം പ്രാപിക്കാത്ത മനുഷ്യന്റെ ജീവനും, തളർവാതരോഗിയുടെ ജീവനും, അമ്മയുടെ ഉദരത്തിൽ വളരുന്ന കുരുന്നുജീവനും ഒരേ മൂല്യംതന്നെയാണ് ദൈവം നൽകുന്നത്. കുടുംബജീവിതത്തിന്റെ മാഹാത്മ്യവും, ദാമ്പത്യധർമ്മത്തിന്റെ ശ്രേഷ്ഠതയും, മനുഷ്യജീവിതത്തിന്റെ മൂല്യവും ഉയർത്തിപിടിക്കുവാൻ നമുക്ക് ആത്മാർത്ഥമായി ശ്രമിക്കാം. **'എന്റെ ദൈവംതന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്കാവശ്യമുള്ളതെല്ലാം നൽകും.'** (ഫിലി 4:19).

കുഞ്ഞുങ്ങളുടെ ജനനത്തെ തടസ്സപ്പെടുത്താനും ഗർഭസ്ഥ ശിശുക്കളെ കൊല്ലാനും നടത്തുന്ന പരിശ്രമങ്ങളെ നമുക്ക് കണ്ടില്ലെന്ന് നടിക്കാനാകില്ല. ലോക ചരിത്രത്തിൽ എക്കാലവും ഇത്തരം ക്രൂരതകൾ നടന്നിട്ടുണ്ട്. പുറപ്പാട് പുസ്തകത്തിന്റെ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ സമാനമായ ഒരു സന്ദർഭത്തെക്കുറിച്ചുള്ള വിവരണമുണ്ട്. ഈജിപ്ത് ദേശത്ത് താമസമാക്കിയ ഇസ്രായേൽ ജനത എണ്ണത്തിലും ശക്തിയിലും ഈജിപ്തുകാരെക്കാൾ അധികമായി വരുന്നു എന്നു കണ്ടപ്പോൾ ഈജിപ്തിന്റെ ഭരണാധികാരി എബ്രായ സ്ത്രീകൾക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം വധിക്കാൻ കല്പന പുറപ്പെടുവിച്ചിരുന്നു. ഈ സന്ദർഭത്തിലാണല്ലോ മോശ ജനിക്കുന്നത്. മൂന്ന് മാസത്തോളം കുഞ്ഞിനെ രഹസ്യമായി വളർത്തിയ ശേഷം മോശയുടെ അമ്മ മകനെ ഒരു പേടകത്തിലാക്കി നദിതീരത്ത് കൊണ്ടുവന്ന് വച്ചു. ഫറവോ രാജാവിന്റെ മകൾ കുളിക്കാനായി എത്തിയപ്പോൾ ഈ പേടകം കണ്ടെത്തി. അതിന്റെ ഉള്ളിൽ കാണപ്പെട്ട കുഞ്ഞിനോട് അനുകമ്പതോന്നി, അവൾ അവനെ തന്റെ കൊട്ടാരത്തിൽ കൊണ്ടുചെന്നു വളർത്തി. കുഞ്ഞിനെ മുലയൂട്ടി വളർത്താനായി വിളിക്കപ്പെട്ട സ്ത്രീ മോശയെ പ്രസവിച്ച അമ്മ തന്നെയായിരുന്നു എന്നും വായിച്ചറിയുമ്പോൾ ദൈവ പരിപാലനയുടെ വഴികളെപ്പറ്റിയുള്ള നല്ല ഒരു ഉൾക്കാഴ്ച നമുക്ക് ലഭിക്കും. **''എന്റെ ചിന്തകൾ നിങ്ങളുടേതുപോലെയല്ല; നിങ്ങളുടെ വഴികൾ എന്റേതുപോലെയുമല്ല. ആകാശം ഭൂമിയെക്കാൾ ഉയർന്ന് നിൽക്കുന്നു. അതുപോലെ എന്റെ വഴികളും ചിന്തകളും നിങ്ങളുടേതിനെക്കാൾ ഉന്നതമത്രെ.''** (ഏശയ്യ. 55:8,9)

ദൈവിക പദ്ധതികൾ മറികടന്ന് മാനുഷിക പദ്ധതികൾ നടപ്പാക്കാൻ തുനിയുന്നവർ നേരിടുന്ന പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കും ഉത്തമോദഹരണമാണ് ചൈനയിലെ ജനസംഖ്യ നിയന്ത്രണം. ലോക

www.malankaralibrary.com

ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തുള്ള ചൈനയും 1970കളുടെ അവസാനത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള നിയമങ്ങൾ അനുസരിച്ച് ഒരു കുടുംബത്തിന് ഒരു കുട്ടി എന്ന നയം നടപ്പാക്കി. ഇതിന്റെ ദോഷഫലം തിരിച്ചറിഞ്ഞ ഭരണാധികാരികൾ സമീപകാലത്ത് 2 കുട്ടികൾ ആകാം എന്ന് നിയമഭേദഗതി വരുത്തിയെങ്കിലും ദമ്പതികൾ ഇപ്പോൾ അത് ആഗ്രഹിക്കുന്നില്ല എന്നാണ് അറിയുന്നത്. ദൈവിക പദ്ധതികളോട് സഹകരിക്കുന്നതിന് പകരം മാനുഷിക പദ്ധതികളുടെ നടപ്പാക്കലിന് മനുഷ്യൻ തുനിയുന്നത് വളരെ അപകടകരമായ പ്രവണതയാണ്. ഈശോയുടെ മനുഷ്യാവതാരം വലിയ ഒരു ദൈവിക പദ്ധതിയുടെ ഭാഗമായി സംഭവിച്ച കാര്യമാണെന്ന് വിശ്വാസമുള്ളവർ മനസ്സിലാക്കുന്നു. മനോഹരമായ പ്രപഞ്ചത്തെ സൃഷ്ടിച്ചശേഷം ദൈവം അതിന് മകുടമായി മനുഷ്യനെ സൃഷ്ടിച്ചു. സ്രഷ്ടാവായ ദൈവത്തെപ്പോലെ ആകാനുള്ള പ്രലോഭനത്തിന് കീഴ്പ്പെട്ടതോടെയാണ് മനുഷ്യന് ഏദൻ തോട്ടത്തിലെ സൗഭാഗ്യം നഷ്ടമായത്. ദൈവത്തിന്റെ പദ്ധതികളോട് മറുതലിച്ച് സ്വന്തം പദ്ധതികൾ നടപ്പാക്കാനുള്ള മനുഷ്യന്റെ പരിശ്രമം അന്നും ഇന്നും ഒന്നുപോലെ പരാചയപ്പെടുകയാണ്. **'അനർത്ഥകാലത്ത് എന്നെ വിളിച്ച് അപേക്ഷിക്കുക, ഞാൻ നിന്നെ മോചിപ്പിക്കും.'** (സങ്കീ 50:15).

ദൈവം മനുഷ്യന് നൽകിയിരിക്കുന്ന കഴിവുകളിൽ ഏറ്റവും മഹത്തായ ഒന്നാണ് സൃഷ്ടികർമ്മത്തിലുള്ള പങ്ക് ചേരൽ. ഈ കഴിവിന്റെ ദുരുപയോഗവും നിഷേധവും ദൈവത്തോടുള്ള മറുതലിപ്പ് തന്നെയാണ്. വിവാഹമെന്ന കൂദാശയിലൂടെ കുടുംബ ജീവിതത്തിലേക്ക് വിളിക്കപ്പെടുന്ന ദമ്പതികൾ ഉത്തരവാദ പൂർണ്ണമായ മാതൃത്വത്തിലേക്കും പിതൃത്വത്തിലേക്കുമാണ് വിളിക്കപ്പെടുന്നത്. ദൈവം തരുന്ന മക്കളെ സന്തോഷത്തോടെ സ്വീകരിച്ച് വളർത്താനുള്ള ഗൗരവമേറിയ ഉത്തരവാദിത്വത്തെക്കുറിച്ച് ദമ്പതികൾ ബോദ്ധ്യമുള്ളവരായിരിക്കണം. ദൈവം എത്ര കുഞ്ഞുങ്ങളെ നൽകിയാലും അവരെ എല്ലാം സ്വീകരിക്കാനുള്ള സന്നദ്ധത മാതാപിതാക്കൾക്ക് ഉണ്ടായിരിക്കണം. മക്കൾ എപ്പോൾ ജനിക്കണം എത്രപേർ ജനിക്കണം എന്നൊക്കെയുള്ള കണക്കുകൂട്ടലുകൾ മനുഷ്യന്റേത് മാത്രമായിരിക്കരുത്. ചില ദമ്പതികൾക്ക് മക്കൾ ജനിക്കാതിരിക്കുന്ന സാഹചര്യങ്ങളുമുണ്ട്. ഇത്തരമുള്ള ഏത് സന്ദർഭങ്ങളിലും ദൈവിക പദ്ധതിയോട് സൻമനസ്സോടെ യോജിച്ച് പ്രവർത്തിക്കുന്ന മനോഭാവമാണ് ദമ്പതികൾ പുലർത്തേണ്ടത്. വിവാഹത്തിന്റെ ആദ്യ നാളുകളിൽ മക്കളെ ലഭിക്കാതെ ക്ലേശിച്ച ദമ്പതികളാണല്ലോ പൂർവ്വപിതാവായ അബ്രഹാമും ഭാര്യ സാറായും. ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് അബ്രഹാമിന് അരുളപ്പാട് ലഭിച്ചിരുന്നുവെങ്കിലും

www.malankaralibrary.com

കാത്തിരിപ്പിന്റെ കാലം നീണ്ടപ്പോൾ അബ്രഹാമും സാറായും ഒരു മാനുഷിക പദ്ധതിക്ക് രൂപം കൊടുത്തു. ഇപ്രകാരം അബ്രഹാം സാറായുടെ ദാസി ഹാഗാറിനെ സ്വീകരിച്ച് ഇസ്മായേലിന് ജന്മം കൊടുത്തു. എന്നാൽ ദൈവിക പദ്ധതികളുടെ നിറവേറലിനുവേണ്ടി ത്യാഗപൂർവ്വം കാത്തിരിക്കലിന് പകരമാവില്ല മാനുഷിക പദ്ധതിയുടെ ആവിഷ്ക്കാരം എന്ന് വ്യക്തമാക്കുന്നതാണ് തുടർന്നുണ്ടായ സംഭവ വികാസങ്ങൾ. വാഗ്ദാന സന്തതിയായ ഇസഹാക്കിന്റെ പിൻതുടർച്ചക്കാരായ ഇസ്രായേല്യരും മാനുഷിക പദ്ധതിയുടെ പിൻതുടർച്ചക്കാരായ പാലസ്റ്റീനിയൻകാരും തമ്മിലുള്ള യുദ്ധം ഇന്നും തുടരുന്നു.

ഗർഭാവസ്ഥയിലായിരിക്കുന്ന, മനുഷ്യജീവിയെ അതിന്റെ പ്രാരംഭ നിമിഷം മുതൽ ഏതെങ്കിലും ഘട്ടത്തിൽ വച്ച്, രാസപദാർത്ഥങ്ങളുടെയോ ഉപകരണങ്ങളുടേയോ സഹായത്താലോ മറ്റെതെങ്കിലും മാർഗത്തിലൂടെയോ മനപൂർവ്വം നശിപ്പിക്കുകയോ, ഗർഭാശയത്തിൽ നിന്നും പുറംതള്ളിക്കുകയോ ചെയ്യുന്നതിനെയാണ് ഗർഭഛിദ്രം അല്ലെങ്കിൽ ഭ്രൂണഹത്യ എന്ന് പറയുന്നത്. ഏറ്റവും കൂടുതൽ സംരക്ഷണവും പരിഗണനയും ലഭിക്കേണ്ട അവസരത്തിൽ, സംരക്ഷിക്കപ്പെടേണ്ടവരാൽ തന്നെ, ക്രൂരമായ രീതിയിൽ കൊലചെയ്യപ്പെടുന്നത് അതിനീചമാണ്. ജീവനെതിരെയുള്ള ഏറ്റവും ഹീനമായ പ്രവർത്തിയാണ്, ഗർഭഛിദ്രം അല്ലെങ്കിൽ ഭ്രൂണഹത്യ. മനപൂർവ്വം ഗർഭഛിദ്രം ചെയ്യുന്നവരും, ചെയ്യാൻ പ്രേരിപ്പിക്കുന്നവരും, ചെയ്യാൻ സഹായിക്കുന്നവരും ഗൗരവമായ തിന്മയാണ് ചെയ്യുന്നത്. **'ക്രിസ്തുവിൽ വിശ്വസിക്കാൻ മാത്രമല്ല അവനുവേണ്ടി സഹിക്കാൻ കൂടിയുള്ള അനുഗ്രഹം അവനെപ്രതി നിങ്ങൾക്ക് ലഭിച്ചിരിക്കുന്നു.'** (ഫിലി 1:29).

ഒരു മനുഷ്യൻ ഭൂമിയിൽ ജനിച്ച് വീഴുന്ന നിമിഷം മുതൽ സ്വാഭാവികമായ മരണം സംഭവിക്കുന്നതിനുമുൻപ് മനഃപൂർവം വധിക്കപ്പെടുന്നതിനെയാണ് കൊലപാതകം എന്ന് വിളിക്കപ്പെടുന്നത്. നേരിട്ടുള്ളതും മനഃപൂർവ്വവുമായുള്ള കൊലപാതകത്തെ 5-ാം പ്രമാണം പ്രത്യേകം വിലക്കുന്നു. പണത്തിന് വേണ്ടി, വൈരാഗ്യം തീർക്കുന്നതിനുവേണ്ടി, സ്ഥാനമാനങ്ങൾക്ക് വേണ്ടി, ദുരഭിമാനത്തിന്റെ പേരിൽ, മദ്യത്തിനും മയക്കുമരുന്നിനും അടിമയായി, കാമക്രോധമോഹങ്ങളാൽ പ്രേരിതരായി കൊലപാതകം സമൂഹത്തിൽ നടക്കുന്നുണ്ട്. ജീവനെതിരായ ഇത്തരം പ്രവൃത്തികൾ ഉൻമൂലനം ചെയ്യേണ്ടത് ക്രൈസ്തവധർമ്മമാണ്. **'ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമായ രീതിയിൽ നിങ്ങൾ ജീവിക്കണം.'** (ഫിലി 1:27).

ദുസ്സഹമായ വേദന അനുഭവിക്കുന്നവരെയും, മാറാരോഗികളെയും, നിത്യരോഗികളെയും, അവരുടെ തന്നെയോ, രക്ഷിതാക്കളുടെയോ,

www.malankaralibrary.com

അനുവാദത്തോടെയോ, അല്ലാതെയോ മനഃപൂർവ്വം മരിക്കാൻ ഇടയാക്കുന്നതിനെയാണ് ദയാവധം അല്ലെങ്കിൽ കാരുണ്യാവധം എന്ന പറയുന്നത്. ദൈവം ദാനമായിതന്ന ജീവിതത്തെയും, ആദരിക്കപ്പെടേണ്ടതായ മനുഷ്യ വ്യക്തിയെയും, ധർമ്മാധർമ്മ വിവേചനമില്ലാതെ കൈകാര്യം ചെയ്യുന്നതിൽ പരിഷ്കൃത സമൂഹം ഇന്നും ഒരു മനസാക്ഷിക്കുത്തും അനുഭവിക്കുന്നില്ല. വേദനയുടെയും സഹനത്തിന്റെയും കണ്ണീർക്കയത്തിൽ കഴിയുന്നവരുടെ വേദനയ്ക്കും സഹനത്തിനും വിരാമമിടാൻ അവരുടെ ജീവൻ നശിപ്പിക്കുന്നതിന് പകരം അവർക്ക്, സ്നേഹവും പരിഗണനയും സ്നേഹമസൃണമായ പരിചരണവും പ്രത്യാശ ലഭിക്കുന്ന തരത്തിലുള്ള പ്രോത്സാഹനവും ബന്ധുക്കളുടെയും മിത്രങ്ങളുടേയും സാന്നിധ്യവും പ്രാർത്ഥനയുമാണ് നൽകേണ്ടത്. മരണം ആസന്നമെന്ന് തോന്നിയാലും, ഒരു രോഗിക്ക് നൽകേണ്ട സാധാരണ പരിചരണം നിഷേധിക്കുന്നത് ജീവനെ ഹനിക്കുന്ന കൊലപാതകമാണ്. കാരുണ്യവധം അല്ലെങ്കിൽ ദയാവധം എന്നീ ഓമനപ്പേരുകളിൽ അറിയപ്പെടുന്ന ശുശ്രൂഷ യഥാർത്ഥത്തിൽ കരുണയും ദയയും കൊടുക്കുന്ന ശുശ്രൂഷയല്ല, പ്രത്യുത, ക്രൂരമായി അവരുടെ ജീവനെ നശിപ്പിക്കുന്നതിനുള്ള കുറുക്കുവഴികളാണ്. **''ക്രിസ്തുവിലായിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി, ഇതാ പുതിയത് വന്നുകഴിഞ്ഞു.''** (2 കോറി 5:17).

ദൈവമാണല്ലോ ജീവന്റെ ഉടമസ്ഥൻ. മനുഷ്യരായ നാം ജീവന്റെ സൂക്ഷിപ്പുകാർ മാത്രം. നിരാശ, മാനസിക അസ്വസ്ഥത, തീരാദുഃഖം, സാമ്പത്തിക പ്രതിസന്ധികൾ, അഭിമാനപ്രശ്നങ്ങൾ എന്നീ കാരണങ്ങളാൽ ജീവിതം ദുസ്സഹമായിരിക്കുന്നുവെന്ന ചിന്തയാൽ കരുതിക്കൂട്ടി സ്വന്തം ജീവന് വിരാമം കുറിക്കുന്നതാണ്, ആത്മഹത്യ എന്ന് പറയുന്നത്. കൊലപാതകം മറ്റു വ്യക്തിയുടെ ജീവനെ നശിപ്പിക്കുന്നതാണെങ്കിൽ, ആത്മഹത്യ സ്വന്തം തീരുമാനത്താൽ സ്വയം ജീവിതം നശിപ്പിക്കുന്നതാണ്. ഇത് സ്വയം സ്നേഹത്തിനും ദൈവസ്നേഹത്തിനും എതിരായ പ്രവൃത്തിയാണ്. ആത്മഹത്യ കൊടിയ പാപമാണ്. അതിലേക്ക് ഒരുവനെ നയിക്കുന്ന കാരണങ്ങൾ സഗൗരവം പഠിച്ച് അവ നിർമാർജ്ജനം ചെയ്യാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്വമുണ്ട്. ദൈവം നമുക്ക് തന്നിരിക്കുന്ന ജീവൻ നശിപ്പിക്കാനുള്ളതല്ല. പോഷിപ്പിക്കാനും ദൈവഹിതാനുസരണം ജീവിച്ച് സ്വർഗ പ്രാപ്തി നേടാനുമുള്ളതാണ്. **''എനിക്ക് ജീവിതം ക്രിസ്തുവും മരണം നേട്ടവുമാണ്.''** (ഫിലി1:21).

ഇന്ന് കേരളം, മദ്യം, മയക്കുമരുന്ന്, പുകവലി, മുറുക്ക് എന്നിവയുടെ ഉപയോഗത്തിൽ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മുന്നിലാണ്. ഇവ മനുഷ്യന്റെ ആരോഗ്യത്തിന് ദോഷം ചെയ്യുന്നു എന്നു മാത്രമല്ല,

www.malankaralibrary.com

അവന്റെ വ്യക്തിമാഹാത്മ്യത്തെ തകർക്കുകയും ചെയ്യുന്നു. അതുവഴി ദൈവത്തിനെതിരായും സഹോദരനെതിരായും ചെയ്യുന്ന പാതകമായി ഇത് മാറുന്നു. ഇവയ്ക്ക് അടിമയാകുന്നവർ പരോക്ഷവും സാവധാനത്തിലുള്ളതുമായ ആത്മഹത്യ ചെയ്യുകയാണ്. പുകവലി, അത് ഉപയോഗിക്കുന്നവന് മാത്രമല്ല ദ്രോഹംവരുത്തുന്നത്, ചുറ്റുപാടുമുള്ളവരുടെ ആരോഗ്യത്തെ നശിപ്പിക്കുന്നു. അക്കാരണത്താൽ ഇത് സഹോദരനെതിരായ തിന്മയാണ്. ഇവയ്ക്കടിമകളാകുന്നവരിൽ മഹാ ഭൂരിപക്ഷവും ദൈവത്തോടും സ്വകുടുംബത്തോടും സമൂഹത്തോടും തന്നോടും ഉള്ള കടമകൾ നിർവ്വഹിക്കുന്നതിൽ ഗൗരവമായ വീഴ്ച വരുത്തുകയും സ്വയം നശിക്കുകയും നിരപരാധികളെ ദ്രോഹിക്കുകയും ചെയ്യുന്നു. മദ്യപിച്ചോ അമിതവേഗത്തിൽ വാഹനമോടിച്ചോ തങ്ങളുടെ തന്നെയോ മറ്റുള്ളവരുടെയോ സുരക്ഷ അപകടത്തിലാക്കുന്നവർ ഗൗരവമുള്ള കുറ്റത്തിന് ഉത്തരവാദികളാകുന്നു. **''ജഡമോഹങ്ങളെ ഒരിക്കലും തൃപ്തിപ്പെടുത്തരുത്. എന്തെന്നാൽ ജഡമോഹങ്ങൾ ആത്മാവിന് എതിരാണ്; ആത്മാവിന്റെ അഭിലാഷങ്ങൾ ജഢത്തിനും എതിരാണ്. അവ പരസ്പരം എതിർക്കുന്നത് നിമിത്തം ആഗ്രഹിക്കുന്നത് പ്രവർത്തിക്കാൻ നിങ്ങൾക്ക് സാധിക്കാതെ വരുന്നു.''** (ഗലാത്തി. 5:17).

മയക്കുമരുന്നുകളുടെ ഉപയോഗം മനുഷ്യന്റെ ആരോഗ്യത്തിനും ജീവനും വളരെ ഗൗരവമുള്ള നാശമുണ്ടാക്കുന്നു. ലഹരിപദാർത്ഥങ്ങൾ, പുകവലിക്കുള്ള വസ്തുക്കൾ എന്നിവ സമൂഹത്തിൽ പ്രത്യക്ഷപ്പെടുന്നത് പലപ്പോഴും നിരുപദ്രവകാരികളും ആകർഷണീയവസ്തുക്കളായിട്ടുമാണ്. ഇവയുടെ നിരന്തരമായ ഉപയോഗം വൻ വിപത്തിലേക്കാണ് നമ്മെ നയിക്കുന്നതെന്ന ബോധ്യം ഉണ്ടാക്കി കൊടുക്കുകയെന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. ഈ തിന്മകൾക്ക് എതിരെ പ്രബോധനത്താലും നൽമാതൃകയാലും സന്ധിയില്ലാ സമരം ചെയ്യാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്തമുണ്ട്. **''എന്തുകൊണ്ടെന്നാൽ ഓരോരുത്തരും തങ്ങളുടെ ശാരീരികതയിൽ ചെയ്തിട്ടുള്ള നന്മ തിന്മകൾക്ക് പ്രതിഫലം സ്വീകരിക്കുന്നതിന് നാമെല്ലാം ക്രിസ്തുവിന്റെ ന്യായാസനത്തിന് മുൻപിൽ വരണം.''** (2 കോറി 5:10).

കേരളം സാക്ഷരതയിലും, സംസ്ക്കാരത്തിലും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണെങ്കിലും, സാക്ഷരതയ്ക്കും, സംസ്ക്കാരിക വളർച്ചയ്ക്കും ആനുപാതികമായ ശ്രേഷ്ഠത പെരുമാറ്റത്തിലും, ജീവിതശൈലിയിലും ഉണ്ടായിട്ടില്ല. ഇതിന് ഏറ്റവും ഉദാഹരണമാണ് മാലിന്യങ്ങൾ പൊതുനിരത്തിലേക്ക് വലിച്ചെറിയുന്നതും പൊതുനിരത്തിൽ കാർക്കിച്ചുതുപ്പുന്നതും മലമൂത്രവിസർജ്ജനം ചെയ്യുന്നതും. മാരകമായ രോഗങ്ങൾ ഉണ്ടാക്കാനും പകർച്ചവ്യാധികൾ പടർന്നുപിടിക്കാനും അ

www.malankaralibrary.com

തുവഴി അനേകായിരങ്ങളുടെ ജീവന് ഭീഷണിയുണ്ടാകാനും ഇത് കാരണമായിത്തീരുന്നു. ഇത് ദൈവത്തിനും സഹോദരനും തന്റെ തന്നെ ജീവനുമെതിരായുള്ള തിന്മയാണ്. ബയോഗ്യാസ് പ്ലാന്റുകൾ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ വീടുകളിൽ ഏർപ്പെടുത്തിയാൽ ഒരു പരിധിവരെ ഈ മാലിന്യപ്രശ്നം പരിഹരിക്കാൻ സാധിക്കും. അതിന് വേണ്ട സബ്സിഡിതന്ന് പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തുകൾ ശ്രദ്ധിക്കേണ്ടതാണ്. **''ഒരു നഗരത്തോട് യുദ്ധം ചെയ്ത് അതിനെ പിടിച്ചടക്കാനായി വളരെക്കാലം അതിനെ ഉപരോധിക്കേണ്ടിവരുമ്പോൾ, അതിലെ വൃക്ഷങ്ങൾ ഒന്നും കോടാലികൊണ്ട് വെട്ടി നശിപ്പികരുത്.''** (നിയമ. 20:19)

ആർത്തിയും അത്യാഗ്രഹവും ആഡംബരഭ്രമവും ഉപഭോഗതൃഷ്ണയും വർദ്ധിച്ചിരിക്കുന്ന ആധുനിക സമൂഹത്തിന് പ്രകൃതിയെയും, പ്രകൃതി വിഭവങ്ങളെയും മിതത്വത്തോടെ കൈകാര്യം ചെയ്യാനുള്ള വിവേകം കുറഞ്ഞുപോയിരിക്കുന്നു. പ്രപഞ്ചവും പ്രകൃതിവിഭവങ്ങളും മനുഷ്യകുലത്തിന്റെ നന്മയ്ക്ക് വേണ്ടിയാണെന്ന് ഉൾകൊള്ളാതെ ആർത്തിയും സ്വാർത്ഥതയും മൂലം തനിക്കുവേണ്ടി മാത്രം ചൂഷണം ചെയ്യുന്നത് ധാർമ്മികമായ തിന്മയാണ്. പ്രകൃതിയെ നാം അധികമായി ചൂഷണം ചെയ്യുമ്പോൾ പ്രകൃതിയുടെ ദാതാവിനെയാണ് വെല്ലുവിളിക്കുന്നത്. വരാനിരിക്കുന്ന തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണ് ഈ പ്രകൃതിവിഭവങ്ങൾ എന്ന ബോധ്യം എല്ലാവർക്കുമുണ്ടാകണം. പ്രകൃതിയെ ആദരിക്കാനും മനുഷ്യന്റെ അത്യാവശ്യങ്ങൾ നിർവ്വഹിക്കാനുതകുന്ന രീതിയിൽ പ്രകൃതിയെ ഉപയോഗിക്കാൻ മനുഷ്യരെ പഠിപ്പിക്കുവാനും നമുക്ക് ഉത്തരവാദിത്വമുണ്ട്. **''നിങ്ങൾ ഭൂമി എന്നന്നേക്കുമായി വിൽക്കരുത്; എന്തെന്നാൽ ഭൂമി എന്റേതാണ്. നിങ്ങൾ പരദേശികളും കുടികിടപ്പുകാരുമാണ്.''** (ലേവ്യ 25:23)

വർഗീയ ലഹള, ഭീകരപ്രവർത്തനം, ഗുണ്ടാവിളയാട്ടം, വാടക കൊലപാതകം എന്നിവ ആധുനിക സമൂഹത്തെ കാർന്നുതിന്നുന്ന ക്യാൻസറുകളാണ്. വളരെയധികം പേർ ഇതിൽ പങ്കാളികളായി, തങ്ങളുടെയും മറ്റുള്ളവരുടെയും ജീവിതം നശിപ്പിക്കുന്നു. മനുഷ്യജീവനോട് ഒട്ടും ആദരവ് പ്രകടിപ്പിക്കാത്ത മൃഗീയ വാസനകളുടെ കേളീരംഗമായി ഇത്തരം പ്രവർത്തനങ്ങൾ മാറിയിരിക്കുന്നു. ഇത്തരം പ്രവർത്തനം ഭൗതിക ജീവിത വിജയത്തിന് ആവശ്യമാണ് എന്നു ചിന്തിക്കുന്നത് ഏറ്റവും അപകടകരമായ പ്രവണതയാണ്. **''മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും. എന്തെന്നാൽ സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്തെടുക്കും; ആത്മാവിനായി വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ നിന്ന് നിത്യ ജീവൻ**

www.malankaralibrary.com

**കൊയ്തെടുക്കും.''** (ഗലാത്തി 6:8)

മനുഷ്യരുടെ ജീവനും മാഹാത്മ്യവും ഉയർത്തിപ്പിടിക്കാൻ ഉതകുന്നവ എല്ലാം ചെയ്യണമെന്നും, ഇവയ്ക്ക് വിരുദ്ധമായവയിൽ നിന്ന് പിൻതിരിയണമെന്നും എല്ലാവരെയും ബോധവൽക്കരിക്കാനുള്ള ഉത്തരവാദിത്വം Pro Life പ്രവർത്തകർ ഏറ്റെടുത്ത് പ്രവർത്തിക്കണം. **''സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; ആരെങ്കിലും എനിക്കു വേണ്ടിയോ സുവിശേഷത്തിന് വേണ്ടിയോ, സ്വന്തം ജീവൻ നഷ്ടപ്പെടുത്തിയാൽ അവൻ അതിനെ രക്ഷിക്കും''** (മർക്കോസ് 8:35)

സ്ത്രീയുടെ അണ്ഡവും പുരുഷന്റെ ബീജവും തമ്മിൽ സങ്കലനം നടക്കുന്ന നിമിഷം മുതൽ, മാതാവിൽ നിന്നും പിതാവിൽ നിന്നും വ്യത്യസ്തവും വ്യതിരിക്തവുമായ തനതായ പാരമ്പര്യസിദ്ധിയുള്ള പുതിയ മനുഷ്യജീവൻ ഉടലെടുക്കുന്നു. ഈ മനുഷ്യജീവൻ ഗർഭധാരണത്തിന്റെ ആദ്യനിമിഷം മുതൽ ഒരു വ്യക്തിയെന്ന നിലയിൽ ആദരിക്കപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും വേണം. അതുകൊണ്ട് ആ നിമിഷം മുതൽ ഒരു വ്യക്തിയെന്ന നിലയിൽ അതിന്റെ അവകാശം അംഗീകരിക്കുകയും വേണം. ജീവിക്കാനുള്ള അവകാശം ഏറ്റവും പ്രധാനപ്പെട്ടതും അലംഘനീയവുമാണ്.

മാവേലിക്കര രൂപതയിലെ മാതൃസംഘത്തിന്റെ ഡയറക്ടർ ആയിരിക്കുന്ന റവ. ഫാദർ മാത്യുസ് കുഴിവിള അച്ചൻ തന്നെയാണ് ഇപ്പോൾ Pro Life പ്രസ്ഥാനത്തിന്റെയും നേതൃത്വം നിർവഹിക്കുന്നത്. ഈ സംഘത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായിട്ട് ഞാൻ ശുശ്രൂഷ ചെയ്യുന്നു. കൂടുതൽ മക്കളുള്ള കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുവാൻ പാലാ, കാഞ്ഞിരപ്പള്ളി എന്നീ രൂപതകൾ ശ്രമിക്കുന്നതുപോലെ, ഒരു സ്കീം ഏർപ്പെടുത്തുവാനുള്ള ശ്രമത്തിലാണ് മാവേലിക്കര രൂപതയും. ഇടവക തലത്തിലും, വൈദിക ജില്ലാ തലത്തിലും, രൂപതാ തലത്തിലും, സെമിനാറുകളും, മീറ്റിംഗുകളും നടത്തി യുവാക്കളെയും, യുവതികളെയും ബോധവൽക്കരിക്കുന്നു. എല്ലാ മാസവും രണ്ടാം ശനിയാഴ്ചയോടെ അനുബന്ധിച്ച് നടക്കുന്ന മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ ഈ വിഷയം കാര്യമായി പഠിപ്പിച്ചും, ദമ്പതികളെ പ്രബുദ്ധരാക്കാൻ പരിശ്രമിക്കുന്നു. **''എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രബുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപൻമാർക്കും, സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കും എതിരായിട്ടാണ് പടവെട്ടുന്നത്.''** (എഫേ 6:12).

www.malankaralibrary.com

## പ്രാർത്ഥന

**''യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കൈയിലെ അസ്ത്രങ്ങൾ പോലെയാണ്. അവ കൊണ്ട് ആവനാഴി നിറയ്ക്കുന്നവൻ ഭാഗ്യവാൻ; നഗരകവാടത്തിങ്കൽ വെച്ച് ശത്രുക്കളെ നേരിടുമ്പോൾ അവന് ലജ്ജിക്കേണ്ടി വരികയില്ല.''** (സങ്കീ 127:4-5) കാരുണ്യവാനായ കർത്താവേ, അബ്രകാരുണ്യവാനായ കർത്താവേ, അബ്രസന്താന പുഷ്ടിയുണ്ടായി, പെരുകി ഭൂമിയിൽ നിറയുവിൻ, എന്ന് നോഹിനെയും കുടുംബത്തേയും അനുഗ്രഹിച്ച സർവ്വശക്തനായ ദൈവമേ, ജീവൻ ദൈവത്തിന്റെ ദാനമാണന്നും, അത് സംരക്ഷിക്കേണ്ടതാണ് എന്നുള്ള ബോധ്യത്തോടെ ജീവിക്കുവാനും, ഉദരഫലം ഒരു സമ്മാനമാണ് അത് ഭാരമല്ലെന്നുമുള്ള ബോധ്യം എല്ലാവർക്കും നൽകണമേ. ആമേൻ

www.malankaralibrary.com

21

# മറ്റു ശുശ്രൂഷകൾ

**''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല.''** (യോഹ 15:12,13)

മനുഷ്യർക്ക് ദൈവം ദാനമായി നൽകുന്ന ദൈവിക ജീവനിൽ, എല്ലാവരേയും പങ്കാളികളാക്കുകയും, അതുവഴി അവരെ ദൈവീക സ്നേഹത്തിന്റെ ഒരു കൂട്ടായ്മയും സമൂഹവുമായി ഈ ലോകത്തിൽ ജീവിച്ച് നിത്യജീവനിലേക്ക് ആനയിക്കുക എന്നതാണല്ലോ സഭയുടെ പരമമായ ലക്ഷ്യം. ഈ ലക്ഷ്യപ്രാപ്തിക്ക് ഉതകുന്ന എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത് ഒരു സുവിശേഷ ശുശ്രൂഷ തന്നെയാണ്. യേശുക്രിസ്തുവിനാൽ സ്ഥാപിതമായ സമൂഹമെന്ന നിലയിൽ ഒരു ദൈവിക സ്ഥാപനമാണെങ്കിലും മാനുഷിക സമൂഹമായി സഭ നിലകൊള്ളുന്നതുകൊണ്ട് സമൂഹത്തിന്റെ സംഘടനാത്മകമായ എല്ലാ സംവിധാനങ്ങളും ഉൾക്കൊള്ളുന്നതിന് ദൈവദത്തമായ അധികാരവും അവകാശവും സ്വാതന്ത്ര്യവും സഭയ്ക്കുണ്ട്. ഇത് നേടിയെടുക്കുവാനായി ക്രൈസ്തവ കൂട്ടായ്മകളെ കാനോനികമായി ഇടവകകളായി രൂപീകരിച്ചിരിക്കുന്നു. **''ഇവിടെ നമുക്ക് നിലനിൽക്കുന്ന നഗരം ഇല്ല; വരാനിരിക്കുന്ന നഗരത്തെയാണല്ലോ നാം അന്വേഷിക്കുന്നത്.''** (ഹെബ്രാ 13:14)

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ദൈവജനത്തിനായി സംഘടനകൾ രൂപീകരിച്ചിരിക്കുന്നത് ഈ ലോകത്തിലെ ഓരോ ക്രൈസ്തവന്റേയും വിളിയെക്കുറിച്ച് ബോധ്യം നൽകുന്നതിനും ഒപ്പം ജീവ

www.malankaralibrary.com

കാരുണ്യപ്രവർത്തനങ്ങളിൽ ഒരുവനെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ്. മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികളുടെ ജീവിതവും പ്രവർത്തനവും സുവിശേഷാനുസൃതവും സഭാത്മകവും ആകുന്നതിന് പ്രായോഗിക നിർദ്ദേശങ്ങൾ നൽകി, അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വേണ്ടി , ഭദ്രാസന അജപാലനസമിതി (Pastoral council) അംഗങ്ങളെ തിരഞ്ഞെടുക്കാറുണ്ട്. ഇടവകയിലെ ട്രസ്റ്റിയായും രൂപതയിലെ പാസ്റ്ററൽ കൗൺസിൽ അംഗമായും എന്നെ വീണ്ടും തിരഞ്ഞെടുത്തു. **''Not all of us can do great things; But we can do small things with great love''** ( Mother Theresa)

60 വയസ്സ് കഴിയുമ്പോൾ നാം വാർദ്ധക്യത്തിൽ എത്തി എന്ന് ദുഃഖിക്കും. എന്നാൽ സത്യത്തിൽ വാർദ്ധക്യം നഷ്ടമോ ശാപമോ അല്ല. ജീവിതത്തിന്റെ ഏറ്റവും നല്ല കാലമാണത്. **'മരണം വെളിച്ചം കെട്ടുപോകലല്ല; ദീപം അണയ്ക്കുന്നതാണ്, കാരണം പ്രഭാതമായിരിക്കുന്നു'.** (ടാഗോർ). ഇന്ന് ലോകത്തിൽ യുവജനങ്ങളെക്കാൾ കൂടുതൽ വൃദ്ധരാണ് ഉള്ളത്. ശാരീരികമായി പല പരിമിതികൾ ഉണ്ടെങ്കിലും ആദ്ധ്യാത്മീകമായി വൃദ്ധർക്ക് പലകാര്യങ്ങളും ചെയ്യാൻ കഴിയും. വാർദ്ധക്യകാലത്ത് നന്നായി ജീവിക്കുവാനുള്ള പ്രധാനമാർഗ്ഗം, ഭക്തി, (ദൈവ) ചിന്തയിൽ ജീവിക്കുകയാണ്. സ്വന്തം കുടുംബത്തിനും, ജീവിതത്തിനും, സമ്പത്തിനും അപ്പുറത്തേക്ക് നോക്കുവാനും അപരന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാനുമുള്ള സമയമാണ് വാർദ്ധക്യം. രാജാവിന്റെ ശിരസ്സിൽ വയ്ക്കുന്ന കിരീടം, രാത്രിയിൽ വെറും മേശപ്പുറത്തോ, അലമാരയിലോ, ഭിത്തിയിലെ ഷോകെയ്സിലോ അല്ലേ സൂക്ഷിക്കുക. ആവശ്യമുള്ളപ്പോൾ മാത്രമല്ലേ അത് ഉപയോഗിക്കാറുള്ളു. വൃദ്ധരെ, തൊഴിലിൽ നിന്ന് വിരമിച്ചവരോ, വിശ്രമിക്കുന്നവരോ, രോഗികളോ, മരണം കാത്ത് കഴിയുന്നവരോ ആയി ചിത്രീകരിക്കാതെ സമൂഹത്തിന്റെ ഗുണകാംക്ഷികളും, മാർഗ്ഗനിർദ്ദേശികളുമായി കാണണം. **'വിശ്വാസം വഴി കൃപയാലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്; അത് നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്.'** (എഫേ. 2:8)

ഇടവകയുടെ ദൈനംദിനകാര്യങ്ങൾ നോക്കുന്നതിലുപരി ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുന്നതിനും അവരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങൾ അന്വേഷിക്കുന്നതിനും സാധിക്കുന്നു. പ്രത്യേകമായ പരിഗണനകൊടുത്ത് എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെങ്കിൽ അത് മറ്റു കമ്മറ്റി അംഗങ്ങളുമായും വികാരിയച്ചനുമായും ആലോചിച്ച് വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ശ്രമിക്കുന്നു. പ്രത്യേകിച്ച്, രോഗശുശ്രൂഷ, ഭവനപുനരുദ്ധാരണം, അയൽവീടുമായിട്ടുള്ള തർക്കം മുതലായവ തീർക്കുന്നതിന് വേണ്ടി മധ്യസ്ഥം വഹി

www.malankaralibrary.com

ക്കാൻ ശ്രമിക്കാറുണ്ട്. ഞങ്ങളുടെ ഇടവകയിൽ ഒരു 'കാരുണ്യനിധി' യെന്ന ഫണ്ട് ഇടവകാംഗങ്ങളുടെ സംഭാവനകൊണ്ട് നടത്തിവരുന്നു. അതിന്റെ ചുമതലയും ട്രസ്റ്റിയായ ഞാൻ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. ഇടവകയിലെ ഏറ്റവും പാവപ്പെട്ട കുടുംബം ഭവന നിർമ്മാണം നടത്തിയാൽ ഒരു ലക്ഷംരൂപായും നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് 25000 രൂപയും കാരുണ്യനിധിയിൽ നിന്നും ധനസഹായം കൊടുക്കും. കൂടാതെ രോഗികളായി കഴിയുന്നവരുടെ ഭവനം സന്ദർശിച്ച് അവർക്ക് വേണ്ടുന്ന സാമ്പത്തിക സഹായവും പ്രാർത്ഥനയും നൽകും. ഇത് കൂടാതെ ഇടവക ദേവാലയത്തിന്റെ സമീപപ്രദേശത്തുള്ള അകത്തോലിക്കരിൽ നിന്നും അക്രൈസ്തവരിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ സ്വീകരിച്ച്, വിശദമായ അന്വേഷണം നടത്തി, വേണ്ട സഹായങ്ങൾ കൊടുത്തുവരുന്നു. ദേവാലയത്തിലെ പെരുന്നാൾ ആഘോഷങ്ങൾക്ക് ശേഷം മിച്ചം വരുന്ന തുകയും കാരുണ്യനിധിയിലേക്ക് നിക്ഷേപിക്കുകയാണ് പതിവ്. ഇടവക കമ്മറ്റിയാണ് കാരുണ്യനിധിയിലേക്ക് വരുന്ന എല്ലാ അപേക്ഷകളും ചർച്ച ചെയ്യുന്നതും സഹായധനം നിശ്ചിയിക്കുന്നതും. **''വിശക്കുന്നവന് ഉദാരമായി ഭക്ഷണംകൊടുക്കുകയും പീഡിതർക്ക് സംതൃപ്തി നൽകുകയും ചെയ്താൽ, നിന്റെ പ്രകാശം അന്ധകാരത്തിൽ ഉദിക്കും; നിന്റെ ഇരുണ്ട വേളകൾ മദ്ധ്യാനംപോലെയാകും.''** (ഏശ 58:11)

**''ക്രമമായി ചെറിയ ചെറിയ സ്നേഹ കർമ്മങ്ങൾ ചെയ്യുന്നവരാണ്, ജീവിതത്തിലെ ഏറ്റവും വലിയ കാരുണ്യ പ്രവൃത്തികൾ ചെയ്യുക.''**(വിക്ടർ ഹ്യൂഗോ) ഉപയോഗശൂന്യമായ ബുക്ക്, പേപ്പർ എന്നിവ ശേഖരിച്ച് പേപ്പർ കമ്പനികളിൽ നിന്ന് അതിന് തുല്യമായ വിലയ്ക്ക് പേപ്പർ വാങ്ങി ബൈബിളുകളാക്കി മിഷൻ പ്രദേശത്തെ നിർധനകുടുംബങ്ങളിൽ എത്തിക്കുന്ന ഫിയാത്ത് മിഷന്റെ ശുശ്രൂഷയാണ് 'പാപ്പിറസ് പ്രോഗ്രാം' ഫിയാത്ത് മിഷന്റെ ഈ പദ്ധതിയിലൂടെ ഇൻഡ്യയിലും ആഫ്രിക്കയിലുമായി 23 ഭാഷകളിൽ ബൈബിൾ പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞു. കൂടാതെ നിരവധി ഇൻഡ്യൻ ഭാഷകളിലും ചില ആഫ്രിക്കൻ ഭാഷകളിലും പ്രസിദ്ധീകരിക്കുവാൻ ഇരിക്കുന്ന ബൈബിളുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വർദ്ധിച്ചുവരുന്ന ആവശ്യം കണക്കിലെടുത്ത് മാസത്തിൽ പത്ത്ലക്ഷം ബൈബിളുകൾ പുറത്തിറക്കണമെന്നാണ് ഫിയാത്ത് മിഷന്റെ സ്വപ്നം. ഇത് യാഥാർത്ഥ്യമാക്കുവാൻ പേപ്പർ സമാഹരണ പദ്ധതിയുമായി സഹകരിച്ച് ഇടവകകളിൽ നിന്നും സ്കൂളുകളിൽ നിന്നും വീടുകളിൽ നിന്നും എല്ലാവർഷവും ഉപയോഗശൂന്യമായ പേപ്പർ, ബുക്ക്, പുസ്തകം, വേസ്റ്റ് പേപ്പർ മുതലായവ ശേഖരിച്ച് ഫിയാത്ത് മിഷന്

www.malankaralibrary.com

എത്തിച്ചുകൊടുക്കുവാൻ സാധിക്കുന്നു. കഴിഞ്ഞ അനേക വർഷമായി വിജയകരമായി ഈശോ മുന്നോട്ട് കൊണ്ടുപോകുന്ന ഈപദ്ധതിയിലൂടെ അനേകം കെട്ട് പേപ്പറും ബുക്കുകളുമാണ് ഇതിനോടകം സമാഹരിക്കാൻ സാധിച്ചത്. **'നന്മ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്ക് വെയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്, അത്തരം ബലികൾ ദൈവത്തിന് പ്രീതികരമാണ്.'** (ഹെബ്രാ 13:16)

## പ്രാർത്ഥന

**''ബലിയല്ല, കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്.''** (മത്താ 9:13) കാരുണ്യവാനായ കർത്താവേ, അനേക ശുശ്രൂഷ മേഖലകളിൽ പ്രവർത്തിക്കുവാനുള്ള അനുഗ്രഹം നീ എനിക്ക് തന്നതിനെ ഓർത്ത്, നിനക്ക് നന്ദി പറയുന്നു. 2 താലന്ത് കിട്ടയവൻ 2 കൂടി സമ്പാദിക്കുകയും അഞ്ച് താലന്ത് കിട്ടിയവൻ 5 കൂടി സമ്പാദിക്കുകയും ചെയ്തപ്പോൾ നീ പറഞ്ഞു: **''കൊള്ളാം, നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പകാര്യങ്ങളിൽ വിശ്വസ്തനായിരുന്നതിനാൽ, അനേകകാര്യങ്ങൾ നിന്നെ ഞാൻ ഭരമേൽപിക്കും, നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് നീ പ്രവേശിക്കുക.''** (മത്തായി 25:23). ഈ സന്തോഷത്തിലേക്ക് പ്രവേശിക്കുവാനുള്ള കൃപ നീ എനിക്ക് തരേണമേ. ആമേൻ.

www.malankaralibrary.com

22

# നല്ല കുമ്പസാരം

**'നീ ബലിപീഠത്തിൽ കാഴ്ച അർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെവച്ച് ഓർത്താൽ, കാഴ്ചവസ്തു അവിടെ ബലിപീഠത്തിന്റെ മുമ്പിൽ വച്ചിട്ട് പോയി സഹോദരനോട് രമ്യതപ്പെടുക.; പിന്നെ വന്ന് കാഴ്ച അർപ്പിക്കുക.'** (മത്തായി 5:23-24)

മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി പാപമില്ലാത്ത ഒരു കുഞ്ഞാട് ബലിയർപ്പിക്കപ്പെടണമെന്ന തിരുവെഴുത്ത് പൂർത്തിയാക്കപ്പെട്ടു. ആദിയിൽ ദൈവത്തിന്റെ പ്രതിരൂപമായി വചനം ഉത്ഭവിച്ചു. ആദത്തിന്റെ പാപത്തിലൂടെ സംഭവിച്ച പറുദീസാ നഷ്ടം ദൈവത്തിന്റെ മനുഷ്യാവതാരത്തിലൂടെ സ്വർഗ്ഗത്തിന്റെ വീണ്ടെടുക്കലിന് വഴി തുറന്നു. ഉത്ഥാന രഹസ്യങ്ങൾ പിൻതുടരുന്ന വിശ്വാസിക്ക് ഭൂമിയിൽ നിന്നും സ്വർഗ്ഗത്തിലേക്കുള്ള വാതിൽ തുറന്ന് കിട്ടുകയാണ്.

മരണത്തിലേക്കുള്ള യാത്രയാണ് ഓരോ മനുഷ്യജീവിതവും എന്ന ചിന്തയെ, നിത്യജീവിതത്തിലേക്കുള്ള യാത്രയാണതെന്ന് ഈശോ രൂപാന്തരപ്പെടുത്തി. മണ്ണിൽ നിന്നും ജനിച്ച മനുഷ്യൻ മണ്ണടിഞ്ഞാലും ആത്മാവ് ഇവിടെ സമാധിയാകുന്നില്ല. പരമശക്തിയിൽ സാഫല്യമടയാനുള്ള അതിന്റെ തീർത്ഥയാത്ര അവസാനിക്കുന്നത് ദൈവസന്നിധിയിലാണ്. നിത്യജീവന്റെ മഹത്വത്തിലേക്ക് പ്രവേശിക്കാൻ മർത്യന് അവസരമൊരുങ്ങി. ചുങ്കക്കാർക്കും പാപികൾക്കും അനുതപിക്കുന്ന ഏതൊരാൾക്കും സ്വർഗ്ഗരാജ്യത്തിൽ സ്ഥാനമുണ്ടെന്ന് ഉറപ്പാക്കപ്പെട്ടു. നിരാശയുടെ ഗർത്തങ്ങളിൽ വീണുപോയവർക്ക് ഉയിർപ്പ് തിരുനാൾ

www.malankaralibrary.com

നൽകുന്ന പ്രത്യാശ പുതുജീവിതത്തിന്റെതാണ്. ആണിപ്പഴുതുകളുടെ മുദ്രയുള്ള ഒരു കരം ഏത് പ്രതിസന്ധികളിലും നമ്മുടെ നേരെ നീളുന്നുണ്ടെന്ന വിശ്വാസം മരണത്തെ മാത്രമല്ല, മരണത്തോളമെത്തുന്ന ഏത് ഭയത്തേയും കീഴടക്കാൻ മനുഷ്യനെ പ്രാപ്തനാക്കുന്നു. അതാണ് ജീവനിലേക്കുള്ളവഴി. **''എല്ലാ മനുഷ്യരുടേയും രക്ഷയ്ക്കായി ദൈവത്തിന്റെ കൃപ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.''** (തിമോ 2:11)

**''ദുരിതങ്ങൾ എനിക്ക് ഉപകാരമായി; തൻമൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചുവല്ലോ''** (സങ്കീ 119:7) 1988-89, 90-91 എന്നീ രണ്ടു വർഷക്കാലം തിരുവനന്തപുരം എയർപോർട്ടിൽ കസ്റ്റംസ് ഓഫീസർ ആയി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യാൻ എനിക്കവസരം കിട്ടി. മക്കൾ രണ്ടുപേരും ചെറിയ ക്ലാസ്സുകളിൽ പഠിക്കുന്നു. ഭാര്യയ്ക്ക് ലീവ് വേക്കൻസിയിൽ എൽ.പി. സ്കൂളിൽ ജോലികിട്ടി. തിരുവനന്തപുരം ഇന്റർ നാഷണൽ എയർപോർട്ട് എന്ന് പേരുമാത്രമേയുള്ളു. എയർ ഇന്ത്യയുടെ ഒന്നോരണ്ടോ പ്ലെയിൻ മാത്രം ഗൾഫിൽ നിന്നു വരും. പഴയ എയർപോർട്ടാണ്. അധികം സൗകര്യങ്ങൾ ഒന്നും തന്നെയില്ല. ജോലിയും കുറവ്. എനിക്ക് വെയർ ഹൗസ് Sectionൽ ആയിരുന്നു പോസ്റ്റിംഗ്. അതുകൊണ്ട് എല്ലാ ആഴ്ചയും വീട്ടിൽ പോകാൻ സാധിക്കുമായിരുന്നു. Saturday and Sunday off. ഫ്ളൈറ്റ് ചിലപ്പോൾ ലേറ്റായി രാത്രി 12 മണി, 1 മണി എന്നീ സമയങ്ങളിൽ വരും എന്നതിനാൽ എല്ലാവരും താമസം ലോഡ്ജിൽ നിന്നും മാറ്റി എയർപോർട്ടിന് അടുത്തുള്ള വീട് വാടകയ്ക്ക് എടുത്തു. ഞാനും ഒരു വീടന്വേഷിച്ചു. പലദിവസങ്ങളിൽ തിരക്കി. അവിടെയും ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹം എനിക്ക് ലഭിച്ചു. ജർമ്മനിയിൽ ജോലി ചെയ്യുന്ന നേഴ്സായ ഞങ്ങളുടെ ഒരകന്ന ബന്ധുവിന്റെ വീട് തന്നെ ലഭിച്ചു. താഴത്തെനില അവരുടെ ഫാമിലിയും മുകളിലത്തെ നിലയിൽ ഞാനും. എയർപോർട്ടിനടുത്ത് വീട് ലഭിച്ചു എന്നും, താഴത്തെനിലയിൽ ഞങ്ങളുടെ ബന്ധമുള്ള ഒരമ്മച്ചിയും ഫാമിലിയും താമസമുണ്ടെന്നും സുരക്ഷിതയായി താമസിക്കാമെന്നും, മനസിലായപ്പോൾ എന്റെ ഭാര്യ ജോലി രണ്ടു വർഷത്തേക്ക് Loss of pay leave എടുത്ത് കൂടെ വന്നു. മക്കളെ ഭാരതീയ വിദ്യാഭവൻ എന്ന സ്കൂളിൽ ചേർത്തു. അങ്ങനെ രണ്ടു വർഷക്കാലം കുടുംബമായി തിരുവനന്തപുരത്ത് താമസം തുടങ്ങി. **''ഭൂമിയിൽ നിങ്ങളിൽ രണ്ട് പേർ യോജിച്ച് ചോദിക്കുന്ന ഏതുകാര്യവും എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിറവേറ്റിത്തരും''** (മത്തായി 18:19).

രണ്ടുവർഷത്തെ ഡെപ്യൂട്ടേഷൻ പിരീഡ് കഴിഞ്ഞപ്പോൾ എന്നെ എറണാകുളം ഓഫീസിലേക്ക് മാറ്റി. ഭാര്യയ്ക്ക് കരിപ്പുഴ എന്ന സ്ഥലത്ത് യു.പി.സ്കൂളിൽ സ്ഥിരമായി നിയമനംകിട്ടി. ഞാൻ എല്ലാ ദിവസവും

www.malankaralibrary.com

ട്രെയിനിൽ പോകുകയും വരുകയും ചെയ്യുകയായിരുന്നു. പെട്ടെന്ന് ഒരു ദിവസം എനിക്ക് ബൈക്ക് ആക്സിഡന്റ് ഉണ്ടായി. കാലിൽ പ്ലാസ്റ്റർ ഇട്ട് മാസങ്ങളോളം ലീവ് എടുത്ത് വീട്ടിലും ഹോസ്പിറ്റലിലുമായി കഴിയേണ്ടി വന്നു. രണ്ടു വർഷം കഴിയാതെ സാധാരണ നിലയിൽ ട്രാൻസ്ഫർ അപേക്ഷ പോലും കൊടുക്കാൻ പറ്റില്ല. കൊടുത്താലും അത് പരിഗണിക്കാറില്ല. ആക്സിഡന്റ് ആയതിന്റെ പേരിൽ ഞാൻ അപേക്ഷ കൊടുത്തു. ഞാനും ഭാര്യയും കൂടി കമ്മീഷണറെകണ്ട് നേരിട്ട് എന്റെ ബുദ്ധിമുട്ട് വിവരിച്ചു. വേക്കൻസി ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്ഫർ കിട്ടുകയുള്ളു എന്ന് അദ്ദേഹം അറിയിച്ചു. അവിടെയും തമ്പുരാൻ കർത്താവ് അത്ഭുതം പ്രവർത്തിച്ചു. കായംകുളം ഓഫീസിന്റെ കുറച്ചു ഭാഗം അടർത്തിമാറ്റി, കൊല്ലം 3, എന്ന പുതിയ ഒരു റേഞ്ച് രൂപീകരിച്ചു. കൊല്ലത്ത് ഓഫീസിന് പുതിയ കെട്ടിടം കിട്ടാൻ താമസിച്ചതിനാൽ കായംകുളത്ത് തന്നെ കൊല്ലം റേഞ്ച് 3 എന്ന പേരിൽ ഓഫീസ് ആരംഭിച്ചു. എന്നെയും അവിടേയ്ക്ക് പോസ്റ്റ് ചെയ്തു. എന്നാൽ ലീവിലായതിനാൽ ഞാൻ ഈ ഓർഡർ കണ്ടില്ല. ആരും പറഞ്ഞുമില്ല. സ്വാഭാവികമായി ലീവ് കഴിഞ്ഞ് ഞാൻ ഓഫീസിൽ എത്തി. 5 മാസം ലീവ് ആയിരുന്നതിനാൽ പല ജോലികളും പെന്റിംഗ് ഉണ്ട് എന്നും അതുകൊണ്ട് ജോയിൻ ചെയ്തിട്ട് ഒരാഴ്ചകഴിഞ്ഞിട്ട് പോയാൽ മതി എന്ന് എന്റെ മേലധികാരി പറഞ്ഞപ്പോൾ, മറ്റു ദുരുദ്ദേശം ഒന്നുംതന്നെ തോന്നിയില്ല. ഞാൻ ജോയിൻ ചെയ്തു. വീണ്ടും എല്ലാ ദിവസവും യാത്ര ചെയ്യാൻ തുടങ്ങി.

ഒരുമാസം കഴിഞ്ഞിട്ടും റിലീവ് ചെയ്യുന്ന മട്ടില്ല. ഫ്രണ്ട്സ് എല്ലാവരും ചോദിക്കാൻ തുടങ്ങി. ട്രാൻസ്ഫർ കിട്ടിയിട്ടും പോകുന്നില്ലല്ലോ എന്ന്. മറുപടി പറയാൻ വയ്യാതെ ഞാൻ കുഴഞ്ഞു. ഞാൻ വീണ്ടും മേലധികാരിയെ സമീപിച്ചു. കാര്യം പറഞ്ഞു. കൊല്ലം 3 റേഞ്ച് ഓഫീസ് തൽക്കാലം കായംകുളത്താണ് Function ചെയ്യുന്നത്; കാലിന് ബൈക്ക് ആക്സിഡന്റിനെ തുടർന്നുള്ള വേദന പൂർണ്ണമായി മാറിയിട്ടില്ലാത്തതിനാൽ കേവലം 18 കി.മി. മാത്രം ദൂരം ഉള്ള ഓഫീസിൽ പോയാൽ മതി ഇപ്പോൾ. അതുകൊണ്ട് എന്നെ റിലീവ് ചെയ്യണം എന്നഭ്യർത്ഥിച്ചു. എന്നാൽ പല കാരണങ്ങൾ പറഞ്ഞ് എന്നെ റിലീവ് ചെയ്തില്ല. അദ്ദേഹത്തിന്റെ മുകളിലുള്ള ഉദ്യോഗസ്ഥനായ അസ്സി. കമ്മീഷണറെ കണ്ടിട്ടും പ്രയോജനം ഉണ്ടായില്ല.

**'If God is with us, who can be against us. ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്കെതിരുനിൽക്കും'** (റോമർ. 8:31) **'മനുഷ്യന്റെ ആഗ്രഹമോ, പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം'** (റോമാ 9:16) പതിവുപോലെ ഞാൻ

www.malankaralibrary.com

രാവിലെ ഓഫീസിൽ എത്തിയപ്പോഴാണ് അറിയുന്നത്. ഞങ്ങളുടെ അസ്സി. കമ്മീഷണർക്ക് സ്ഥലം മാറ്റം ആണന്നും മറ്റൊരു അസ്സി. കമ്മീഷണർ ഞങ്ങളുടെ സെക്ഷന്റെ ചാർജ്ജ് എടുത്തുവെന്നും. പുതിയ അസ്സി. കമ്മീഷണറെ ഞാൻ പോയി കണ്ട് കാര്യങ്ങൾ എല്ലാംപറഞ്ഞു. അദ്ദേഹം എന്നെ റിലീവ് ചെയ്യാൻ ഓർഡർ ഇട്ടു. പിറ്റെദിവസം ഞാൻ കായംകുളം റേഞ്ച് ഓഫീസിൽ Function ചെയ്യുന്ന കൊല്ലം 3 റേഞ്ച് ഓഫീസിലെ ഇൻസ്പെക്ടർ ആയി ജോയിൻ ചെയ്തു. 6 മാസത്തോളം കായംകുളത്താണ് ഈ ഓഫീസ് Function ചെയ്തത്. അതിന് ശേഷം കൊല്ലത്തേക്ക് മാറ്റി. **''നീതിമാന്റെ ക്ലേശങ്ങൾ അസംഖ്യമാണ്; അവയിൽ നിന്നെല്ലാം കർത്താവ് അവനെ മോചിപ്പിക്കുന്നു.''**(സങ്കീ 39:19)

2 മാസത്തോളം എറണാകുളം ഓഫീസിൽ നിന്നും എന്നെ കായംകുളം ഓഫീസിൽ ജോയിൻ ചെയ്യാൻ അനുവദിക്കാതിരുന്ന എന്റെ മേലധികാരിയോടുള്ള വിരോധം എന്റെ മനസ്സിൽ പുകഞ്ഞുകൊണ്ടിരുന്നു. ഈ സംഭവം പിന്നീട് കൊല്ലം ഓഫീസിൽ ഞാൻ ജോയിൻ ചെയ്തതിന് ശേഷം പലരോടും സംസാരിച്ചു. അവർ എല്ലാവരും തന്നെ ആ സൂപ്രണ്ട് അത്ര കുഴപ്പക്കാരനായി കരുതുന്നില്ല എന്നാണ് പറഞ്ഞത്. മറ്റ് ഇൻസ്പെക്ടർ ആരെങ്കിലും പ്രീതിപിടിക്കാൻ വേണ്ടി ഏഷണി പറഞ്ഞുകൊടുത്തതായിരിക്കും എന്ന് തറപ്പിച്ച് പറഞ്ഞു.

പിന്നീട് ഒരു കരിസ്മാറ്റിക് ആയതിന് ശേഷം Divine ധ്യാനകേന്ദ്രത്തിലും പോട്ടാ ധ്യാനകേന്ദ്രത്തിലും ധ്യാനം കൂടുമ്പോഴും, ഇദ്ദേഹത്തോടുള്ള വിരോധം എന്റെ മനസ്സിൽ നിന്നും മാറ്റുവാൻ ഒരു പ്രേരണ കിട്ടി. **''നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും''** (മത്തായി 18:35). പഴയ സംഭവം എല്ലാം മനസ്സിൽ വച്ച് വിദ്വേഷം വളർന്ന് വലുതാകുന്നതിന് പകരം അനുരജ്ഞനം നടത്താനുള്ള മാർഗ്ഗമാലോചിച്ചു. ഞാൻ അദ്ദേഹത്തെ എന്റെ മകന്റെ പുത്തൻകുർബ്ബാനയ്ക്കും, (പട്ടംകിട്ടിയതിന് ശേഷം ആദ്യമായി ഇടവകയിൽ ചൊല്ലുന്ന കുർബ്ബാന) അതിന് ശേഷമുള്ള അനുമോദനമീറ്റിംഗിൽ സ്റ്റേജിൽ ബിഷപ്പ്മാരോടൊപ്പം ഇരിക്കാൻ ക്ഷണിച്ചു. അങ്ങനെ ഞാൻ അദ്ദേഹത്തെ ആദരിച്ചു. അദ്ദേഹത്തിന് വലിയ സന്തോഷമായി. എനിക്കാണെങ്കിൽ ഒരു നല്ല കുമ്പസാരം നടത്തിയ അനുഭവവും. **''എന്നാൽ നമ്മൾ പാപം വഴി മരിച്ചവരായിരുന്നിട്ടും കരുണാസമ്പന്നനായ ദൈവം നമ്മോടു കാണിച്ച മഹത്തായ സ്നേഹത്താൽ ക്രിസ്തുവിനോട് കൂടി നമ്മെ ജീവിപ്പിച്ചു; കൃപയാൽ നിങ്ങൾ രക്ഷിക്കപ്പെട്ടു.''**(എഫേ 2:4)

www.malankaralibrary.com

## പ്രാർത്ഥന

**''പിതാവേ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്ന് വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ.''** (ലൂക്കാ 15:18,19) എന്ന് പ്രാർത്ഥിച്ച ധൂർത്തപുത്രനെപ്പോലെ, അനുതപിച്ച് നിന്റെ സന്നിധിയിൽ വരാൻനുള്ള കൃപ തരേണമേ. കാനായിലെ കല്യാണവിരുന്നിൽ ആ ഭവനത്തിലേക്ക് കടന്നുചെന്ന് അവരുടെ കുറവായ വീഞ്ഞിന്റെ ദൗർലഭ്യം നീക്കിക്കൊടുക്കുവാൻ പുത്രൻ തമ്പുരാനോട് അപേക്ഷിച്ച അമ്മേ മാതാവേ, ഞങ്ങളുടെ ജീവിതത്തിലും ഉണ്ടാകുന്ന കുറവുകളെ നീക്കിക്കളയുവാൻ നിന്റെ പുത്രൻ തമ്പുരാനോട് അപേക്ഷിക്കേണമേ. ആമേൻ.

''നിൻ മഹിമാവിൻ സന്നിധിയിൽ ഞാൻ ചെയ്തോരപരാധങ്ങൾ
ഓർക്കെരുതെന്നെതിരായ് നാഥാ പ്രീതനുമാകണമെ ദയവായീ
കണ്ടാലും ദുഷ്ടന്മാരാ ഗോഗുൽതായിൽ ചിന്തിയതാം
സുതനുടെ രുധിരമതെൻപേർക്കായ് നിത്യ പിതാവേ കേഴുന്നു
കരുണാനിധിയാം കർത്താവേ എന്നുടെ യാചന കേൾക്കണമേ.
എൻ പാപം പാരം വലുതാം നിൻ കൃപയോ അതിലും ബഹുലം''

www.malankaralibrary.com

23

# ഉപസംഹാരം

**''എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനു വേണ്ടി തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു.''** (യോഹ 3:16)

മനുഷ്യന് ഒരിക്കലും നിർവചിക്കാൻ കഴിയാത്ത സ്നേഹമാണല്ലോ ദൈവത്തിന്റേത്. ഈ സ്നേഹവലയത്തിൽ ദൈവം എന്നെ ഇത്രത്തോളം കാത്തുസൂക്ഷിച്ചു. എനിക്ക് വേണ്ടതെല്ലാം നൽകി. ഗവൺമെന്റ് ഉദ്യോഗത്തിൽ സേവനം ചെയ്യുന്ന സമയത്തുതന്നെ സുവിശേഷവേലചെയ്യുവാൻ ഉള്ള എല്ലാ സൗകര്യവും ദൈവം ഒരുക്കിത്തന്നു. നാല് കാശുണ്ടാക്കാനുള്ള സമയത്ത് ഒരുവൻ സുവിശേഷവും കൊണ്ടിറങ്ങിയിരിക്കുകയാണ്. നിനക്ക് നാണമില്ലേ ഈ പണിയുംകൊണ്ട് നടക്കാൻ. നിന്റെ ജോലിയുടെ അന്തസിന് ചേർന്നതാണോ ഈ പുസ്തകവിതരണജോലി എന്നെല്ലാം എന്റെ ഒരു സ്നേഹിതൻ ഒരു ദിവസം എന്നെ കളിയാക്കുകയും, ഉപദേശിക്കുകയും ചെയ്തു. ഇത് എന്നെ വളരെയധികം വിഷാദത്തിലാക്കി.

ഒരു കേന്ദ്രഗവൺമെന്റുദ്യോഗസ്ഥൻ, അതും യൂണിഫോയിഡ് ഓഫീസർ, മതപ്രചരണത്തിനിറങ്ങിയിരിക്കുന്നു എന്ന പരാതി ആരെങ്കിലും കൊടുത്താൽ അത് ബുദ്ധിമുട്ട് സൃഷ്ടിക്കും എന്നറിയാമായിരുന്നതിനാൽ, ഞാൻ ലീവ് എടുത്താണ് ശുശ്രൂഷയ്ക്ക് പോയിരുന്നത്. തന്നെയുമല്ല ആരുമായും ഒരു പ്രകോപനം സൃഷ്ടിക്കുവാൻ ഞാൻ മുതിർന്നില്ല. ലീവ് എടുത്ത് എനിക്കിഷ്ടമുള്ള ശുശ്രൂഷ ചെയ്യുന്നതിൽ

www.malankaralibrary.com

ആരും തടസ്സംനിൽക്കില്ലല്ലോ. **''കർത്താവിന്റെ ദൂതൻ ദൈവ ഭക്തന്മാരുടെ ചുറ്റും പാളയമടിച്ച് അവരെ രക്ഷിക്കുന്നു.''** (സങ്കീ 34:7)

ഈ വിഷമം, മനസ്സിൽ കിടന്ന സമയത്ത് ഞാൻ പ്രാർത്ഥന നടത്തിയപ്പോൾ എനിക്ക് കിട്ടിയ വചനം **''നിന്റെ പിതാവിനും കുടുംബത്തിനും മേൽ കർത്താവിന്റെ ജനമായ ഇസ്രായേലിന് രാജാവായി നിയമിക്കുന്നതിന് എന്നെ തെരഞ്ഞെടുത്ത കർത്താവിന്റെ മുൻപാകെയാണ് ഞാൻ നൃത്തം ചെയ്തത്; കർത്താവിന്റെ മുൻപാകെ ഞാൻ ആനന്ദനൃത്തംചെയ്യും. അതേ കർത്താവിന്റെ മഹത്വത്തിന് ഞാൻ നിന്റെ മുൻപിൽ ഇതിൽ കൂടുതൽ അധിക്ഷേപാർഹനും നിന്ദ്യനുമാകും.''** (2 സാമുവേൽ 6:21-22) എന്നതായിരുന്നു. വാഗ്ദാന പേടകം തിരികെ കൊണ്ടിവന്നപ്പോൾ സന്തോഷം കൊണ്ട് അതിന്റെ മുൻപിൽ നൃത്തം ചെയ്ത ദാവീദ് രാജാവ്, തന്റെ രാജകീയവസ്ത്രം ധരിച്ച് മാന്യനായി നടക്കുന്നതിനെക്കാൾ, ആനന്ദനൃത്തം ചെയ്യുകയായിരുന്നു ചെയ്തത്. ഇത് തന്റെ ഭാര്യയും, സാവൂളിന്റെ മകളുമായിരുന്ന മീഖാളിന് ഇഷ്ടപ്പെട്ടില്ല. അവൾ ദാവീദ് രാജാവിനെ കുറ്റപ്പെടുത്തി, എന്ന് മാത്രമല്ല, അപമാനം വരുത്തി എന്നും പറഞ്ഞു. അന്ന് ഞാൻ ഒരു തീരുമാനമെടുത്തു. ഈ ശുശ്രൂഷ ഏറ്റവും ഭംഗിയായി തുടർന്നും നടത്തും എന്ന്.

എന്റെ ദൈവത്തിന് മുന്നിൽ എന്ത് അപമാനവും ഏറ്റെടുത്ത് ഈ ശുശ്രൂഷ മുന്നോട്ട് കൊണ്ടുപോകാനുള്ള ഊർജ്ജം ദൈവം എനിക്ക് നൽകി. **''ക്രിസ്ത്യാനി എന്ന നിലയിലാണ് ഒരുവൻ പീഡ സഹിക്കുന്നതെങ്കിൽ അവൻ അതിൽ ലജ്ജിക്കാതിരിക്കട്ടെ. പിന്നെയോ, ക്രിസ്ത്യാനി എന്ന നാമത്തിൽ അഭിമാനിച്ചുകൊണ്ട് അവൻ ദൈവത്തെ മഹത്വപ്പെടുത്തട്ടെ.''** (1പത്രോസ് 4:16)

ആരൊക്കെ ആക്ഷേപിച്ചാലും, എത്രയേറെ അവഹേളിച്ചാലും ഈ ശുശ്രൂഷ ഞാൻ മരിക്കുന്നത് വരെ തുടരും. കുരിശിൽ തറച്ച് കൊന്നിട്ടും, കല്ലറയിൽ അടയ്ക്കപ്പെട്ടിട്ടും, ഉയർത്തെഴുന്നേറ്റ യേശുവിലാണ്, ഇന്നും ജീവിക്കുന്ന യേശുവിലാണ് എന്റെ പ്രത്യാശ. ആ വിശ്വാസത്തിൽ എന്റെ ശുശ്രൂഷകൾ തുടരും. അവന്റെ കരുണയിലാണ് ഞാൻ ആശ്രയിക്കുന്നത്.

സ്വന്തജനത്തിനുവേണ്ടി ജീവൻ അർപ്പിച്ച അവന്റെ സ്നേഹമാണ് എന്നെ നയിക്കുന്നത്. അതുകൊണ്ട് എന്റെ ജീവൻ അവന്റെ മഹത്വത്തിനുവേണ്ടി ബലിയർപ്പിക്കുവാൻ എനിക്ക് യാതൊരു മടിയുമില്ല. **''ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കണം. സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല.'' (യോഹ 15:12-13)**

www.malankaralibrary.com

നദികൾക്ക് ഒഴുകാതിരിക്കാനാകില്ല, ഒഴുകിയേ മതിയാകൂ. ഒഴുകാതിരിക്കുന്ന തടാകമാണ് ചാവുകടൽ. അതിൽ ഒരു ജീവിയുമില്ല. ഒഴുകുന്ന തടാകമാണ് ഗലീലിയാ കടൽ. അതിൽ അനേകം മത്സ്യങ്ങളുണ്ട്. ഇതുപോലെ തന്നെയാണ് മനുഷ്യജീവിതവും. അത് പൂർത്തിയാകണമെങ്കിൽ യാത്രകൾ അനിവാര്യമാണ്. കേന്ദ്ര ഗവൺമെന്റ് ഉദ്യോഗസ്ഥനായതിനാൽ എനിക്ക് നാലു വർഷത്തിലൊരിക്കൽ ഇന്ത്യയിലെവിടെയും കുടുംബസമേതം യാത്ര ചെയ്യുന്നതിന് ട്രെയിൻ, ബസ്, പ്ലെയിൻ ടിക്കറ്റ് ചാർജ് ലഭിക്കുമായിരുന്നു. ഞാൻ അത് പൂർണമായി ഉപയോഗിച്ച് ഇന്ത്യയിലെ മിക്കവാറും എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളും സന്ദർശിച്ചു. ഈ അവസരങ്ങളിലെല്ലാം ഞാൻ പല ഭാഷകളിലുള്ള വചനോത്സവം മാസിക വിതരണം ചെയ്യുമായിരുന്നു. പിന്നീട് 13 വിദേശ രാജ്യങ്ങൾ സന്ദർശിച്ചപ്പോഴും ഇംഗ്ലീഷിലുള്ള മാസിക വിതരണം ചെയ്തിരുന്നു. ഇനിയും കോവിഡ് മാറിയ സാഹചര്യത്തിൽ ഈ ശുശ്രൂഷ തുടർന്നും ചെയ്യണം എന്നാഗ്രഹിക്കുന്നു.

**''ലോകത്തിൻ ദൃഷ്ടിയിൽ ഞാൻ ഒരു ഭോഷനായി തോന്നിയാലും ദൈവത്തിൻ ദൃഷ്ടിയിൽ ഞാൻ എന്നും ശ്രേഷ്ഠനായി മാറീടുമേ''**

**''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും, അവിടുത്തെ നീതിയും അന്വേഷിക്കുക; അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്ക് ലഭിക്കും''** (മത്തായി 6:33) ജീവിതത്തിൽ ഒന്നാം സ്ഥാനം ദൈവത്തിന് കൊടുത്ത് ഒരു ജീവിതം നയിച്ചാൽ മറ്റെല്ലാം ദൈവം തക്കസമയത്ത് ക്രമപ്പെടുത്തിത്തരും. ഇന്നത്തെ മനുഷ്യന്റെ അധ്വാനം ഭോഷനായ ധനികന്റേതിന് തുല്യമാണ്. **''ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും, കള്ളൻമാർ തുരന്ന് മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക; അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല: കള്ളൻമാർ മോഷ്ടിക്കുകയില്ല''** (മത്തായി 6:19-20) സ്വർഗ്ഗത്തിൽ നിക്ഷേപം കൊടുക്കുവാൻ വേണ്ടിയുള്ള പ്രവർത്തനത്തിന് ഒന്നാം സ്ഥാനം കൊടുക്കുവാൻ, ഓരോ ക്രിസ്ത്യാനിയും പരിശ്രമിക്കണം. ഭോഷനായ ധനികനോട് കർത്താവ് പറയുന്നു. **''ഭോഷാ, ഈ രാത്രി നിന്റെ ആത്മാവിനെ നിന്നിൽ നിന്നും ആവശ്യപ്പെടും; അപ്പോൾ നീ ഒരുക്കിവച്ചിരിക്കുന്നവ ആരുടെയാകും''** (ലൂക്കാ 12:20) ദൈവസന്നിധിയിൽ സമ്പന്നനാകാതെ തനിക്ക് വേണ്ടി മാത്രം സമ്പന്നനാകുന്നവനെക്കുറിച്ച് കർത്താവ് ചോദിക്കുന്ന ഈ ചോദ്യം നമ്മുടെ കണ്ണുകളെ തുറപ്പിക്കേണ്ടതല്ലേ?

www.malankaralibrary.com

## പ്രാർത്ഥന

**''ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളേയും ശിഷ്യപ്പെടുത്തുകയും, പിതാവിന്റെയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോട് കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവീൻ. യുഗാന്തം വരെ എന്നും ഞാൻ നിങ്ങളോട് കൂടെയുണ്ടായിരിക്കും.''** (മത്തായി 28:19,20) എന്നരുളിചെയ്ത കർത്താവേ പോട്ട, ഡിവൈൻ, ശാലോം, സുവിശേഷ സംഘം എന്നിവയിൽ പ്രവർത്തിച്ച് സുവിശേഷ വേല ചെയ്യുവാനും അനേകം ഭക്ത സംഘടനകളിൽ പ്രവർത്തിച്ച് നിനക്ക് സാക്ഷിയായി ജീവിക്കാനുമുള്ള അനുഗ്രഹം തന്നതിനെ ഓർത്ത് നിനക്ക് നന്ദി പറയുന്നു. പിതാവായ ദൈവമേ കേരള സഭ ഒരു പുതിയ പെന്തക്കുസ്ത അനുഭവത്താൽ നവീകരണത്തിന്റെ പാതയിലൂടെ നയിക്കപ്പെടുവാനായി നടത്തപ്പെടുന്ന എല്ലാ പ്രസ്ഥാനങ്ങളേയും അതിൽ പങ്കെടുക്കുന്ന എല്ലാ മിഷണറിമാരേയും ദൈവസ്നേഹത്തിലും ചൈതന്യത്തിലും അടിയുറച്ച ജീവിതം നയിക്കുവാൻ അനുഗ്രഹിക്കേണമേ. കാരുണ്യവാനായ കർത്താവേ, **''ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് അതുകൊണ്ട് എന്ത് പ്രയോജനം''** (മർക്കോസ് 8:36) എന്ന വചനം അനുസരിച്ച് നിത്യരക്ഷയ്ക്ക് വേണ്ടി പ്രവർത്തിക്കുവാനുള്ള കൃപ നീ നൽകുമാറാകണമേ. നിത്യം പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി ആമേൻ.

www.malankaralibrary.com

# അത്താണി

## കുറിയാക്കോസ് മാവേലിക്കര



'അത്താണി' ഒരു ആത്മകഥാഗ്രന്ഥമാണെങ്കിലും ആധ്യാത്മികചിന്തകളും ധ്യാനങ്ങളും ധാരാളമായി നമുക്കിതിൽ ലഭ്യമാണ്. ദൈവത്തെ സ്നേഹിക്കുന്ന, അനുഗമിക്കുന്ന ഒരു വ്യക്തി എങ്ങനെ തന്റെ ജീവിതത്തെ രൂപീകരിക്കുകയും ക്രമീകരിക്കുകയും ചെയ്യണമെന്ന് ഈ ഉത്തമഗ്രന്ഥം കാണിച്ചുതരുന്നു.

**ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത

കുറിയാക്കോസ് മാവേലിക്കര തന്റെ ജീവിതദർശനവും അനുഭവങ്ങളും പങ്കുവയ്ക്കുന്ന കൃതിയെ 'അത്താണി'യെന്നാണ് വിശേഷിപ്പിക്കുന്നത്. തന്റെ ജീവിതയാത്രയിൽ താങ്ങും തണലുമായി കൂടെയുള്ള ദൈവത്തെ 'അത്താണി'യായി അദ്ദേഹം കാണുന്നു.

**ഫാ. മത്തായി കടവിൽ ഒ.ഐ.സി**
സുപ്പീരിയർ ജനറൽ, ബഥനി ആശ്രമം, കോട്ടയം

ദൈവഹിതത്തിന് തന്നെ വിട്ടുകൊടുത്ത് അനുദിനം കുരിശുമെടുത്തു കൊണ്ട് തന്നെ അനുഗമിക്കുന്നവർക്ക് ഈ ലോകത്തുതന്നെ ദൈവം വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങൾ ലഭിക്കും എന്ന ഉറപ്പും ആത്മധൈര്യവും സ്വന്തം അനുഭവത്തിന്റെ വെളിച്ചത്തിൽ കുറിച്ചു വയ്ക്കുവാൻ സാധിക്കുന്ന ചുരുക്കം ചിലരിൽ ഒരാളാണ് കുറിയോക്കോസ്.

**മോൺ. ആന്റണി കാക്കനാട്ട് റമ്പാൻ**
നിയുക്ത കൂരിയാ മെത്രാൻ

ISBN 978-93-92033-49-0
05150
9 789392 033490

IRENE BOOKS
Kozhikode - 673528, Kerala, India

For online Purchase
www.sophiabuy.com